Pushpan

1074

# പശ്ചിമ മാർഗ്ഗം

'ദി വേ വെസ്റ്റ്' എന്ന കൃതിയുടെ പരിഭാഷ

ഗ്രന്ഥകർത്താവ്

എ. ബി. ഗത്രി (Junior)

പരിഭാഷകൻ

എസ്. പി.

PRINTED AND PUBLISHED BY
THE DIOCESAN PRESS, MADRAS
1953

# അദ്ധ്യായം 1

നല്ല തെളിവോടെയാണ നേരം പുലൎന്നതു്. എങ്കിലും തലേന്ന രാത്രി മഴ പെയ്തിരുന്നു. അടുക്കളവാതുക്കൽ നിന്നൊന്നെത്തിനോക്കിയപ്പോൾ, സാധനങ്ങൾ എല്ലാം ഈൎപ്പം തട്ടിക്കിടന്നതിൽ, ലിജി ഇവാൻസിനു വളരെ തൃപ്തി തോന്നി. ജോലി ഒന്നും ചെയ്യാതിരിക്കുന്നതിനു് അയാൾക്കു് അതൊരു ഒഴിവുകഴിവു നൽകി. വേണമെങ്കിൽ കുതിരയുടെ ചമയക്കോപ്പുകളും മററും മിനുക്കി വെടിപ്പാക്കുന്നതിനോ, ഉപകരണങ്ങൾ ഒരുക്കി ക്രമപ്പെടുത്തിവയ്ക്കുന്നതിനോ അയാൾക്കു കഴിയുമായിരുന്നു. ജോലി ചെയ്യുന്നതിൽ അയാൾക്കു താല്പൎയ്യമില്ലാഞ്ഞിട്ടല്ല; അന്നു ജോലി ചെയ്യാൻ അയാൾക്കു തോന്നിയില്ലെന്നു മാത്രം.

"റിബേക്കാ! ഇന്നു് ഒരു പക്ഷെ ഞാൻ പട്ടണത്തിലേക്കു പോയേക്കും."

"ഓറിഗനെപ്പററി സംസാരിക്കാനാണോ?" അവൾ ചോദിച്ചു.

"എന്തു്?" അയാൾ മറുപടിനൽകി. "എന്തു സംസാരിക്കുമെന്നതിനെപ്പററി ഞാൻ ചിന്തിച്ചതേ ഇല്ല."

തൻെറ ഉള്ളു് അവൾ ശരിക്കു കണ്ടെന്നു് അവൻ മനസ്സിലാക്കി. എങ്കിലും വകവെച്ചില്ല. അവൾ ഇവാൻസിൻെറ അന്തൎഗതം എപ്പോഴും മനസ്സിലാക്കിയിരുന്നു.

"പെട്ടെന്നു് എല്ലാവൎക്കും ഈ കമ്പം പിടികൂടിയതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല." അവൾ

പറഞ്ഞു. "എല്ലാവരുംഓറിഗനെപ്പററിത്തന്നെസ ാ
രിക്കുന്നു."

" എല്ലാവരും ഇല്ല. പറയേണ്ടിടത്തോളം പേർ പറ
യുന്നില്ല."

" ഈ കമ്പം എരിഞ്ഞൊടുങ്ങും. അല്ലെങ്കിൽ
നോക്കിക്കോ!"

ഇവാൻസ് തൻെറ നായുടെ നേക്ക്—റോക്കിൻെറ
നേക്ക്—നോക്കി. അതു തറയുടെ നടുക്കു കിടക്കുക
യിരുന്നു.

" റോക്കു നല്ലോരു നായാണ്."

നായ് തല ഉയർത്തി, പതുക്കെ എണീററു ത
ഇവാൻസിൻെറ മടിയിൽ വച്ചു.

" റോക്കിന് വയസ്സായിത്തുടങ്ങി" — ഇവാൻസ്
ആത്മഗതം ചെയ്തു.—റോക്ക് മിക്കവാറും ഒരു നായാട്ടു
നായാണ്. എങ്കിലും കറുപ്പും വെളുപ്പും നിറങ്ങൾ ഇട
കലന്ന്, രൂപലാവണ്യമുള്ള ഒരു നായാണ്. വളരെ
നല്ലോരു നായ്.

" നിനക്കു പോകാൻ ഒക്കുകില്ല കുഞ്ഞേ: പട്ട
ത്തിലെ നായ്ക്കളുടെ നേക്ക് നീ പല്ലിറുമ്മിക്കാണിക്കു"
ഇവാൻസ് റോക്കിനോടു പറഞ്ഞു.

റിബേ: "എനിക്കൊന്നും അറിഞ്ഞുകൂടാ. എങ്കി
ഞാൻ അരുതെന്നു പറയും. നിങ്ങൾ ഏതായാലും ഒ
ഗനിലേക്കു പോകുന്നില്ലെന്നതു തീർച്ചയല്ലേ?"

"കൊള്ളാം, റിബേക്കാ—തന്നത്താൻ അങ്ങ
യൊന്നും തീരുമാനിക്കേണ്ട."

അവശം വീണ്ടും എന്തോ പിറുപിറുത്തു. അവർ തമ്മിൽ തെററിപ്പിരിയുന്നത് അത്രയ്ക്കു ദുഃഖീയമായിരിക്കുമെന്നുള്ള ചിന്തകൊണ്ടാണ് അവശം പിറുപിറുത്തതെന്നു് ഇവാൻസ് മനസ്സിലാക്കി. അവശം അത്ര സ്ഥൂലശരീരയാണെന്നു മറെറാരാശം കരുതിയെന്നുവരില്ല. എങ്കിലും മറെറല്ലാററിനെക്കാളും അവളുടെ മനോഗതികശംകൊണ്ടു്, അവശം അയാശംക്കിണങ്ങിയവളായിരുന്നു.

"ബ്രൌണിക്കു് എന്റെ കൂടെ വരണമെന്നുണ്ടോ?" അയാശം ചോദിച്ചു.

"അവൻ മീൻ പിടിക്കാൻ ഇര തോണ്ടുകയാണ്."

"അതു നല്ല കാര്യം തന്നെ."

"നിങ്ങളുടെ സ്വഭാവമെല്ലാം അവനിൽ കുന്നുകൂടികിടക്കുകയാണ്," അദ്ദേഹത്തെ നോക്കിക്കൊണ്ടു് അവശം പറഞ്ഞു.

ഇവാൻസ് ഉള്ളാലെ ഒന്നു പുഞ്ചിരിച്ചു. അയാശം സ്വയം നിസ്സാരനാകുമ്പോഴെല്ലാം, അവശം അതു നിഷേധിച്ചിരുന്നു.

"ഓറിഗൻ!" അയാശം പറഞ്ഞു: "രാജ്യം അഭിവൃദ്ധിപ്പെട്ടുത്തണമെന്നാശിക്കുകയും, അതിനായിട്ടാണ് ഓറിഗനെ അമേരിക്കയോടു് ചേത്തതെന്നു് ഒരാശം കരുതുകയും ചെയ്യുന്നതു നല്ലതാണ്. അവിടെ നായാട്ടിനും മീൻ പിടുത്തത്തിനും നല്ല സൗകര്യമായിരിക്കണം. അവിടെ ആക്കും മുയലിന്റെയും, അണ്ണാന്റെയും മുള്ളന്റെയും പിന്നാലെ നടക്കേണ്ടിവരില്ല. ബ്രൌണിക്കു പോകണമെന്നുണ്ടു്."

"കഴിഞ്ഞതവണ നിങ്ങൾ അവിടത്തെ മണ്ണിൻെറ ഗുണവിശേഷങ്ങളെപ്പററിയാണു പറഞ്ഞതു്."

"ഓറിഗൻ അത്ര ഫലഭൂയിഷ്ഠമാണെന്നു ഡിക്ക് സമ്മേഴ്സ് കരുതുന്നില്ല. രോമത്തെപ്പററിയും ഇന്ത്യന്മാരെപ്പററിയും മററുമാണു് അയാൾ ചിന്തിക്കുന്നതു്. കൃഷി അയാളുടെ പ്രകൃതിക്കു് പററിയതല്ലല്ലോ."

"അയാളെ നിങ്ങൾ ഇടയ്ക്കിടയ്ക്കു കാണണം. മേററിവല്ലാതെ അവശതയിലാണു്."

വാതിൽ തുറക്കുന്ന സ്വരം കേട്ടു് ഇവാൻസ് തിരിഞ്ഞു നോക്കിയപ്പോൾ ബ്രൗണി വരുന്നതു കണ്ടു. അയാൾ ചോദിച്ചു:

"പട്ടണത്തിലേക്കു പോകുന്നോ?"

"ഇന്നു മീൻ പിടിക്കുന്ന ദിവസമാണു പപ്പാ" കുട്ടി മറുപടി പറഞ്ഞു.

"അതു സാരമില്ല" ഇവാൻസ് പ്രതിവചിച്ചു. ബ്രൗണിയെ അയാൾ അടിമുടി ഉററു നോക്കി.

"ഞാൻ സത്യം ചെയ്യുന്നു. നിനക്കു യാതൊന്നും കിട്ടുകയില്ല. അല്ലെങ്കിൽ നീ നോക്കിക്കൊ!"

കാര്യങ്ങൾ ഏററവും ക്ലേശകരമായിത്തീരുകയും, മററു് ഏതു കാലഘട്ടത്തെക്കാളുമുപരിയായി ജീവിതത്തിൽ ഒരാൾക്കു സ്ത്രീകളിൽ അഭിനിവേശം ജനിക്കുകയും, ഭയവും സങ്കോചവും നിമിത്തം തന്നത്താനെങ്ങിനെ നിയന്ത്രിക്കണമെന്നോ, അഴിച്ചു വിടണമെന്നോ, അറിയാതിരിക്കുകയും ചെയ്യുന്ന ഒരു ദശാസന്ധിയിലേക്കു് എത്തിനോക്കുന്ന നാണംകുണുങ്ങിയും,

വിമുഖനുമായ ഒരു കുട്ടിയാണവനെന്ന് ഇവാൻസ് വിചാരിച്ചു.

ഇവാൻസ് പുറത്തേക്കിറങ്ങിയപ്പോ‌ാം റിബേക്കാ വാതുക്കലെത്തി.

"ലിജി! നിങ്ങ‌ാം പഴയപോലെ ഒരു ചെറുപ്പക്കാരനാണെന്നു കരുതരുത്."

"ആരും അല്ല. ഞാൻ അത്രയ്ക്കു വയസ്സനുമല്ലല്ലോ. 35 വയസ്സു മാത്രം."

അയാ‌ാം കച്ചിപ്പുരയിലെത്തി, അവിടെക്കെട്ടിയിരുന്ന കുതിരപ്പുറത്തു കയറി. ഇൻഡിപ്പെൻഡൻസിലേക്കു് ആറു മൈൽ ദൂരം ഉണ്ടു്. ഉച്ചയ്ക്കു മുൻപുതന്നെ അയാ‌ാംക്കു് അവിടെ എത്താൻ കഴിയും.

ഓറിഗനിലേക്കുള്ള സംഘത്തിൽ താൻ ചേരുമെന്ന് അയാ‌ാം ഊഹിച്ചില്ല. മിസ്സോറി തന്നെ, വേണ്ടത്ര നല്ലൊരു രാജ്യമായിരുന്നു. ഓറിഗനിലേക്കുള്ള ഈ പോക്കു് ഒരു വങ്കത്തമാകാൻ ഇടയുണ്ടു്. എങ്കിലും അതേപററി ആലോചിക്കുന്നതിൽ തെററില്ലല്ലോ!

യാത്ര ചെയ്യുന്നതിനെപ്പററി ചിന്തിക്കാൻ പററിയ കാലമായിരുന്നു അതു്; വസന്തം ആസന്നമായെന്നു വയലുകളും തരുലതാദികളും വിളിച്ചുപറഞ്ഞിരുന്ന കാലം. സിരകളിലൂടെ രക്തം ദ്രുതഗതിയിൽ പ്രവഹിച്ചു; ഒരാളിൽ ആശയങ്ങ‌ാം അലതല്ലുന്ന സമയം.

ഋതുക്കളെപ്പററി യാതൊന്നും അറിയാതെ—കൂട്ടണ്ടാക്കിക്കൊണ്ടിരുന്ന പറവകുലങ്ങളെ ശ്രദ്ധിക്കാതെ ആ മണ്ടൻകുതിര ചെളിയിലൂടെ മുന്നോട്ടു പാഞ്ഞു.

അഥവാ മനുഷ്യൻ ഊഹിക്കുന്നതിലുപരി ഒരു കുതിര ചിന്തിക്കുന്നുണ്ടാവാം.

ചതുപ്പു ഭൂമിയിൽ പതിഞ്ഞമർന്നിരുന്ന കുടിലുകൾ, തലേ ദിവസത്തെ മഴമൂലം കുതിർന്നിരുണ്ടിരുന്ന കൂരകൾ, അങ്ങനെ പട്ടണം അല്പാല്പമായി കൺമുമ്പിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി.

മദ്യശാലകളിൽ വലിയ ആൾത്തിരക്ക്. ഇടപാടുകാർ വന്നും പൊയ്ക്കൊണ്ടും ഇരുന്നു. ഹിച്ച് കോക്കിൻെറ മദ്യശാലയുടെ മുമ്പിൽ രണ്ടുപേർ നിന്നിരുന്നു. ഒരാൾ ഇല്ലിനോയിസ്കാരനായ റെറഡ്ലോക്ക് ആണ്. എപ്പോഴും തൊഴിൽകാര്യങ്ങളിൽ വ്യാപൃതനായിരുന്ന ഒരാളായിരുന്നു റെറഡ്ലോക്ക്. അപരൻ കൃശഗാത്രനാണ്. റെറഡ്ലോക്കിൻെറ നേക്കു നോക്കി അയാൾ തലകുലുക്കിക്കൊണ്ടിരുന്നു.

"മി. റെറഡ്ലോക്ക്! എന്താ സുഖം തന്നെയോ?" ഇവാൻസ് ചോദിച്ചു.

"ഗുഡ് മോർണിങ്ങ് ഇവാൻസ്" റെറഡ്ലോക്ക് പറഞ്ഞു.

ഇവാൻസ് കുതിരയെ ഒരു തൂണിൽ പിടിച്ചുകെട്ടി. മുട്ടുകൾ അല്പം മരവിച്ചപോലെ അയാൾക്കു തോന്നി. അയാൾ ആ രണ്ടുപേരുടേയും സമീപത്തേക്കു നടന്നു.

"ഇദ്ദേഹം ഹെൻട്രി മാക്ബീ ആണ്. ഇദ്ദേഹം ലിജി ഇവാൻസ്." റെറഡ്ലോക്ക് ഇരുവരെയും പരിചയപ്പെടുത്തിക്കൊണ്ടു തുടൎന്നു. "മാക്ബീ ഓറിഗ

നിലേക്കു പോകുകയാണ്. നിങ്ങൾ എന്തെങ്കിലും തീരുമാനിച്ചോ ?"

"തീരുമാനിച്ചെന്നും പറയാൻ വയ്യാ, തീരുമാനിച്ചില്ലെന്നും പറയാൻ വയ്യാ."

"മാക്ബീ-നിങ്ങളുടെ നാട്ടു ?" ഇവാൻസ് ചോദിച്ചു.

"തെക്കൻ ഓഹൈഹയോ. സിൻസിനാററി എന്നു നിങ്ങൾ പറയുമായിരിക്കും."

"സ്വന്തം മനസ്സ് എങ്ങിനെ എന്നു ശരിക്കറിയാവുന്ന ഒരാളാണു മാക്ബീ," റെറഡ്ലോക്ക് ഇടയ്ക്കു കയറി പറഞ്ഞു.

മാക്ബീ: "അതേ സാർ. എൻെറ വസ്തുവകകളൊക്കെ വിററു, കുഞ്ഞുങ്ങളേയും തള്ളയേയും എല്ലാം ഒരു ബോട്ടിൽ കയററി ഞാൻ തന്നെ തുഴഞ്ഞു്, ഇവിടെ എത്തി—ഓറിഗനിലേക്കായി !"

ഇവാൻസ് പറഞ്ഞു, "നമുക്കല്പം കുടിക്കാം." റെറഡ്ലോക്ക്: "ഞാൻ കുടിക്കുകയില്ല."

ഇവാൻസും മാക്ബീയും മദ്യശാലയിലേക്കു പോയി. അവിടെ തോലിൻെറയും പാൽക്കട്ടിയുടെയും, മേശപ്പുറത്തിററിററു വീണിരുന്ന വിസ്കിയുടെയും മററും ഗന്ധം വമിച്ചിരുന്നു.

"എന്താ ഒന്നു കുടിക്കരുതോ ഹിച്ച്കോക്ക് ?" ഇവാൻസ് ചോദിച്ചു.

"നിങ്ങൾ പറഞ്ഞിട്ടുള്ളതിൽ ഏററവും അർത്ഥവത്തായ കാര്യം."

ഹിച്ച്കോക്ക് രണ്ടു ഗ്ലാസ് നിറച്ചു നീട്ടി. ഒരു ഗ്ലാസ് താനും എടുത്തു.

" അതേ സാർ!" മാക്ബീ പറഞ്ഞു "ഓറിഗൻ—അവിടെ എനിക്കും ഒരിടമുണ്ടാകുമെന്നു ഞാൻ സ്വയമേ കരുതി."

ഹിച്ച്കോക്ക്: "അതു പേപ്പട്ടിവിഷം പോലെയാണ്. അല്പം ഏശിയാൽ മതി. പിന്നെ കൊണ്ടു പിടിക്കും."

"നിങ്ങൾ ഓറിഗനിലേക്കു പോകാനുദ്ദേശമില്ലേ?" മാക്ബീ ചോദിച്ചു.

"കുടിക്കാൻ വിസ്കി കിട്ടുന്നിടത്തോളം കാലം അയാൾക്ക് ആ ഉദ്ദേശം ഉണ്ടാവുകയില്ല." ഇവാൻസ മറുപടി പറഞ്ഞു.

ഹിച്ച്കോക്ക് അയാളുടെ ഉണ്ടക്കണ്ണുകൾ ഇവാൻസിൻെറ നേർക്ക് അയച്ചു. "മിസ്സോറിക്കു എന്തു കുററമാണ്. അതുപോലെയുള്ള ജനങ്ങൾ തന്നെ ഇവിടെയും. തിന്നാൻ കൂടുതൽ ആഹാരവും."

മാക്ബീ: "നിങ്ങൾക്കു മനസ്സിലായിട്ടില്ലെന്നു തോന്നുന്നു."

ഇവാൻസ്: "ഹിച്ച്! നിങ്ങൾ മുന്നിട്ടിറങ്ങുന്ന കൂട്ടത്തിലല്ല. അവർ അവിടെ കുടിയേറിപ്പാർക്കട്ടെ. അപ്പോൾ ഈ വിപ്പുകളും പണം ഉണ്ടാക്കാനുള്ള തന്ത്രങ്ങളുമായി നിങ്ങൾ പിന്നാലെ പോകും."

"നിങ്ങൾക്ക് എല്ലാം അറിയാവുന്നതുപോലെ."

ലിജി: "എന്നാൽ ഒരു മദ്യഷാപ്പുകാരനാണ് ആദ്യം മുന്നിട്ടിറങ്ങേണ്ടതു്!"

വാതിൽ തുറക്കുന്ന ശബ്ദംകേട്ട്, ഇവാൻസ് തിരിഞ്ഞുനോക്കിയപ്പോൾ റെറഡ്ലോക്കും അയാളോടൊന്നിച്ചു മററു രണ്ടു പേരും വരുന്നതു കണ്ടു.

"ഇവാൻസ് !" റെറഡ്ലോക്ക് പറഞ്ഞു; "കർട്ടിസ്മാക്കിനും, ചാൾസ് ഫെയർമാനും ഹസ്തദാനം ചെയ്താലും." "ഇദ്ദേഹമാണു ഹെൻട്രി മാക്ബീ" പരിചയപ്പെടുത്തൽ കഴിഞ്ഞു.

അവർ പരസ്പരം ഹസ്തദാനം ചെയ്തു. ചാൾസ് ഫെയർമാൻ ഒരു ചെറുപ്പക്കാരനും കർട്ടിസ് പ്രായം കൂടിയ ആളുമായിരുന്നു.

റെറഡ്ലോക്ക് : "മായ്ക്കും ഫെയർമാനും എൻെറ സംഘത്തിൽ ചേർന്നിരിക്കുന്നു. ഇല്ലിനോയിസിൽ നിന്ന് ആളുകൾ വന്നതോടുകൂടി, ഞങ്ങളുടെ സംഘം മിക്കവാറും തികയാറായി; വലിയൊരു സംഘം ഞങ്ങൾക്കാവശ്യമില്ല."

"നിങ്ങൾ എത്രപേരുണ്ട്?" മാക്ബീ ഫെയർമാനോടു ചോദിച്ചു.

"എൻെറ ഭാര്യയും കുട്ടിയും", ആ യുവാവ് മറുപടി പറഞ്ഞു.

"പതിനേഴായ ഒരു പെണ്ണും വരുന്നുണ്ട്. അവളും ഞാനും എൻെറ ഭാര്യയും മററഞ്ചുപേരും."

ഫെയർമാൻ അയാളുടെ ഗ്ലാസ് ഉയർത്തി. "പനിയില്ലാത്ത ഒരു നാട്ടിലേക്കാണു പോക്കു്."

മാക്ബീ മറുപടി പറഞ്ഞു: "അതേ, ഫലഭൂയിഷ്ഠമായ ഒരു ഭൂമിയിലേക്കു്: കല്ലു നട്ടാൽ കല്പവൃക്ഷം

കിളിക്കും. വയ്ക്കോലുപോലും ശേഖരിക്കേണ്ടി വരില്ലെന്നാണു ഞാൻ കേട്ടതു്. ആടുകൾ ആണ്ടിൽ രണ്ടുവട്ടം പ്രസവിക്കും."

യുവാവായ ഫെയർമാൻ തലകുലുക്കി. "ചിന്തിക്കുന്തോറും ഞാൻ ചെയ്യുന്നതു ശരിയാണെന്നുതന്നെ എനിക്കു തോന്നുന്നു. പുതിയ ഭൂമി! പുതിയ സന്ദർഭങ്ങൾ."

"പുതിയ രീതിയിലുള്ള കാര്യങ്ങൾ" ഇവാൻസ് പറഞ്ഞു.

റെറഡ്‌ലോക്ക് വ്യക്തമായി പറഞ്ഞു, "നിങ്ങളും ചേരണം ഇപ്പോൾ തന്നെ."

"മിസ്സോറിയിലെന്താണു കുഴപ്പം?" എന്നു പറഞ്ഞിട്ടു ഹിച്ച്കോക്കിന്റെ നോട്ടം വാതിലിലേക്കു തിരിഞ്ഞു. ഇവാൻസ് തുടന്നു് അങ്ങോട്ടു നോക്കിയപ്പോൾ വാതിൽ തുറന്നു് ഒരു യുവതി കേറിവരുന്നതു കണ്ടു. അവൾ അകത്തേക്കു കയറി സന്ദേഹിച്ചു നിന്നു. മനുഷ്യർ അനുദിനമെന്നോണം കാണുന്ന രീതിയിലുള്ള ഒരു വനിതയല്ല അവളെന്നു് ഇവാൻസിനു തോന്നി. അവൾ ധരിച്ചിരുന്ന വിരൂപമായ അങ്കിക്കു് അവളുടെ ശരീരത്തിലെ ചുളിവുകൾ ഒരു രൂപം നൽകി. നീണ്ടു മൃദുലമായ കവിൾത്തടങ്ങളോടും, കാര്യബോധമുള്ള ഒരാൾ ആശിക്കുമാറു് അത്രയ്ക്കു പൂർണ്ണമായ വായ്മലരോടും കൂടിയ അവളുടെ വദനം വിവർണ്ണമായിരുന്നു. കണ്ണുകൾ വലുതും കറുത്തതുമായിരുന്നു.

"പപ്പാ വണ്ടിയിലേക്കു വരണമെന്നു് അമ്മ പറഞ്ഞു."

"എനിക്കു സൗകര്യമുള്ളപ്പോൾ വരുമെന്നു നീ അവളോട്ടു ചെന്നു പറയൂ. അതിന്നു മുമ്പു ഒക്കുകില്ല. കേട്ടോ."

ആ യുവതി മന്ദമായി തിരിഞ്ഞു വാതില്പൂടെ ഇറങ്ങിപ്പോയി.

"വൃത്തികെട്ട പെണ്ണുങ്ങൾ" മാക്ബീ പറഞ്ഞു. "എപ്പോഴും എന്തിനെങ്കിലുംവേണ്ടി അലട്ടിക്കൊണ്ടിരിക്കും—അതാണെന്റെ മകൾ, മേഴ്സി."

ഒരു നിമിഷത്തിൽ റെറഡ്ലോക്ക് വിഷയം മാററി.

"നാം ഒരു മാർഗ്ഗദർശിയുടെ കാര്യം തീരുമാനിച്ചില്ലല്ലോ?" "ആഡംസും മീക്കും എല്ലാം മുന്നോടികളാകാൻ കഴിവുള്ളവരാണെന്നാണ് എല്ലാവരും പറയുന്നതു്" മാക്ക് പറഞ്ഞു.

മാക്ബീ: "അവർ പോയി തുലയട്ടെ. അവക്ക് ഒരു വഴിയിൽക്കൂടെ പോകാൻ സാദ്ധ്യമാകില്ല."

റെറഡ്ലോക്ക്: "ഫോർട്ട്ലറാമിക്കപ്പുറം ആഡംസ് പോയിട്ടില്ല."

റെറഡ്ലോക്ക് ഇവാൻസിന്റെ നേരേ തിരിഞ്ഞുകൊണ്ടു്: "നിങ്ങൾക്കു നല്ലൊരു മാർഗ്ഗദർശിയെ അറിഞ്ഞുകൂടെ?"

"എനിക്കു് അറിയാമെന്നു തോന്നുന്നില്ല."

റെറഡ്ലോക്ക് കാത്തിരുന്നു. "എനിക്കു ഒരാളെ അറിയാം. പക്ഷെ അയാളെ കിട്ടുന്ന കാര്യമാണു വിഷമം. അയാളോടു നേരിട്ടു ചോദിക്കുംമുമ്പു് എന്താണു പറയേണ്ടതെന്നുതന്നെ എനിക്കറിഞ്ഞുകൂടാ."

"അയാൾ എന്തിന്നു വിസമ്മതിക്കണം?"

"എനിക്കു് അറിഞ്ഞുകൂടാ. ഒരുപക്ഷേ വിസമ്മതിക്കുകയില്ലായിരിക്കും. ഒക്കുകില്ലെന്നു പറയാൻ അയാൾക്കു തീർച്ചയായും കഴിയും. നമ്മുടെ പഴയ ഡിക്ക് സമ്മേഴ്സാണു് അയാൾ. അയാൾ എല്ലായിടത്തും പോയിട്ടുണ്ടു്. കണ്ണടച്ചുകൊണ്ടു് അയാൾക്കു നമ്മെ നയിക്കാൻ കഴിയും."

"അയാളെ നമുക്കു കിട്ടാൻ വല്ല വഴിയുമുണ്ടോ?"

"സത്യം പറയാമല്ലോ; അയാളുടെ ഭാര്യ അവശനിലയിൽ കിടക്കുകയാണു്."

"എങ്കിലും അയാൾ മതിയാകുമെന്നു നിങ്ങൾക്കുറപ്പുണ്ടല്ലോ?" റെറഡ്ലോക്ക് തുടർന്നു: "വല്ല കൊഴിഞ്ഞ പട്ടുകിഴവനേയും മററും കിട്ടിയാൽ നമുക്കു പററില്ല." റെറഡ്ലോക്കിൻെറ മുഖത്തു നോക്കിക്കൊണ്ടു് ഇവാൻസ് സാവകാശം പറഞ്ഞു.

"ഞാൻ കണ്ടുമുട്ടിയിട്ടുള്ളതിൽ ഏററവും പററിയ ആളാണു ഡിക്ക് സമ്മേഴ്സെന്നു ഞാൻ കരുതുന്നു."

"അയാളെക്കാണ്ണാൻ ഞങ്ങളോടൊന്നിച്ചു വരാമോ?"

"ഒരുപക്ഷേ നാളെയോ മററന്നാളോ."

"കൊള്ളാം, നല്ലതുതന്നെ. അതിനിടക്കു് അയാൾക്കു് എന്തു കൊടുക്കേണ്ടിവരുമെന്നു നമുക്കു കണക്കാക്കണം."

അവർ ഒരു കുടി നടത്തി. പിന്നീടു് ഇവാൻസ് കുതിരയെ അഴിച്ചു. അയാൾ കുതിരപ്പുറത്തു മടങ്ങിപ്പോയപ്പോൾ വഴിയൊക്കെ ഒരുക്കിയിട്ടിരുന്നതുപോലെയാണയാൾക്കു തോന്നിയതു്. ഡിക്ക് പോയാൽ ഇവാൻസു് പോകും—ഏതു വഴിക്കുവേണമെങ്കിലും പോകും. ഒരു മഹത്തായ നൂതന രാഷ്ട്രത്തിൽ സ്വതന്ത്രരായ മനുഷ്യർ,

ധീരരായ മനുഷ്യർ, ഫലഭൂയിഷ്ഠമായ മണ്ണ്, നായാട്ടിനു നല്ല സൗകര്യം, കാലാവസ്ഥ ഉത്തമം, പനിയോ ഇല്ല, ഓറിഗൻ ജയിക്കട്ടെ!

അയാൾ കുതിരയുടെ കടിഞ്ഞാണും മററും അഴിച്ചു മാററി അതിനെ സ്വതന്ത്രമായി വിട്ടിട്ട്, വീട്ടിലേക്കു ഗമിച്ചു.

കിഴവൻ റോക്ക് അയാൾക്കു സ്വാഗതമരുളി. അയാൾ വാതിൽ തുറന്നു. റിബേക്കാ തീ കാഞ്ഞു കൊണ്ടിരിക്കുകയായിരുന്നു.

"ബെക്കി, വേഗം ഉടുത്തൊരുങ്ങൂ. നാം ഓറിഗനിലേക്കു പോകുകയാണ്."

## അദ്ധ്യായം 2

ഇവാൻസ് മദ്യശാല വിട്ടുപോയശേഷം തനിക്കു നോലൻറു മന്ദിരത്തിൽ ഒരു കാര്യത്തിനു പോകേണ്ടതുണ്ടെന്നു ററെഡ്ലോക്ക് പ്രഖ്യാപിച്ചു. തൻെറ വീട്ടുകാരിക്ക് എന്താണാവശ്യമെന്നു പോയി നോക്കണമെന്നു മാക്ബി വിചാരിച്ചു. മായ്ക്കും എന്തോ ഒഴിവുകഴിവു പറഞ്ഞു.

ററെഡ്ലോക്ക് വാതുക്കൽനിന്ന് ഇവാൻസ് കുതിര ഓടിച്ചു പോകുന്നതു സൂക്ഷിക്കുകയുണ്ടായി.

"ഒരാളുണ്ട്—എൻെറ സംഘത്തിൽ കിട്ടാൻ ഞാൻ കൊതിക്കുന്നതായി" അയാൾ പറഞ്ഞു.

ചാൾസ് ഫെയർമാനും അതുതന്നെയാണു ചിന്തിച്ചു കൊണ്ടിരുന്നത്. ആ വലിയ മനുഷ്യനെ അയാൾ

ഇഷ്ടപ്പെട്ടു. അയാളുടെ മാംസളമായ മുഖത്തെ ഫലിത സമ്പത്തും ആ സ്ഥൂലഗാത്രത്തിലെ കഴിവിൻെറ സൂചനകളും അയാാം ഇഷ്ടപ്പെട്ടു. ഒരു മേലാളെന്ന ഭാവം കാണിക്കുന്ന റെറഡ്ലോക്കിനേയും, ദുർഗ്രഹനായ മായ്ക്കിനേയും, സാധു വെള്ളക്കാരനായ മാക്ബിയേയും കാാം മെച്ചമായി നിൽക്കും ഇവാൻസ് എന്നതു തീർച്ചയാണ്.

“ഇവാൻസ് വരുമെന്നു ഞാൻ പന്തയം വയ്ക്കാം” മാക്ക് റെറഡ്ലോക്കിനോടു പറഞ്ഞു. തൊപ്പിയെടുത്തു തലയിൽ വച്ചുകൊണ്ടു മാക്ക് നടകൊണ്ടു.

ഫെയർമാൻ വന്ദനം പറഞ്ഞു വീട്ടിലേക്കു തിരിച്ചു. വീടെന്നു പറയാമെന്നേ ഉള്ളൂ. ഇടിഞ്ഞുവീണ ഒരു വീട്ടിലെ രണ്ടു മുറികാം. എങ്കിലും ഒരു കൂടാരത്തെക്കാാം നല്ലതാണ്.

ഫെയർമാൻ അടുത്തെത്തിയപ്പോാം ആ വീട്ടിലെ സ്ത്രീ വാതിൽ തുറന്നു. “ഓ—നിങ്ങാം ആയിരുന്നോ?” അവർ പറഞ്ഞു. “ഇവിടെ ഒരാാം വന്നിരുന്നു.”

“എന്തു്! നമ്മോടൊന്നിച്ചു വരാനോ?”

“അതേ എന്നാ പറഞ്ഞതു്. മടങ്ങിവരാമെന്നു പറഞ്ഞിട്ടുണ്ടു്.”

താനും തൻെറ കുടുംബവും താമസിച്ചിരുന്ന മുറിയുടെ വാതിൽ ഫെയർമാൻ തുറന്നു. അവാം മന്ദഹസിച്ചുകൊണ്ടു വിളിച്ചുപറഞ്ഞു. “ടോഡി നിൻെറ പപ്പാ വന്നിട്ടുണ്ടു്.”

ഒരു കമ്പുകൊണ്ടു കുതിരയോടിച്ചു ടോഡ് എത്തി.

" അരുമക്കുസൃതിക്കുട്ടുക്ക ! അല്ലേ മോനെ ! "

"ടോഡ്, ഇവനെ ഞാൻ ഓറിഗനിലേക്ക് ഓടിക്കാൻ പോകുകയാണ്."

ജൂഡിത് പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

" അവൻ തയ്യാറുതന്നെ. അവൻ തടിച്ചു കൊഴുത്തു വരുകയാണ്."

" അവൻ കുറച്ചു നന്നായിട്ടുണ്ടെന്നു തോന്നുന്നു."

ഫെയർമാൻ ആത്മഗതം ചെയ്തു. സുഖക്കേടിനു ശേഷമെന്നപോലെതന്നെ അവൻ അപ്പോഴും ശോഷിച്ചിരുന്നു. എങ്കിലും ഇപ്പോൾ അവൻെറ കണ്ണുകൾക്കൊരു തെളിവുണ്ട്.

"എനിക്കു സുഖമായി" ടോഡ് പറഞ്ഞു. "എന്തു കൊണ്ടു നമുക്കിനി പൊയ്ക്കൂടാ."

ഫെയർമാൻ അടുക്കളയിലേക്കു പോയി. കൈകൊണ്ടു തട്ടിക്കൂട്ടി നിർമ്മിച്ചിരുന്ന ഒരു മേശയ്ക്കരികെ ഇരുന്നു. "ജൂഡീ" അയാൾ വിളിച്ചു. "നാം താമസിയാതെ പുറപ്പെടുകയായി. ഈ......ഈ വലിയ സാഹസം എനിക്കു വല്ലാതെ തോന്നുന്നു. നമുക്കു നല്ലൊരു കൂട്ടുണ്ടായിരിക്കും."

ഓറിഗനിൽ അവർക്കു ലഭിക്കുന്ന വയലുകൾ, കൺമുമ്പിൽ സ്വപ്നം കണ്ടുകൊണ്ട് അയാൾ ഒരു കോഴി ഇറച്ചിക്കഷണം എടുത്തു ചവച്ചു. ടോഡ് ഒടുവിൽ ആരോഗ്യദൃഢഗാത്രനായിത്തീരുന്നതും, രാജ്യത്തോടൊപ്പം അവൻ വളരുന്നതും, പ്രമുഖനായിത്തീരുന്നതും അയാൾ ഭാവനയിൽ ദർശിച്ചു.

പടിഞ്ഞാറോട്ടുള്ള ആ ഭീമമായ യാത്രയ്ക്കു സ്വന്തമായ വണ്ടികൾ ഫെയർമാനുണ്ടായിരുന്നു. മൂന്നിഞ്ചു ഘനമുള്ള ഇരുമ്പുകൊണ്ടു വണ്ടിച്ചക്രങ്ങൾ ചുററിട്ടു അയാൾ ഉറപ്പിച്ചു. രണ്ടു ബലവത്തായ വണ്ടികളാണ് അയാൾക്കുണ്ടായിരുന്നത്. അവരുടെ സാധനങ്ങൾ സൂക്ഷിക്കുന്നതിനും, വേണ്ടിവന്നാൽ കിടക്കുന്നതിനുമായി ഒരേ ഉയരത്തിൽ ഏതാനും പെട്ടികൾ പണിയുന്നതിനും അയാൾ കരാറു നൽകിയിരുന്നു. കുതിരയ്ക്കു വേണ്ടത്ര കടിഞ്ഞാണുകളും ലഘുവായ യന്ത്രോപകരണങ്ങളും അയാൾ സൂക്ഷിച്ചിരുന്നു. നല്ലൊരു റൈഫിളും പിസ്റ്റളും, നാടൻകുഴലും, ഒരു ഇരുമ്പു സ്റ്റൌവും, ഉരുളിയും ചട്ടകവും പ്ലേററുകളും തകരക്കപ്പുകളും ഒരു കൂടാരവും, വെണ്ണ കടഞ്ഞെടുക്കുന്നതിനുള്ള രണ്ടു യന്ത്രങ്ങളും കാലികളെ ഒന്നിച്ചു കെട്ടി ഉഴാനുള്ള രണ്ടു നുകങ്ങളും കയറും അയാൾ വാങ്ങി.

അനന്തരം ഗോതമ്പുമാവ്, പന്നിയിറച്ചി, പഞ്ചസാര, ഉപ്പ്, കാപ്പി, അരി, കുറച്ചു വിന്നാകിരി തുടങ്ങിയ സാധനങ്ങളെപ്പററിയായി അയാളുടെ ചിന്ത. കൂടാതെ വിദ്യാലയങ്ങളിലേക്കുള്ള ബുക്കുകളും. ഒരു പുതിയ രാജ്യത്തു പുസ്തകങ്ങൾ വിരളമായിരിക്കുമല്ലോ.

ഏററവും പ്രധാനമായിട്ടുള്ളതു നാല്ക്കാലികളുടെ പ്രശ്നമായിരുന്നു. വണ്ടിയ്ക്കു വേണ്ടത്ര കാളകൾ; ചുരുങ്ങിയത് ഏഴോ എട്ടോ നുകങ്ങൾ, സവാരിക്കുതിരകൾ, കറവപ്പശുക്കൾ, സാധനങ്ങൾ ചുമന്നുകൊണ്ടുപോകാൻ കന്നുകാലികൾ. ആടിനേയും താറാവിനേയും കോഴി

യേയുമൊക്കെ കൊണ്ടുപോകാൻ അയാഠം ശ്രമിക്കണമോ? പിന്നെ മരുന്നിൻെറ കാര്യം അയാഠം മറന്നേക്കൂടാ.

ഇങ്ങനെ ഒട്ടേറെ കാര്യങ്ങളെപ്പററി ചിന്തിച്ചുകൊണ്ട് അയാഠം പുറത്തേക്കു പോയി. അപ്പോഠം അയാഠം ഒരു സ്വരം കേട്ടു.

"പടിഞ്ഞാറോട്ടു പോകാൻ നിങ്ങഠം ഒരാളെ അന്വേഷിക്കുകയാണോ ?"

"അതേ."

ഒരു പഴയ തൊപ്പിക്കഷ്ണവും കീറിപ്പൊളിഞ്ഞ ഷർട്ടും ധരിച്ചു നീണ്ടു ശുഷ്കിച്ച ഒരു മനുഷ്യക്കോലമായിരുന്നു അത്.

"എൻെറ പേരു ഹിഗ് എന്നാണ്." ആ രൂപം പ്രഖ്യാപിച്ചു. "അല്ലെങ്കിൽ, അവരെന്നെ അങ്ങിനെയാ വിളിക്കുന്നത്. ഹിഗ്ഗിൻസ എന്നതിൻെറ വാലു മുറിച്ചു ഹിഗ് ആയി."

അയാളുടെ മുഖം അസ്വസ്ഥമായിരുന്നു. അയാഠം വയസ്സനായിരുന്നില്ല. എങ്കിലും പല്ലൊക്കെ കൊഴിഞ്ഞു പോയിരുന്നു. കണ്ണുകഠം കലങ്ങിയതുപോലെ കാണപ്പെട്ടു. എങ്കിലും നെററിത്തടം നന്നായിരുന്നു.

"എനിക്കു പോകാൻ അത്യാശയുണ്ട്" അയാഠം പറഞ്ഞു.

"എനിക്കു തല ചായ്ക്കാൻ വല്ല മൂലയും വിശപ്പടക്കാൻ വല്ലതും തന്നാൽ മതി."

"നിങ്ങഠംക്കു കന്നുകാലികളെ നോക്കാനും വണ്ടി ഓടിക്കാനും പൊതുവെ എല്ലാക്കാര്യത്തിലും ഒരു കൈ സഹായിക്കാനും കഴിയുമോ ?"

"തീർച്ചയായും. എന്നെക്കണ്ടാൽ വയസ്സധികം തോന്നാമെങ്കിലും ഉള്ളിൽ ചെറുപ്പമാണ്."

"നിങ്ങൾക്ക് എത്ര വയസ്സായി?"

"ചാകാൻ പ്രായമായുമില്ല, മുല കുടിക്കാൻ പ്രായം കഴിഞ്ഞും പോയി എന്നു എൻെറ പപ്പാ പറയുമായിരുന്നു."

"ഞാനെടുക്കുന്ന മനുഷ്യൻ ജോലി കണ്ടു ഭയപ്പെടുന്നവനായിരിക്കരുത്."

"ഞാനതു് ഇഷ്ടപ്പെട്ടന്നെന്നു പറഞ്ഞുകൂടാ. എങ്കിലും വേണ്ടത്ര ജോലി ചെയ്യു തഴക്കമുണ്ട്. അതേസമയം ഞാൻ തമാശ ഇഷ്ടപ്പെട്ടന്നെന്നും പറഞ്ഞുകൊള്ളട്ടെ! എൻെറ കയ്യിലൊരു ഫിഡിൽ ഉണ്ട്. വഴിക്കു നിങ്ങൾ ഒരു കൊട്ട പൊടി തിന്നെന്നു വരാം; അല്ലെങ്കിൽ നിങ്ങളുടെ കാലികളുടെ കാലു വ്രണപ്പെട്ടെന്നു വരാം; ഒരു പക്ഷേ ബോധമില്ലാതെ ഓറിഗനിലേക്കു തിരിച്ചതെന്തിനെന്നു നിങ്ങളുടെ വീട്ടുകാരി ചോദിച്ചെന്നുമാകാം. അപ്പോഴൊക്കെ നിങ്ങൾക്കു കുറെ തമാശ ആവശ്യമായി തീരും."

ഫെയർമാൻ ആലോചിച്ചു. അയാൾക്കു മറെറാരാളെ കൂടിയേ തീരൂ.

ഫെയർമാൻ ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ ഹിഗ് തുടന്നു. "ഞാനൊരു പണിക്കാരൻ കൂടിയാണ്. ചെമ്പു പാത്രപ്പണി ചെയ്തിട്ടുണ്ട്. കേട്ടു വന്ന റൈഫിളും തോക്കും തകൻ വണ്ടിച്ചക്രങ്ങളും നന്നാക്കാൻ എനിക്കു കഴിയും."

ഹിഗ് ടോഡിൻെറ നേക്കു കുനിഞ്ഞു.

"കൊച്ചുമിടുക്കാ! നീയും ഞാനും തമ്മിൽ ചേരും. നമുക്കു വേണ്ടുവോളം രസിക്കാം."

കുട്ടി ചിരിക്കുന്നതു ഫെയർമാൻ കണ്ടു.

"എൻെറ പേരു ടോഡ് എന്നാണ്" കുട്ടി പറഞ്ഞു. "എനിക്കു് ഇപ്പോൾതന്നെ ഒരു കുതിര ഉണ്ടു്."

"ടോഡ്—എന്നാണല്ലേ" ഹിഗ് പറഞ്ഞു. അയാൾ ഫെയർമാൻെറ നേക്കു മുഖമുയൎത്തി. "നിങ്ങൾക്കു തൃപ്തിയായെങ്കിൽ, നിങ്ങൾ ഒരാളെ വേലയ്ക്കെടുത്തതായി ഞാൻ കരുതട്ടെ!"

ഫെയർമാൻ: "ഞാൻ കുറെ കുതിരയെ നോക്കാൻ പോകുകയായിരുന്നു."

ഹിഗ് നടന്നുചെന്നു ടോഡിൻെറ നീട്ടിയ ഹസ്തങ്ങൾ പിടിച്ചു. തീൎച്ചയായും തനിക്കു വേലയ്ക്കൊരാളെ കിട്ടിയെന്നു ഫെയർമാൻ കരുതുകയും ചെയ്തു.

കുതിരക്കച്ചവടക്കാരൻ വേലിക്കടുത്തു നിൽക്കുകയായിരുന്നു. "കുതിരകളെ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?" അയാൾ ചോദിച്ചു.

"വാങ്ങിയാൽ കൊള്ളാമെന്നു വിചാരമുണ്ടു്."

ആ മനുഷ്യൻ അയാളുടെ നേക്കു സൂക്ഷിച്ചു നോക്കിക്കൊണ്ടു തുടൎന്നു: "ആ വലിയ കഴവേറിയെ നിങ്ങൾ എടുത്തോ?" അയാൾ കയ്യിലുള്ള ചുരുട്ടുകൊണ്ടു് ആ കുതിരയെ ചൂണ്ടിക്കാണിച്ചു. "അവൻ നിങ്ങളെ അവിടെ എത്തിക്കും, മടക്കിക്കൊണ്ടു വരികയും ചെയ്യും. കടിഞ്ഞാണും ജീനിയും എല്ലാം ഉണ്ടു്. ഒററയ്ക്കും കൂട്ടത്തിലും

പററിയതാണ്. ഒന്നാംതരം കുതിരകളുണ്ട് എൻെറ കൈവശം. ഒന്നോ ഒരു ഡസനോ തരാൻ കഴിയും."

"സവാരിക്കുള്ള കുതിരയെയാണ് എനിക്കുവേണ്ടതു്; വണ്ടികൾക്കു ഞാൻ കാളകളെ വാങ്ങിക്കൊള്ളാം."

കുതിരവ്യാപാരി പറഞ്ഞു: "ഞാനൊരു കാര്യം പറയട്ടെ. ഞാൻ ഓറിഗനിലേക്കു പോകുകയാണെങ്കിൽ കുതിരപ്പുറത്തേ പോകൂ. കുതിരയ്ക്കു കൂടുതൽ ചുണയുണ്ട്; വേഗം പോകും; എല്ലാവിധത്തിലും മെച്ചം അതാണ്."

"വലിയ കാററായിരിക്കും. പക്ഷേ മഴ കുറവും." ഹിഗ് നേരിയ പുഞ്ചിരി പൊഴിച്ചു.

"കാള കഴിവതു പ്രയത്നിക്കും. പക്ഷേ തളന്നാൽ താഴെ കിടക്കുകയായി. ദൈവത്തിനാണേ നിങ്ങൾക്കതിനെ പിന്നെ എഴുന്നേല്പിക്കുവാൻ ഒക്കുകില്ല."

ഫെയർമാൻ: "വിലയെന്തു്?"

"ഓരോന്നിനും 40 ഡാളർ. വളരെ ആദായം. ചവറു പോലെ ആദായം."

"എന്താണു കുതിരയെയാണോ വേണ്ടതു്?" ഫെയർമാൻ ചോദിച്ചു. "നിങ്ങളുടെ ഉപദേശം എനിക്കു കിട്ടിയില്ലല്ലോ?"

വേലിക്കപ്പുറത്തു നിന്നിരുന്ന മനുഷ്യൻ ഒരു മരക്കുററിയിന്മേൽ കാലെടുത്തു വച്ചു, കടിഞ്ഞാൺ കയ്യിലെടുത്തു് ഒന്നു കുടഞ്ഞു. പെട്ടെന്നു് ഒരു പ്രചോദനം ഉണ്ടായപോലെ ഫെയർമാൻ ചോദിച്ചു: "നിങ്ങൾ എന്തു പറയുന്നു, സാർ?"

" കുതിരകളെപ്പററി ഇന്ത്യന്മാർ എന്താണു കരുതുക?" ആ മനുഷ്യൻ പറഞ്ഞു.

" ഇന്ത്യന്മാർ ഇഷ്ടപ്പെടുന്നതു് അവർ മോഷ്ടിക്കുന്നു." ഹിഗ് തട്ടിവിട്ടു.

ആ മനുഷ്യനെ കണ്ണുരുട്ടി ഓടിക്കാൻ കുതിരവ്യാപാരി ശ്രമിച്ചു. "ആ മാന്യൻ അയാൾക്കു് ആവശ്യമുള്ളതു വാങ്ങട്ടെ. നിങ്ങൾക്കുവേണമെങ്കിൽ നിങ്ങൾ വാങ്ങണം. നിങ്ങൾ ഒന്നും വാങ്ങാനും പോകുന്നില്ല. വാങ്ങാനൊട്ടു നിങ്ങൾക്കു വിചാരവുമില്ല."

അതു ശരിയാണെന്നു പറഞ്ഞുകൊണ്ടു് ആ മനുഷ്യൻ തന്റെ കുതിരയുടെ നേക്കു് ഒരടി പിന്നോട്ടു കവച്ചു്, ഇരിപ്പുറപ്പിച്ചു കടിഞ്ഞാൺ പിടിച്ചൊന്നു ചുഴററി.

അയാളെ വിളിച്ചു യാത്രാസംഘത്തിനു് ഓറിഗനിലേക്കു മാർഗ്ഗദർശനം നൽകാമോ എന്നു ചോദിക്കാൻ ഫെയർമാനു തോന്നി. എങ്കിലും അയാൾ നിശ്ശബ്ദനായി നിന്നു.

താൻ കൂടെ സഞ്ചരിക്കാൻ ഇഷ്ടപ്പെടുന്ന രണ്ടാമതൊരു ആളെക്കൂടി കണ്ടെത്തിയെന്നു മാത്രം അയാൾക്കു തോന്നി.

## അദ്ധ്യായം 3

ഡിക്ക് സമേഴ്സ് ഒരു കുററിപ്പുറത്തു് ഇരുപ്പുറപ്പിച്ചു. അങ്ങു താഴെ ചോലവക്കത്തു തവളകൾ രാഗം മുഴക്കിക്കൊണ്ടിരുന്നു. അന്തരീക്ഷത്തിൽ വസന്തത്തിന്റെ

സുഗന്ധം പ്രസരിച്ചു. തരുലതാദികൾ പുഷ്പിച്ചിരുന്നു. അയാൾക്കുപോയി പാലു കറക്കാനുണ്ടായിരുന്നു.

അയൽക്കാരനായ ലിജി ഇവാൻസ് തൻെറ നേക്കു വരുന്നതു സമ്മേഴ്സ് കണ്ടു. ഓറിഗനിലേക്കു പോകാൻ തന്നെ ഇവാൻസ് തീരുമാനിച്ചിരുന്നു.

"എന്താ ഒരു കൂട്ടുവേണോ ?" ഇവാൻസ് ചോദിച്ചു. അയാൾ തൻെറ ഭീമകായം ഒരു മട്ടു് താഴെ പ്രതിഷ്ഠിച്ചിട്ടു് ഒരു പച്ചക്കുപ്പി പുറത്തെടുത്തു. അതു തനിക്കുവേണ്ടി വാങ്ങിയതാണെന്നു സമ്മേഴ്സ് മനസ്സിലാക്കി. അവർ ആ കുപ്പിയിൽനിന്നു് പകന്നു കുടിച്ചു. പിന്നെ പൈപ്പ് എടുത്തു പുകവലി തുടങ്ങി.

"മരിച്ചിട്ടും മരിച്ചെന്നു തോന്നുന്നില്ല, അവരുടെ മൃതദേഹം കണ്ടിട്ടു്," ഇവാൻസ് പറഞ്ഞു.

സമ്മേഴ്സ് തലയൊന്നു കുനിച്ചു.

"എന്താണു് ഇനി ചെയ്യേണ്ടതെന്നു തീരുമാനിച്ചോ ഡിക്ക് ?" ഇവാൻസ് ചോദിച്ചു.

സമ്മേഴ്സ് ഒന്നു തല കുലുക്കി.

"ഞാനതു് നിങ്ങളോടു ചോദിച്ചു കൂടാത്തതാണു്. പക്ഷേ സമയം വല്ലാതെ പോകുന്നു. ഇനിയും വൈകാതെ നമുക്കതറിയേണ്ടതുണ്ടു്."

"ഉം"

ഇവാൻസ് ഒരു ദീർഘനിശ്വാസം വിട്ടു.

"റെഡ്ലോക്കിനു് വലിയ നിർബന്ധം. ഒരു മറുപടി കിട്ടിയേ തീരൂ എന്നു ശഠിക്കുന്നു." ഇവാൻസ് പറഞ്ഞു. "ഓറിഗനിൽ എത്തണം ഡിക്ക്, പോകണ

മെന്നുതന്നെ എനിക്കു തോന്നുന്നു. എനിക്കു കൂടുതൽ വേല ചെയ്യാൻ കഴിയും. എന്നെ പോററാൻ മാത്രം കഷ്ടിച്ചു കഴിയുന്ന ഈ ജീവിതത്തിൽ ഞാൻ മടുത്തു. ജീവിക്കാൻ ഇതിൽ കൂടുതൽ വല്ലതുമൊക്കെ വേണ്ടേ ? "

സമ്മേഴ്സ് തലയൊന്നു കുലുക്കി.

ഇവാൻസ് : "എല്ലാം ഇങ്ങനെ ആകാശത്തിൽ കിടക്കുന്നതേ ഉള്ളൂ. ബ്രൌണിക്ക് പോകണമെന്നുണ്ട്. എനിക്കും പോകണമെന്നുണ്ട്. റിബേക്കായ്ക്കും സമ്മതമാണ്. എന്തുകൊണ്ടാണെന്നൊന്നും ഞാൻ ചുഴിഞ്ഞു നോക്കുന്നില്ല. ഞാൻ തീർച്ചയായും പോകും."

സമ്മേഴ്സ് പോകാനെന്ന മട്ടിൽ നിവർന്നു : "പശുവിനെ കറക്കാനുണ്ട്."

"നിങ്ങളാണോ പശുവിനെ കറക്കുന്നെ ? അവിടെ ഇരിക്ക്."

"ബ്രൌണി," ഇവാൻസ് വിളിച്ചു.

വീട്ടിൽനിന്ന് ഒരു രൂപം വരുന്നതു സമ്മേഴ്സ കണ്ടു. ബ്രൌണി പതുക്കെ പിന്നിൽ വന്നു നിന്നു. മിക്കവാറും കയ്യും കാലും കഴുത്തും മാത്രമായി ശോഷിച്ച ഒരു കുട്ടി.

"എന്തിനാ വിളിച്ചതു പപ്പാ ?" അവൻ ചോദിച്ചു.

"പശുവിൻെറ കാര്യം ഞങ്ങൾ മറന്നു. ഡിക്കിൻെറ പശുവിനെ നീ പോയി കറക്ക്."

ഒരു കാളക്കുട്ടിയുടെ പരുപരുത്ത സ്വരത്തിൽ 'ശരി' എന്നു പെട്ടെന്ന് ആ കുട്ടി പറഞ്ഞു.

"അവനെത്ര വയസ്സായി?" സമേമഴ്സ് ചോദിച്ചു.

"നീണ്ട പതിനേഴ്. മുരട്ടു പിടിച്ചപോലെ വളർച്ച വളരെ പതുക്കെയാണ്."

"നല്ല കുട്ടി."

ഇവാൻസ് തുടന്നു: "കാര്യം പറഞ്ഞാൽ ഞാൻ അവനു വേണ്ടികൂടിയാണ്. പോകുന്നതു്. അവനു വേണ്ടി വല്ലതും ഞാൻ കരുതിവെക്കേണ്ടേ? യാത്ര വളരെ നരകം പിടിച്ചതായിരിക്കുമോ, ഡിക്ക്?"

"ഓ! സാരമില്ല. കാൽനടയായാലും കുതിരപ്പുറത്തായാലും എളുപ്പം. വണ്ടികളുടെ കാര്യം എനിക്കറിഞ്ഞുകൂടാ."

"ഞാൻ ചോദ്യങ്ങൾകൊണ്ടു നിങ്ങളെ ശല്യപ്പെടുത്തരുതല്ലോ" ഇവാൻസ് പറഞ്ഞു. "എന്നെക്കൊണ്ടു് എന്തെങ്കിലും ആവശ്യമുണ്ടോ?"

"ഒന്നുമില്ല."

ശോകാർത്തനായ ഒരാൾ തനിച്ച് എന്തെങ്കിലും ചെയ്യാൻ ആളുകൾ അനുവദിക്കുകയില്ലല്ലോ? അവർ അയാൾക്കു മാംസവും റൊട്ടിയും, കേക്കും എല്ലാം കൊണ്ടുവന്നു. ആ സ്ഥലമെല്ലാം വൃത്തിയാക്കി; പെട്ടി ഉണ്ടാക്കി; ശവക്കുഴി തോണ്ടി. സ്ത്രീകൾ ശവം നിവർത്തിക്കിടത്തി. എല്ലാവരും പുകവലിച്ചും മുറുക്കിയും സ്ത്രീകൾ ഓരോരോ കാര്യങ്ങൾ പറഞ്ഞും—ഒടുവിൽ ജഡം കുഴിയിൽ വച്ച് മണ്ണിട്ടു മൂടുന്നതുവരെ എല്ലാവരും വട്ടത്തിലിരുന്നു.

"റെഡ്ലോക്ക് നല്ലൊരു മനുഷ്യനാണ്," ഇവാൻസ് പറഞ്ഞു.

"അമേരിക്കയെന്നു പറഞ്ഞാൽ അയാൾക്കു കോരിത്തരിക്കും. നമ്മുടെ സംഘത്തിന്റെ തലവനാകാൻ തീർച്ചയായും അയാൾക്ക് ആശയുണ്ട്."

സമ്മേഴ്സ് കുററിപ്പുറത്തു നിന്നെണീററു.

"സ്ത്രീകൾ എന്തൊക്കെ ചെയ്യുന്നു നോക്കട്ടെ!" ഇവാൻസിനോടൊന്നിച്ച് അയാൾ കുടിലിലേക്കു നടന്നു.

വരാന്തയിലൂടെ അയാൾ കടന്നപ്പോൾ, അവിടെ ഉണ്ടായിരുന്നവർ മൗനം അവലംബിച്ചു. അയാൾ വീട്ടിനുള്ളിൽ പ്രവേശിച്ചപ്പോൾ സ്ത്രീകൾ നിശ്ശബ്ദരായി. പതിവിലേറെ പ്രസരിപ്പും ഉന്മേഷവും അവരിൽ കാണപ്പെട്ടു. ഇവാൻസിന്റെ പത്നി ഒഴിച്ചു മററെല്ലാവരും അയാളോടു താണസ്വരത്തിലാണു സംസാരിച്ചത്. അതല്ലെങ്കിൽ തലകുലുക്കുക മാത്രം ചെയ്തിരുന്നു. താൻ എന്തു പറയുമെന്നു ശങ്കിച്ചോ, അതല്ലെങ്കിൽ അവർ അമിതമായി ചിലച്ചുകൊണ്ടിരുന്നതോർത്തിട്ടോ, തന്റെ ചുററും അവർ കുറച്ച് അസ്വസ്ഥരാണെന്നു ഡിക്ക് മനസ്സിലാക്കി. മേശപ്പുറത്തു വച്ചിരിക്കുന്ന ശവപ്പെട്ടിയിൽ ജഡം കിടത്തിയിരിക്കുന്നതു ശയ്യാമുറിയിലേക്കുള്ള വാതിലിലൂടെ അയാൾക്കു കാണാമായിരുന്നു.

"പോയി നോക്കിയിട്ടു വന്നു വല്ല ആഹാരവും കഴിക്കൂ"—മിസിസ് ഇവാൻസ് ദൃഢസ്വരത്തിൽ പറഞ്ഞു. "എല്ലാവരും കഴിച്ചു; നിങ്ങളും കഴിക്കണം." അയാളോടൊന്നിച്ചു സ്ഥൂലഗാത്രയും പീനസ്തനിയുമായ അവർ തന്റെ ശരീരഭാരം മുഴുവൻ താങ്ങാനാവാത്തവണ്ണം പതുക്കെപ്പതുക്കെ അടിവെച്ചു ജഡം കിടത്തി

യിരുന്ന ശയ്യാമുറിയിലേക്കു നടന്നു. കാണത്തക്ക വിധം പെട്ടിയോടു് അടുപ്പിച്ചു് അവർ ഒരു മെഴുകുതിരി കത്തിച്ചു പിടിച്ചിരുന്നു.

അവർ "മാററിയെ" അവളുടെ ശരീരം തുടച്ചു്, മുടി ചീകി, കൈകൾ വിലങ്ങനെവച്ചു് അവിടെക്കിടത്തിയിരുന്നു. അയാൾ ഒരു നീണ്ട നിമിഷത്തേക്കു മാററിയെ ഉററുനോക്കി. അവർ മാററിയെ ധരിപ്പിച്ചിരുന്ന പുതിയ ഉടുപ്പു് അയാൾ കണ്ടു. മാററിയുടെ കൈകളിൽ അഴുക്കു് ഇഴുകിച്ചേർന്നിരുന്നതായി കാണപ്പെട്ടു. മേലാൽ ഡിക്കിനു മാററിയെ കാണാൻ കഴിയുകയില്ല. വീട്ടിൽ ത്തന്നെ നെയ്യുണ്ടാക്കുന്ന തുണിത്തരങ്ങൾക്കു് അവർ പലതരത്തിലുള്ള ചായങ്ങൾ മുക്കുന്നതോ, അവർ തയ്ക്കുന്നതോ, അടുക്കളത്തറയിലെ നിഴൽ അളന്നു സമയം പറയുന്നതോ, മെഴുകുതിരി ഉണ്ടാക്കുന്നതോ, ധാന്യം പൊടിച്ചു മാവാക്കുന്നതോ, മേലാൽ അയാൾക്കു കാണാൻ കഴിയുകയില്ല. മാദകയല്ലെങ്കിലും എല്ലാവിധത്തിലും അവർ ഉത്തമയായ ഒരു സഹധർമ്മിണി ആയിരുന്നു.

"ഞാൻ വളരെ കടപ്പെട്ടവനാണു്. വളരെ കടപ്പെട്ടവൻ." അയാൾ ആ സ്ത്രീയോടു പറഞ്ഞു.

"മരിച്ചു കിടക്കുകയാണെന്നു തോന്നുന്നില്ല, അല്ലേ" മിസിസ് ഇവാൻസ് പറഞ്ഞു.

ലിജി ഇവാൻസ് മുറിക്കുള്ളിലേക്കു് എത്തിനോക്കി. "അതാ ഉപദേശി വന്നു. നിങ്ങൾക്കു് അദ്ദേഹത്തോടു് എന്തെങ്കിലും സംസാരിക്കണോ?"

"സംസാരിക്കേണ്ട കാര്യമൊന്നുമില്ല." സമ്മേഴ്സ് പറഞ്ഞു. സമ്മേഴ്സ് ഇത്രയും പറയുന്നതിനിടക്ക് ഉപദേശി അകത്തു വന്നു കഴിഞ്ഞു. നീണ്ടു മെലിഞ്ഞു കവിളൊട്ടിയ ഒരു വയസ്സനായിരുന്നു അദ്ദേഹം. മാനവ തതിയുടെ പാപഭാരത്തെച്ചിന്തിച്ചുള്ള ക്ലേശം മുഴുവൻ അദ്ദേഹത്തിൻെറ മുഖത്തു കാണാമായിരുന്നു.

യാതൊന്നും പറയാതെ സമ്മേഴ്സ് പുരോഹിതനു ഹസ്തദാനം ചെയ്തു. "സോദരാ എൻെറ പേരു് വെതർബൈ എന്നാണ്—ജോസഫ് വെതർബൈ. ഇന്ത്യാനായിൽ നിന്നാണു വരുന്നതു്. ഇവിടെ ഈ ദുഃഖാർത്തമായ ഭവനത്തിലേക്കു ദൈവം എന്നെ അയച്ച താണെന്നു തോന്നുന്നു. ഞാൻ കർമ്മം നടത്തുന്നതു നിങ്ങൾക്ക് ഇഷ്ടമായേക്കുമെന്നു ബ്രദർ ടക്കർ പറഞ്ഞു. നിങ്ങൾക്ക് ഇഷ്ടപ്പെട്ട വല്ല പ്രാർത്ഥനയോ, ഗീതമോ, ഉണ്ടോ? അല്ലെങ്കിൽ അവക്കിഷ്ടപ്പെട്ടതു്."

"ഞാനൊന്നും ഓർക്കുന്നില്ല. നിങ്ങൾതന്നെ ഒന്നു തെരഞ്ഞെടുക്കൂ."

അസ്ഥിമാത്രമായ ശീർഷം കുനിച്ചു്, വീണ്ടും ഉയർത്തി ക്കൊണ്ടു് അയാൾ പറഞ്ഞു: "ഓറിഗനിലേക്ക് ഒരു സംഘത്തെ നിങ്ങളാണു നയിക്കുന്നതെന്ന് അവർ പറഞ്ഞല്ലോ."

"ആയിരിക്കാം."

"എനിക്കും പോകണം. ദൈവം എന്നെ ആ പുതിയ ഭൂമിയിലേക്കു വിളിക്കുന്നതായി എനിക്കു തോന്നുന്നു."

“ അതൊരു നീണ്ട യാത്രയാണ്. ഞാനാണെങ്കിൽ ചെറുപ്പമല്ല. വേണ്ട പരിചയവുമില്ല. ഒരു കൂട്ട കണ്ടു പിടിക്കാൻ നിങ്ങൾക്കു ക്ലേശവും ഉണ്ടാവുകില്ല. ‘ഇൻഡിപ്പെൻഡൻസി ’ൽ നിന്നും സെൻറ ‘ജോ ’യിൽ നിന്നും ധാരാളം പേർ പോകുന്നുണ്ട്. ”

“ നിങ്ങളോ ? ”

“ ഞാൻ പോകുന്നുണ്ടെങ്കിൽ തന്നെ അത് എൻെറ കാര്യമല്ല. സംഘങ്ങൾക്കു സ്വന്തം നിയമം ഉണ്ടാകും. നിങ്ങളെക്കൂടി ലഭിക്കുമെങ്കിൽ അവർ സന്തുഷ്ടരായിരിക്കുമെന്നു ഞാൻ കരുതുന്നു. ”

സമ്മേഴ്സിൻെറ കയ്യിൽ തട്ടിക്കൊണ്ട്, “ വന്നാഹാരം കഴിക്കൂ ” എന്നു മിസിസ് ഇവാൻസ് പറഞ്ഞു.

“ ഞാൻ റെഡ്ലോക്കിനെ ഒന്നു കാണട്ടെ, ” അയാൾ മറുപടി പറഞ്ഞു. “ ഒരു നിമിഷത്തിനുള്ളിൽ മടങ്ങി വരാം.”

റെഡ്ലോക്ക് വാതിലിനു വെളിയിൽ നിൽക്കുകയായിരുന്നു. “ ക്ഷമിക്കണം, ഈ സമയത്തു വന്നതിന്, ഒരു നിമിഷത്തേയ്ക്കു ഞങ്ങൾക്കു കുറച്ചു കാര്യം പറയാനുണ്ട്.”

“ ആരാണത്? ” മനസ്സിലായില്ലെന്നുള്ള ഭാവത്തിൽ സമ്മേഴ്സ് ചോദിച്ചു.

“ ഞങ്ങൾ കുറേപേരുണ്ട്. സംഘം പ്രതിനിധികൾ.” ഒരു വലിയ ഓക്ക് മരത്തിൻെറ നേക്കു റെഡ്ലോക്ക് നടന്നു. അവിടെ ഇവാൻസ് ഉൾപ്പെടെ മററു നാലു പേർ നിന്നിരുന്നു.

“ഇതു് എൻെറ ആശയമല്ല ഡിക്ക്” ഇവാൻസ് പറഞ്ഞു.

റെറഡ്ലോക്ക്: “ആരെങ്കിലും ഒരാൾ ചുമതല എടുത്തേ ഒക്കൂ.” അയാളുടെ മുഖം ഇവാൻസിൽ നിന്നു സമ്മേഴ്സിൻെറ നേക്കു തിരിഞ്ഞു. “ഞാൻ പറഞ്ഞേക്കാം. ഇതു് അത്ര സന്തോഷപ്രദമായ ഒരു കാര്യമല്ല. സമയം വളരെക്കുറച്ചേ ഉള്ളു. നമുക്കു് ഒരു മറുപടി ലഭിക്കണം. ആദ്യം പുറപ്പെടുന്നതു നാം തന്നെ ആയിരിക്കണം. നിങ്ങൾ ഞങ്ങളെ നയിക്കുമോ ഇല്ലയോ? ഒക്കുകയില്ലെങ്കിൽ മറെറാരാളെ നാം കണ്ടു പിടിക്കണം. ആദ്യം നാം തന്നെ പുറപ്പെടണം. അങ്ങിനെയാണെങ്കിൽ മുന്നിൽ പോകുന്ന വണ്ടികളുടെ പൊടി നാം തിന്നേണ്ടിവരില്ല. നമ്മുടെ കന്നുകാലികൾക്കു മേയാനും സൗകര്യം കിട്ടും.”

ഇവാൻസ്: “ഡിക്ക്, ഞങ്ങൾക്കു നിങ്ങൾതന്നെ വേണമെന്നാണു്.”

റെറഡ്ലോക്ക്: “ഞങ്ങൾക്കു് ഇങ്ങനെ ചുററിക്കറങ്ങി നടക്കാനും വയ്യ.”

“നിങ്ങൾ ഇഷ്ടംപോലെ ചെയ്യുവിൻ” എന്നു പറഞ്ഞുകൊണ്ടു സമ്മേഴ്സ് തിരിഞ്ഞു വീട്ടിലേക്കു നടന്നു.

റെറഡ്ലോക്ക് സമ്മേഴ്സിനെ അല്പം സംഭ്രമിപ്പിച്ചതുകൊണ്ടായിരിക്കണം അയാൾ അപ്രകാരം പോയതു്. അഥവാ അദ്ദേഹത്തിൻെറ ബാഹ്യപ്രകൃതിയെന്നല്ലാതെ അതിനു മററു സാരമായ കാരണമൊന്നു

മുണ്ടായിരിക്കയുമില്ല. നിർബന്ധിക്കുന്നത് ഒരു മനുഷ്യന് ഇഷ്ടമാകുകയില്ലല്ലോ?

തന്റെ മറുപടി എന്തെന്നു സമ്മേഴ്സിനു ശരിക്കറിയാമായിരുന്നു. ശവസംസ്കാരം കഴിയട്ടെ എന്നയാൾ കരുതി. വേണ്ടിവന്നാൽ മടങ്ങിവരുമ്പോൾ താമസിക്കാനുള്ള വസ്തുവും, തനിക്കാവശ്യമുള്ള നാല്ക്കാലികളേയും ഒഴിച്ച് അയാൾ മററെല്ലാം വില്ക്കും. തടി കുത്തിത്തുരന്ന് അതിൽ നിക്ഷേപിച്ചു സൂക്ഷിച്ചിരുന്ന പണമെല്ലാം തട്ടിപ്പൊളിച്ചു എടുക്കും. ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കാൻ അയാൾക്ക് അധികം സമയം വേണ്ടിവരില്ല.

## അദ്ധ്യായം 4

പിൻ വാതിലിൽ തിരിച്ചടിച്ചു നിറുത്തിയിരുന്ന വണ്ടി മിക്കവാറും നിറഞ്ഞു കഴിഞ്ഞിരുന്നു. പാത്രങ്ങളും കിണ്ണങ്ങളുമെല്ലാം പെട്ടിയിലാക്കി അതിൽ നിറച്ചു. കിടക്ക ചുരുട്ടിക്കെട്ടി. നല്ല നല്ല പാത്രങ്ങൾ പൊട്ടാതെ ഭദ്രമായി ബാരലിലുള്ള ഗോതമ്പു മാവിൽ പൂഴ്ത്തിവച്ചു. വസ്ത്രങ്ങൾ വേറെ അടുക്കിക്കെട്ടിവച്ചിരുന്നു. ഏതാനും വീട്ടു സാധനങ്ങൾ ഉള്ളത് ഏറിയ പങ്കും വണ്ടിക്കൂടിനു താഴെ അടുക്കിവച്ചു.

ഇവാൻസിന്റെ ഭവനം മററാർക്കോ വിട്ടുകൊടുത്തുകൊണ്ട് അവർ മുന്നോട്ടു നീങ്ങാൻ ഇനി അധികതാമസമില്ല. ആണുങ്ങളുടെ ആഹ്ലാദകരമായ ധൃതികൂട്ടലുമായി പൊരുത്തപ്പെട്ടുപോകുവാൻ റിബേക്കാ ഇവാൻസ്

ശ്രമിച്ചു. വിലകൂടിയ ഭക്ഷ്യപദാർത്ഥങ്ങളും കലപ്പകളും, കുതിരയുടെ ജീനിയും, ആട്ടുകല്ലും, അടകല്ലും മററും കൊണ്ടു രണ്ടാമത്തെ വണ്ടിയും അവർ നിറച്ചു കഴിഞ്ഞു. ഈ ഭാരിച്ച സാധനങ്ങളൊക്കെ ഓറിഗനിൽ വിരളമായിരിക്കുമെന്നു് ഇവാൻസ് കരുതി.

വീടിനോടു യാത്ര പറഞ്ഞു പിരിയുമ്പോൾ സ്ത്രീകളെപ്പോലെ ദുഃഖാത്തരായിത്തീരാതെ, ഉത്സാഹഭരിതരായിരിക്കുക, പുരുഷന്മാരുടെ പ്രകൃതിയാണെന്നു് അയാൾ വിചാരിച്ചു.

ആ പ്രദേശത്തെ ഓരോ കമ്പും ലിജി നട്ടുവളത്തിയതാണു്. അതിലെ സൗകുമാര്യങ്ങളൊക്കെ, ഒന്നുകിൽ റിബേക്കാ, അല്ലെങ്കിൽ ലിജി ചാർത്തിയതാണു്. അവർ ചെറുപ്പത്തിലേ അവിടെ വന്നതാണു്. വഷങ്ങൾ ഇഴഞ്ഞിഴഞ്ഞു നീങ്ങുന്നതു് അവർ കണ്ടിരുന്നു. സുഖവും ദുഃഖവും അവർ അറിഞ്ഞിരുന്നു.

പുറത്തുനിന്നു ലിജിയുടെ സ്വരം അവർ കേട്ടു. വളരെ വഷങ്ങളായി അവൾ കേട്ടിട്ടില്ലാത്തവണ്ണം അത്രയ്ക്കു് ഉൽക്കണ്ഠേച്ഛാഭരിതമായ ഒരു സ്വരം.

"ശരി; കൊള്ളാം" അവൾ ആത്മഗതം ചെയ്തു. ഓറിഗൻ നല്ലതു തന്നെ. ലിജിക്കു വേണ്ടതും ബ്രൗണിക്കു ഭാവിയിൽ ആവശ്യമായിത്തീരുന്നതും; മിസോറിയിലേക്കാൾ നല്ലൊരു സന്ദർഭമാണു്. ധീരകൃത്യങ്ങളാണു് അയാൾ ഇഷ്ടപ്പെടുന്നതു്. തന്റെ കഴിവു് എന്തുണ്ടെന്നു കണ്ടു പിടിക്കുകയാണയാൾക്കു് ആവശ്യം. എങ്കിലും ഒരു മന്ദഗതിക്കാരൻ, അസാധാരണമായ

സാധുപ്രകൃതിയോടുകൂടിയ ഒരു മനുഷ്യൻ; എന്തൊക്കെ അയാളെപ്പററി ആളുകാം പറഞ്ഞിരുന്നു. അയാളെ അപ്രകാരമാക്കിത്തീർത്തതു് അയാളുടെ വിനീതഭാവമാണെന്നു് അവർ അറിഞ്ഞിരുന്നില്ല.

എല്ലാം വണ്ടിയിൽ കേററിക്കഴിഞ്ഞു. ഒഴിഞ്ഞ സ്ഥലമല്ലാതെ ആ ഭവനത്തിൽ ഒന്നുംതന്നെ അവശേഷിച്ചില്ല.

"റോക്ക് തയ്യാറായിക്കഴിഞ്ഞു, മമ്മായോ?" ബ്രൗണിയുടെ സ്വരം നിർജ്ജീവമായ ആ മുറികളിൽ മുഴങ്ങി. വണ്ടിയിൽനിന്നു ലിജി നടന്നു് അകത്തേക്കു വന്നു.

"നീ എല്ലാം എടുത്തെന്നു തോന്നുന്നു." പോകുന്ന പോക്കിനു "തയ്യാറായോ" എന്നു ചോദിച്ചുകൊണ്ടു അയാാം മടങ്ങി.

"എനിക്കു് എൻെറ ശിരോവസ്ത്രം ധരിക്കാത്ത താമസമേ ഉള്ളു." അവാം പുറത്തേക്കിറങ്ങി.

"കാലികളെ ഞാൻ തെളിച്ചുകൊണ്ടുവരണമെന്നു പപ്പാ പറയുന്നു. നിങ്ങാംക്കു വണ്ടിയിൽ പോകാം." ബ്രൗണി റിബേക്കായോടു പറഞ്ഞു.

അവർ പല പ്രാവശ്യം ഉപയോഗിച്ചിട്ടുള്ള ആ പൂട്ടു് ശരിക്കു് അടഞ്ഞിട്ടുണ്ടെന്നു് ഉറപ്പു വരുത്തിയശേഷം "ശരി തന്നെ" എന്നു പറഞ്ഞുകൊണ്ടു് അവാം തല ഉയർത്തി പുറത്തേക്കു നടന്നു.

## അദ്ധ്യായം 5

മരച്ചോട്ടിൽ ചുററും വട്ടം കൂടിയിരുന്നു്, അപരിചിതമായ ഭാഷയിൽ ആളുകാം നടത്തിക്കൊണ്ടിരുന്ന

ആവേശകരമായ സംഭാഷണങ്ങാം കേഠംക്കുകയായി രുന്നു ഇവാൻസ്. സ്ത്രീകളുടെ സംസാരകോലാഹല ങ്ങാം; കാളകളുടേയും, കുതിരകളുടേയും നേക്കുള്ള പുരുഷ ന്മാരുടെ മുറവിളികാം; ചെറു ചെറു സംഘങ്ങളായി നിന്നുള്ള അവരുടെ നമ്മ സംഭാഷണങ്ങാം; കുഞ്ഞു ങ്ങളുടെ കൂക്കുവിളികാം; നായ്ക്കളുടെ കുരച്ചിൽ; കുതിര കളുടേയും പശുക്കളുടേയും ഇടവിടാതുള്ള കരച്ചിലുകാം— ആ ശബ്ദകോലാഹലം അയാളുടെ കർണ്ണപുടങ്ങളിൽ മുഴങ്ങി.

കുറച്ചകലെയായി ബ്രദർ വെതർബൈ ആളുകളുടെ ഇടയിൽ നീങ്ങിക്കൊണ്ടിരുന്നു. അറിവിൻെറ ഭാര ത്താൽ അദ്ദേഹത്തിൻെറ വൃദ്ധമുഖം ഗൗരവസമ്പന്ന മായിരുന്നു. ആ മുഷിപ്പൻ സ്വരത്തിൻെറ മുഴക്കം ഇവാൻസിൻെറ കാതുകളിൽ പതിച്ചു. ബ്രദർ വെതർ ബൈയ്ക്കു്, അയാളുടെ ഭാഷയിൽതന്നെ പറഞ്ഞാൽ "ആഹ്വാനം' ചെയ്യാൻ വളരെ ഇഷ്ടമായിരുന്നു. ആഹ്വാനത്തിനു ശേഷം തൊപ്പി എടുത്തു പണപ്പിരിവു നടത്തുകയായി. "ഓർത്താലും!—സന്തോഷപൂർവം ദാനം ചെയ്യുന്നവനെ ദൈവം സ്നേഹിക്കും."

രാഷ്ട്രീയ പ്രവർത്തകനായ റെറഡ് ലോക്കിനെതിരായി തെരഞ്ഞെടുപ്പിനു് ആരും നിന്നിരുന്നില്ലെങ്കിലും അദ്ദേഹവും, ബ്രദർ വെതർബൈയെപ്പോലെതന്നെ, ചുററിക്കറങ്ങിക്കൊണ്ടിരുന്നു. അയാഠം ഒരു വലിയ സംഭാഷണ വിദഗ്ദ്ധനായിരുന്നു. ഓറിഗനിലേക്കുള്ള മാർഗ്ഗത്തെപ്പററി, ഡിക്ക് സമേഴ്സ് കഴിഞ്ഞാൽ

മററാരെയുംകാൾ കൂടുതൽ അറിവു തനിക്കുണ്ടെന്നു കാണി ക്കാനായി അയാൾ ഒരു ഓറിഗൺ ഗൈഡ് ബുക്കുകൂടെ കൊണ്ടുനടന്നിരുന്നു.

സൂര്യൻ ആകാശത്തിലൂടെ ശാന്തമായി നീങ്ങുകയും, തൈത്തെന്നൽ പുൽക്കൂട്ടങ്ങളിൽ മന്ത്രിച്ചുകൊണ്ടു പായു കയും ചെയ്തു. പേടിച്ചരണ്ട താറാക്കൂട്ടത്തിൻെറ കോലാ ഹലംപോലെ താവളത്തിലെ ഒച്ചപ്പാടുകൾ അസഹ്യ മായി. അവർ ഇൻഡിപ്പെൻഡൻസിൽനിന്നു കഷ്ടിച്ച് ഇരുപതു മൈൽ മാത്രം പടിഞ്ഞാറെത്തിയതേ ഉള്ളൂ. ഒരു മിസ്സോറിക്കാരന്ന് ഏതു ദിവസവും കാണാൻ കഴിയുന്ന ചില കാപ്പിരികളെ അല്ലാതെ അവർ ഒരൊററ ഇന്ത്യക്കാരനെപ്പോലും കണ്ടുമുട്ടിയിരു ന്നില്ല. എങ്കിലും ചിലരൊക്കെ ഭയാക്രാന്തരായിത്തീർ ന്നിരുന്നു. യാതൊരു ചങ്കുററവുമില്ലാതെ ഉള്ളു വെറും പൊള്ളയായ മിസിസ് ടെർലി, കോടാലിയും ചുഴററി വരുന്ന ഭീമകായനായ ഒരു ഇന്ത്യനെ പ്രതീക്ഷിച്ചെന്ന വണ്ണം സംസാരിച്ചും പരിഭ്രമത്തോടെ ചുററും നോക്കിയും കഴിഞ്ഞിരുന്നു. നാവിന്നു മൂർച്ചയേറിയ പട്ടവങ്കയായ മിസിസ് മാക്ബീയ്ക്കു ഓഹൈയോവിലേക്കു മടങ്ങി പോകണമെന്നു തോന്നി. മാക്ബീയാകട്ടെ, തൻെറ നിസ്സാരതയെ മറയ്ക്കാൻവേണ്ടി വമ്പു പറഞ്ഞുകൊണ്ടി രുന്നു. മററുള്ളവരുടെയെല്ലാം മുഖങ്ങളും ക്ലേശാകുല മായിരുന്നു.

റിബേക്കാ വണ്ടിയുടെ തണലിൽ ഇരുന്നു. ഫെയർ മാൻ വേലക്കുകൂട്ടുത്തിരുന്ന ഹിഗിനോടും മററു ചില രോടുംകൂടി ബ്രൗണി അവിടെ കന്നുകാലികളെ കാത്തു

കൊണ്ടിരുന്നു. ഒരു കാപ്പിരിക്ക് എപ്പോഴാണ് ഒരു കുതിരയേയോ, കാളയേയോ തട്ടിക്കൊണ്ടുപോകാൻ തോന്നുന്നതെന്ന് ആർക്കും നിശ്ചയിച്ചുകൂടാ.

ഇവാൻസ് റിബേക്കായെ സൂക്ഷിച്ചുനോക്കി. അയാൾ പറഞ്ഞു: "ഇനിയും നാം യാത്ര പുറപ്പെട്ടതായി എനിക്കു തോന്നുന്നില്ല. ചിലരുടെയൊക്കെ പെരുമാററ രീതി കണ്ടാൽ ഏതോ വനാന്തരത്തിൽ അകപ്പെട്ട മട്ടാണ് ഉള്ളത് അല്ലേ."?

"എങ്ങനെ! പോകുന്ന കാര്യത്തിൽ സുഖം തോന്നുന്നുണ്ടോ ബെക്കി?" അയാൾ ചോദിച്ചു.

അവൾ ഒന്നു മന്ദഹസിക്കുക മാത്രം ചെയ്തു. അവളുടെ വദനം വല്ലാതെ ചുവന്നിരുന്നു. എങ്കിലും അശ്രുപൂർണ്ണമായിരുന്നില്ല. നാടുവിട്ടപ്പോൾ അവൾ ഒരു നിമിഷനേരത്തേക്കു കണ്ണീർ വാർത്തുപോയി. പിന്നീടവൾ തിരിഞ്ഞു നോക്കിയിട്ടേ ഇല്ല. ഗൃഹവാടിയിലെ പുഷ്പനിരകളെ വിട്ടിട്ടു പോകുവാൻ ഒരു സ്ത്രീ ഇഷ്ടപ്പെടുന്നുവരില്ല.

"എനിക്കു ക്ലേശമൊന്നുമില്ല, ലിജി" അവൾ മറുപടി പറഞ്ഞു. "വല്ലാത്ത ചൂട്, അത്ര മാത്രം. എന്താണിപ്പോൾ ചോദിക്കുന്നത്? മനസ്സിനു വല്ല മാററവും വന്നോ?"

"അതാ.—ഡിക്ക്."

ഡിക്ക് സമ്മേഴ്സ് വരുന്നത് ഇവാൻസ് കണ്ടു. മൃദുലമായ മാൻതോലുകൊണ്ടുള്ള കാലുറകളും സൗവർണ്ണരേഖാങ്കിതമായ ഷർട്ടും ധരിച്ചിരുന്ന ഡിക്ക് ഒരൊത്ത മനുഷ്യനായിരുന്നു.

ദീഘകായം, വെള്ളിത്തലമുടി, പ്രബലങ്ങളായ കരചരണങ്ങൾ; ആരെയും ഹഠാദാകർഷിക്കുന്ന ഒരു മനുഷ്യനായിരുന്നു ഡിക്ക്.

"വല്ലാത്ത കുഴപ്പം" കൈ മലർത്തിക്കൊണ്ട് ഇവാൻസ് പറഞ്ഞു. "ചിലരൊക്കെ പക്ഷേ മടങ്ങിയേക്കും."

സമേഴ്സ് അയാളുടെ പുകക്കുഴലിൽ പുകയില നിറച്ചു. "അതൊക്കെ നേരെയാകും—ഒരുപക്ഷേ."

"ഇവാൻസ്: റെഡ്ലോക്കാണു താപ്പാന. ഒരു പക്ഷേ അയാൾ നല്ലൊരു ക്യാപ്റ്റനായിരിക്കാം."

ആ അഭിപ്രായത്തോടു യോജിക്കാത്ത മട്ടിൽ സമേഴ്സ് ഒന്നു തല കുലുക്കി. "അയാളോട് അല്പം കർക്കശമായി പെരുമാറേണ്ടിവരും."

ഇവാൻസ് പൈപ്പു പുറത്തെടുത്ത്, അതിൽ പുകയില നിറയ്ക്കവേ ശബ്ദകോലാഹലങ്ങൾക്കുപരിയായി ഒരു കാഹളം മുഴങ്ങി. തെരഞ്ഞെടുപ്പിന് എത്തുവാൻ ആളുകൾക്കുള്ള ആഹ്വാനമായിരുന്നു അത്.

ആളുകൾ തിങ്ങിക്കൂടിക്കൊണ്ടിരുന്ന താവളത്തിന്റെ മദ്ധ്യഭാഗത്തേക്ക് ഇവാൻസും സമേഴ്സും നടന്നു. താവളത്തിലുള്ളവരെല്ലാംതന്നെ തെരഞ്ഞെടുപ്പിനെത്തി. പുരുഷന്മാർ അണിയായി നിന്നിരുന്നു. അതിന്റെ പിറകിൽ സ്ത്രീകൾ; കുട്ടികൾ ചെവി കൂർപ്പിച്ചുകൊണ്ടു വേലിക്കമ്പികളിലും.

റെഡ്ലോക്കിനെ തല്ക്കാല ക്യാപ്റ്റനായി തെരഞ്ഞെടുത്തതിനാൽ അയാൾ യോഗത്തിൽ ക്രമം പാലിച്ചു.

അയാൾ ഒരു പെട്ടിപ്പുറത്തു കയറി നിന്നുകൊണ്ട് ഒരു തകിടിൽ കരണ്ടികൊണ്ടു തട്ടി മണി അടിച്ചു. ആളുകളുടെ സംസാരം കുറച്ചൊന്നടങ്ങിയപ്പോൾ അയാൾ പ്രസംഗം ആരംഭിച്ചു. അയാളുടെ രൂപവും പെരുമാററവുമെല്ലാം 'ചതുര'ത്തിലാണെന്ന് ഇവാൻസിനു തോന്നി. ചതുരമുഖം, ചതുരശരീരം, നിൽക്കുന്നതും ചതുരത്തിൽത്തന്നെ. വെളുത്ത ദന്തനിരകൾ, രോമക്കുററികൊണ്ടു നീലിച്ചിരുന്ന താടി; ധീരമായ കണ്ണുകൾ; അനായാസേന ചലിക്കുന്ന കൈകൾ—റെറഡ്ലോക്ക് ഒരു സ്വയംപ്രഭാവനെന്ന് ഇവാൻസ് സ്വയമെ സമ്മതിച്ചു. എങ്കിലും അയാളുടെ ഉള്ള് ചതുരത്തിൽ തന്നെയോ എന്ന് അയാൾ ശങ്കിച്ചു. ഒരുപക്ഷേ അയാൾ മതിയായിരിക്കും.

റെറഡ്ലോക്ക് പ്രസംഗം ആരംഭിച്ചു.

"ആദ്യം പുറപ്പെടുന്നതു നമ്മുടെ സംഘം ആയിരിക്കുമെന്നു വിചാരിക്കാൻ എനിക്കു മതിയായ കാരണമുണ്ട്. സെൻറുജോയിൽനിന്നുള്ള ട്രെയിനുകൾ വളരെ ദിവസത്തേക്കു പുറപ്പെടുകയില്ലെന്നാണ് അറിയുന്നതു്. അതുകൊണ്ടു നാം ആയിരിക്കും മുന്നോടികൾ എന്നു തോന്നുന്നു. മരുഭൂമിയിലെ പൊടിപടലങ്ങളിൽനിന്നു നമുക്കു രക്ഷപെടാം. കാലികൾക്കു വേണ്ട പുല്ലും ലഭിക്കും. വില്ലിമെററിൽ നമുക്ക് ആദ്യം എത്തിച്ചേരുകയും ചെയ്യാം."

"ചെയർമാൻ, മി. ചെയർമാൻ"—ആരോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.

അതു ബ്രദർ വെതർബൈ ആയിരുന്നു. അയാളുടെ പതറിയ സ്വരം ഉയൎന്നു—"നാം പ്രാൎത്ഥിച്ചില്ല, പ്രാൎത്ഥനയോടല്ല നാം തുടങ്ങിയതു്."

റെറഡ്ലോക്ക് ഒട്ടും പരിഭവിച്ചില്ല. "ബ്രദർ വെതർബൈ; ഞാൻ ഖേദിക്കുന്നു. അതൊട്ടു മറന്നു പോയി. അങ്ങുതന്നെ പ്രാൎത്ഥന തുടങ്ങുമോ?"

വെതർബൈ ശിരസ്സു നമിച്ചു, സാധുക്കളായ പാപികളോടു ദയാപരനായിരിക്കണമേ എന്നു ദൈവത്തോടു പ്രാൎത്ഥിച്ചു. യാത്രാമാൎഗ്ഗം ദീൎഘവും ആപൽക്കരവും ആണെന്നും അതുകൊണ്ടു് ഏവരും ദൈവത്തെ ശരണം പ്രാപിക്കണമെന്നും അദ്ദേഹം ഉണൎത്തി.

"അവിശ്വാസികളിൽനിന്നും വന്യമൃഗങ്ങളിൽനിന്നും രോഗത്തിൽനിന്നും അപകടങ്ങളിൽനിന്നും അവിടുന്നു ഞങ്ങളെ കാത്തരുളേണമേ. യാത്രയ്ക്കുള്ള ശക്തിയും മാൎഗ്ഗമദ്ധ്യേ എന്തുതന്നെ സംഭവിച്ചാലും ഞങ്ങളുടെ ഹൃദയങ്ങൾക്കു ധൈര്യവും തന്നരുളേണമേ."

വെതർബൈ പ്രാൎത്ഥന സമാപിപ്പിച്ചപ്പോൾ റെറഡ്ലോക്ക് തുടൎന്നു: "നമുക്കു നിയമാവലികൾ അംഗീകരിക്കണം. ഒരു സ്ഥിരം സംഘടന രൂപീകരിക്കണം. ആക്ഷേപമുണ്ടെങ്കിൽ, അവക്കു പിന്നാലെ വരാം."

റെറഡ്ലോക്ക് കാര്യമാത്രപ്രസക്തനായിരുന്നു. "കമ്മററി റിപ്പോർട്ടു തയ്യാറായോ?"

മാക്ക് മുന്നോട്ടു നീങ്ങിക്കൊണ്ടു പറഞ്ഞു: "ഇർവിൻ റെറഡ്ലോക്കിനെ ക്യാപ്ററനായും ചാൾസ് ഫെയർമാനെ ലെഫ്ററനൻറായും, ഹെൻട്രി ഷീൽഡ്സിനെ

കന്നുകാലികളെ കാത്തു സൂക്ഷിക്കുന്നതിന്നുള്ള ക്യാപ്ററനായും തെരഞ്ഞെടുക്കണമെന്നു നിങ്ങളുടെ കമ്മററി ശുപാശ് ചെയ്യുന്നു.”

“ഓരോരുത്തരും യാത്രയുടെ അവസാനംവരെ സേവനം അനുഷ്ഠിക്കേണ്ടതാണ്.”

ബ്രൂവർ എന്നൊരു ഇല്ലിനോയിസ്കാരൻ ജർമൻ റിപ്പോർട്ടു അംഗീകരിക്കണമെന്ന് ഒരു പ്രമേയം അവതരിപ്പിച്ചു. ഹാൻങ്ക് മാക്ബി പ്രമേയത്തെ പിന്താങ്ങി.

“ഞാൻ അദ്ധ്യക്ഷം വഹിക്കുന്നതു ശരിയല്ല. മററാരെങ്കിലും അദ്ധ്യക്ഷം വഹിക്കട്ടെ” എന്നു പറഞ്ഞുകൊണ്ടു റെറഡ്ലോക്ക് പെട്ടിപ്പുറത്തുനിന്നു താഴത്തിറങ്ങാൻ ഭാവിച്ചു. “നിങ്ങൾ തന്നെ തുടരണം” എന്നു സദസ്സിൽനിന്നു ശബ്ദമുയന്നു.

“ഐകകണ്ഠ്യേന തന്നെയോ?” റെറഡ്ലോക്ക് ചോദിച്ചു. ഉത്തരമല്ല, കുറെ മുറവിളികളാണ് അയാൾ അതിന്നു മറുപടിയായി കേട്ടതു്.

“നിങ്ങൾക്ക് എല്ലാം എന്റെ കൃതജ്ഞത. എന്റെ കഴിവിന്റെ പരമാവധി ഞാൻ പ്രവത്തിക്കാം. ഇനിയും റിപ്പോർട്ടുണ്ടോ?”

മാക്ക് അതു വായിച്ചു. അർദ്ധമനസ്സോടെ ശ്രദ്ധിച്ചു കൊണ്ടിരുന്ന ഇവാൻസ് റിപ്പോർട്ടിന്റെ ചില ഭാഗങ്ങൾ മാത്രം ശ്രവിച്ചു. “‘ഓറിഗനിലേക്കുള്ള മുന്നേററം’ എന്നായിരിക്കണം ഈ യാത്രാസംഘത്തിന്റെ പേരു്. ...... 6 പേരടങ്ങിയ ഒരു ഭരണസമിതിയെ തെരഞ്ഞെടുക്കണം ......... പൈലററിന്നു 200 ഡാളർ

ഉശംപ്പെടെയുള്ള ചെലവുകശംക്കു നികുതി ഈടാക്കണം. ചികിത്സാവശ്യങ്ങശംക്കല്ലാതെ കടുത്ത ലഹരിപാനീയ ങ്ങശം കൊണ്ടുപോകരുത്......കൊലയ്ക്കു വധശിക്ഷ ...... ബലാൽസംഗത്തിനു മൂന്നു ദിവസത്തേക്കു 39 അടിവീതം ശിക്ഷ...... വ്യഭിചാരത്തിനു 39 അടി ശിക്ഷ. മര്യാദയില്ലാതെ സംസാരിക്കുന്നവർക്കു ശിക്ഷ നിശ്ചയിക്കാൻ കൗൺസിൽ, യാത്രാസംഘം എന്നും രാവിലെ ഏഴു മണിക്കു പുറപ്പെടണം. ഓരോ ദിവ സവും പത്തു പതിനഞ്ചു മൈൽ സഞ്ചരിക്കണം. താഴെ പ്പറയുന്ന തോതിൽ സാധനസാമഗ്രികശം ഉണ്ടായിരി ക്കണം. ശിശുക്കളൊഴികെ ആളൊന്നുക്കു 200 റാത്തൽ ഗോതമ്പു മാവു്, 75 റാത്തൽ മററു ധാന്യങ്ങശം, 50 റാത്തൽ പോർക്കിൻ മാംസം.....,വാഗനുകളുടെയും സപ്ലേ കളുടേയും ചുമതല വഹിക്കാൻ മൂന്നു് ഇൻസ്പെക്ററർമാർ ......"എന്നിങ്ങനെ.

നിയമങ്ങശം വേണ്ടത്ര മതിയായെന്നു് ഇവാൻസിനു തോന്നിയില്ല. അക്കാര്യം അയാശം പറഞ്ഞു.

റെറഡ് ലോക്ക്: "മുന്നോട്ടു പോകുന്തോറും പല കാര്യങ്ങളും ശരിപ്പെടുത്തേണ്ടിവരും. കുഴപ്പമുണ്ടായാൽ കൗൺസിൽ അതു ശമിപ്പിക്കും."

ആ വാക്കുകശം നീതിയുക്തങ്ങളായിരുന്നു. അയാ ളുടെ രീതി മനസ്സിലാക്കിക്കഴിഞ്ഞാൽ റെറഡ് ലോക്കിനെ പിന്നെ സംശയിക്കേണ്ടിവരില്ല.

റെറഡ് ലോക്ക് കൗൺസിലിൻെറ തെരഞ്ഞെടുപ്പു് നടത്തി. ഇൻസ്പെക്ററർമാരെ നാമനിർദ്ദേശം ചെയ്തു. രണ്ടു ലിസ്ററിലും തൻെറ പേരു കണ്ടപ്പോശം ഇവാൻസ്

അല്പം അത്ഭുതപ്പെട്ടു. ജനങ്ങഠം അദ്ദേഹത്തെ കൗൺസിലിലേക്കു തെരഞ്ഞെടുത്തു. റെറഡ്ലോക്കാകട്ടെ, അയാളെ ഇൻസ്പെക്ററററായി നാമനിർദ്ദേശം ചെയ്തു.

യോഗപരിപാടികഠം സമാപിക്കാറായി. ഇവാൻസ് ചുററിലും ഒന്നു നോക്കി. ബ്രൗണി കുതിരപ്പുറത്ത് ഇരിക്കുന്നതു കണ്ടു. അനന്തരം കാലികഠം മേഞ്ഞുകൊണ്ടിരുന്ന ആ നീണ്ട പുൽപ്പരപ്പിലേക്ക് അയാഠം കണ്ണോടിച്ചു. ശോകവും കുതുകവും കലന്ന മുഖത്തോടു കൂടിയ മേഴ്സി മാക്ബീയെ ആണു ബ്രൗണി നോക്കിക്കൊണ്ടിരുന്നത്. കടുംചുവപ്പു നിറത്തിലുള്ള ശിഷ്ടവസ്ത്രം അവഠം ധരിച്ചിരുന്നു. അവളുടെ മാറിലെ പോർമുലക്കുടങ്ങഠം ലോലമായ പട്ടുടുപ്പിലൂടെ തള്ളിത്തെറിച്ചുനിന്നിരുന്നു.

ഒരു നീണ്ട നിമിഷത്തേക്ക് ഇവാൻസ് അവളുടെ നേക്കു തുറിച്ചുനോക്കി; പിന്നീടു സ്വപുത്രൻെറ നേക്കും. അവർ ഏറെക്കുറെ സമപ്രായക്കാരായിരുന്നു. ഭാഗ്യമെന്നേ പറയേണ്ടു, ആ പ്രായത്തിൽ അവർ രണ്ടു പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. പതിനേഴിനടുത്തു വരും.

ഇവാൻസ് തല തിരിച്ചു.

പൂവ്വകാലത്തെ സ്വാനുഭവങ്ങളെ ആസ്പദമാക്കി ശൂദ്ധശൂന്യതയിൽനിന്ന് അയാഠം ഓരോരോ മനോരാജ്യം കെട്ടിപ്പടുക്കുകയായിരുന്നിരിക്കാം.

## അദ്ധ്യായം 6

താവളത്തിൽനിന്ന് അല്പം അകലെ വലിയ ഒച്ചപ്പാടൊന്നും ഇല്ലാതിരുന്ന ഒരു സ്ഥലത്തു ചെന്നു ഡിക്ക്

സമേമഴ്സ് തറയിൽ ചന്ദ്രം പടിഞ്ഞിരുന്നു. കാര്യങ്ങളെല്ലാം നിയമപ്രകാരം മുറയ്ക്കു നടക്കുന്നോ എന്നു നോക്കിക്കൊണ്ടു് ഇവാൻസും മററു ഇൻസ്പെക്ററർമാരും ചുററിക്കറങ്ങുന്നതു് ഇടയ്ക്കിടക്കു് അയാൾക്കു കാണാമായിരുന്നു. ചില സ്ത്രീകൾ അത്താഴം കഴിച്ചുതുടങ്ങിയിരുന്നു. സ്റ്റൗവ് ഇല്ലാതിരുന്ന സ്ത്രീകൾ അടുപ്പുകൂട്ടി തീ ഊതി, ഒഴുകുന്ന കണ്ണുനീർ തുടച്ചുകൊണ്ടിരുന്നു. മരക്കൂട്ടത്തിൽ ഒരു മൂങ്ങാ ഇരുന്നു മൂളി.

മൂങ്ങായുടെ മൂളൽ മാററിയെക്കുറിച്ചുള്ള ഓർമ്മ എങ്ങിനെയോ അയാളിൽ ജനിപ്പിച്ചു. മണ്ണിന്നടിയിൽ മരവിച്ചു കിടക്കുന്ന മാററി; അവരോടു് അന്ത്യയാത്ര പറഞ്ഞു പിരിഞ്ഞ രംഗം, എല്ലാം അയാൾ അനുസ്മരിച്ചു. നീണ്ടൊരു നിദ്രയല്ലാതെ മറെറാന്നും മാററിക്കു് അവശേഷിച്ചിരുന്നില്ല. അവക്കും വിശ്രമിക്കുവാൻ ഒരവകാശമുണ്ടായിരുന്നു. നെഞ്ചത്തു വെടിയേററ ഇന്ത്യന്മാർ മരിക്കുംപോലെ ചോരയും മാംസവും വമിച്ചു് ആളുകൾ ചത്തൊടുങ്ങുന്നു; അല്ലെങ്കിൽ മാററിയെപ്പോലെ അവർ അസ്ഥിയും തലയോട്ടിയുമായി ചുക്കിച്ചുളുങ്ങി മരിക്കുന്നു.

തൻെറ മനസ്സ് വല്ലാതെ അസ്വസ്ഥമാണെന്നു സമേമഴ്സ് മനസ്സിലാക്കിയില്ല. കാട്ടിൽ കഴിച്ചുകൂട്ടി നല്ല തഴക്കമുള്ള ഒരാളായിരുന്നു അദ്ദേഹം. മണ്ണിനെപ്പററിയും മരങ്ങളെപ്പററിയും അണുപോലും ചിന്തിക്കാതെ, പണം കുന്നുകൂട്ടുന്നതിനുള്ള ഗൂഢതന്ത്രങ്ങൾ ആരായാതെ അനുദിനമെന്നോണം വേട്ടയാടി നടക്കുന്ന മൃഗയാവിനോദന്മാരുമായി അദ്ദേഹം സഞ്ചരി

ച്ചിട്ടുണ്ട്. അത്തരം ഒരു മനോഭാവമാണു സമേമഴ്സിന് ഇപ്പോഴും ഉണ്ടായിരുന്നത്. എന്നാൽ കുടിയേറിപ്പാപ്പ് കാരുടെ നില അതായിരുന്നില്ല. ജീവിക്കാൻ ഒരിട ത്തിനുവേണ്ടിയാണ് അവരുടെ യാത്ര. ഒരു സ്ത്രീയുമൊ ത്തൊന്നു രമിക്കുവാനോ, അല്ലെങ്കിൽ അനന്തരകരണീയ മെന്തെന്നു സ്വസ്ഥമായിക്കിടന്നൊന്നു ചിന്തിക്കാനോ സൗകര്യം ലഭിക്കാൻ സാധ്യതയില്ലെന്നാണു വന്നുകൂടി യിരുന്നത്. ചതുപ്പു നിലങ്ങളിൽ വിളവുണ്ടാകുമോ ? അവർ ആരാഞ്ഞു. നാശം! ഒരു മരം കിളുക്കാത്ത ഭൂമിയിൽ ഒന്നും തന്നെ വളരുകയില്ല. അവരൊക്കെ അവരുടെ കളത്രങ്ങളുമായി ഇണങ്ങിച്ചേന്നു സന്താന ങ്ങളോടൊത്തു സുഖമായികഴിഞ്ഞുകൂട്ടുന്ന കുടുംബക്കാ രാണ്. അവരുടെ സ്വഭാവത്തിലെ പരുപരുപ്പുകൾ അമന്നു മാർദ്ദവമാർജ്ജിച്ചിരുന്നു. കൃഷിഭൂമികളും വിദ്യാ ലയങ്ങളും ഭരണകൂടവും എല്ലാമൊത്ത അടുക്കും മുറയും ഉള്ള ഒരു ജീവിതക്രമത്തെ അവർ ഉററു വീക്ഷിക്കുകയാണ്.

രണ്ടു ആഴികളേയും സ്പർശിച്ചുകൊണ്ടു വിശാലമായി കിടക്കുന്ന 'യുണൈററഡ് സ്റ്റേററ്സ് ഓഫ് അമേ രിക്ക'യെപ്പററി സംസാരിച്ചുകൊണ്ടു ലിജി ഇവാൻസ് സമേമഴ്സിൻെറ സമീപമെത്തി. ഓറിഗനെ ബ്രിട്ടീഷു കാക്കു നൽകേണ്ട യാതൊരു കാര്യവുമില്ലെന്ന് അയാൾ പറഞ്ഞു. അഭിമാനമില്ലാത്ത അമേരിക്കർപോലും വാലും ചുരുട്ടി മററുള്ള സ്റ്റേററുകളിൽനിന്നു വലിയുവാൻ ശ്രമി ച്ചിരുന്ന അവസരത്തിൽ, ലിജിയുടെ പിതാവു ബ്രിട്ടീഷുകാർക്കെതിരായി ധീരമായി പൊരുതിയിരുന്നു.

വേണ്ടിവന്നാൽ ലിജിയും നേരിട്ടു പൊരുതുവാൻ സന്നദ്ധനാണു്.

ലിജി വലിയൊരു യോദ്ധാവായിരുന്നെന്നല്ല ഇതിൻെറ അർത്ഥം. സ്നേഹസമ്പന്നനും വിനിതനു മായിരുന്നു അദ്ദേഹം. പക്ഷേ ആ രാജ്യത്തു് അമേരി ക്കാക്കാരെ കുടിപാർപ്പിച്ചു് അതിനെ ഒരു അമേരിക്കൻ സ്റ്റേററ് ആക്കിത്തീർക്കണമെന്നുള്ളതായിരുന്നു, അദ്ദേ ഹത്തിൻെറ ലക്ഷ്യം.

സമേമഴ്സിൻെറ തുച്ഛമായ സമ്പാദ്യം ഇവാൻസ് പരിശോധിച്ചു. അതിൽ വളരെയൊന്നും ഇല്ലായി രുന്നു. നിയമമനുസരിച്ചു വേണ്ടത്ര സാധനങ്ങളുടെ അടുത്തുപോലും അവ വരില്ലായിരുന്നു. ഒരു ബ്ലാങ്കററ്, ഒരു പഴന്തുണി—അതുകൊണ്ടു് ഒരു കൊച്ചു വിസ്ക്കി പ്പാത്രം പൊതിഞ്ഞിരുന്നു. കുറച്ചു മാവു്, ഉപ്പിലിട്ട മാംസം, ; കാപ്പിപ്പൊടി, പുകയില, ഒരു കെററിൽ, രണ്ടു പിച്ചാത്തി, രണ്ടു റൈഫിളുകൾ ഇതൊക്കെത്തന്നെയാ യിരുന്നു അയാളുടെ സമ്പാദ്യം. കൂടാതെ നീലയും വെള്ളയും നിറത്തിലുള്ള ഏതാനും മണികൾ, മൂണ്ടലുകൾ, കടുംചുവപ്പുനിറത്തിലുള്ള ഒരു ചുരുൾ കമ്പിളിത്തുണി, കുറെ ചുവന്ന പെയിൻറു എന്നീ ഇന്ത്യൻ സാധനങ്ങൾ കൂടി അയാളുടെ കൈവശം ഉണ്ടായിരുന്നു. അതു തന്നെയും അയാൾക്കു് ആവശ്യത്തിൽ കൂടുതലായിരുന്നു. ഒരു കുതിരയും ഒരു തോക്കും ഉണ്ടെങ്കിൽ അയാൾ എത്ര ദൂരവും സഞ്ചരിക്കും.

“അതു അധികമൊന്നുമില്ല—ലിജി, അധികമൊന്നും ആവശ്യമില്ല” സമേമഴ്സ് പറഞ്ഞു.

"നിങ്ങാംക്കാവശ്യമില്ലായിരിക്കാം പക്ഷേ..."

"പാവങ്ങാംക്കു വലിയ സമ്പാദ്യം ഒന്നും കാണുകയില്ല. വെടിയുണ്ടയും മരുന്നുംകൊണ്ടു നേടാവുന്ന ആഹാരമൊഴിച്ചു, മററൊന്നുമില്ലാതെ ഞാൻ എത്രയോ മൈൽ സഞ്ചരിച്ചിരിക്കുന്നു."

ഒരു വശത്തു സൗഹാർദ്ദവും സാമാന്യബുദ്ധിയും; മറു വശത്ത് അയാം പാലിക്കേണ്ട ആ നിയമം; ഇവയുടെ നടുവിൽപെട്ട് ഇവാൻസ് ക്ലേശിക്കുന്നതായി സമ്മേഴ്സിനു കാണാൻ കഴിഞ്ഞു.

ഇവാൻസ് പഴന്തുണി നീക്കി വിസ്കിപ്പാത്രം പുറത്തെടുത്തു.

സമ്മേഴ്സ്: "നിയമമൊക്കെ കൊള്ളാം. പക്ഷേ അവ എനിക്കു പററിയതാണെന്നു തോന്നുന്നില്ല. എന്നെ തല്ക്കാലം നിങ്ങാംക്കു മറന്നുകൂടേ ലിജി?"

ഇവാൻസ് തലകുലുക്കി പല്ലിളിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "നിങ്ങളെപ്പററി ചിന്തിച്ചു ഞാൻ ക്ലേശിക്കാൻ പോകുന്നില്ല ഡിക്ക്. നിങ്ങാം ഒരു വയോവൃദ്ധൻ! ആ പാത്രത്തിലിരിക്കുന്നതു വിന്നാകിരി ആണെന്നു തോന്നുന്നു. നല്ല വിന്നാകിരി! ആപ്പിാം ചാറിനെക്കാാം നന്ന്." ഇവാൻസ് കൈവിരലുകളുടെ മുട്ടുകാം താടിയിലുരുമ്മിക്കൊണ്ടു പറഞ്ഞു:

"മാക്ബി കുടുംബത്തിനു വേണ്ടത്ര ആഹാരവും ഒന്നുമില്ല. റെറഡ്ലോക്ക് ഒരുവിധം നിറച്ചു. മാക്ക് കുറച്ചൊക്കെ ശേഖരിച്ചു. അതുകൊണ്ട് അവർ മടങ്ങിപോകേണ്ടിവരില്ല. കയ്യിൽ പണവും ഒന്നുമില്ലേ ഡിക്ക്?

നികുതി കൊട്ടക്കണ്ടേ ? ആകപ്പാടെ നിങ്ങഠം വിഷമിക്കു മെന്നു് എനിക്കു തോന്നുന്നു."

"അതു സാരമില്ല! റെറഡ്ലോക്കും, മാക്കും, എന്തിനു സഹായിക്കണം ?"

ഇവാൻസ്: "മാക്ബി, അവനൊരു കുടിയനാണെന്നു ഞാൻ പന്തയം വയ്ക്കുന്നു. കുടിയന്മാൎക്കെതിരായി നമുക്കു് ഇവിടെ നിയമമുണ്ടു്. നിങ്ങഠം വിചാരിക്കുന്നതിൽ കൂടുതൽ കടവും അയാഠംക്കുണ്ടു്."

"ഓഹൈയോവിലേക്കു് ഒരാളെ അയക്കുകയല്ലാതെ മററു മാൎഗ്ഗമൊന്നുമില്ല."

"അയാഠം പറയുന്നതു് അയാഠംക്കു കുഴപ്പമൊന്നുമില്ലെന്നാണു."

"ചുറുചുറുക്കുള്ള ഒരു ചെറുപ്പക്കാരിപ്പെണ്ണുണ്ടല്ലോ അയാളുടെകൂടെ ?"

"ചുറുചുറുക്കു കുറെ കൂടിപ്പോയി."

"എന്താ ഭ്രമം വല്ലതും ഉണ്ടോ ?"

"പെണ്ണുങ്ങഠം എന്നെ ഭ്രമിപ്പിക്കയില്ല."

വിഷയം മാററിക്കൊണ്ടു് ഇവാൻസു് പറഞ്ഞു:

"വയസ്സൻ വെതർബൈയുടെ കാര്യം എന്തായി? അയാളുടെ പക്കൽ ഒന്നുമില്ലല്ലോ. രണ്ടു് എല്ലുന്തിയ കുതിരകളും, കുറച്ചു ധാന്യവും മാത്രം. ഞാൻ റിപ്പോൎട്ടു ചെയ്യും. കൂട്ടത്തിൽ പോകാൻ ഒക്കില്ലെങ്കിൽ തനിച്ചു പോകണമെന്നാണു് അയാഠം പറയുന്നതു്. ഏതായാലും ഞാൻ റിപ്പോൎട്ടു ചെയ്യും."

വിശാലമായ താവളത്തിലേക്കു സമ്മേഴ്സ് കണ്ണോടിച്ചു. മാക്ക്ബീയും ഒരു കൂട്ടം ആൾക്കാരും അങ്ങോട്ടു പോകുന്നതു് അയാൾ കണ്ടു.

അവർ പുക വലിച്ചുകൊണ്ടു് എഴുന്നേററു് ആ സംഘത്തിൻെറ നേർക്കു് തിരിച്ചു.

"സമ്മേഴ്സ് ഞങ്ങളുടെകൂടെ വന്നാഹാരം കഴിക്കണമെന്നു റിബേക്കാ പറയുന്നു. അല്ലെങ്കിൽ നിങ്ങൾക്കു നല്ല ആഹാരം കിട്ടുകില്ലെന്നാണു ബെക്കി പറയുന്നതു്. ഇന്നും എന്നും പതിവായി നിങ്ങൾ വരണം."

"ഈ ക്ഷണം നിങ്ങൾക്കും അവർക്കും അനുഗ്രഹമാണു്. മാംസത്തിനു ലോഭമുണ്ടാകില്ല. അക്കാര്യം ഞാനേററു."

അവർ താവളത്തിലൊക്കെ ഒന്നു ചുററിക്കറങ്ങി. താവളമെല്ലാം ഇപ്പോൾ കുഴഞ്ഞുമറിഞ്ഞു കിടക്കുകയാണു്. അതൊക്കെ മുറപോലെ പിന്നീടു ക്രമപ്പെടുത്തണം. ഒന്നിനു പിന്നാലെ മറെറാന്നായി വണ്ടികൾ കാളക്കയറുകൾകൊണ്ടു ബന്ധിച്ചു വൃത്താകൃതിയിൽ അണി നിരത്തണം. ഇൻഡ്യാക്കാർക്കെതിരായി വേണ്ടിവന്നാൽ അതൊരു ദുർഗ്ഗവുമായിരിക്കണം.

റെറഡ്ലോക്ക് ഇൻസ്പെക്ടർമാരോടു റിപ്പോർട്ടു സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു് ഔദ്യോഗിക കൃത്യങ്ങളിൽ വ്യാപൃതനായിരുന്നു. ഫെയർമാനും, മാക്കും അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്നു. മററുള്ളവരും അവിടെ എത്തി.

റെറഡ്ലോക്ക് കടലാസ്സിൽനിന്നു കണ്ണെടുത്തു നോക്കിയപ്പോൾ ഇവാൻസിനെയും സമ്മേഴ്സിനെയും

ആണ് കണ്ടതു്. "നിങ്ങൾ പരിശോധനയെല്ലാം പൂർത്തിയാക്കിയോ?" അയാൾ ചോദിച്ചു.

"എല്ലാം പൂർത്തിയാക്കി."

"കൊള്ളാം! എന്നിട്ടു്?"

"തകരാറൊന്നുമില്ല. വെതർബൈക്കു മാത്രം കുറെ കുറവുണ്ടു്. ക്ഷമിക്കണം വെതർബൈ!—നിങ്ങളുടെ പക്കലുള്ള സാധനങ്ങൾ വളരെ കുറവാണു്."

റെറഡ്‌ലോക്ക്: "വെതർബൈ! ശരിയാണോ?"

"നേരുതന്നെ; ഭൗതികമായി. പക്ഷേ കുറവുണ്ടെങ്കിലും ഇല്ലെങ്കിലും ഞാൻ പോകുകയാണു്. നിങ്ങളോടൊന്നിച്ചായാലും തനിച്ചായാലും ഞാൻ പോകും. എനിക്കു ദൈവം തരും."

റെറഡ്‌ലോക്ക് പുരികം കോട്ടിക്കൊണ്ടു പറഞ്ഞു: "വിശ്വാസം മാത്രം മതിയാകില്ല; പ്രത്യേകിച്ചു് ഈ സംഘത്തിൽ."

വെതർബൈയുടെ നിർജ്ജീവമായ കണ്ണുകൾ റെറഡ്‌ലോക്കിൻെറ ഇരുണ്ട കണ്ണുകളുമായി ഒന്നിടഞ്ഞു.

"എനിക്കു 64 വയസ്സായി. ഇക്കാലമത്രയും ഞാൻ പഠിച്ചതു ദൈവം തരുമെന്നാണു്."

മററുള്ളവരെല്ലാം നിശ്ശബ്ദരായി നിന്നു. ആ ഉപദേശിയുടെ നേർക്കു് ഏവരും അനുകമ്പാർദ്രരാണെന്നു സമ്മേഴ്സ് വിചാരിച്ചു.

"വെതർബൈ! നിങ്ങൾക്കു മനസ്സിലാകുന്നില്ലേ?" ഒരു ശിശുവിനോടെന്ന കണക്കു റെറഡ്‌ലോക്ക് അദ്ദേഹത്തെ കാര്യം പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിച്ചു.

"ആ മാർഗ്ഗം സ്വീകരിക്കാൻ നിങ്ങളെ അനുവദിച്ചുകൂടാ. നിങ്ങളുടെയും ഞങ്ങളുടെയും രക്ഷയെക്കരുതിത്തന്നെ. പോകുവാൻ നിങ്ങളെ ഞാൻ അനുവദിച്ചാൽ, ഞാൻ ഒരു ക്യാപ്റ്റനായിരിക്കുകയില്ല. ഞാൻ കുഴപ്പങ്ങൾ ക്ഷണിച്ചു വരുത്തുകയായിരിക്കും ചെയ്യുന്നത്. ഇതു മനസ്സിലാക്കാൻ അസാമാന്യ ബുദ്ധിയൊന്നും ആവശ്യമില്ലല്ലോ."

"ഞാനല്ലേ, നിങ്ങളല്ലല്ലോ ക്ലേശിക്കേണ്ടത്?"

"ഓരോരുത്തരേയും അവരവരുടെ പാട്ടിനു വിട്ടുകൊണ്ടു നമുക്കു യാത്ര ചെയ്യാൻ സാധിക്കുകയില്ല. നിങ്ങളെ പട്ടിണിയിടാനും ഞങ്ങൾക്ക് ഒക്കുകില്ല. ഉള്ള സാധനങ്ങൾ എത്ര കുറവാണെങ്കിലും നാമതു പങ്കുവയ്ക്കേണ്ടിവരും. അതുപോലെ നിങ്ങൾക്കു രോഗമോ, ക്ഷീണമോ ബാധിച്ചാൽ നിങ്ങളെ തള്ളിക്കൊണ്ടു പോകുവാനും വയ്യ."

വെതർബൈ: "ഞാൻ പോകാൻതന്നെ തീരുമാനിച്ചു."

"ഓ! നാശം. ഞങ്ങളുടെകൂടെ ആയിരിക്കുകയില്ല, മനസ്സിലായോ?"

വെതർബൈ ചുററിലും നിന്നവരെയെല്ലാം ഒന്നുററു നോക്കിക്കൊണ്ടു ശാന്തമായി പറഞ്ഞു, "ദൈവം എന്നെ വിളിക്കുന്നതായി എനിക്കു തോന്നുന്നു. ഞാൻ തനിച്ചു പോകും."

"അതിൽനിന്നും നിങ്ങളെ പിന്തിരിപ്പിക്കേണ്ട ചുമതലയൊന്നും ഞങ്ങൾക്കില്ല."

"റെഡ്ലോക്ക്, ഞാൻ അദ്ദേഹത്തെക്കൂടെ കൊണ്ടു പോകാം. അദ്ദേഹത്തിൻെറ കാര്യം ഞാൻ നോക്കിക്കൊള്ളാം."

റെഡ്ലോക്ക് ഇവാൻസിൻെറ നേക്കു നോക്കി. "ആ വിഭാഗത്തിലെ ഇൻസ്പെക്ടർ നിങ്ങളാണല്ലൊ? രണ്ടുപേക്കു വേണ്ട സാധനങ്ങളെല്ലാം സമ്മേഴ്സിൻെറ കൈവശം ഉണ്ടോ?"

"അദ്ദേഹത്തെ കൊണ്ടുപോകാമെന്നു ഡിക്ക് ഏററാൽ ഡിക്ക് കൊണ്ടുപോകും."

"ഞാൻ പറഞ്ഞില്ലേ അദ്ദേഹത്തെ ഞാൻ കൊണ്ടു പൊയ്ക്കൊള്ളാമെന്ന്, അതുപോരേ?"

"എന്നെ സംബന്ധിച്ചിടത്തോളം അതുമതി," ഫെയർമാൻ പറഞ്ഞു. വെതർബൈ സമ്മേഴ്സിൻെറ നേക്കു തിരിഞ്ഞുനോക്കി. "സഹോദരാ, നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ!"

പിന്നീടു സമ്മേഴ്സ് സ്വയം അത്ഭുതപ്പെട്ടുപോയി. "ഒരു ഉപദേശിക്കുവേണ്ടി ജാമ്യം നിൽക്കുക." ഇവാൻസിൻെറ മേശപ്പുറത്തു ശാന്തനായിരുന്നുകൊണ്ടു സമ്മേഴ്സ് ആശ്ചര്യപ്പെട്ടു. "ജനങ്ങൾ എന്തു ചെയ്യുമെന്നു പറഞ്ഞുകൂടാ," അദ്ദേഹം ഉറക്കെപ്പറഞ്ഞു.

## അദ്ധ്യായം 7

വണ്ടികൾ ഉന്തിയും തള്ളിയും, വടം കെട്ടിവലിച്ചും ചക്രം പിടിച്ചു തിരിച്ചും, പൊടിതിന്നും, വിയർപ്പിൽ കുളിച്ചും, രാത്രി മഞ്ഞത്തു മരവിച്ചും, സൂര്യനുദിക്കുന്നതിന്നു മുമ്പു തന്നെ എണീററും അന്തിക്കുശേഷം മാത്രം

വിരമിച്ചും, ആ മനുഷ്യസഞ്ചയം മൃഗഗണങ്ങളോടും വാഹനസമൂഹത്തോടുംകൂടി മുന്നോട്ടു നീങ്ങുകയാണ്.

കന്നുകാലികളെ സൂക്ഷിക്കുക; വണ്ടികൾ ഉറപ്പിക്കുക; വണ്ടികൾ നിറയ്ക്കുക; ഒഴിക്കുക; വീണ്ടും നിറയ്ക്കുക; രാത്രിയിൽ തലയ്ക്കുകത്തെ ചക്രങ്ങൾ കറങ്ങവേ പോത്തുപോലെ ഉറങ്ങുക; പിന്നീടെഴുന്നേല്ക്കുക; യാത്ര തുടരുക; വണ്ടി ഓടിക്കുക; തള്ളുക; ഉന്തുക, വടം കെട്ടി വലിക്കുക; മൂട്ടകൾപോയിത്തുലയട്ടെ-ദൂരം നിസ്സാരം—നീർച്ചാലുകളും നദികളും വൃക്ഷങ്ങളും എല്ലാം പുല്ല്—; ആ മനുഷ്യസഞ്ചയം മൃഗഗണങ്ങളോടും വാഹനസമൂഹത്തോടുംകൂടി മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. ഓറിഗനിലേക്ക്. ഓറിഗൺ ഹിപ്പ് ഹിപ്പ് ഹിപ്പ ഹുറൈ. ഹിപ്പ് ഹിപ്പ് ഹിപ്പ് ഹുറൈ. ഹിപ്പ് ഹിപ്പ് ഹിപ്പ് ഹുറൈ!

രാത്രിയിൽ ഉറങ്ങാം. ഭാര്യയുടെ ചൂടൊട്ട് ഏൽക്കാം. പക്ഷേ അവൾ തിരിഞ്ഞുകിടക്കുകയാണെന്നുറപ്പു വരുത്തികൊള്ളണം. നിങ്ങളുടെ അമഷങ്ങളെല്ലാം അടക്കിവച്ചിരിക്കുന്ന ഹൃദയത്തിൻെറ അടിത്തട്ടുകൊണ്ടല്ലാതെ അവളെ ആസ്വദിക്കരുത്. കുരുക്കു വീണ നിങ്ങളുടെ മാംസപേശികൾ അയയട്ടെ! നിങ്ങളുടെ മനസ്സ് തുടിക്കട്ടെ! അവിടെ മേഴ്സി മാക്ബിയെപ്പോലുള്ള തരുണികൾ നൃത്തം ചെയ്തുകൊള്ളട്ടെ. ഒരു മനുഷ്യൻെറ ഉള്ളിലെ ചിന്തകൾ എന്തായിരിക്കുമോ അതുപോലെ തന്നെ ആയിരിക്കും അയാളുടെ പ്രകൃതിയും. കഴിയുമെങ്കിൽ നിങ്ങൾ ബോധംകെട്ടു ഉറങ്ങിക്കൊള്ളു.

കർട്ടീസ് മാക്ക്, അമൻഡായോടു ഭാര്യയോടെന്ന കണക്കല്ല സംസാരിച്ചിരുന്നതു്. അവാം സംസാരിക്കുന്നതിനെ മാക്ക് പ്രോത്സാഹിപ്പിച്ചിരുന്നുമില്ല. അവളിൽ അയാംക്കു് അഭിനിവേശം ഇല്ലാഞ്ഞിട്ടല്ല. പറയേണ്ടതൊക്കെ അവർ പരസ്പരം പറഞ്ഞിരുന്നു.

ചിലപ്പോാം മഴ, കാററ്, വെയിൽ തുടങ്ങിയ നിസ്സാര കാര്യങ്ങാം എടുത്തിട്ടുകൊണ്ടു്, അവർ സംസാരിക്കാൻ ശ്രമിക്കും. അയാാം ചുരുക്കത്തിൽ മറുപടി പറഞ്ഞു ഒഴിയും. അവളുടെ ഹൃദയം വ്രണിതമാകും. മുഖത്തു അതു പ്രതിഫലിച്ചു കാണാം. എങ്കിലും അയാാംക്കു് അതിൽ സന്തോഷമേ ഉള്ളു.

താൻ തന്നെത്തന്നെ വീണ്ടും തരം താഴ്ത്തുകയില്ലെന്നു് അയാാം മനസ്സാ നിശ്ച്വയിച്ചു. 'കാ' നദി തരണംചെയ്തു അന്നു രാത്രി കേണപേക്ഷിച്ചപോലെ വീണ്ടും അയാാം കേണപേക്ഷിക്കുകയില്ല.

മാദകമായ മലർമാസം വന്നണഞ്ഞു. മുമ്പു പല പ്പോഴുമെന്നപോലെ അയാാംക്കു് അവളിൽ അഭിനിവേശം ജനിച്ചു. "അരുതു—ദയവായി അരുതു് കട്ടോ" അവാം മൊഴിഞ്ഞു.

"വളരെക്കാലമായില്ലേ? ..."

അയാളുടെ നീട്ടിയ ഹസ്തങ്ങാം തള്ളിമാററിക്കൊണ്ടു് അവാം പറഞ്ഞു, "അയ്യോ എനിക്കു പേടിയാവുന്നു."

"എന്തിനെപ്പററി?"

"വല്ലതും സംഭവിച്ചാൽ—ഡാക്ടറും നേഴ്സും ഒന്നുമില്ലാതെ....."

"നിനക്കൊരിക്കലും ആശയില്ല. ഇതു സ്ത്രീകൾക്കു പററിയതല്ലെന്നായിരിക്കും നിൻെറ വിചാരം. വീട്ടിൽ വച്ചും നിൻെറ ഇടപാട്ട് ഇതുതന്നെ ആയിരുന്നു. പിന്നെ വല്ലപ്പോഴും സാധിച്ചിട്ടുണ്ടെങ്കിൽ, അതൊരു ബലാൽക്കാരമായിരുന്നു."

ഒരു നീണ്ട നിമിഷത്തേക്ക് അയാൾ മൗനം ആചരിച്ചു. പിന്നിട്ട് അയാൾ കേണപേക്ഷിച്ചു.

"അമാൻഡാ, എൻെറ ഹൃദയം പരവശമാകുന്നു. ഞാൻ വേണ്ടത്ര സഹിഷ്ണുത പ്രദശിപ്പിച്ചു. പക്ഷെ ഇങ്ങനെ എന്നന്നേയ്ക്കുമായി മുന്നോട്ടുപോകാൻ സാധിക്കുകയില്ല."

"എനിക്കു വയ്യാ, എനിക്കു പേടിയാവുന്നു."

"ഈ യാത്രയിൽ ഒരിക്കലും ഒക്കുകയില്ലെന്നാണോ നീ പറയുന്നത് ?"

പതുങ്ങിയ സ്വരത്തിൽ അവൾ പറഞ്ഞു. "കർട്ട്! ഞാൻ നിസ്സഹായയയാണു."

അവൾ കരയുകയായിരുന്നു. വിങ്ങിവിങ്ങിക്കരയുകയായിരുന്നു.

മററൊരാളായിരുന്നെങ്കിൽ, അവൾക്കു് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അപ്പോൾ ബലാൽക്കാരംതന്നെ പ്രയോഗിക്കുമായിരുന്നു. എങ്കിലും അയാൾ അപ്രകാരം ചെയ്തില്ല. ആർദ്ര ചിത്തനായ കർട്ടീസ് മാക്ക് അപ്രകാരം ചെയ്യുമായിരുന്നില്ല. തനിക്കു ദുർഗ്രഹമായ എന്തോ ഒന്ന് അവളിൽ മാർഗ്ഗതടസ്സമായി നിന്നിരുന്നുവെന്നു അയാൾ അംഗീകരിക്കേണ്ടിവന്നു.

എന്തിനാണ് ഈശ്വരൻ സ്ത്രീയുടെ മുഖത്തു സൗന്ദര്യം കോരിച്ചൊരിയുകയും അവൾക്കു മാദകമായ മാരത്തട്ടം ഉണ്മയേറിയ ഊരുദ്വയങ്ങളും സമ്മാനിക്കുകയും ചെയ്തിട്ടു ഹൃദയാർദ്രത മാത്രം നൽകാതിരുന്നതു്?

"ബിസിനസ്സും കളഞ്ഞു ഞാൻ പടിഞ്ഞാറോട്ടു പുറപ്പെട്ടതെന്തിനാണെന്നു നിനക്കറിയാമോ?"

അവൾ മൗനം ആചരിച്ചു.

കർട്ട്: "എന്താണു നീ കരുതുന്നതു്? ഒരു ഭർത്താവു് ഒരു പട്ടസന്ന്യാസിയായിരിക്കണമെന്നാണോ നീ വിചാരിക്കുന്നതു്? ഞാൻ വീണ്ടും നിന്നെ സമീപിക്കയില്ല."

അയാൾ സ്വയം വെറുത്തു. താൻ പറഞ്ഞ കളവിനെ ഓർത്തല്ല, തന്നെക്കൊണ്ടു കളവു പറയിച്ച തന്റെ ദൗർബല്യത്തെ ഓർത്തിട്ടു്: ഇതുപോലെ മുമ്പു, പലതവണ അയാൾ പറഞ്ഞിട്ടുണ്ടു്. അന്നത്തെപ്പോലെ ഹൃദയം പരവശമാകുന്ന നിശകളിൽ അയാൾ മാപ്പിരന്നിട്ടുമുണ്ടു്.

ഇത്രയ്ക്കു തുച്ഛമായ ഒരു ഔദാര്യത്തിന്, അമാൻഡായുടെ അനുവാദത്തെയോ, നിരസനത്തെയോ ആശ്രയിക്കുമാറു മൃദുലചിത്തനും നിസ്സഹായനുമായിപ്പോയി എന്നുള്ളതാണു് അയാളുടെ തകരാറു്. അയാൾ പറഞ്ഞു: "നീ എന്നെ പരസ്ത്രീകളെ ശരണം പ്രാപിപ്പിക്കുകയാണു്. അവരെ നോക്കാതെയും അവരെപ്പററി ചിന്തിക്കാതെയും ഇരിക്കാൻ എനിക്കു സാധ്യമല്ല. ഞാൻ മറെറാരു സ്ത്രീയെ ആരാഞ്ഞുകൊള്ളട്ടെ?"

"അതാണു നിങ്ങൾക്ക് ആശയെങ്കിൽ" !

അവിടെക്കിടന്ന് അവൾ വിങ്ങിവിങ്ങിക്കരയവേ തന്നെ, മറെറാരു നാരിയെ താൻ തേടിപ്പിടിക്കുമെന്ന് അയാൾ സ്വയമേവ പറഞ്ഞു. വിശ്വസ്തനായിരിക്കുവാൻ അയാൾ അഭിലഷിച്ചു. അവൾ അത് അസാദ്ധ്യമാക്കിത്തീർത്തു.

കർട്ടീസ് മറെറാരു നാരിയെ തേടിപ്പിടിക്കും; അയാളിൽ രൂഢമൂലമായിരുന്ന സാന്മാർഗ്ഗികതയെ അയാൾ കുഴിച്ചു മൂടും. അയാൾ അങ്ങനെ ശപഥം ചെയ്തു. ശപഥം ചെയ്യുമ്പോഴും അതു നിറവേററാൻ കഴിയുമോ എന്ന് അയാൾ ശങ്കിച്ചു. എങ്കിലും ആ ആശങ്കയെ എതിർത്തുകൊണ്ട് അയാൾ ശപഥം ചെയ്തു.

അന്നവർ ആ നദി തരണം ചെയ്തു, തീരത്തിൽ സ്ഥിതിചെയ്തിരുന്ന ഒരു തുറന്ന പുൽമേടിലേക്കു നീങ്ങി. ഡിക്ക് സമ്മേഴ്സ് അവരെ ഒരു കടവിലേക്കു നയിച്ചു. ഏതു ഭാഗത്തു സൗകര്യമായി നദികടക്കാമെന്നാരാഞ്ഞു ഡിക്ക് സമ്മേഴ്സ് നദിയിലേക്കു സധീരം കുതിക്കുന്നതും വണ്ടികൾ നദിയിലേക്ക് ഉരുണ്ടിറങ്ങുന്നതും കാളകൾ വെള്ളം തെറിപ്പിക്കുന്നതും, തന്റേതുപോലുള്ള ഭാരിച്ചവണ്ടികൾ അനായാസേന മുന്നോട്ടു നീങ്ങുന്നതും അയാൾ കാണുകയുണ്ടായി. തടിക്കഷ്ണങ്ങൾ തട്ടിക്കൂട്ടി അവയെ പെട്ടികളോടു ബന്ധിച്ച് ഒരു തരം തോണി നിർമ്മിച്ചു സമ്മേഴ്സും കൂട്ടരും മാക്ബീ കുടുംബത്തെയും മററു ചിലരെയും നദി കടത്തി.

മുമ്പെന്നപോലെ മാക്ക് അപ്പോഴും സ്ത്രീകളുടെ നേർക്കു നോക്കി സങ്കല്പരാജ്യത്തിൽ വിഹരിക്കുകയായിരുന്നു. വിളറി, നീണ്ട്, സുമുഖിയെങ്കിലും മാറൊട്ടു പരന്ന ജൂഡിത്ത് ഫെയർമാൻെറ നേർക്ക്; തൻെറ കാര്യമാത്രപ്രസക്തതയ്ക്കു പിന്നിൽ ചിലതൊക്കെ നിഗ്രഹനം ചെയ്തിരിക്കാവുന്ന ആ കൊച്ചു ന്യൂ ഇംഗ്ലണ്ടുകാരി മിസിസ്സു പാച്ചിൻെറ നേർക്കു്! ആരോടും ഇണക്കമുള്ള നമ്മവതിയായ റിബേക്കാ ഇവാൻസിൻെറ നേർക്ക്! പത്തു കുഞ്ഞുങ്ങളെ പ്രസവിച്ചു പോററിയിട്ടുള്ള മിസിസ്സു ബ്രൂവറുടെ നേർക്ക്! അങ്ങിനെ മാക്കിൻെറ കണ്ണുകൾ ഓരോരുത്തരിലും ചെന്നു പതിച്ചു. ഏററവും അഴകുള്ളവളെ ഏററവും ഒടുവിലാണ് അയാൾ കണ്ടതു്. മേഴ്സി മാക്ബീയും ഒടുവിൽ അയാളുടെ കണ്ണുകളിൽപെട്ടു. താരുണ്യം മുററിത്തഴച്ചു നിൽക്കുന്ന മാർത്തടം, തേനൊഴുകുന്ന വായ്മലരു്; നീണ്ടുചുരുണ്ട കരിങ്കാർകുഴൽ; ശുഭ്രസുന്ദരമായ പൂവൽമേനി; അവൾ കാര്യങ്ങളൊന്നും അറിഞ്ഞുതുടങ്ങിയിട്ടില്ല. എങ്കിലും പഠിപ്പിക്കാവുന്നതേ ഉള്ളു. മററുള്ളവർ വികാരശൂന്യരോ? മററു പുരുഷന്മാർക്കും സ്വന്തമായ അസ്വാസ്ഥതകൾ ഉണ്ടോ? വിശന്നും വ്രണപ്പെട്ടുമാണോ അവരും ഉറങ്ങുവാൻപോകുന്നതു്? ഒരു പക്ഷേ മററെല്ലാററിനെക്കാളും ഉപരിയായി ഒരു പുരുഷൻ അഭിലഷിക്കുന്നതു് ആർദ്രതയായിരിക്കാം! അമാൻഡായ്ക്കു പ്രേമാർദ്രയായിരിക്കാൻ കഴിഞ്ഞില്ല—ആന്തരമായി നിങ്ങളെ അവൾ സ്നേഹിക്കുന്നു എന്നു നിങ്ങൾക്കറിയാം. ആ സ്നേഹം പോയിത്തുലയട്ടെ! അതു പോരല്ലോ?

-അയാളുടെ മനസ്സ് നദീതരണംചെയ്യു രംഗത്തിലേക്കു മടങ്ങി. സ്ത്രീകളും വാഹനങ്ങളും സപ്ലേകളും മറുകര കടന്നു കഴിഞ്ഞു. കന്നുകാലികളും മററു മൃഗഗണവും നദിയിലേക്കു കാലെടുത്തുന്നി. നേതാക്കന്മാർ നദിയിലിറങ്ങി. മററുള്ളവർ പിന്തുടന്നു. നദിപ്രവാഹത്തിന്നെതിരെ ഒരു നീണ്ട നിരയായി അവർ നിന്നുകയായിരുന്നു.

നിഷ്പ്രയാസമാണ് അവർ നദി തരണം ചെയ്യത്. കാപ്പിരികൾ തട്ടിക്കൊണ്ടുപോയ ചില്ലറ സാധനങ്ങൾ ഒഴിച്ചാൽ ഒററ മൃഗമോ, ബാരലോ, പെട്ടിയോ, ചാക്കോ പോലും നഷ്ടമായില്ല.

അമാൻഡായുടെ പുതപ്പു വലിച്ചു മാററിക്കൊണ്ടു മാക്ക് ചാടി എഴുന്നേററ് "കരഞ്ഞതുകൊണ്ടു യാതൊരു പ്രയോജനവുമില്ല" എന്നു പറഞ്ഞ് അയാൾ കാലുറ എടുത്തിട്ടു.

വണ്ടികൾകൊണ്ടു നിമ്മിച്ച വളപ്പിനു ചുററുമുള്ള കൂടാരങ്ങൾക്കിടയിൽ അയാൾ ചുററിക്കറങ്ങി. വളപ്പിനുള്ളിൽ കുതിരകളെ കെട്ടി ഇട്ടിരുന്നതും, അവ അലഞ്ഞു നടക്കുന്നതും അയാൾക്കു കാണാൻ കഴിഞ്ഞില്ലെങ്കിലും, മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. താവളം നിശ്ശബ്ദമായിരുന്നു. തീക്കുണ്ഡങ്ങളെല്ലാം കെട്ടണഞ്ഞിരുന്നു. അകലെയെവിടെയോ ഒരു ചെന്നായ് കൂവി. അഥവാ ഒരു പക്ഷെ അതൊരു ഇന്ത്യൻെറ ശബ്ദമായിരിക്കാം. അയാൾ തൻെറ റൈഫിൾ കയ്യിലെടുത്തു.

"ഹോ! നിങ്ങൾക്ക് ഒരിക്കലും ഉറക്കമില്ലല്ലോ?" ആരോ ഒരാൾ വിളിച്ചുചോദിച്ചു.

"ശേഷിച്ച ആയുഷ്കാലത്തേയ്ക്കുകൂടി കഷ്ടകനായിരുന്നപ്പോൾ വേണ്ടത്ര ഉറങ്ങി."

അന്നു രാത്രി സമ്മേഴ്സ്സിനും വേണ്ടത്ര സ്വാസ്ഥ്യതയില്ലായിരുന്നെന്നു മാക്ക് കരുതി. അയാൾ നടക്കവേ തന്നെ ചെവി കൂർപ്പിച്ച ശ്രദ്ധിച്ചുകൊണ്ടിരുന്നു; ചുററും സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു.

"എന്താ കുഴപ്പം വല്ലതും പ്രതീക്ഷിക്കുന്നോ?" മാക്ക് ചോദിച്ചു.

"ഒരു പക്ഷേ ഒന്നും ഉണ്ടാകുകയില്ലായിരിക്കും. ആ കാപ്പിരികൾ! അവർക്കും വിശപ്പും തണുപ്പും ഉണ്ടാവുമല്ലോ? ഇന്ത്യന്മാർക്കു കളവു് ഒരു വിനോദമാണ്."

മാക്ക് പറഞ്ഞു: "വലിയ ശല്യങ്ങൾ."

"നമുക്കു നമ്മുടെ രീതികൾപോലെ, അവക്ക് അവരുടെ രീതികളും ഉണ്ട്. അവക്കു നാം ഭീമമായ ശല്യമായിരിക്കും." സമ്മേഴ്സ്സ് ഇപ്രകാരം മറുപടി പറഞ്ഞപ്പോൾ മാക്ക് തെല്ലൊന്നമ്പരന്നുപോയി.

"ഞാൻ കന്നുകാലികളെപ്പോയി നോക്കിവരട്ടെ" മാക്ക് പറഞ്ഞു.

ഷൂസ് ഇട്ടുകൊണ്ടുതന്നെ, തളിരിളംതൃണങ്ങൾ നിറഞ്ഞ ആ പ്രദേശത്തിലൂടെ ഒരു ഇന്ത്യാക്കാരനെപ്പോലെ നിശ്ശബ്ദമായി അയാൾക്കു നടക്കാമായിരുന്നു. കന്നുകാലികൾ വടക്കുഭാഗത്താണു നിന്നിരുന്നതു്. അലസനായി അയാൾ അങ്ങോട്ടു തിരിഞ്ഞു. മുമ്പിൽ ഒരാൾ നീങ്ങുന്നതു കണ്ടു. കന്നുകാലികളെ കാത്തു സൂക്ഷിക്കുന്നതിനു തന്നെ സഹായിക്കാനായി നിയോഗിച്ചിരുന്ന ബ്രൗണി ഇവാൻസ് ആയിരുന്നു അതു്.

“ എന്തു് ! എല്ലാം ഭദ്രമോ ? ”

“ കാലികളെല്ലാം കുറെത്തളന്നു. ഇന്ത്യന്മാരുടെ ശല്യമുണ്ടാകുമോ എന്നൊരു ഭയം.”

“ ഇൻഡ്യന്റെ വല്ല നിഴലും കാണാനുണ്ടോ? ”

“ ഇന്ത്യന്മാരോ—ചെന്നായ്ക്കളോ, എന്തോ നിശ്ചയമില്ല.”

“ അടുത്ത കാവൽസംഘം വരേണ്ട സമയമായി, അല്ലേ ? ”

“ കുറച്ചുകൂടി കഴിയും.”

“ നിങ്ങളെ കൂടാതെ വേറെ ആരുണ്ടിവിടെ ? ”

“ ഹോംഡ് റിഡ്ജ്, മാക്ബി, പാച്ച്, അവർ കാലികളോടൊന്നിച്ചുണ്ടു്. കക്കാൻ വരുന്നതു പലപ്പോഴും ഇന്ത്യന്മാർക്കു പകരം ചെന്നായ്ക്കളാണെന്നു തെളിഞ്ഞിട്ടുണ്ടു് എന്നു സമ്മേഴ്സ് പറയുന്നു.”

“ സമ്മേഴ്സ് സർവ്വജ്ഞാനിയോ ? ”

മാക്കിനു സമ്മേഴ്സിനെ വലിയ ഇഷ്ടമായിരുന്നു. എങ്കിലും “സമ്മേഴ്സിനല്ലാതെ മററാക്കും യാതൊരു ബോധവുമില്ലെന്നാണോ നീ കരുതുന്നതു് ” എന്നു പറയുവാൻ അയാൾ സ്വയം പ്രേരിതനായി.

ബ്രൗണി ഉത്തരമൊന്നും പറഞ്ഞില്ല. മുതിന്നവരോടു് ഒരു ബാലന്റെ ആദരവോടെ ബ്രൗണി മൗനം ആചരിച്ചു.

കാലിക്കൂട്ടത്തിന്റെ മറുവശത്തു് ഒരു വെടിപൊട്ടി. ഇൻജൺസ്, ഇൻജൺസ്, എന്നു പറഞ്ഞുകൊണ്ടു ബ്രൗണി തന്റെ റൈഫിൾ കയ്യിലെടുത്തു. ഇരുട്ടിലൂടെ

താവളത്തിലെ മുറവിളി മാക്കിൻെറ കണ്ണുകളിൽ പതിച്ചു. കാളച്ചേങ്ങലകളുടെ കിങ്കണി സ്വരവും കാലികൾ ഓടുന്ന ശബ്ദവും അയാൾ കേട്ടു.

കാലിപ്പററത്തിനപ്പുറത്തു വീണ്ടും ഒരു റൈഫിളിൽ നിന്നു വെടിപൊട്ടി. കന്നുകാലികൾ എല്ലാം ചാടി എണീററു നിന്നിരുന്നു.

"ബ്രൌണി! നീ എവിടെ?" ലിജി ഇവാൻസിൻെറ മുറവിളി അന്തരീക്ഷത്തിൽ ഉയന്നു.

"ഞാൻ ഇവിടെ ഉണ്ടു പപ്പാ."

ഇവാൻസ് ഓടിക്കിതച്ചെത്തി. ഒരു റൈഫിളിൻെറ വെടി വീണ്ടും പൊട്ടി.

വെടി പൊട്ടുന്ന സ്വരവും പിന്നാലെ കുളമ്പടികളും മാക്ക് ശ്രവിച്ചു.

കാലികൾ ഒന്നിനു പിന്നാലെ മറെറാന്നായി നിരന്നു മുന്നോട്ടു പാഞ്ഞു.

"കുതിരകളെക്കൊണ്ടു വാ .....കുതിരകളെക്കൊണ്ടു വാ!" ആരോ വിളിച്ചു പറഞ്ഞു. മുമ്പിൽ നിന്നിരുന്ന കാലികൾ കണ്ണെത്താത്ത ദൂരത്തിൽ എത്തി.

"വേണ്ടാ, അല്പം ക്ഷമിക്കണം."

സമ്മേഴ്സ് മുമ്പിലെത്തി. "ഇന്ത്യന്മാരോ? ഇന്ത്യന്മാരെ നിങ്ങൾ കണ്ടോ?"

"ഇല്ല" മാക്ക് മറുപടി നൽകി.

കാലിപ്പററങ്ങളുടെ കുളമ്പടികൾ അങ്ങു വിദൂരതയിൽ നിന്നും മുഴങ്ങി. അതിനു മീതെ മററു കാവൽക്കാരുടെ പെട്ടെന്നുള്ള മുറവിളികൾ സമ്മേഴ്സ് കേട്ടു.

"ഇന്ത്യന്മാരോ?" സമ്മേഴ്സ് അവരോടു ചോദിച്ചു.

“ അതെ, ഓ ! ദൈവമേ ! അതെ,” മാക്ക്ബീ മറുപടി നൽകി.

“ തീച്ചയാണോ ? ”

“ അല്ല.” പാച്ച് മറുപടി പറഞ്ഞു.

റെഡ്ലോക്ക് ഇടയ്ക്കു കയറി പറഞ്ഞു, “ എന്തു നാശവുമാകട്ടെ കുതിരകളെ കൊണ്ടുവാ ? ”

“ അല്പം ക്ഷമിക്കൂ.”

“ നിങ്ങൾക്കെന്താണു തകരാറ്. എന്താ ഒരു യോഗം കൂടാനാണോ വിചാരം ? ”

സമ്മേഴ്സ് മറുപടിപറഞ്ഞില്ല. എങ്കിലുംഇവാൻസ പറഞ്ഞു : “അതു ഡിക്കിനു വിട്ടുകൊടുക്കൂ.”

“ സമ്മേഴ്സല്ല, ക്യാപ്റ്റൻ, ഉം. നിങ്ങൾ കുതിരകളെ കൊണ്ടുവരൂ.”

സമ്മേഴ്സ് മൗനം ഭഞ്ജിച്ചു : “ നേതാവേ ! സ്വയം വിസ്മരിച്ചു സംസാരിക്കരുതു.” സമ്മേഴ്സിൻെറ സ്വരത്തിൽ മാക്കിനു ഹൃദ്യമായിഎന്തോ ഉണ്ടായിരുന്നു. എങ്കിലും അയാൾ അതു പ്രകടിപ്പിച്ചില്ല.

“ആ കന്നുകാലികളെ ഞാൻ വിസ്മരിക്കുന്നില്ല.” പാച്ചിൻെറ സ്വരം ശാന്തമായിരുന്നു : “ അതിൽ ഭൂരിപക്ഷവും നിങ്ങളുടേതാണ്. ”

“ ഓ ! നാശം, നിങ്ങൾക്കു നിങ്ങളുടെ കാലികൾ നഷ്ട മാകണമെന്നുണ്ടോ ? ”

സമ്മേഴ്സിൻെറ സ്വരം ഉച്ചത്തിൽ ഉയന്നു : “ നിയമം അനുശാസിക്കുന്നതു് ഒരു സമര സംഘത്തെ വിളിച്ചുകൂട്ടേണ്ടതു് ഞാനാണെന്നാണ്.”

റെറഡ്‌ലോക്ക് സമ്മേഴ്സിനെ നേരിട്ടു.

"എന്നാൽ വിളിച്ചുകൂട്ടു."

സമ്മേഴ്സ്: "അവർ ഗിരിവർഗ്ഗക്കാരായിരിക്കും. പോരെങ്കിൽ കാപ്പിരികൾക്ക് എതിരായിപ്പോലും നമ്മുടെ ആൾക്കാരെ അയയ്ക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. നേരം വെളുത്തതന്വേഷിച്ചാൽ ഇപ്പോഴത്തേക്കാൾ കൂടുതൽ കന്നുകാലികളെ നിങ്ങൾക്കു മടക്കിക്കിട്ടും. ഞാൻ തനിച്ചുമതി സമരസംഘത്തിൽ. നിങ്ങളെല്ലാക്കെ വണ്ടികൾ കാത്തു സൂക്ഷിക്കിൻ!"

അയാൾ നിഴൽപോലെ നീങ്ങി, ഇരുട്ടിൽ അപ്രത്യക്ഷനായി.

വണ്ടികൾ ഉന്തിയും തള്ളിയും വടംകെട്ടിവലിച്ചും ചക്രം പിടിച്ചു തിരിച്ചും, പൊടി തിന്നും, വിയർപ്പിൽ കുളിച്ചും രാത്രി മഞ്ഞത്തു മരവിച്ചും, സൂര്യനുദിക്കും മുമ്പെ എണീററും അസ്തമനത്തിനു ശേഷം മാത്രം വിശ്രമിച്ചും ആ മനുഷ്യസഞ്ചയം മൃഗഗണങ്ങളോടും വാഹനസമൂഹങ്ങളോടുംകൂടി മുന്നോട്ടു നീങ്ങി.

## അദ്ധ്യായം 8

'കാ' നദിയും അവരുടെ പിന്നിലായി. 'വാകറുസ' നദി, 'കാ' നദി, വെർമീലിയൻ നദികൾ, ബിഗ്ബ്ലൂനദി-ഓരോന്നും തരണം ചെയ്യുമ്പോഴും അവർക്കു കുറെ കഷ്ടനഷ്ടങ്ങൾ നേരിട്ടു. കായക്ലേശവും സമയനഷ്ടവും ഉണ്ടായി. വിയപ്പു കുറെ ചൊരിഞ്ഞു. ഒന്നുകിൽ ഒരു ജീനിത്തുണ്ട്, അല്ലെങ്കിൽ ഒരു വടം. അങ്ങിനെ ചിലതൊക്കെ അവർക്കു നഷ്ടമായി. വല്ല വിധേനയും നദി

തരണം ചെയ്തു കഴിഞ്ഞാൽ, പിന്നീട് അവക്ക് ആശ്വാസമായി.

പൂർവ്വകാല സ്മരണകളിൽ മുഴുകിയ റിബേക്കായുടെ കണ്ണുകളിൽ കുട്ടികളുടെ രോദനങ്ങൾ പതിക്കുകയും അവളുടെ നാസികകളിൽ പുകയുടേയും കാപ്പിയുടേയും ഗന്ധം പ്രസരിക്കുകയും ചെയ്തു.

വണ്ടികളെല്ലാം അടുക്കി നിർത്തി, കാളകളെ നുകത്തിൽ നിന്നകററി, കാളക്കയറുകൾകൊണ്ടു വണ്ടികളോരോന്നും കൂട്ടിച്ചേർത്തു ബന്ധിച്ചശേഷം മാത്രമേ ലിജിയോടോ, ബ്രൌണിയോടോ, സംസാരിപ്പാൻ റിബേക്കായ്ക്കു ശരിയായ സന്ദർഭം ലഭിച്ചിരുന്നുള്ളു. അവർ അവരുടെ പുതിയ ഭവനത്തെപ്പററിയോ, അഥവാ പഴയ ഭവനത്തെപ്പററിയോ സംസാരിക്കും. മിസ്സോറിയിൽ കാര്യങ്ങളൊക്കെ എങ്ങനെ നടക്കുന്നുവെന്നു ലിജി ചിന്തിക്കും; റിബേക്കായുടെ ചിന്തയും ആ വഴിക്കു തിരിയും. ഭാവി അജ്ഞാതമായിരുന്നു. സ്മരണകൾ അതിനെ മൂടു പിടിപ്പിച്ചിരുന്നില്ല.

കാളകളെ തെളിച്ചുകൊണ്ടു റിബേക്കാ വണ്ടിയുടെ ഒരു വശത്തുകൂടി നടക്കുകയായിരുന്നു. ക്ഷീണാധിക്യംകൊണ്ടു വണ്ടി ഓടിക്കുവാൻ അവൾ ആശിച്ചില്ല. ഒരു സ്ത്രീയ്ക്കു് മാംസക്കൊഴുപ്പു കൂടിയാൽ വണ്ടിക്കകത്തെ കുടുക്കംകൊണ്ടു വേദനയും നൊമ്പരവും മററും ഉണ്ടാകുക സ്വാഭാവികമാണല്ലോ.

അല്പം മുമ്പിൽനിന്നു ലിജി പിന്തിരിഞ്ഞു നോക്കി പുഞ്ചിരിച്ചുകൊണ്ടു, തിരിഞ്ഞു തൻെറ സംഘത്തിൻെറ നേക്കു നീങ്ങി. ലിജിയോടൊപ്പം പിന്നിൽ റോക്കും

ഉണ്ടായിരുന്നു. മിക്കവാറും സമയം റോക്ക് ലിജിയേയോ, ബ്രൗണിയേയോ പിന്തുടൎന്നുകൊണ്ടിരുന്നു.

റിബേക്കയെ സംബന്ധിച്ചിടത്തോളം അവളുടെ ഭൎത്താവും പുത്രനും സന്തുഷ്ടരായിരുന്നു. ഒരു സന്തുഷ്ട കുടുംബത്തിൽ കവിഞ്ഞു മറെറാന്നുംതന്നെ ഒരാൾക്ക് അഭിലഷിക്കാനില്ലല്ലോ. ആശയ്ക്കൊത്തു കാൎയ്യങ്ങളെല്ലാം നടന്നുകൊണ്ടിരുന്നു. യാത്ര സാമാന്യം ഭേദമായിരുന്നെന്നു ഡിക്ക് സമ്മേഴ്സ് പോലും സമ്മതിച്ചിരുന്നു. കാലിക്കൂട്ടം ഭയന്ന് ഒന്നു വിരണ്ടോടിയതൊഴിച്ചാൽ, പരമാൎത്ഥത്തിൽ അവൾക്കു മററു യാതൊരു കുഴപ്പവും നേരിടേണ്ടിവന്നില്ല. ഒന്നൊഴിച്ചു മറെറല്ലാക്കാലികളേയും കണ്ടുകിട്ടുകയും ചെയ്തു.

രണ്ടാമത്തെ വണ്ടി മിക്കവാറും റിബേക്കാ തന്നെയാണ് ഓടിച്ചിരുന്നത്; ചിലപ്പോഴൊക്കെ ബ്രൗണിയും അവൾക്കു പകരം വണ്ടി ഓടിച്ചിരുന്നു. മററു ചില അവസരങ്ങളിൽ ഓടിക്കാനാരുമില്ലാതെ തന്നെ തുറന്ന പാതയിൽക്കൂടി സമ്മേഴ്സിൻെറ ചുമട്ടുകുതിരകളുടെ പിന്നാലെ, കാളകൾ സ്വയമേവ മുന്നോട്ടു പൊയ്ക്കൊള്ളുമായിരുന്നു. നടക്കുകയായാലും ശരി, സവാരി ചെയ്യുകയായാലും ശരി, എപ്പോഴും അവളുടെ കണ്ണുകൾ ലിജിയേയും ബ്രൗണിയേയും—പിന്നെ ഡിക്ക്സമ്മേഴ്സിനേയും കാണാൻ ഉഴറിക്കൊണ്ടിരുന്നു.

ഇന്ത്യന്മാരെ തുരത്തിയും വഴി തെളിച്ചും, വേട്ടയാടിയും നടന്ന സമ്മേഴ്സാകട്ടെ, മിക്കവാറും അവളുടെ കണ്ണിൽ പെട്ടിരുന്നു.

ആദ്യം താറാവുകൾ, പിന്നെ പ്രാവുകൾ, മററു പറവകൾ—ഇങ്ങനെ വേട്ടഇറച്ചികൊണ്ട് അയാൾ ചട്ടി നിറച്ചിരുന്നു. തലേന്നു രാത്രി സമ്മേഴ്സ് ഒരു കാട്ടാടിനെയാണു വെടിവച്ചു കൊണ്ടുവന്നതു്. എങ്ങിനെയും അവക്കും വെതർബൈയ്ക്കും ആവശ്യമുള്ള മാംസം മുഴുവൻ അയാൾ വേട്ടയാടിക്കൊണ്ടുവന്നിരുന്നു.

ഡിക്ക് ഒരു നല്ല മനുഷ്യനായിരുന്നു. അവളുടെ ലിജിയാകട്ടെ, ദൃഢകായനും സദ്ഗുണശീലനും, ഉന്മേഷഭരിതനും, ശാന്തനും, നാട്യങ്ങളൊന്നുമില്ലാത്ത ദയാർദ്രചിത്തനുമായിരുന്നു. അയാൾ അധികം സംസാരിച്ചിരുന്നില്ല. റെഡ്ലോക്കിനെപ്പോലെ അധികാരഭാവത്തിൽ ഒരിക്കലും ഉറക്കെ സംസാരിച്ചിരുന്നില്ല. എങ്കിലും തൻെറ പങ്കും അതിൽ കൂടുതലും ജോലി അയാൾ ചെയ്തിരുന്നു.

മിക്കവാറും സമയം ബ്രൗണി കാലിക്കൂട്ടത്തിലായിരുന്നു. ചിലപ്പോഴൊക്കെ റിബേക്കാ ബ്രൗണിയെ കാണും, അവൾ കൈകാട്ടി വിളിക്കും. ബ്രൗണി ഇപ്പോഴും ഒരു കുട്ടി ആയിരുന്നുവെങ്കിലും ഒരു പുരുഷൻെറ ജോലി മുഴുവൻ അവൻ ചെയ്തിരുന്നു. 40-ൽ പരം കാലികളുണ്ടായിരുന്ന മാക്കിൻെറ സേവനത്തിൽ, വേല ചെയ്തുവെങ്കിലും സമ്പാദിക്കുവാൻ അവനെ അനുവദിച്ചിരുന്നു.

റിബേക്കാ തൻെറ കയ്യിലുണ്ടായിരുന്ന വടികൊണ്ട് അടുത്തു നിന്ന കാളയ്ക്കു് ഒരു പ്രഹരം കൊടുത്തു.

ചിലപ്പോഴൊക്കെ റിബേക്കാ വണ്ടിക്കാളകളെപ്പിന്നിട്ടു കുറെ മുമ്പേ നടന്നിരുന്നു. എന്നാൽ ഇന്നാകട്ടെ

തണുത്ത കാററ്റുതുകയും, ശരീരം ആകുലവും മനസ്സ നിരു ന്മേഷവും ആയി ഭവിക്കയും ചെയ്കയാൽ, അവരം കാള കളോടൊപ്പം നടക്കുവാൻ തിരുമാനിച്ചു. തലേന്നു രാത്രി മഴ പെയ്തില്ലായിരുന്നെങ്കിൽ ഇന്നു് അവരുടെ മുഖം പൊടികൊണ്ടു മൂട്ടമായിരുന്നു. പിന്നിൽ നിന്നി രുന്ന വണ്ടികരംക്കു പൊടിയുടെ ശല്യം കുറച്ചു നേരിട്ടു. അവർ അന്നുദിനം ഓരോ സ്ഥലങ്ങരം പിന്നിട്ടു. അവരം ചുററിലും നോക്കി ഭൂപ്രകൃതി മനസ്സിലാക്കിക്കൊ ണ്ടിരുന്നു. ആദ്യം കാട്ടുകരം, മലകരം; പിന്നെ പവ്വത പംക്തികളുടെ പ്രാന്തപ്രദേശങ്ങളിൽ പരന്നുകിടക്കുന്ന തായി അവരം വിഭാവന ചെയ്തിരുന്ന രീതിയിലുള്ള പുൽപ്പരപ്പുകരം; വീണ്ടും കാട്ടുകരം; വെൺശിലകരം നിറഞ്ഞ പ്രദേശങ്ങരം; വലിയ മലകരം അങ്ങിനെ മാറിക്കൊണ്ടിരിക്കുന്ന ഭൂപ്രകൃതികളോടുകൂടിയ പ്രദേശ ങ്ങരം അവർ പിന്നിട്ടു.

കണ്ണുകരംക്കു ബഹുദൂരം സഞ്ചരിക്കുമാറ്, ഇപ്പോരം നാട്ടിൻപുറം വീണ്ടും പ്രത്യക്ഷപ്പെട്ടതായി അവർക്കു തോന്നി.

പടിഞ്ഞാറുനിന്നൂതിക്കൊണ്ടിരുന്ന ശക്തിയായ കാററ്, വൃക്ഷത്തലപ്പുകളെ നമിപ്പിച്ചുകൊണ്ടു വാഹന സമൂഹത്തിൻെറ നേക്കു തള്ളിക്കേറാനെന്ന ഭാവേന, ഇരമ്പിപ്പാഞ്ഞു.

വാഹനസമൂഹം നിറുത്തേണ്ടിവന്നതിൽ അവരം സന്തോഷിച്ചു. ഒരു കൈകൊണ്ടു മുതുകിൽ ചൊറി ഞ്ഞിട്ടു് അവരം ലിജിയുടെ നേക്കു നിന്നു.

"കാലികളെ നോക്കൂ—ബെക്കി."

"നിൽക്കൂ ലിജി. നമുക്ക് ഒരു നിമിഷത്തേയ്ക്കു സംസാരിക്കരുതോ?"

"തീർച്ചയായും. എന്തു പററി? തളന്നോ?"

"എനിക്കു യാതൊരു ക്ഷീണവുമില്ല."

"ഉള്ള് ഉലഞ്ഞായിരിക്കും—അല്ലേ?"

"അല്പം."

"നിരാശപ്പെടാൻ കാരണമൊന്നുമില്ല. കാര്യങ്ങൾ എല്ലാം ഭംഗിയായിത്തന്നെ നടക്കുന്നു."

"ഒടുങ്ങാതെ വീശിക്കൊണ്ടിരിക്കുന്ന ഈ കാററ്."

തനിക്കു വേണ്ടത്ര ശക്തിയുണ്ടെന്ന് അവൾ കരുതിയിരുന്നു. എങ്കിലും അവൾക്കിപ്പോൾ അയാളുടെ ശക്തി കൂടി ആവശ്യമായിത്തീന്നു.

"കാര്യങ്ങളൊക്കെ ഭംഗിയായി കലാശിക്കുമെന്നു തീച്ചയാണോ ലിജി?"

"ക്ലേശിക്കേണ്ടാ തങ്കം," ഇവാൻസ് പറഞ്ഞു.

റെറഡ്ലോക്ക് ഒരു കുതിരപ്പുറത്തു വരുന്നത് അവൾ കണ്ടു. "നമുക്ക് ഇവിടെ താവളമടിക്കാം," അയാൾ പറഞ്ഞു.

"വണ്ടിയുടെ ബന്ധത്തിനും മററും ആവശ്യമായ തടി ഇവിടം കഴിഞ്ഞാൽ പിന്നെ കിട്ടുകയില്ലെന്നു സമ്മേഴ്സ് പറയുന്നു."

"ഡിക്കിനു അറിയാം."

"മാത്രമല്ല, ചില സ്ത്രീകൾക്കു വിശ്രമിച്ചാൽ കൊള്ളാമെന്നും ഉണ്ട്."

"അവൎക്ക നനയ്ക്കാനും കുളിയ്ക്കാനും മററുമുണ്ടെന്ന് അവർ പറയുന്നു. ഈ ഒടുങ്ങാത്ത വിശ്രമം തേടൽ എനിക്കിഷ്ടമല്ല."

"യാത്ര മുഴമിപ്പിക്കാൻ നുകങ്ങളും മററും ഇനിയും വേണ്ടിവരും."

റെറഡ്ലോക്ക് കുതിരഓടിച്ചുനീങ്ങിയപ്പോഠം "അതാ റെറഡ്ലോക്ക് എന്നെ തുറിച്ചുനോക്കുന്നു" എന്ന് ഇവാൻസ് പറഞ്ഞു.

"നിങ്ങഠം അയാളുടെ വശത്തായിരുന്നില്ലേ ?" ലിജി തലകുലുക്കിക്കൊണ്ടു പറഞ്ഞു: "അയാളെത്തള്ളിതാഴത്തിടണമെന്ന് എനിക്ക് ഉദ്ദേശമില്ല—ഇപ്പോഴും"

"ചിലൎക്ക് അങ്ങിനെ ഉണ്ടെന്നു കേഠംക്കുന്നു—വാസ്തവമോ ലിജി ?"

"അത് ഏതായാലും നല്ല തൊഴിലല്ല. ചിലർ പറയുന്നു അയാഠം വളരെത്തിടുക്കം കൂട്ടുന്നെന്ന്. പക്ഷേ അയാളുടെ കാലികളാണു നമ്മുടെ ഗതി സാവകാശത്തിലാക്കുന്നത്. അയാഠംക്കു വേണ്ടത്ര ആഠംക്കാരില്ല.

"കുറച്ചുനേരത്തേയ്ക്ക്, മാർട്ടിനേയും മാക്ബീയേയും കിട്ടും. അയാഠം എത്രകാലം ക്യാപ്ററനായിരിക്കുന്നുവോ അത്രത്തോളം അയാഠം പ്രതാപിയായിരുന്നു. അയാഠം വളരെ കഷ്ടപ്പെട്ടുന്നുണ്ട്. ചിലർക്കു തിടുക്കത്തിൽ മുന്നോട്ടു നീങ്ങണം; ചിലൎക്കു സാവകാശത്തിൽ മതി. മററു ചിലൎക്ക് ഇന്ത്യാക്കാരെ ഭയം. ചിലൎക്ക്, ഇറങ്ങി പ്പുറപ്പെട്ടുന്നതിൽതന്നെ ഖേദം. ചിലരാകട്ടെ, പ്രകൃത്യാ തന്നെ വെറും പൊങ്കന്മാരാണ്; ഇവരുടെ ഇടയിൽ

ഒരു ക്യാപ്ററൻെറ ജോലി അത്ര എളുപ്പമല്ല. ഇയാളെക്കാരം മെച്ചമായിട്ട് ആരുണ്ടെന്നുള്ളതാണ് പ്രശ്നം."

"നിങ്ങളില്ലേ ?"

"ഞാനോ ?" അയാരം പല്ലിളിച്ചു ചിരിച്ചു. "നിനക്കു ഭ്രാന്തുണ്ടോ?" അയാരം ചോദിച്ചു.

തനിക്കു ഭ്രാന്തില്ലെന്ന് അവരംക്കറിയാമായിരുന്നു. അല്പമൊന്നിളക്കിവിട്ടാൽ, ലിജിയ്ക്ക് എന്തെല്ലാം സാധിക്കുമെന്നും അവരംക്ക് അറിയാമായിരുന്നു. അവരം കൈ വിലങ്ങനെ മാറത്തു വച്ചമർത്തി നില ഉറപ്പിച്ചു. റിബേക്കായുടേതുപോലെ പ്രൗഢവക്ഷസ്സോടു കൂടിയ ഒരു സ്ത്രീക്ക് ഓറിഗനിലേക്കുള്ള യാത്രയിൽ കുലുക്കമുണ്ടാകേണ്ട യാതൊരു കാര്യവുമില്ല.

## അദ്ധ്യായം 9

"പീഠഭൂമിയിൽ എത്തിക്കഴിഞ്ഞാൽ, നമുക്ക് ഒരു തുടക്കം കിട്ടിയതായിക്കരുതാം," ഡിക്ക് സമ്മേഴ്സ് അഭിപ്രായപ്പെട്ടു.

"നെബ്രാസ്കാതീരങ്ങരം" എന്നു ജനങ്ങരം വിളിച്ചു വരുന്ന ഗിരിനിരകരം ആരാഞ്ഞു്, ഇവാൻസിൻെറ കണ്ണുകരം മുന്നോട്ടുപാഞ്ഞു. "ഒരു തുടക്കം കിട്ടാൻവേണ്ടി മാത്രം ഒരു മാസത്തോളം വേണ്ടിവന്ന ഒരു യാത്ര— ഇതാദ്യമായിട്ടാണു ഞാൻ ചെയ്യുന്നതു്," അയാരം പറഞ്ഞു.

ഡിക്ക് അർത്ഥമാക്കിയതെന്തെന്ന് ഇവാൻസ് മനസ്സിലാക്കാഞ്ഞിട്ടല്ല. പീഠഭൂമിയിൽ എത്തുന്നതോടുകൂടി

തീച്ചയായും അവർ ഒരു പുതിയ രാജ്യത്തു് എത്തുന്നതായിരിക്കുമെന്നും, ഓറിഗണിലേക്കുള്ള ശരിയായ യാത്ര അതോടുകൂടിത്തുടങ്ങുന്നതായിത്തീർച്ചപ്പെട്ടുത്താമെന്നുമാണു ഡിക്ക് അർത്ഥമാക്കിയതു്.

പാച്ച് അയാളോടൊത്തു സവാരി ചെയ്തിരുന്നു. ഡിക്ക്—പാച്ച്—ഡാഗർട്ടി—മാർട്ടിൻ, അവർ നാലു പേരും ഒരുമിച്ച് ഇന്ത്യന്മാരുടെ ഗതിവിഗതികളെ സൂക്ഷിച്ചും, വണ്ടികൾക്കു വഴിതെളിച്ചും മുമ്പേ യാത്ര ചെയ്തു. ഡിക്ക് ഒരു വലിയ പഴന്തുണികൂടി എടുത്തിരുന്നു. ഇടയ്ക്കിടയ്ക്കു് അതിൽനിന്നു തുണ്ടുകൾ കീറി എടുത്തു, ക്യാപ്റ്റന്റെ മാർഗ്ഗസൂചകമായി സംശയസ്ഥാനങ്ങളിൽ അയാൾ കൊടികൾ നാട്ടി.

ഇവാൻസ് കുതിരപ്പുറത്തിരുന്നു തിരിഞ്ഞൊന്നു നോക്കി. റോക്ക്—ഇവാൻസിൻെറ നായ്—കുതിരയുടെ കുളമ്പുകൾക്കരികെ ചെന്നു് അതിൻെറ ഗതിവേഗത്തിനൊപ്പിച്ചു തുള്ളിത്തുള്ളി മുന്നോട്ടു നീങ്ങിയിരുന്നു. റോക്ക് ഉഷാറുള്ള ഒരു വയസ്സൻനായാണു.

അങ്ങകലെ, അവരുടെ പിന്നിൽ, അവർ ക്രമേണ പിന്നിട്ട നീണ്ട ചരിവിൽ ഏതാണ്ടു് ഒരു മൈൽ താഴത്തായി പൊടിപടലങ്ങൾക്കിടയിലൂടെ വാഹനസമൂഹം നീങ്ങുന്നതു കാണാൻ അയാൾക്കു കഴിഞ്ഞു. സമയം ഉച്ചയോടടുത്തു. ആ ജനസമൂഹം വലഞ്ഞു മുന്നോട്ടു നീങ്ങി. വണ്ടികൾക്കു പിന്നാലെ കുതിരകൾ, കുതിരകൾക്കുപിന്നാലെ കാലികൾ, കാലികളെ വരിവരിയായി നിറുത്തിയും മുന്നോട്ടുതള്ളി നീക്കിയും അവയുടെ ഇരു

പാർശ്വങ്ങളിലും പിന്നിലുമായി കാലിസൂക്ഷിപ്പുകാർ; വണ്ടികളിൽനിന്നിറങ്ങി പൊടിയേല്ക്കാതെ, കാററിൻെറ ഗതിയിൽനിന്നൊഴിഞ്ഞു സ്ത്രീകളും കുഞ്ഞുങ്ങളും, അങ്ങിനെ ആ മനുഷ്യപ്പട, വാഹനസമൂഹങ്ങളോടും മൃഗഗണങ്ങളോടുംകൂടി മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു.

ഒരാൾ, റെറഡ് ലോക്കായിരിക്കണം, അവരെ ത്വരിതപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടു നടക്കുന്നത് ഇവാൻസ കണ്ടു. കുതിരസവാരിയിൽ അത്ര സമർത്ഥനല്ലായ്കയാൽ ഒരു ക്യാപ് ററനെപ്പോലെ മുന്നിൽ നിൽക്കുവാൻ റെറഡ് ലോക്കിനു കഴിഞ്ഞില്ലെങ്കിലും, ക്രമം പാലിക്കുന്നതിലും ആജ്ഞകൾ നടപ്പിലാക്കുന്നതിലും അയാൾ വലിയ കണിശക്കാരനായിരുന്നു.

ഇവാൻസിന്ന് അയാളുടെ രണ്ടു വണ്ടികളും, അതിന്നടുത്ത് ഒരു രൂപവും കാണാൻ കഴിഞ്ഞു. അതു റിബേക്കാ ആയിരിക്കുമെന്ന് അയാൾ കരുതി. ബ്രൌണി, ഒരു പക്ഷേ രണ്ടാമത്തു വണ്ടിയ്ക്കകത്തിരുന്നു വണ്ടി ഓടിക്കുകയായിരിക്കും. താൻ പിന്തിരിഞ്ഞു റിബേക്കയെ ആരായുന്നതുപോലെ, റിബേക്കായും അതീവതാല്പര്യത്തോടെ തന്നെ ആരാഞ്ഞു മുന്നോട്ടു നോക്കുന്നുണ്ടായിരിക്കുമെന്ന് അയാൾക്ക് അറിയാമായിരുന്നു.

സ്വസ്ഥാനത്തുനിന്നു തിരിഞ്ഞുകൊണ്ട് ഇവാൻസ് പറഞ്ഞു: "നാം കാര്യങ്ങളൊക്കെ വേണ്ടത്ര ശരിയായി നിർവ്വഹിക്കുന്നുവെന്നു റെറഡ് ലോക്ക് കരുതുന്നില്ല."

"റെറഡ് ലോക്ക് ആയിരം കാര്യങ്ങളിൽ ഒരേ സമയം തലയിടുകയാണ്," പാച്ച് മറുപടി നൽകി.

ഇവാൻസ്: "അയാളെപ്പോലെ ആരെങ്കിലും ഒരാൾ പിന്നിൽനിന്നു തള്ളിവിടാനുള്ളതു് അത്രയ്ക്കു ചീത്ത ക്കാര്യമൊന്നുമല്ലല്ലോ!"

"ക്യാപ്റ്ററൻ പദവി ദൈവദത്തമാണെന്നു് അയാൾ കരുതരുതു്—അല്ലേ ഡാഗർട്ടി!" ഡിക്ക് പറഞ്ഞു. അയാളുടെ കുത്തുവാക്കിലെ മുള്ളുകൾ ആ പല്ലിളിയിൽ അമർന്നു.

ഡാഗർട്ടി സംഭാഷണത്തിൽ പങ്കെടുത്തില്ല.

ഒരു ഐറിഷ്കാരൻെറ മട്ടു് അയാളുടെ മുഖത്തു പ്രകടമായിരുന്നെങ്കിലും അയാൾ ഒരിക്കലും അധികം സംസാരിച്ചിരുന്നില്ല. ഐറിഷുകാർ സ്വയമേവ സംഭാഷണപ്രിയരാണല്ലോ.

"റെഡ്ലോക്കിനെ മാററി നോക്കു—നമുക്കു പിന്നെ തിന്നാനൊന്നും കിട്ടുകയില്ല." ഇവാൻസ് പറഞ്ഞു.

അവർ അഞ്ചുപേരും മൗനമായി യാത്ര തുടന്നു. ഒടുവിൽ ഉച്ചവിശ്രമത്തിനായി ഡിക്ക, ഒരു നദീതട പ്രദേശം തെരഞ്ഞെടുത്തു. ആവശ്യത്തിനുള്ള വെള്ളം അന്നു രാവിലെ അവർ നിറച്ചു വച്ചിരുന്ന പാത്രങ്ങളിൽനിന്നെടുക്കേണ്ടിയിരുന്നു. ലിററിൽ ബ്ലൂ നദിയുടെ തലപ്പു മുതൽ പീംബ്രൂമിവരെ ഒരു തുള്ളി വെള്ളംപോലും കിട്ടാനുണ്ടാകുമെന്നു് ആരും കരുതിയിരുന്നതല്ല. എങ്കിലും യാത്രാപഥത്തിൽനിന്നു് ഒന്നുരണ്ടു് മൈൽ വിട്ടു് ഒരു നീർച്ചോലയുള്ളതു ഡിക്ക് മനസ്സിലാക്കുകയും, തലേന്നു രാത്രി വിശ്രമത്താവളമായി അവിടം തെരഞ്ഞെടുക്കുകയും, അങ്ങിനെ അന്നു രാവിലെ യാത്ര തുടരുംമുമ്പു കുറെ വെള്ളം സംഭരിക്കാൻ കഴിയുകയും ചെയ്തിരുന്നു.

സാധാരണ ഉച്ചയ്ക്കു ചെയ്യാറുള്ളതുപോലെ വണ്ടികൾ നന്നാലുവീതം വരിവരിയായി അടുക്കിനിൎത്തി. കാളകളെ കെട്ടഴിച്ചു വിട്ടു. എങ്കിലും നുകത്തിൽനിന്നു മാററിയിരുന്നില്ല. സ്ത്രീകൾ ഭക്ഷണപദാൎത്ഥങ്ങൾ പാകം ചെയ്യുന്നതിൽ വ്യാപൃതരായി.

ഏവരും ധൃതിയിൽ ആഹാരം കഴിച്ചു. അവർ എന്തെങ്കിലും സംസാരിച്ചെങ്കിൽ അതു മിക്കവാറും പീഠഭൂമിയെപ്പററി മാത്രം ആയിരുന്നു. അതോടെ കാഹളം മുഴങ്ങി. ആ മനുഷ്യസഞ്ചയം വാഹനസമൂഹങ്ങളോടും മൃഗഗണങ്ങളോടും വീണ്ടും മുന്നോട്ടു നീങ്ങി. ഇവാൻസ് അയാളുടെ കുതിരപ്പുറത്തു കയറി, ഡിക്ക്, പാച്ച്, തുടങ്ങിയ മുന്നോടികളുമായി ചേൎന്നു; അധികമൊന്നും സംസാരിക്കാതെ സവാരി തുടൎന്നു.

ഡിക്കിൻെറ കണ്ണുകൾ ഒരിക്കലും അടങ്ങിയിരുന്നില്ല. അയാളുടെ കണ്ണുകൾ മുന്നിലും പിന്നിലും, ഇരുവശങ്ങളിലുമായി പാഞ്ഞുകൊണ്ടിരുന്നു. ആ കണ്ണിൽ പെടാതെ പോവുന്ന കാൎയ്യങ്ങൾ അധികമുണ്ടാകുമെന്ന് ഇവാൻസ് കരുതിയില്ല.

"അൎക്കൻസാസിലേക്കുള്ള വഴി ഒരു തിട്ടവും കിട്ടുന്നില്ല," ഡിക്ക് പറഞ്ഞു. "ആ മലകൾക്കു പടിഞ്ഞാറു വശത്തായിരിക്കണം;" പെട്ടെന്നു ഡിക്ക് കുതിരയുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ടു തുടൎന്നു: "അതാ —അതാണ് അൎക്കൻസാസ് തീരങ്ങളെന്ന് എനിക്കു തോന്നുന്നു."

ഉയൎന്ന് ഇടവിട്ടു കുന്നുകണക്കെന്തോ മാത്രമാണ് ഇവാൻസ് കണ്ടത്.

"മണൽക്കുന്നുകൾ," ഡിക്ക് പറഞ്ഞു. "അവ നിങ്ങൾ വിചാരിക്കുംപോലെ അത്ര ഉയരമുള്ളതല്ല. സമീപിക്കുംതോറും ആ മണൽക്കുന്നുകൾ ഹ്രസ്വങ്ങളായി കാണപ്പെട്ടു. ഒടുവിൽ കഷ്ടിച്ച് അമ്പതു് അറുപതടി ഉയരത്തിലുള്ള മണൽക്കൂമ്പാരങ്ങൾ മാത്രമായിത്തീർന്നു. പൊടികണക്കുള്ള ഉപ്പ് ആ പ്രദേശത്തു വെണ്മ വിതറിയിരുന്നു. മണൽക്കുന്നുകളെപ്പറ്റി ഇവാൻസ കേട്ടിരുന്നതേ ഉള്ളു. പക്ഷേ ഇപ്പോൾ അയാൾ മണൽക്കുന്നിന്റെ ഉച്ചത്തിലാണു നിന്നിരുന്നതു്. മുകൾപ്പരപ്പ് ഇത്രയ്ക്കു പരന്നതായിരിക്കുമെന്നോ അവയ്ക്ക് ഇത്ര ദൂരമുണ്ടാകുമെന്നോ അയാൾക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. തന്റെ നായ് ഒരു മുയലിനെ മാളത്തിലേക്ക് ഓടിച്ചു കയററുന്നതും, ഒരു കാട്ടാടിൻപററം മന്ദം മന്ദം നീങ്ങുന്നതും നദി പല ചെറു കൈവഴികളായി തിരിയുന്നതും ഇടയ്ക്കുള്ള തിട്ടകളിൽ ചെടികൾ കിളിർത്തുയരുന്നതും, പാഴായിക്കിടക്കുന്ന മണൽപ്പരപ്പും ഇവാൻസ് കണ്ടു. അന്നോളം താൻ ദൂരം എന്തെന്ന് അറിഞ്ഞിരുന്നില്ലെന്നും അന്നാണ് ആദ്യമായി ഭൂമി കാണുന്നതെന്നും ഇവാൻസിനു തോന്നി. "ഓ! ദൈവമേ" അമ്പരപ്പോടെ അയാൾ പറഞ്ഞു.

ഡിക്ക് ഒന്നു തലകുലുക്കി.

ഇവാൻസ് കുതിരയെ മുന്നോട്ടു വിട്ടു. ഒരു വശത്തു ഡിക്ക്, മറുവശത്തു പാച്ച്, പിൻവശത്തു മാർട്ടിൻ അങ്ങനെ അവർ മുന്നോട്ടു നീങ്ങി. "ഇതു് ഈ വിധമിരിക്കുമെന്നു ഞാൻ ഒരിക്കലും കരുതിയില്ല" ഇവാൻസ് പറഞ്ഞു.

ഡിക്ക് കുതിരയെ ഒന്നു ചൊടിപ്പിച്ചു. ആ കിഴക്കാംതൂക്കായ ചരിവിലൂടെ അവർ നാലുപേരും താഴോട്ടിറങ്ങി; അടിവാരത്തു ഡിക്ക് ഒരു കൊടി നാട്ടി. അവർ സമനിരപ്പായ മൈതാനം തരണം ചെയ്തു നദീതീരത്തിലെത്തി.

## അദ്ധ്യായം 10

പേരു് ബ്രൗണി ഇവാൻസ് എന്നാണ്. വയസ്സ് 17 ഉണ്ടു്. ഓറിഗനിലേക്കു പുറപ്പെട്ടിരിക്കുകയാണ്. ഈ കടിഞ്ഞാൺ പിടിച്ചിരിക്കുന്ന കൈകൾ അയാളുടേതു തന്നെയാണ്. പുതിയ പുതിയ വികാരങ്ങൾ, പുതിയ പുതിയ വിചാരങ്ങൾ, ബ്രൗണിയിൽ മൊട്ടിട്ടുവന്നു. അവൻ ഒരു സങ്കല്പരാജ്യത്തിൽ സഞ്ചരിക്കുകയാണ്.

മനസ്സ് അലഞ്ഞുതിരിയവേ, ദിവസം ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു. കണ്ണുകൾ നാലുപാടും ഉഴറിപ്പാഞ്ഞു, കാലികളെ കാക്കണം. ക്ഷുദ്രജീവികളെ സൂക്ഷിക്കണം. ഒടുവിൽ വാഹനസമൂഹവും വന്നു ചേർന്നു.

കണ്ണിനു മുമ്പിൽ വാഹനസമൂഹം വൃത്താകൃതിയിൽ വന്നണിനിരന്നുകൊണ്ടിരുന്നു. ചിലപ്പോൾ മുന്നോടികളായ സമ്മേഴ്സും ഇവാൻസും മി. പാച്ചും മി. ഫെയർമാനും, മി. റെഡ്ലോക്കും മററും മുന്നിലെത്തി. ഉച്ചയായതോടുകൂടി, അവർ കുതിരപ്പുറത്തു നിന്നിറങ്ങി ഏറെക്കലക്കലില്ലാത്ത വെള്ളം തേടി നദീതീരം നീളെ കുഴികൾ കുഴിക്കാൻ തുടങ്ങി. സമതലത്തെ സംബന്ധി

ച്ചിടത്തോളം ജലപ്രവാഹം ഭ്രമിയ്ക്കൂടിയില്ലൂടെയാണെന്നുള്ളതാണു കുഴപ്പമെന്നു ഹിഗ് പ്രസ്താവിച്ചു.

ഹിഗിൻെറ പേരു്, ഹിഗ്ഗിൻസ് എന്നാണു്; മാർട്ടിൻെറ പേരു മാർട്ടിൻ എന്നും ബോട്ടറുടെ പേരു് ബോട്ടർ എന്നും തന്നെ. മി. മാക്ബീയുടെ പേരാകട്ടെ ഹെൻട്രി മാക്ബീ എന്നാണു്. അവർ മിക്കവാറും കന്നുകാലിനിരയുടെ പിന്നാലെയാണു സവാരി ചെയ്യിരുന്നതു്. മറേറതൊന്നും പേരുകളുടെ കാണും. അവരാകട്ടെ, ദിവസംപ്രതി മാറി മാറിക്കൊണ്ടിരിക്കും. ഹിഗ് ആത്മഗതപ്രിയനാണു്. തോളൊട്ടു കുനിച്ചു സവാരി ചെയ്യിരുന്ന മാർട്ടിനാകട്ടെ, ഒന്നു സംസാരിക്കുകയോ, ചിരിക്കുകയോ ചെയ്യിരുന്നില്ല. ബോട്ടർ എന്തെങ്കിലും ഉരിയാടിയാൽ, അതു കാലികളെപ്പററിയും കുതിരകളെപ്പററിയും ആയിരിക്കും. "മററുള്ളവരും തന്നെപ്പോലെതന്നെയോ, അതോ തന്നെക്കാൾ വിശിഷ്ടരും ദൃഢമനസ്കരും ആണോ ? മാദകവികാരങ്ങളാൽ അവർ വ്യാമർദ്ദിതരാകില്ലേ?" ഇതൊക്കെയാണു ബ്രൗണിയുടെ സംശയങ്ങൾ.

പ്രായം ഒഴിച്ചാൽ താൻ ഡിക്ക് സമ്മേഴ്സിനോടു സദൃശനാണെന്നു് ഒരു വിചാരം ബ്രൗണിയുടെ മനസ്സിൽ കടന്നുകൂടി. സ്ത്രീകളും പുരുഷന്മാരും അവനെ നോക്കിക്കൊണ്ടു, "ബ്രൗണിയെക്കണ്ടാൽ ഡിക്ക്സമ്മേഴ്സിൻെറ ഛായതന്നെ" എന്നു പരസ്പരം പറഞ്ഞിരുന്നു.

"നമുക്കു കാട്ടുപോത്തിൻ ചാണകം വേണ്ടിവരും ബ്രൗണി," വിശ്രമസമയത്തു താവളത്തിലെത്തിയ ഇവാൻസ് പറഞ്ഞു.

"പശുവിനെ കറന്നു കൊടുക്കാമെങ്കിൽ, അമ്മയ്ക്കു സഹായമായിരിക്കും."

"അപ്പനോട്ടു പാലു കറക്കാൻ പറയേണ്ട," റിബേക്കാ പറഞ്ഞു.

"നിന്നെ ഇത്രയിട്ടു ക്ലേശിപ്പിക്കേണ്ടെന്നു കരുതി പറഞ്ഞതാണ്."

"പാലു കറക്കുന്നതു സാരമില്ല. കുട്ടക്കമാണു വിഷമം."

ബ്രൗണി: "ശരി."

രാത്രി ആയപ്പോഴ് വണ്ടികളെല്ലാം വൃത്താകൃതിയിൽ അണിനിരത്തി. കാലികളെ അഴിച്ചു മേയാൻ വിട്ടു. പെട്ടികൾ വലിച്ചെടുത്തും, കൂടാരങ്ങൾ അടിച്ചും, തീ ഊതിപ്പിടിപ്പിച്ചും, വണ്ടികൾക്കു ചുററും സ്ത്രീ പുരുഷന്മാർ ഓരോരോ വേലകൾ ചെയ്തു കൊണ്ടിരുന്നു. ബ്രൗണി നിന്നിരുന്നിടത്തെത്തി ഇവാൻസ് അല്പംകോപത്തോടു പറഞ്ഞു: "എനിക്കറിയാം ചെയ്യാൻ. എനിക്കു തളർച്ചയൊന്നും ഇല്ല. എല്ലാവർക്കും ഉള്ള കുഴപ്പമാണിതു."

"ഞാൻ പാലു നേരത്തേ കറന്നു."

"പാലു കറക്കുന്ന കാര്യമല്ല ഞാൻ പറഞ്ഞതു്? ചാണകം വാരുന്ന കാര്യമാണു."

"ചെയ്യാമെന്നു പറഞ്ഞല്ലോ. എനിക്കു് അതിൽ ക്ലേശമൊന്നുമില്ല."

ചാണകം വാരുകയല്ലാതെ ബ്രൗണിക്കു് മററു പോം വഴികളൊന്നുമുണ്ടായിരുന്നില്ല. ചാണകം വാരുന്നതിൽ അവനു കുറെ ലജ്ജ തോന്നി. പക്ഷേ തന്റെ ലജ്ജ

പിതാവിനെ കാണിക്കുന്നതു കൂടുതൽ ലജ്ജാകരമാണെന്ന് അവന് അറിയാമായിരുന്നു.

ചാണകം വാരുന്ന കാര്യത്തിലല്ല, മാനം സംരക്ഷിക്കുന്ന കാര്യത്തിലാണു കുഴപ്പം. ആ തുറന്ന മേട്ടിൽ സ്ത്രീകൾക്കു കുത്തിയിരുന്നു മൂത്രമൊഴിക്കാൻപോലും സൗകര്യമുണ്ടായിരുന്നില്ല. ചില സ്ത്രീകൾക്കു വണ്ടികളിൽതന്നെ ആവശ്യമുള്ള പാത്രങ്ങൾ ഉണ്ടായിരുന്നു. ആ സൗകര്യം മററു ചിലർക്കില്ലായിരുന്നു. അവർ ഒരു പോംവഴി കണ്ടുപിടിച്ചു. വണ്ടികൾക്കു ചുററും പുരുഷന്മാർ ഓരോരോ കാര്യങ്ങളിൽ വ്യാപൃതരായിരിക്കുമ്പോൾ, അവർ കുറച്ചകലെ മാറി നിരന്നു നിൽക്കും. അങ്ങനെ നിൽക്കുന്നവരെക്കൊണ്ടൊരു മറ ഉണ്ടാക്കി, ഓരോരുത്തരായി ആവശ്യം സാധിക്കും. എന്താണവിടെ നടക്കുന്നതെന്നു പുരുഷന്മാരൊട്ടറിയുകയുമില്ല.

ബ്രൗണി ഇറങ്ങിപ്പുറപ്പെട്ടു. ഒരുപക്ഷേ തന്നെപ്പോലെ തളർന്നവരായി മററാരും തന്നെ കാണുകയില്ലെന്നു ബ്രൗണി വിചാരിച്ചു.

പച്ചപ്പുല്ലിൽ ഒട്ടിപ്പിടിച്ചു ചാണകം വിണ്ടടർന്നിരുന്നു. ബ്ലൂവർ കുടുംബത്തിലെ പെൺകുട്ടിയും അവളുടെ രണ്ടു സഹോദരന്മാരും ജോ ടെർലിയും ജെഫ് ബൈർഡും, ഹാരി ഗോർഹാമും, ഡാഗർട്ടി കുടുംബത്തിലെ രണ്ടു മൂന്നംഗങ്ങളും മററും അവിടെ ചാണകം വാരിക്കൊണ്ടിരുന്നു. ബ്രദർ വെതർബൈയെപ്പോലെ ഉള്ള ചിലർക്കു, കൂടെ സ്ത്രീകളാരുമുണ്ടായിരുന്നില്ല. അതിനാൽ അവർക്കു തന്നെത്താൻ വേല ചെയ്യേണ്ടിവന്നു.

ആരുടേയും മുഖത്തു നോക്കാതെ ബ്രൌണി ഒന്നിനു പിന്നാലെ മററൊന്നായി ചാണകം വാരിത്തുടങ്ങി. അല്പം കഴിഞ്ഞു കൈ നിറഞ്ഞപ്പോഠം അവൻ നിവന്നു നിന്നു. അവൻെറ സമീപത്തു കഷ്ടിച്ച് അഞ്ചടി അകലെ കൈയിൽ കുറെ ചാണകവും ആയി മേഴ്സി മാക്ബീ നിന്നിരുന്നു.

അവഠം സംസാരിച്ചില്ല. തല കുനിച്ചു നിന്നതുമില്ല. എങ്കിലും അവളുടെ കവിഠംത്തടങ്ങളിലേക്കു ക്രമേണ രക്തം പ്രവഹിച്ചു. കവിഠംത്തടങ്ങഠം തുടുത്തു.

എന്തു പറയണമെന്നറിയാതെ ബ്രൌണിയും നില കൊണ്ടു. തൻെറ മുഖം ഉഷ്ണിക്കുന്നതായി അവനു തോന്നി.

"എനിക്ക് ഒത്തിരി കിട്ടിയെന്നു തോന്നുന്നു," അവൻ പറഞ്ഞു.

അവഠം താഴോട്ടു നോക്കി അല്പം കുനിഞ്ഞു നിന്നു. അവളുടെ കൈപ്പത്തിക്കടിയിൽനിന്ന് ഒരു കഷണം ഉണക്കച്ചാണകം താഴെപ്പതിച്ച്, അവളുടെ അഴുക്കുടുപ്പിൽ പററിപ്പിടിച്ചിരുന്നു.

അവൻ രണ്ടടി മുന്നോട്ടുവച്ചു ചുററുമൊന്നു നോക്കിക്കൊണ്ടു പറഞ്ഞു: "ഞാനതു ചെയ്യാം—എനിക്കതിൽ സന്തോഷമേ ഉള്ളു."

അവളുടെ സമീപം ബ്രൌണി ഒരു വിഷപ്പാമ്പിനെ കണ്ടു. പുല്ലുകഠംക്കിടയിലൂടെ അതിൻെറ വൃത്തികെട്ട തല ഉയന്നു കണ്ടു. ഒററ നിമിഷത്തിൽ തന്നെത്തന്നെ വിസ്മരിച്ചുകൊണ്ട് അവൻ മുന്നോട്ടു കുതിച്ചു, ഷൂസ് കൊണ്ടു ചവിട്ടി അതിൻെറ തല തകത്തു.

അവൻ ഒന്നു ഞെട്ടി. അപ്പോഴാണ് അവന്നു സ്വയം ബോധമുണ്ടായതും, വണ്ടി കിടക്കുന്ന സ്ഥലത്തേയ്ക്കു താൻ നടക്കുകയാണെന്ന് അവൻ മനസ്സിലാക്കിയതും. എങ്കിലും അപ്പോഴും അവൻ മേഴ്സിയോടു സംസാരിക്കുകയായിരുന്നു: "മേഴ്സി! മേഴ്സി!"

അശ്രുപൂർണ്ണങ്ങളായ നേത്രങ്ങളോടുകൂടി, ആർദ്രചിത്തയായി അവരം സ്വപ്നത്തിൽ ബ്രൌണിയുടെ സമീപത്തണഞ്ഞു. അവനെ അവരം ആലിംഗനം ചെയ്തു. അവൻെറ കൈത്തണ്ടുകളിൽ അവരം തൻെറ മൃദുലമായ പൂവൽമേനി അർപ്പിച്ചു. തൻെറ ഉള്ളിലെ മൃഗം ആർത്തിയോടും ഉശിരോടുംകൂടിഉണരുന്നതായി അവന്നു തോന്നി. തൻെറ മൃഗീയതയിൽ അവൻ സ്വയം ലജ്ജിച്ചു.

## അദ്ധ്യായം 11

റെറഡ ലോക്ക് തൻെറ രണ്ടാമത്തെ വണ്ടിയുടെ സമീപം നിൽക്കുകയാണ്. "മാർട്ടിൻ" അയാരം ശുണ്ഠിപിടിച്ചു വിളിച്ചു; ഒരു മറുപടിയ്ക്കായി കാത്തുനിന്നു.

വഴിക്കൊരിക്കലെങ്കിലും മാർട്ടിൻ നാലു മണിക്കു ശേഷം കിടക്കയിൽ കിടന്നിട്ടില്ല.

"മാർട്ടിൻ."

വണ്ടി മൂടിയിരുന്ന ഷീററിന്മേൽ ആരോ തപ്പിത്തിരയുന്നുണ്ടെന്നല്ലാതെ ആരാണു വിളിക്കുന്നതെന്നു തിരിച്ചറിയാൻ അയാരംക്കു കഴിഞ്ഞില്ല. ഷീററു മാററി മാർട്ടിൻ പറഞ്ഞു, "എനിക്കു സുഖമില്ല—ഹാ! ദൈവമേ!"

"സുഖമില്ലെങ്കിൽ അവിടെ നിന്നിറങ്ങി പുറത്തു വരൂ. ഏതെങ്കിലും വണ്ടിയിൽ ഒരു കിടക്ക ഉണ്ടാക്കി ത്തരാം."

റെറഡ്ലോക്ക് അയാളുടെ കയ്യിലുണ്ടായിരുന്ന ചാട്ടകൊണ്ടു നിലത്താഞ്ഞു തട്ടി. ഓ! നാശം തന്നെ! സമതലത്തേക്കു് ഇനി അധികം ദൂരം ഇല്ല. വഴിയും നന്ന്. കാലികളും ധാരാളം. കാലാവസ്ഥയും സാമാന്യം മെച്ചം. അപ്പോൾ അതാ ഒരാൾക്കു സുഖ ക്കേട്. അയാൾ സുഖക്കേടാണെന്നു ഭാവിക്കുക യാണെന്നു റെറഡ്ലോക്കിനൊരു സംശയം ജനിച്ചു. നിസ്സാരമായ ഒരു നീർവീഴ്ചയോ, വയററു വേദനയോ മറേറാ അല്ലാതെ സാരമായ സുഖക്കേടുകൾ ഒന്നും ഇതുവരെ ആർക്കും പിടിപെട്ടിരുന്നില്ല.

"ഞങ്ങൾ നിനക്കു് ഒരു കിടക്ക തയ്യാറാക്കിത്തരാം. അവിടുന്ന് ഇഴഞ്ഞു പുറത്തിറങ്ങൂ." റെറഡ്ലോക്ക് തിരിച്ചു കുറച്ചു നടന്നു. തൻെറ വണ്ടിയിൽ സാധന ങ്ങൾ ധാരാളം ഉണ്ടായിരുന്നു. അവയിൽ ഒരു ഭാഗ മെങ്കിലും മാററാതെ ഒരു കിടക്ക സൗകര്യമായി വിരിക്കു വാൻ സാധ്യമായിരുന്നില്ല. അയാൾ ആദ്യമേ ഇവാൻസിൻെറ അടുപ്പിൻറടുത്തു വന്നു. ഇവാൻ സിൻെറയും പത്നിയുടേയും ഡിക്ക് സമ്മേഴ്സിൻെറയും നേക്കു നോക്കി തല കുലുക്കി.

"നമുക്കു് ഒരു രോഗി ഉണ്ടു്, മാർട്ടിൻ."

"എന്തു ഖണ്ടേക്കേടാ"? ഇവാൻസ് ആരാഞ്ഞു.

റെറഡ്ലോക്ക്: "ഞാൻ ഒരു കിടക്ക ശരിപ്പെടു ത്താൻ പോകുകയാണു്. നമുക്കു മുന്നോട്ടു നീങ്ങാം."

സമ്മേഴ്സിനെ ചൂണ്ടിക്കൊണ്ടു് അയാൾ തുടൎന്നു: "ഒരാൾക്കുവേണ്ടി നമുക്കു യാത്ര മുടക്കാൻ പാടില്ല."

"ലിജി"! മിസിസ് ഇവാൻസ് പറഞ്ഞു "ഒന്നു പോയി നോക്കൂ."

"ഉം. ശരി." ഇവാൻസ ശാന്തമായി മറുപടി പറഞ്ഞുകൊണ്ടു് എഴുന്നേററു. എപ്പോഴെങ്കിലും ഒന്നു കോപിക്കുവാനോ അഥവാ ഭാൎയ്യയുടേയോ, സമ്മേഴ്സിൻേറയോ മാൎഗ്ഗദൎശനംകൂടാതെ എന്തെങ്കിലും ഒരു തീരുമാനം കൈക്കൊള്ളുവാനോ ആ മനുഷ്യനു കഴിഞ്ഞിട്ടുണ്ടായിരിക്കുകയില്ലെന്നു റെറഡ്ലോക്ക് വിചാരിച്ചു.

സമ്മേഴ്സ് എഴുന്നേററു.

മാൎട്ടിൻ മുമ്പിലത്തെപ്പോലെ കിടക്കുകയായിരുന്നു. റെറഡ്ലോക്കും സമ്മേഴ്സും ഇവാൻസും മാൎട്ടിനെ കുനിഞ്ഞു നോക്കി.

"എന്തു പററി?" സമ്മേഴ്സ് ചോദിച്ചു.

മാൎട്ടിൻ കണ്ണു തുറന്നു; അധരങ്ങളിൽ തക്കിക്കൊണ്ടു് "ദൈവമേ" എന്നു മാത്രം പറഞ്ഞു.

റെറഡ്ലോക്ക്: "ഉം. എഴുന്നേൽക്കൂ. നിനക്കു അത്രയ്ക്കു സുഖക്കേടൊന്നുമില്ല."

സമ്മേഴ്സ്: "നിങ്ങളെക്കാൾ അക്കാൎയ്യം അവനല്ലേ അറിയാവുന്നതു്."

"ഞാനിതു നേരെയാക്കാം." റെറഡ്ലോക്ക് ഇപ്രകാരം പറഞ്ഞപ്പോൾ മാൎട്ടിൻ ഒന്നനങ്ങി. അവൻ കൈകാലുകൾ കുത്തി ഇഴഞ്ഞു പുറത്തു വന്നു; വീണ്ടും കിടന്നു.

സമ്മേഴ്സ് പുറത്തു താങ്ങി, അവനെ കിടക്കാൻ സഹായിക്കുകയും നെററിത്തടത്തിൽ കൈവച്ചു നോക്കുകയും ചെയ്തു. "പനിയായിരിക്കും."

"ദൈവമേ" എന്നു പറഞ്ഞുകൊണ്ടു് അവൻ അവൻെറ കണ്ണുകൾ അടച്ചു.

മററു ചിലരും ആ രംഗത്തേക്കു വന്നുതുടങ്ങി. "എന്തു പററി?" അവർ ആരാഞ്ഞു.

അവരൊക്കെ ഒഴിഞ്ഞുപോയാൽ മതിയായിരുന്നെന്നു റെറഡ്ലോക്ക് വിചാരിച്ചു. അവർ ഓരോരുത്തർക്കും ഓരോ ആശയം കാണും. അതിൻെറ ഫലമാകട്ടെ അവസാനമററ അലച്ചിലായിരിക്കും. ബുദ്ധിപൂർവകമായി പെരുമാറുകയാണെങ്കിൽ, മാട്ടിനെ ഒരു വണ്ടിയിൽ കിടത്തി യാത്ര തുടരുകയാണു വേണ്ടതു എന്നു് അയാൾ കരുതി.

രോഗിയെ കാണാൻ വന്നവരുടെ ചോദ്യത്തിനുത്തരം നൽകിയതു് ഇവാൻസാണു്. "പനി" അയാൾ പറഞ്ഞു.

"അതു പകരുന്നതാണോ ?"

റെറഡ്ലോക്ക് തിരിഞ്ഞു നോക്കിക്കൊണ്ടു് "അല്ല" എന്നു പറഞ്ഞു.

റെറഡ്ലോക്ക്: "എൻെറ വണ്ടിയിലെ സാധനങ്ങൾ കുറെ നിങ്ങളുടെ വണ്ടിയിൽക്കയററാമെങ്കിൽ, ഏതാനും നിമിഷത്തിനുള്ളിൽ നമുക്കു മുന്നോട്ടു നീങ്ങാം. ഞാൻ ഒരു കിടക്ക ഉണ്ടാക്കാം."

" റെറഡ്ലോക്ക് ! എനിക്കറിഞ്ഞുകൂടാ," ഇവാൻസ് പറഞ്ഞു. "നിങ്ങൾക്കു തോന്നുന്നുണ്ടോ അതാണു നാം ചെയ്യേണ്ടതെന്ന്."

" ഞാനാണു ക്യാപ്റ്റൻ. ഞാനതിൻെറ ചുമതല വഹിച്ചുകൊള്ളാം."

റെറഡ്ലോക്കിൻെറ പിന്നിൽനിന്ന് ഒരു വരണ്ട ശബ്ദം ഉയൎന്നു. അതു പാച്ചിൻേറതായിരുന്നു.

" റെറഡ്ലോക്ക്! നിങ്ങളുടെ കൂലിക്കാരനുൾപ്പെടെ നാമെല്ലാവരും ഒന്നാണ്. മനസ്സിലാക്കണം."

" അല്ലെന്നാരു പറഞ്ഞു. അവനെ ഒരു വണ്ടിയിൽ കിടത്തിയാലും നാമേവരും ഒരുമിച്ചായിരിക്കയും ചെയ്യും."

" പാച്ച് ഉപദേശിച്ചതല്ല," ഇവാൻസ് പറഞ്ഞു.

തൻെറ നാവിൻെറ അററത്തു വന്നവാക്കുകൾ റെറഡ്ലോക്ക് അമൎത്തി. അലസഭാവേന പരാതിപ്പെട്ടുകൊണ്ടിരിക്കാനുള്ള സമയമോ സ്ഥലമോ ഇതല്ലെന്നു മനസ്സിലാക്കാൻ കഴിവില്ലാത്ത പട്ടുവിഡ്ഢികൾ! നിസ്സാരമായ ഒരു കാര്യം ഒരു പ്രശ്നമായിത്തീൎന്നു. അധികാരവും അന്തസ്സും അപകടത്തിലായി.

" നാം മാർട്ടിനെ ശുശ്രൂഷിക്കണം. അവനെ വണ്ടിയിലിട്ടു കുലുക്കുന്നതിനോടു ഞാൻ യോജിക്കില്ല." ഇവാൻസ് ഇപ്രകാരം പറഞ്ഞപ്പോൾ റെറഡ്ലോക്ക് അത്ഭുതപ്പെട്ടുപോയി.

റെറഡ്ലോക്ക് തന്നോടെന്നവണ്ണം പറഞ്ഞു: " കാട്ടുപോത്തുകൾമൂലം പുല്ലു വിരളമാണ്. മററു

സംഘക്കാരെ നാം മുന്നോട്ടു വിട്ടാൽ അതു ബുദ്ധിപൂർവ്വമായിരിക്കയില്ല."

സമേമഴ്സ് അലസമായി പറഞ്ഞു: "പനി പിടിച്ചാൽ എല്ലുകൾക്കൊക്കെ വലിയ നൊമ്പരമായിരിക്കും."
പാച്ച്: "മാർട്ടിന്നു ഭേദമാകുന്നതുവരെ നാം ഇവിടെ ത്താമസിക്കണമെന്നാണ് എൻെറ അഭിപ്രായം."

ജനക്കൂട്ടത്തിൽനിന്ന് അംഗീകാരസൂചകമായ ശബ്ദമുയരുന്നതു റെറഡ്ലോക്ക് ശ്രവിച്ചു. അവർ വാദപ്രതിവാദം നടത്തിക്കൊണ്ടിരിക്കവേ, അവിടെ തള്ളിക്കൂടിയിരുന്നവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരുന്നു. അവരുടെ കണ്ണുകൾ എല്ലാം കുററാരോപണരീതിയിൽ തൻെറ നേക്കു കേന്ദ്രീകരിച്ചിരിക്കുന്നതായി അയാൾക്കു തോന്നി. താൻ ആരാഞ്ഞതാകട്ടെ സംഘത്തിൻെറ പൊതുക്ഷേമം മാത്രം. ഒരു വ്യവസ്ഥയാണു മുഖ്യമായ കാര്യം. ആ വഴിയ്ക്കു മാത്രമേ അവർക്കു സത്വരം ഭദ്രമായി, മററുള്ളവർക്കു മുമ്പേ ഓറിഗനിൽ എത്തിച്ചേരാൻ കഴിയൂ. അയാളുടെ കോപം ആളിക്കത്തി: "നാം മുന്നോട്ടു നീങ്ങണം—ശ്രദ്ധിക്കൂ! ഞാൻ പറയുന്നു, നാം മുന്നോട്ടു നീങ്ങണം."

അവർ നീങ്ങിയില്ല.

ഇവാൻസ്: "ഞങ്ങൾക്ക് അറിയാവുന്നതുപോലെ നിങ്ങൾക്കറിയാമോ? ഇതു കൗൺസിൽ തീരുമാനിക്കേണ്ട ഒരു കാര്യമാണെന്നു തോന്നുന്നു."

കൗൺസിലിൽ കാര്യം ശരിപ്പെടുത്താമെന്നു റെറഡ്ലോക്കിന്നു തോന്നി. അല്ലായിരുന്നെങ്കിൽ അയാൾ

അവരെയൊക്കെ ശപിക്കുമായിരുന്നു. ബ്രൂവറും, മാക്കും, ഫെയർമാനും കൗൺസിലിലുണ്ടായിരുന്നു. അവർ തൻെറ വശം നിൽക്കുമെന്ന് അയാൾ ഉറച്ചു. സമ്മേളനം നടക്കുന്ന സമയം മാത്രമേ സംഘത്തിനു നഷ്ടമാകൂ എന്നദ്ദേഹം കരുതി.

" എന്നാൽ നിൽക്കൂ " റെഡ്ലോക്ക് പരിഹാസ ച്ചിരിയോടെ പറഞ്ഞു.

"നമുക്ക് ഓറിഗനിലേക്കുള്ള വഴിക്കിനിസംസാരിക്കാം. കൗൺസിൽ ഒരു മണിക്കൂറിനകം കൂടും."

അവിടം വിട്ടു, യോഗത്തിനു നോട്ടീസ് നൽകുവാൻ റെഡ്ലോക്ക് മാക്ബീയോട്ട് ആവശ്യപ്പെട്ടു. അന ന്തരം ആത്മവിശ്വാസത്തോടുകൂടിയാണെങ്കിലും അസ്വ സ്ഥനായി അയാൾ താവളത്തിൽ ചുററിക്കറങ്ങി. അലസമായി പിന്തള്ളിയ ഈ സമയത്തിൽ ഏറിയ പങ്കും നദീതീരത്തു വസ്ത്രം നനച്ചുകൊണ്ടു സ്ത്രീകൾ പ്രയോജനപ്പെടുത്തി. പുരുഷന്മാരിൽ ഭൂരിപക്ഷവും വട്ടംകൂടി സംസാരിച്ചുകൊണ്ടേ ഇരുന്നു. തന്നെ പ്പററിയും, മാർട്ടിനെപ്പററിയും അനന്തരകരണീയത്തെ പ്പററിയുമാണ് അവർസംസാരിച്ചിരുന്നതെന്നു റെഡ് ലോക്കിനു നിശ്ചയമായിരുന്നു.

അല്പസമയം കഴിഞ്ഞു റെഡ്ലോക്ക് നേരിട്ടു സമ്മേഴ്സിനെ കണ്ടു. റെഡ്ലോക്ക് സമ്മേ ഴ്സിൻെറ നേരെ നടന്നെത്തി. " നിങ്ങൾ പറയുന്നത് എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. നാം തീർച്ചയായും യാത്ര തുടരേണ്ടതായിരുന്നു." റെഡ്ലോക്ക് സംഭാ ഷണം ആരംഭിച്ചു.

സമ്മേഴ്സ് സൂര്യന്റെ നേർക്കു നോക്കി. "ഉം ഇതിനകം മൂന്നാലു മൈൽ എത്തിക്കഴിയുമായിരുന്നു, അല്ലേ?" അയാൾ പറഞ്ഞു.

തന്നെ അത്യന്തം പ്രകോപിപ്പിക്കുമാറു് ഒരു തീപ്പൊരി, റെറഡ്ലോക്കു് ഇവാൻസിന്റെ കണ്ണുകളിൽ ദശിച്ചു.

റെറഡ്ലോക്കു്: "നിങ്ങളെന്താണർത്ഥമാക്കുന്നതു്?"

സമ്മേഴ്സ്: "നിങ്ങൾ വെറും ഒരു കച്ചവട മനസ്ഥിതിക്കാരനല്ലേ?"

റെറഡ്ലോക്കു്: "നിങ്ങൾ ഒരു മാൎഗ്ഗദശി മാത്രമാണു്."

സമ്മേഴ്സിനെ ശല്യപ്പെടുത്തണമെന്നു കരുതി മനഃപൂർവം തന്നെയാണു റെറഡ്ലോക്കു് അങ്ങനെ പറഞ്ഞതു്.

സമ്മേഴ്സിന്റെ നോട്ടം റെറഡ്ലോക്കിൽ പതിച്ചു. കൊല്ലാനൊരുങ്ങിനില്ക്കുന്ന ഒരു വന്യമൃഗത്തിന്റെ രൂക്ഷവും മാരകവുമായ ഭാവം ആ നോട്ടത്തിൽ അന്തർഭവിച്ചിരുന്നതായി റെറഡ്ലോക്കു് കരുതി. മാൎഗ്ഗദർശി എത്രമാത്രം ആപൽക്കാരിയാണെന്നു് അപ്പോൾ മാത്രമേ അയാൾ മനസ്സിലാക്കിയുള്ളു. അയാൾ ഭയന്നില്ല. എങ്കിലും റൈഫിളും എടുത്തുകൊണ്ടു സമ്മേഴ്സ് നീങ്ങിയപ്പോൾ മാത്രമേ അയാൾക്കു് ആശ്വാസമുണ്ടായുള്ളു.

"ശരി, അവൻ പോയിത്തുലയട്ടെ" റെറഡ്ലോക്കു് ചിന്തിച്ചു. "നോട്ടം ഉപദ്രവം ചെയ്യുകയില്ലല്ലോ. പകുതിയും കിരാതന പ്രകൃതനായ ഒരു മാൎഗ്ഗദർശിയെ അവഗണിക്കാവുന്നതേ ഉള്ളു."

റെറഡ്ലോക്ക് സംഘത്തെ മുന്നോട്ടു നീക്കികൊണ്ടിരുന്നു. അയാം അതു നിർവ്വഹിച്ചു. അവക്ക് അദ്ദേഹത്തോട്ട് ഒരു കടപ്പാടുണ്ടായിരുന്നു. അതു് അവർ വിമർശനരീത്യാ നൽകി. സമ്മേഴ്സ് കൂട്ടുകാരോടൊത്തു നായാട്ടിൽ വ്യാപൃതനായിരുന്നതിനാൽ റെറഡ് ലോക്ക് മാർഗ്ഗം തെളിച്ചു. എങ്കിലും തൻെറ ജനങ്ങൾക്ക് ആശയും സഹായവും നൽകുന്നതിനായി അയാം ഇടയ്ക്കിടയ്ക്കു പിന്തിരിഞ്ഞു വന്നിരുന്നു.

കൗൺസിൽ കൂടാനുള്ള സമയമായെന്ന് അയാം ഓർത്തുവെങ്കിലും, ചാട്ട നിലത്തു തട്ടിക്കൊണ്ടു് അയാം ഒരു മിനിററിൽ കൂടുതൽ നിന്നിടത്തുതന്നെ നിന്നു. സമ്മേഴ്സിനെത്തന്നെ അയാം കുററപ്പെടുത്തിയതു്. അധികാരസ്ഥാനത്തിൻെറ നേക്കുള്ള ആദരവില്ലായ്മയും, ഇടയ്ക്കിടയ്ക്കുള്ള സ്വാതന്ത്ര്യവുംകൊണ്ടു് അയാം ജനക്കൂട്ടത്തെ മലിനപ്പെടുത്തി എന്നൊരു വിചാരം റെറഡ് ലോക്കിനുണ്ടായിരുന്നു. അയാം നല്ലൊരു മാഗ്ഗദർശകനും, വിദഗ്ദ്ധനായൊരു നായാട്ടുകാരനും നിദ്രാവിഹീനനായ ഒരു കാവൽക്കാരനുമായിരുന്നു. അതേ സമയം അയാളെ എന്തെങ്കിലും പറഞ്ഞു ബോദ്ധ്യപ്പെടുത്താനോ, അഥവാ നിയന്ത്രിക്കാനോ സാദ്ധ്യവുമായിരുന്നില്ല.

കൗൺസിൽ യോഗത്തിലേക്കു നടക്കവേ, തൻെറ ക്രമ മനോഭാവത്തോടൊപ്പം സമ്മേഴ്സിൻെറ വനവിജ്ഞാനം കൂടി തനിക്കുണ്ടായിരുന്നെങ്കിൽ എന്നു റെറഡ്ലോക്ക് അമർഷപൂർവ്വം ആശിച്ചു. കുതിരകളെ വൃക്ഷങ്ങളുടെ തടിയിൽ കെട്ടരുതെന്നും, ശാഖകളിൽ

കെട്ടണമെന്നും, അങ്ങിനെയായാൽ അവ കടിഞ്ഞാൺ ചരടുകൾ പൊട്ടിച്ചു കളയുകയില്ലെന്നും അഭിപ്രായപ്പെട്ടതു സമേഴ്സായിരുന്നു. എരുമക്കുട്ടികളെപ്പോലെ കരഞ്ഞുകൊണ്ട് എരുമകളെ ആകൎഷിച്ചു വരുത്തുവാൻ സമേഴ്സിനു കഴിഞ്ഞു. കാളകളേയും, കുതിരകളേയും എല്ലാം അയാൾ കൈകാര്യം ചെയ്യും. വേട്ടമൃഗങ്ങളേയും ഇന്ത്യന്മാരേയും വെള്ളത്തേയും അയാൾക്കു മണത്തറിയാൻ കഴിഞ്ഞിരുന്നെന്നു തോന്നുന്നു. റൈഫിളും അമ്പും വില്ലും കൈകാര്യം ചെയ്യുന്നതിൽ അയാൾക്ക് അസാധാരണമായ സാമൎത്ഥ്യം ഉണ്ടായിരുന്നു. നിറ ഒഴിക്കാൻ അയാൾക്ക് ഒരു നിമിഷം വേണ്ടിവരില്ല. വിശാലതരമായ ഒരു വീക്ഷണഗതിയും ഉപരിയായ വിദ്യാഭ്യാസവും ഉള്ള ഒരാൾക്ക് ആ വന്യവിജ്ഞാനം എന്തുകൊണ്ടാണു ലഭിക്കാതെ പോകുന്നതെന്നു റെഡ് ലോക്ക് തന്നത്താൻ ചോദിച്ചു.

കൗൺസിലിലെ മററംഗങ്ങൾ കാത്തിരിക്കുകയാണ്. ഇവാൻസ്, ഫെയർമാൻ, മാക്ക്, ബ്രൂവർ, ഡാഗർട്ടി, അയാൾ അവരെ എണ്ണിനോക്കി. അവരുടെ സമീപം റെഡ് ലോക്ക് ഇരുപ്പുറപ്പിച്ചു.

"മാർട്ടിന് എങ്ങിനെ ഉണ്ട്."

ഇവാൻസ്: "എന്റെ ഭാൎയ്യ അയാളെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുകയാണ്. ബ്രദർ വെതർബൈയും മററു ചിലരും കൂടെ ഉണ്ട്."

"ഇപ്പോഴേയ്ക്കും പത്തു മൈൽ നമുക്കു മുമ്പോട്ടു പോകാമായിരുന്നു." റെഡ് ലോക്ക് സൂൎയ്യന്റെ നേരെ നോക്കിക്കൊണ്ടു പറഞ്ഞു.

ഡാഗർട്ടി: "മാർട്ടിനു നല്ല ബോധമില്ലെന്നു തോന്നുന്നു. എപ്പോഴും 'യേശുവേ' എന്നു വിളിച്ചു കൊണ്ടിരിക്കുന്നു." ഇവാൻസ് തുടൻ: "യേശുവേ എന്നു വിളിച്ചിട്ട് അങ്ങയോടു ഞാൻ പ്രാർത്ഥിക്കുന്നു എന്നു പറയും."

എന്തോ പറയാൻ ഭാവിച്ചിട്ടു പറയാതെ തടഞ്ഞു നിറുത്തിയിരിക്കുന്നതായി അവരുടെ നോട്ടങ്ങൾ വിളിച്ചു പറയുന്നെന്നു റെറഡ്ലോക്കിനു തോന്നി.

"ശരി" അയാൾ പറഞ്ഞു. "നമുക്ക് ഒരു തീരുമാനം കൈക്കൊള്ളണം. നിങ്ങുകയാണു ബുദ്ധിപൂർവ്വകമെന്നു നാം സ്മരിക്കണം. ഏതായാലും നാം ഓറിഗണിലെത്തുമ്പോൾ ശിശിരം കഴിയും."

ഇവാൻസ് അയാളുടെ പരന്ന കവിൾത്തടത്തിൽ ചൊറിഞ്ഞു: "റെറഡ്ലോക്ക്! നിങ്ങൾ പറയുന്നതു ഞാൻ നിഷേധിക്കുന്നില്ല. എങ്കിലും നാം യഥാവേഗം തന്നെ മുന്നോട്ടു നീങ്ങിയിട്ടുണ്ട്. ഒന്നോ രണ്ടോ ദിവസം നമുക്കു യാത്ര മാററിവച്ചുകൂടേ?"

"വഴിക്കു മററു തടസ്സങ്ങളും ഉണ്ടാകുമെന്നറിഞ്ഞോ?"

മററുള്ളവരുടെ മുഖത്തു നോക്കിക്കൊണ്ടാണ് ഇവാൻസ് മറുപടി പറഞ്ഞത്. "എല്ലാവരേയും പിന്നിടണമെന്നു നാം ഇങ്ങനെ ശാഠ്യം പിടിക്കണമെന്നുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ഞാൻ പറയാം, ഈ ഓട്ടം തീരുംമുമ്പു നാം പിന്നിലാക്കപ്പെടും."

മാക്ക്: "ഇർവിൻ! നിങ്ങളൊരു അരപ്പന്തയക്കുതിരയല്ലേ? മുന്നിൽ ഓടാനാണു നീ തിററി പൂലത്തപ്പെട്ടിരിക്കുന്നത്?"

ഡ്രൈവർ: "ഉം. മുന്നിൽ പോകുന്നതാണ് ഉത്തമം."

വർദ്ധിച്ചുവരുന്ന അസ്വസ്ഥതയാൽ റെറഡ്ലോക്ക് രൂക്ഷമായിപ്പറഞ്ഞു. "ആരെങ്കിലും തള്ളിവിടാനില്ലെങ്കിൽ കമ്പനി ഒന്നടങ്കം പിന്നോക്കം നിൽക്കും."

"നമ്മിൽ ഒരാൾക്കു സുഖക്കേടു വന്നാൽ എല്ലാവരും കാത്തിരിക്കണമെന്നു നാം ആശിക്കില്ലേ?" ഫെയർമാൻ പറഞ്ഞു.

എല്ലാവരും തനിക്കെതിരാണോ എന്നു റെറഡ്ലോക്ക് അവിശ്വസനീയമായി ചിന്തിച്ചു. "എന്നാൽ നമുക്കു വോട്ടെടുക്കാം" അയാൾ പറഞ്ഞു. "മാക്ക്, ഫെയർമാൻ, നിങ്ങൾ എന്റെ ശുപാർശയെ പിന്താങ്ങുമെന്നു ഞാൻ കരുതുന്നു."

മാക്ക് നിഷേധരൂപത്തിൽ മറുപടി പറഞ്ഞു. ഫെയർമാൻ അയാളുടെ തല കുലുക്കിക്കൊണ്ടിരുന്നു.

"യാത്ര തുടരാൻ നാം കുറെ കാത്തിരിക്കേണ്ടിവരും റെറഡ്ലോക്ക്." ഇവാൻസ് പറഞ്ഞു.

"ഇതു തനി മൂഢമായ ഒരു തീരുമാനമാണെന്നു മാത്രമേ എനിക്കു പറയാനുള്ളൂ."

മാക്ക് ശാന്തനായിപ്പറഞ്ഞു: "മറെറാരു കാര്യം എനിക്കു നിങ്ങളോടു പറയാനുണ്ട്. ഇന്നു രാത്രി എല്ലാവരുടേയും ഒരു പൊതുയോഗം ഉണ്ട്."

"എന്തിന്?"

"നിങ്ങളെ സ്ഥാനഭ്രഷ്ടനാക്കാൻ, ഇർവിൻ."

"നിങ്ങൾ ഒരു തനിക്കള്ളനാണ്."

"നിങ്ങൾ മാപ്പു ചോദിക്കേണ്ടിവരും."

മാക്കിൻെറ വാക്കുകളുടെ അർത്ഥം അതിൻെറപൂർണ്ണമായ ഗൗരവത്തിൽ സാവകാശത്തിലാണു റെറഡ്ലോക്കിനു മനസ്സിലായതു്. തന്നെ "പുറത്താക്കാനാണു് അവരുടെ ഉദ്ദേശം. ഒരു പുതിയ ക്യാപ്ററനെ തെരഞ്ഞെടുക്കാൻ."

"ഞാനതു നോക്കിക്കൊള്ളാം" റെറഡ്ലോക്ക് മാക്കിനോടു പറഞ്ഞു. "മാർട്ടിൻെറ കാര്യത്തിൽ എൻെറ നിലപാടു ഞാൻ മുറുകെ പിടിക്കും."

"കാര്യം അതല്ലെന്നു നിങ്ങൾക്കു മനസ്സിലായില്ലേ ?" മാക്ക് ചോദിച്ചു. "നിങ്ങളുടെ കാലികളുടെ കാര്യമാണു്, അവയുടെ ആധിക്യം."

ഡാഗർട്ടി : "സംഘത്തിൻെറ ഗതിയെ മന്ദപ്പെടുത്തുന്നതു നിങ്ങളുടെ കാലികളാണത്രെ. അവയെ നോക്കാൻവേണ്ടത്ര ആൾക്കാരില്ലപോലും. അതേ സമയം മുന്നോട്ടോടുവാൻ നിങ്ങൾ എപ്പോഴും മുറവിളിയും കൂട്ടുന്നു."

ഡാഗർട്ടി പറഞ്ഞു : "നിങ്ങൾക്കു വിഷമമില്ലെന്നല്ലേ പറഞ്ഞതു്."

റെറഡ്ലോക്ക് മാക്കിനോടു പറഞ്ഞു, "പിന്നെ നിങ്ങൾ ഏതു കക്ഷിയിലാണു നിൽക്കുന്നതു്?"

"ഐക്യത്തിനുവേണ്ടി ഞാൻ വോട്ടുചെയ്യും."

"നിങ്ങളോ ഫെയർമാൻ ?"

"എൻെറ നിലയും അതുതന്നെ." ഫെയർമാൻ പറഞ്ഞു.

"അതും തട്ടിക്കൊണ്ടുപോകാൻ നിങ്ങൾക്കു സാദ്ധ്യമാകുകയില്ല."

"ബ്രൂവർ, നിങ്ങൾക്കു പറയാനുള്ളതു പറയൂ," ഡാഗർട്ടി പറഞ്ഞു.

ബ്രൂവർ: "ഞാൻ നിങ്ങൾക്കുവേണ്ടി നിലകൊള്ളും. മാക്ബീയുടേയും നില ഇതു തന്നെ. പക്ഷേ ഞങ്ങൾ പോരല്ലോ."

അങ്ങനെ അതു പരമാർത്ഥമായിരുന്നു. ഒന്നുകിൽ രാജി വയ്ക്കുക, അല്ലാത്തപക്ഷം സ്ഥാനഭ്രംശമാകുന്ന അവമാനം സഹിക്കുക. രണ്ടിലൊന്ന് അയാൾ ചെയ്യേണ്ടിയിരുന്നു.

"ബ്രൂവർ തന്നോടു കളവു പറയുകയില്ല. ഇതാണ് ഒരു മനുഷ്യനു കിട്ടുന്ന പ്രതിഫലം! പ്രാണൻപോലും അപകടത്തിലാക്കി ക്ലേശിച്ചതിനു ഫലം."

"റെഡ്ലോക്ക്! അതുകൊണ്ടാണല്ലോ ഇത് അത്ര മർമ്മഭേദകമായിത്തോന്നുന്നത്" ഇവാൻസ് പറഞ്ഞു. മാക്ക് സമ്മതഭാവത്തിൽ തല കുലുക്കി. റെഡ് ലോക്ക്: "എനിക്ക് ഈ സംഘത്തെ രണ്ടായി പിരിക്കാൻ കഴിയും. എനിക്കും കുറെ സുഹൃത്തുക്കൾ ഉണ്ട്. ഇവാൻസ്: "അന്നനിമിഷം അവരെ നിങ്ങൾക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്."

റെഡ്ലോക്ക് തേമ്മി തേമ്മി നടന്നു. "നിങ്ങൾ എല്ലാം പോയിത്തുലു," അഞ്ചാറടി നടന്നില്ല, അതിനു മുമ്പ് അയാൾ തിരിഞ്ഞുനിന്നു പറഞ്ഞു: "ഞാൻ രാജി വയ്ക്കുന്നു."

റെഡ്ലോക്ക് തൻെറ വണ്ടിയുടെ നേക്കു നിന്നു. "ഞാൻ സ്ഥാനം ഒഴിയുകയാണ്." അയാൾ സ്വപതി

യോടായി പറഞ്ഞു. "ഒന്നുകിൽ രാജി വയ്ക്കുക, അല്ലെങ്കിൽ നിഷ്ക്കാസിതനാകുക. അങ്ങനെയാണു വന്നുകൂടിയതു്."

"മാർട്ടിൻ വളരെ അവശതയിലാണു്. നിങ്ങളെ ആശ്രയിച്ചാണു് അവൻ കഴിഞ്ഞതു്. നിങ്ങൾ മാത്രമാണു് അവനുണ്ടായിരുന്ന ഏകസുഹൃത്തെന്നെനിക്കു തോന്നുന്നു."

"അവനുവേണ്ടി എന്തു ചെയ്യണമെന്നെനിക്കറിഞ്ഞുകൂടാ." അയാൾ മാർട്ടിൻെറ കൂടാരത്തിനു ചുററും നടന്നു. ഒരു ബൈബിളും പിടിച്ചുകൊണ്ടു വെതർബൈ കൂടാരത്തിനു വെളിയിൽ നിന്നിരുന്നു. "ദൈവഹിതം നിറവേററപ്പെട്ടും."

"ബോധം ഇല്ലേ ?"

"ഇപ്പോൾ, ഇല്ല."

കൂടാരത്തിനുള്ളിലേക്കു് അയാൾ എത്തിനോക്കി. വായു് തുറന്നു മലന്നു അർദ്ധനിമീലിതങ്ങളായ കൺപോളകൾക്കിടയിലൂടെ വെളുത്ത കണ്മണികൾ കാണിച്ചുകൊണ്ടു മാർട്ടിൻ കിടന്നിരുന്നു. ദുർഗന്ധംകൊണ്ടു് അയാൾ പിന്നോട്ടു നീങ്ങി. "തനിക്കു ചെയ്യത്തക്കതായി ഒന്നുമില്ലായിരുന്നു," അയാൾ തന്നത്താൻ പറഞ്ഞു.

വെതർബൈ തല കുലുക്കി; ററെഡ്ലോക്ക് അയാളുടെ വണ്ടിയിലേക്കു മടങ്ങി.

വേദനാപൂർണ്ണവും അസ്വാസ്ഥ്യവുമായ ഒരു ദിവസം അയാൾ പിന്നിട്ടു. മാർട്ടിൻെറ കൂടാരത്തിലേക്കു് അയാൾ രണ്ടു തവണ പോയി. അയാൾക്കു ചെയ്യ

ത്തക്കതായി ചില കാര്യങ്ങൾ അപ്പോൾ അവിടെ ഉണ്ടായിരുന്നു. അയാൾ അതു ചെയ്യാതിരിക്കയുമില്ല. അയാൾ അവഗണിച്ചെന്നോ, വൈമുഖ്യം പ്രകടിപ്പിച്ചെന്നോ ആക്കും പറയാൻ കഴിയുകയില്ല. മാർട്ടിനെ കഴകിക്കിടത്തവേ തന്നോളം ത്യാഗം ആരനുഷ്ഠിക്കുമെന്ന് അയാൾ അത്ഭുതപ്പെട്ടു.

രാത്രിയിലെ സമ്മേളനം പ്രതീക്ഷിച്ചതുപോലെ ഒരു അലങ്കോലം തന്നെ ആയിരുന്നു. അതെപ്പററി ചിന്തിച്ചപ്പോൾ, തൻെറ പിൻഗാമിയായി പാച്ചിനെ തെരഞ്ഞെടുക്കാതെ ഇവാൻസിനെ തെരഞ്ഞെടുത്തതിൽ റെറഡ്ലോക്ക് അപ്പോഴും അത്ഭുതപ്പെട്ടു. മാക്ക് തൻെറ നാമനിർദ്ദേശം ചെയ്തപ്പോൾ ഇവാൻസ് തന്നെയും പരമാർത്ഥത്തിൽ അത്ഭുതപ്പെട്ടുപോയി. അയാൾ പിന്തിരിഞ്ഞു ഭാര്യയുടെ നേക്കു നോക്കിയശേഷം വിക്കി വിക്കിപ്പറഞ്ഞു: "അരുതു ഫെയർമാൻ, ഞാനതിന്ന് അർഹനല്ല."

യോഗം സമാപിച്ചശേഷം അയാളുടെ സ്മരണയിൽ പററിക്കൂടി നിന്നിരുന്ന മറെറാരു കാര്യം, വരാൻ പോകുന്ന ക്രമക്കേടുകളുടെ സൂചനകളായിരുന്നു.

യോഗം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ, തെരഞ്ഞെടുപ്പു കാര്യത്തിൽ യാതൊരു താല്പര്യവുമില്ലാതെ ടെർലി പുകവലിച്ചുകൊണ്ടിരിക്കുകയായിരുന്നു. പാച്ചാകട്ടെ, താനും തൻെറ ഭാര്യയും കുഞ്ഞുങ്ങളുമെല്ലാം മടങ്ങുവാൻ പോകുകയാണെന്നു പറഞ്ഞു.

"ആമേൻ" എന്നു മിസിസ് ടെർലി വിളിച്ചുപറഞ്ഞു.

ടെർലി: "ഞങ്ങൾ മടങ്ങിപ്പോകുകയാണ്. ഞങ്ങളോ-

ടൊത്തു മടങ്ങിവരാൻ ആരെങ്കിലും ഉണ്ടോ? അവക്കു സ്വാഗതം!" "അതെപ്പററിഎന്തുപറയുന്നു സമ്മേഴ്സ്?" പാച്ച് ചോദിച്ചു.

"ആപൽക്കരം" സമ്മേഴ്സ് ഒററവാക്കിൽ മറുപടി നൽകി.

"മററാരെങ്കിലും മടങ്ങിപ്പോകുവാൻ ആശിക്കുന്നോ? ബൈർഡ് എന്തു പറയുന്നു?" പാച്ച് ചോദിച്ചു. താൻ യാത്ര തുടരുമെന്നു ബൈർഡ് പറഞ്ഞു.

പാച്ച് തുടൎന്നു: "ആൎക്കെങ്കിലും ഈ സംഘത്തിൽ നിന്നുവേർപിരിയണമെന്നുണ്ടെങ്കിൽ, വിവരം ഇപ്പോഴം തന്നെ അറിഞ്ഞാൽ കൊള്ളാം." അയാഠം റെറഡ് ലോക്കിൻെറ നേൎക്കു നോക്കിയില്ല; എങ്കിലും മററുള്ളവർ റെറഡ്ലോക്കിൻെറ നേൎക്കു തിരിഞ്ഞു നോക്കി. നിശ്ശബ്ദനായും നിർവികാരനായും റെറഡ്ലോക്ക് തിരിഞ്ഞു നോക്കുക മാത്രം ചെയ്തു. വേർതിരിക്കുകയോ? എങ്ങിനെ വേർതിരിക്കാൻ കഴിയും. വികാരാവേശത്താൽ താൻ പ്രയോഗിച്ച ഒരു ഭീഷണി ആയിരുന്നു അതു്. ആരൊക്കെത്തന്നോടൊത്തുവരും? ബ്രൂവർ, മാക്ബീ, മാർട്ടിൻ-അവൻ ജീവനോടെ ഇരിക്കുമെങ്കിൽ! ഉന്മേഷശൂന്യരായ ഒരു സംഘം. വേണ്ടത്ര കാലികളുമില്ല. ഉള്ളവതന്നെ നടന്നു വലഞ്ഞിരുന്നു. അയാഠം മരവിച്ചു ഒരക്ഷരം ഉരിയാടാതെ ഇരുന്നു. തനിക്കു ചെയ്യാവുന്നതൊക്കെ താൻ ചെയ്തില്ലേ?

യോഗാനന്തരം വളരെ നേരം കഴിഞ്ഞിട്ടും റെറഡ് ലോക്ക് നിശ്ചലനായി ഇരിക്കയായിരുന്നു. അയാളുടെ ഭാൎയ്യ എങ്ങോട്ടോ പോയതായി അയാഠം മനസ്സിലാക്കി.

തന്നോട്ട് അപമൎയ്യാദയായി പെരുമാറിയവരുമായി എങ്ങിനെ അവൾക്ക് ഒത്തുചേൎന്നു പോകുവാൻ കഴിയുമെന്ന് അയാൾ ആശ്ചൎയ്യപ്പെട്ടു.

താവളത്തിൽ ശാന്തമായ മൎമ്മരശബ്ദങ്ങൾ കേട്ടിരുന്നു. ക്രമേണ അവയും നിലച്ചു. മാർട്ടിൻെറ കൂടാരത്തിൽനിന്നുമാത്രം മനുഷ്യരുടേതായി ഒരു മൎമ്മരം ശ്രവിച്ചു. ഒന്നിനു പിന്നാലെ മറെറാന്നായി താവളത്തിലെ തീക്കുണ്ഡങ്ങൾ കെട്ടൊട്ടുങ്ങിക്കൊണ്ടിരുന്നു. തെക്ക്, അന്തരീക്ഷം ഇരുണ്ടുകൂടുന്നതു റെറഡ്ലോക്കിനു കാണാൻ കഴിഞ്ഞു.

റെറഡ്ലോക്ക്! ഇർവിൻ റെറഡ്ലോക്ക്, വിശാലതരമായ ഒരു രംഗത്തു തൻെറ കഴിവുകൾ പ്രയോഗിക്കാൻ, പിയോറിയായിലെ ആദായകരമായ തൊഴിൽ ഉപേക്ഷിച്ചു പുറപ്പെട്ട റെറഡ്ലോക്കിനെ ഹീനരായ കുടിയേററപ്പരിഷകൾ സ്ഥാനഭ്രഷ്ടനാക്കിയെന്നോ? റെറഡ്ലോക്ക് സ്വയമേവ ചിന്തിച്ചു.

റെറഡ്ലോക്കിൻെറ തോളിൽ കൈവെച്ചുകൊണ്ട് അയാളുടെ ഭാൎയ്യ പറഞ്ഞു: വത്രു. "കിടന്നുറങ്ങാം ഇർവിൻ! നേരം വളരെ വൈകി."

"അതിനെന്തു്? എനിക്കിനിയും മാർട്ടിനെ നോക്കേണ്ടതുണ്ടു്."

"ഞാൻ അവിടെപ്പോയിരുന്നു. നിങ്ങൾക്കവിടെ കൂടുതലായി ഒന്നും ചെയ്യാനില്ല."

"നീ പോയി കിടക്കൂ."

അല്പ നിമിഷത്തേക്ക് അയാൾ കാത്തിരുന്നശേഷം എഴുന്നേററു മാർട്ടിൻെറ കൂടാരത്തിലേയ്ക്കു പോയി.

കൂടാരത്തിൽനിന്നു മടങ്ങി റെറഡ്ലോക്ക് ഉറങ്ങാൻ ഒരുങ്ങുകയായിരുന്നു. അപ്പോഴേയ്ക്കും ബ്രദർവെതർബൈ എത്തി, "മാർട്ടിൻ മരിച്ചുപോയി" എന്നറിയിച്ചു.

## അദ്ധ്യായം 12

കാളകളിൽ ഒന്നിനെ നുകംവെച്ചു ബന്ധിച്ചു. നുകത്തിൻെറ മറേറ തലപ്പു് ഉയർത്തിപ്പിടിച്ചുകൊണ്ടു കൂട്ടുകാരോടു സംസാരിച്ചുകൊണ്ടിരിക്കവേ, ഞൊണ്ടി ഞൊണ്ടി രണ്ടാമത്തു കാളയും വന്നു നുകത്തിനടിയിൽ നിലയായി.

കാളകളെ നുകത്തിൽ ബന്ധിച്ച് ഇവാൻസ് യാത്രക്കു സന്നദ്ധനായപ്പോൾ മാക്ക് വായ്പയായി നൽകിയിരുന്ന വാച്ചിലേക്കു് അയാൾ ഒന്നു കണ്ണോടിച്ചു. 6-40! ഒരു ക്യാപ്റ്റൻ് അനുയോജ്യമായ നിലയിൽ യഥാസമയം തന്നെ അയാൾ സന്നദ്ധനായി. കൂടാരങ്ങളെല്ലാം അപ്പോഴും അഴിച്ചു നീക്കം ചെയ്യപ്പെട്ടിരുന്നില്ല. സാധനങ്ങളെല്ലാം വണ്ടിയിൽ കയററിയിരുന്നതുമില്ല. വണ്ടികൾ എല്ലാം അണിനിരന്നു മുമ്പോട്ടു നീങ്ങുന്നതിനു മുമ്പുള്ള രാവിലത്തെ സമയം അല്പം അസഹ്യമാണെന്നു് ഇവാൻസ് കരുതി.

അയാൾ വായിലൂടെ ഒരു ദീർഘനിശ്വാസം വിട്ടുകൊണ്ടു നിവന്നു മുന്നോട്ടു നീങ്ങി. അയാൾക്കു് ഒരു ഉന്മേഷം തോന്നി.

"ബെക്കി! സുഖമായിക്കഴിയൂ." അവൾ ജോലി ചെയ്തു കൊണ്ടിരുന്ന സ്ഥലത്തേക്കു നോക്കി അയാൾ പറഞ്ഞു. കോപ്പയും പാത്രവും പിഞ്ഞാണവും മററു്

ആഹാരസാധനങ്ങളും വച്ചിരുന്ന പെട്ടി തോൽവാറു കൊണ്ടു് അവർ ബന്ധിച്ചു.

അന്തരീക്ഷത്തിൽ ഒരു മേഘശകലംപോലുമില്ലായിരുന്നു. "ഇത്രയ്ക്കു നല്ലൊരു പ്രഭാതം ഒരിക്കലും ഉണ്ടായിട്ടില്ല." അയാൾ പറഞ്ഞു.

ആക്കെങ്കിലും തന്റെ സഹായം ആവശ്യമുണ്ടോ എന്നാരാഞ്ഞുകൊണ്ടു് അയാൾ പിന്നോട്ടു അടിവെച്ചു. ഹിഗ്ഗും ഫെയർമാനും ഒരു സാധാരണ കാളക്കുട്ടിയുമായി മല്ലിട്ടുകൊണ്ടിരുന്നിടത്തു് അയാൾ എത്തി. കാളക്കൊമ്പിൽ കയറിട്ടു ഹിഗ് മുറുകെപ്പിടിച്ചു. അതേസമയം ഫെയർമാൻ നുകം ഉയർത്തി. മല്ലിട്ടുകൊണ്ടിരിക്കവേ, അവർ ഇവാൻസിനെ കണ്ടു.

ഹിഗ് ഇവാൻസിൻെറനേർക്കു് ഒരു നേരിയ പുഞ്ചിരി പൊഴിച്ചു: "ഈ നശിച്ച കാളയെക്കാൾ ഒരു കാട്ടുപോത്തിനു നുകം കെട്ടുകയായിരുന്നു നല്ലതു്."

"ഒരു കുരുക്കിട്ടു് അതിനെ പിടിച്ചുകൂടേ?"

"അങ്ങനെ ചെയ്യാൻ പോകുകയാണു്" ഹിഗ് മറുപടി നൽകി.

ഇവാൻസ് കാളയുടെ മുതുകിൽ ഒന്നു തട്ടി. അതു് അലക്ഷ്യമായി മുന്നോട്ടു കുതിച്ചു. ഹിഗ് അതിനെ പിന്തുടന്നു.

"നല്ല ജോലി ചെയ്യുന്ന കാളകളെ എനിക്കു് ഉപദ്രവിക്കുവാൻ തോന്നുകില്ല." ഫെയർമാൻ പറഞ്ഞു. "പാവം! മണലുകേറി അടഞ്ഞു് ആ കുളമ്പുകൾ ഒന്നിനും കൊള്ളാതായി. നമ്മുടെ എല്ലാവരുടേയും കാര്യം അതുതന്നെ! ക്രമേണ കുളമ്പിനൊക്കെ ഉറപ്പു വന്നുകൊള്ളും. കുളമ്പുകൾ

കഴകി വെടിപ്പാക്കി വിടവുകളിൽ ചൂട്ട താറൊഴിച്ചു കൊടുക്കുകയാണു ഞാൻ ചെയ്യിരുന്നതു്."

ഇവാൻസ് മുമ്പോട്ടു നടന്നു.

ഡിക്ക് സമ്മേഴ്സ് ഒന്നുരണ്ടു കുതിരകൾക്കു തീററി കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു. ഇവാൻസ് എന്തോ സംസാരിച്ചു. അതിനു മറുപടിയായി ഡിക്ക് ഒന്നു ചിരിക്കുകയും വെതർബൈ സഗൗരവം തല കുലുക്കുകയും മാത്രം ചെയ്തു.

"എല്ലാവരും തയ്യാറായോ?" ഡിക്ക് ചോദിച്ചു.

എല്ലാവരുംതന്നെ മിക്കവാറും തയ്യാറായതായി തോന്നി. മാക്ബീ കുടുംബംപോലും. സാധാരണ മാക്ബീ കുടുംബം യഥാസമയം തയ്യാറാകുന്നതല്ല. അടുത്ത കാലംവരെ അവർക്കു് അതു സാധിച്ചിരുന്നില്ലെന്നു മാത്രം.

കുറച്ചൊരഭിമാനത്തോടും കുറച്ചൊരപരാധബോധത്തോടുംകൂടി തൻെറ ആശയങ്ങൾ എല്ലാം മുറയ്ക്കു നടക്കുന്നു എന്നു് ഇവാൻസ് വിചാരിച്ചു. ക്യാപ്ററനായിട്ടു് അധികകാലമായില്ല, അതിനു മുമ്പു് ഒരു രാത്രി, ആളുകളുടെയെല്ലാം മനോഗതി മനസ്സിലാക്കി അവരുടെ പരാതികൾ കേൾക്കാനും, പ്രത്യേകിച്ചു താമസിച്ചു പുറപ്പെടുന്ന ദുശ്ശീലം പരിഹരിക്കാനുമായി, അവരെ എല്ലാം ഇവാൻസ് വിളിച്ചുകൂട്ടുകയുണ്ടായി. തൻെറ ആശയഗതി ഇവാൻസ് മാക്കിനെ അറിയിച്ചിരുന്നു. താമസിച്ചു വരുന്നവക്കു പംക്തിയിലുള്ള അവരുടെ പൂവ്സ്ഥാനം നഷ്ടമാകുകയും അവർ പിന്നിൽ നടക്കേണ്ടിവരികയും ചെയ്യുമെന്നൊരു വ്യവസ്ഥയാണു്

ഇവാൻസ് നിർദ്ദേശിച്ചതു്. അതേപ്പററി മാക്ക ആളുകളുടെ അഭിപ്രായഗതി ആരാഞ്ഞു. അവർ ഏവരും അതിനെ അനുകൂലിച്ചു. ഇപ്പോശം ആരും തന്നെ വൈകി വന്നിരുന്നില്ല.

"എങ്ങിനെയിരിക്കുന്നു ?" മാക്ബീ ചോദിച്ചു. മിസിസ് മാക്ബീ വണ്ടിയുടെ പിന്നിൽകൂടി തല പുറത്തിട്ടു സന്തോഷ ഭാവത്തിൽ അഭിവാദനം ചെയ്തു.

"എന്തു കാത്തിരിക്കയാണ്. നമുക്കു പുറപ്പെടരുതോ?" മാക്ബീ ഒരുക്കങ്ങളെല്ലാം പൂത്തിയായ ഭാവത്തിൽ ചോദിച്ചു. ഇവാൻസ് വാച്ചിൽ നോക്കിക്കൊണ്ടു "സമയം ആകുന്നതേ ഉള്ളൂ" എന്നു പറഞ്ഞു.

"നിങ്ങളോടു കുറെ സംസാരിക്കണമെന്നുണ്ടു്." മാക്ബീ ഇവാൻസിനോടു പറഞ്ഞു. "വ്യക്തിപരമായ കാര്യമാണ്."

ഇവാൻസിന്നു് അതു് ഇഷ്ടമായില്ല.

"എപ്പോഴും സംസാരിക്കാമല്ലോ," അയാശം മറുപടി നൽകി. ഇവാൻസ് തൻെറ വണ്ടിയുടെ സമീപ ത്തേക്കുപോയി, കാളകളെ ഒന്നു തട്ടി. റിബേക്കാ സ്വസ്ഥമായിരിക്കുന്നതു് അയാശം കണ്ടു. അയാശം വീണ്ടും വാച്ചെടുത്തുനോക്കി. യാത്ര പുറപ്പെടാൻ കഷ്ടിച്ചു് ഒരു മിനിററോ മററോ മാത്രം.

തൻെറ വെള്ളിക്കുഴലുമേന്തി ററെഡ്ലോക്ക സമേമഴ്സിനു സമീപം നിൽക്കുന്നതു് ഇവാൻസ കണ്ടു. ക്യാപ്ററനായിരുന്ന കാലത്തെന്നപോലെ, അപ്പോഴും കാഹളം മുഴക്കാമോ എന്നു് ഇവാൻസ്

റെറഡ്ലോക്കിനോട്ട ചോദിച്ചു. ഒരു പക്ഷേ റെറഡ് ലോക്ക് അതിൽ അഭിമാനം കൊണ്ടേക്കുമെന്ന് ഇവാൻസ് കരുതി. ശ്വാസം പിടിച്ചു കണ്ണന്തി ക്കൊണ്ടുള്ള ആ പുതിയ ജോലി അയാം സമ്മതിച്ചു.

ഇവാൻസ് അയാളുടെ കൈകം ഉയർത്തി; കാഹളം മുഴങ്ങി. വണ്ടിക്കാർ ശബ്ദമുയർത്തി. കാളകം നുക ത്തിനുള്ളിലേക്കു തള്ളപ്പെട്ടു. ചക്രങ്ങം ഉരുണ്ടു, പൊടി ഉയൎന്നു. വൃത്താകൃതിയിൽ നിന്നിരുന്ന വാഹന സമൂഹം ഒരു നേർനിരയായിതീൎന്നു. ഓറിഗനിലേക്കുള്ള ആ മനുഷ്യപരമ്പര മുന്നോട്ടു നീങ്ങി.

ഇവാൻസിൻെറ സ്ഥാനം ജനങ്ങളുടെ പിൻനിരയി ലായിരുന്നു. കൂട്ടത്തിൽ നിന്നല്പം അകന്നു നടന്നിരുന്ന ഇവാൻസിനു പിന്നിൽ സമ്മേഴ്സും കുതിരക്കാരും വണ്ടികളും തുള്ളിത്തുള്ളിവരുന്നതു കാണാൻ കഴിഞ്ഞു.

വേണമെങ്കിൽ എന്തു നാശവും വരുത്തികൂട്ടാൻ ഇന്ത്യന്മാൎക്കു കഴിയും. എങ്കിലും അശ്വാരൂഢരായ ഒരു സംഘം ഭടന്മാർ ആ വഴി കടന്നുപോയതിനുശേഷം അവർ അതിനു് ഒരുങ്ങുമെന്നു് ഇവാൻസ് കരുതിയില്ല. കേണൽ കേർണിയുടെ നേതൃത്വത്തിൽ മുന്നൂറോളം വരുന്ന അശ്വഭടസംഘമാണ് ആ വഴികടന്നുപോയതു്. ഇന്ത്യന്മാരെ ഭീഷണിപ്പെടുത്തുകയും കുടിയേറിപ്പാർപ്പു കാരെ ഉപദ്രവിക്കരുതെന്നു് അവൎക്കു താക്കീതു നൽകു കയും ചെയ്യുകയാണു തങ്ങളുടെ ഉദ്ദേശമെന്നു കേണൽ കേർണി വ്യക്തമാക്കുകയുണ്ടായി.

ലാറമിയേയും സതേൺ പാസിനേയും ലക്ഷ്യമാക്കി അവർ ദ്രുതഗതിയിൽ പോകുകയായിരുന്നു. സതേൺ

പാസിൽ എത്തിക്കഴിഞ്ഞാൽ അവർ മടങ്ങുകയായി. അവരുടെ ഗതി കണ്ടതോട്ടുകൂടി ഇവാൻസിനു തൻെറ ക്യാപ്റ്റൻ പദവി ആയാസരഹിതമായിത്തോന്നി.

മറെറല്ലാക്കാര്യങ്ങളും ഭദ്രമായിരുന്നു. സമതലത്തിലെ വെള്ളവും അമിതമായ പച്ച മാംസഭോജനവും വരുത്തിക്കൂട്ടിയ വയററിളക്കം ഒഴിച്ചാൽ, ആളുകൾ പൊതുവേ ഉന്മേഷനിരതരും ആരോഗ്യപൂർണ്ണരും ആയിരുന്നു. സമ്മേഴ്സിൻെറ ഉപദേശപ്രകാരം ഓരോ വണ്ടിയിലും ഇരട്ടനുകം ബന്ധിച്ച് അവർ തെക്കൻ സമഭൂമി തരണം ചെയ്തു.

അവർ അങ്ങിനെ കാത്തൗസ് റോക്കിൽ എത്തി. പരിചിതമായൊരു സ്ഥലത്തെത്തിച്ചേൎന്ന കണക്കേ അവർ ആഹ്ലാദഭരിതരായി. കാത്തൗസ് റോക്കിലെ ആഗമനം അവർ ആഘോഷിക്കുവാൻ തീരുമാനിച്ചു. ശരിയായ മാർഗ്ഗത്തിലൂടെയാണു തങ്ങളുടെ യാത്ര എന്നു അവർക്കുറപ്പായി. ആഘോഷം തികച്ചും അനാഡംബരമായിരുന്നു. വെതർബൈ പ്രാർത്ഥന നടത്തി. മാർട്ടിനേയും ടെർലി കുടുംബത്തേയും സ്മരിച്ച് ആരും അദ്ദേഹത്തെ പരിഹസിക്കാൻ ഒരുങ്ങിയില്ല.

യാത്രതുടങ്ങി വളരെ നേരത്തേയ്ക്കു ടെർലി കുടുംബം കൺവെട്ടത്തുനിന്നും മറഞ്ഞിരുന്നില്ല. കൂട്ടം വിട്ടതോടെ, ഉന്മേഷമൊക്കെ നശിച്ചകണക്കേ, മടക്ക യാത്രതുടങ്ങാതെ അപ്പോഴും അവർ അവരുടെ പഴയ വണ്ടിയും ഏതാനും കാലികളുമായി അവിടെ കുത്തിയിരുന്നിരുന്നു. റിബേക്കായും മിസിസ് മാക്കും, മിസിസ് റെഡ്ലോക്കും തങ്ങൾക്കു നൽകിയിരുന്ന മാവും പഞ്ചസാരയും,

മാംസത്തിനും നന്ദി പറഞ്ഞുകൊണ്ട് അവർ-ടെർലിയും പത്നിയും രണ്ടു മെലിഞ്ഞ കുട്ടികളും—തുറിച്ച കണ്ണുകൾ മിഴിച്ചു കാട്ടിക്കൊണ്ടിരുന്നു.

അതിന്ന് അല്പം മുമ്പു വെതർബൈ മാർട്ടിന്റെ അന്ത്യകർമ്മങ്ങൾ നിർവ്വഹിക്കയുണ്ടായി. ഇവാൻസും, സമ്മേഴ്സും, റെറഡ്ലോക്കും നിശ്ശബ്ദരായി കുഴി തോണ്ടി. ആ നിശ്ശബ്ദതയിലും അവരുടെ ഹൃദയങ്ങൾ ചിന്താഭരിതമായിരുന്നു. സ്വന്തമായ ചിന്തകൾ! കുഴി തയ്യാറായപ്പോൾ അവർ മാർട്ടിനെ കുഴിയ്ക്കരികെ കൊണ്ടുകിടത്തി. വെതർബൈ ആഗതനായി ബൈബിൾ പാരായണം ചെയ്തു. ഒരു ശവപ്പെട്ടി ഇല്ലാതിരുന്നതിനാൽ, അവർ മാർട്ടിനെ, അവൻ കിടന്നിരുന്ന പുതപ്പുകൊണ്ടു മൂടി കുഴിയിലേക്കു താഴ്ത്തി മണ്ണിട്ടു. അനന്തരം ഡിക്ക് ശവക്കുഴിക്കു മീതെ വെടിമരുന്നു കത്തിക്കുകയും, കാലികളെ കുഴിക്കു മീതെ നടത്തിക്കുകയും ചെയ്തു. അങ്ങിനെ ചെയ്താൽ ഇന്ത്യന്മാരും ചെന്നായ്ക്കളും ആ ശവക്കുഴി കണ്ടുപിടിക്കാനിടയില്ലെന്നു സമ്മേഴ്സ് പറഞ്ഞു.

ആ മനുഷ്യപ്പട അനന്തരം മുന്നോട്ടു നീങ്ങി. ഇവാൻസിനു മനസ്സിൽ അല്പം അപകർഷബോധം തോന്നി. ക്യാപ്റ്റൻ പദവിക്കു താൻ അർഹനല്ലെന്ന തോന്നലാൽ ഒരു നിസ്സാരതാബോധം അയാൾക്കു അനുഭവപ്പെട്ടു. ഡിക്ക അയാളോടൊപ്പം നടന്നിരുന്നു.

ഡിക്കിന്റെ സൌഹാർദ്ദത്തിൽ സന്തുഷ്ടചിത്തനായി അയാൾ ഡിക്കിനെ ആശ്രയിച്ചു. ഡിക്കിൽ

നിന്നാണ് ഇവാൻസ് ആത്മവീര്യം ആർജ്ജിച്ചിരുന്നത്. ക്യാപ്റ്ററൻ പദവിക്ക് ഇവാൻസ് അർഹനല്ലെന്നായിരിക്കാം അതു തെളിയിക്കുന്നത്. വഴിത്തിരിവുകൾ, നേരായമാർഗ്ഗം, ഇന്ത്യന്മാരുടെ ഒളിസങ്കേതങ്ങൾ, എന്നിവ സംബന്ധിച്ചും മററും ഒരു മാർഗ്ഗദർശിയിൽ നിന്നു പ്രതീക്ഷിക്കാവുന്ന സഹായങ്ങൾ ഒഴിച്ചാൽ, മററാരിൽനിന്നും യാതൊരു സഹായവും ആവശ്യപ്പെടാതെ സ്വന്തം കാലിൽ ഉറച്ചു നിൽക്കുന്ന ഒരാളായിരിക്കണമല്ലോ ക്യാപ്ററൻ. എന്നാൽ ഇവാൻസിൻെറ പ്രകൃതി അതായിരുന്നില്ല. ഒരിക്കലും അയാൾ ഒരു മേലാളത്തം കാണിക്കാൻ ഒരുങ്ങിയില്ല. അതുകൊണ്ട് അയാൾ ഡിക്കിനെ ആശ്രയിക്കും. കടുത്ത പ്രശ്നങ്ങൾ ഉദിക്കുമ്പോൾ ഇവാൻസ് ഉടൻ കൗൺസിൽ വിളിച്ചുകൂട്ടും.

ഇവാൻസ് തൻെറ നാസികാദ്വാരത്തിൽനിന്നു പൊടി തട്ടിക്കളഞ്ഞു. ഒരു കൈ ഉയർത്തി കണ്ണു തിരുമ്മി. അയാൾ പിന്നിലേയ്ക്കു നോക്കി. റിബേക്കാ വണ്ടിയിൽ നിന്നിറങ്ങി അരികത്തുകൂടെ നടക്കുന്നതു് അയാൾ കണ്ടു. ഇവാൻസ് അവളുടെ നേർക്കു കടാക്ഷവിക്ഷേപണം ചെയ്തു. അവൾ വഴിക്കു കുറെ മെലിഞ്ഞുപോയിരുന്നു. എങ്കിലും മുമ്പിലത്തെപ്പോലെ അത്രയ്ക്കു തളർച്ചയോ, ക്ഷീണമോ, പരവശതയോ അവളിൽ കണ്ടില്ല. അവളുടെ മുഖത്തു അതിലേറെ ചൈതന്യം മുമ്പു് ഒരിക്കലും താൻ കണ്ടിരുന്നതായി അയാൾക്കു തോന്നിയില്ല.

കാലിനിരയിൽനിന്നു കുതിരയോടിച്ചുകൊണ്ടു മാക്ബീ വന്നു. അയാൾ കുതിരപ്പുറത്തു നിന്നിറങ്ങി,

ഇവാൻസിനോടൊപ്പം നടന്നു. "ദൈവമേ!......
നല്ലൊരു ദിവസം."

"ആക്കും ഏറ്റവുമായ ദിവസം."

ഇവാൻസ് മാക്ബീയെ കാര്യമായി ശ്രദ്ധിച്ചില്ല. അയാൾ ഒരു വൃത്തികെട്ടവനായിരുന്നു. അയാളിലോ അയാളുടെ ഭാര്യയിലോ ആക്കെങ്കിലും ഏറ്റവുമായി യാതൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും മേഴ്സിയെപ്പോലൊരു സുന്ദരവസ്തുവിനെ അവർക്കെങ്ങിനെ ലഭിച്ചു? ഇവാൻസ് അത്ഭുതപ്പെട്ടു. സുന്ദരിയെന്നു മാത്രമല്ല, അവൾ സുശീലയുമായിരുന്നു എന്ന് ഇവാൻസ് സമ്മതിച്ചു. പക്ഷേ കുറെ വർഷങ്ങളും കുറെ ചെറുപ്പക്കാരുംകൂടി ചേർന്നാൽ മേഴ്സിയും അവളുടെ തള്ളയേയും തന്തയേയുംപോലെ ആയിത്തീരുമെന്ന് അയാൾ ആശങ്കിച്ചു.

ഇവാൻസ് മാക്ബീയുടെ നേർക്ക് ആവശ്യത്തിലധികം ദൃഢസ്വരത്തിലാണു സംസാരിച്ചത്. എന്തുകൊണ്ടെന്നാൽ അയാൾ പറയുന്ന കാര്യത്തിൽ ഇവാൻസിനു വെറുപ്പായിരുന്നു.

"മാക്ബീ! ഇയാൾ റെഡ്ലോക്കിൻെറകൂടെ പോയി നിൽക്കു." മാക്ബീയുടെ തുറന്ന വായ് അടയ്ക്കപ്പെട്ടു.

"തീർച്ചയായും ഞാൻ അങ്ങോട്ടു പോകാൻ ഉദ്ദേശിക്കുകയാണ്. ഞാൻ വേഗം മടങ്ങിവരാം." അവൻ കുതിരപ്പുറത്തു കയറി ഓടിച്ചുപോയി.

മാക്ബീയെ മുമ്പെല്ലാക്കാലത്തെക്കാളും കൂടുതലായി ഇപ്പോൾ സൂക്ഷിക്കേണ്ടതാണെന്നും, പരസ്യമായി

എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും അവൻ വല്ല തന്ത്രവും സൂത്രവും ഒപ്പിച്ചേക്കുമെന്നും ഇവാൻസ് സ്വയമേ പറഞ്ഞു.

## അദ്ധ്യായം 13

ആ ചെരിവു മുതൽ തെക്കുകിഴക്കോട്ടു നീണ്ടുകിടന്ന കോട്ടകൾ, അവയുടെ മേൽ പതിഞ്ഞിരുന്ന നീണ്ട നിഴലുകളൊഴിച്ചാൽ, അപരാഹ്നസൂര്യന്റെ ധവളപ്രഭയിൽ മിന്നിത്തിളങ്ങി. അങ്ങു താഴെ സീയോക്സ്കാരുടെ (നെംബ്രാസ്കായിലെ മുഖ്യമായ ഇന്ത്യൻ ഗിരിവർഗ്ഗക്കാർ) തോൽക്കൂടാരങ്ങൾ കാണാമായിരുന്നു. താഴെ, സ്ത്രീപുരുഷന്മാർ നീങ്ങിക്കൊണ്ടിരുന്നു.

സമ്മേഴ്സ് തന്റെ കുതിരപ്പുറത്തിരുന്നുകൊണ്ടു ചുററുപാടും സൂക്ഷിച്ചുനോക്കി. സ്ഥിതിഗതികൾക്കെന്തൊരുമാററമാണുണ്ടായതെന്ന് അയാൾ ചിന്തിച്ചു. താൻ ആ രാജ്യം ആദ്യം കണ്ടപ്പോൾ, തന്നെപ്പോലെ തന്നെ, വയോബോധം കൂടാതെ അതു തരുണവും വന്യവുമായിരുന്നു. ഇപ്പോഴാകട്ടെ ചുരുങ്ങിയതു നാല്പതു മൈലിനുള്ളിൽ ഒററ കാട്ടുപോത്തിനേയോ മററു വന്യജന്തുക്കളേയോ കാണാനുണ്ടായിരുന്നില്ല. അവിടെ മനുഷ്യാധിവാസത്തിന്റെ സൂചനകൾ പ്രത്യക്ഷങ്ങളായിരുന്നു. ലാറമിയും പ്ലാറേറായും ഒന്നിച്ചു ചേരുന്നിടത്തായിരിക്കണം പ്ലാറേറ ദുർഗ്ഗം നിർമ്മിച്ചിട്ടുള്ളതു്. സമ്മേഴ്സ് ആ ഗിരിപ്രദേശത്തുനിന്നു പോയതിനു ശേഷമാണു് അതു നിർമ്മിച്ചിട്ടുള്ളതു്. അടുത്തു കണ്ടിരുന്നതു ലാറമി ദുർഗ്ഗമായിരുന്നു.

അകലെ ബ്ലാക്ക് ഹിൽസ്, മുററിത്തഴച്ചു നിൽക്കുന്ന വൃക്ഷലതാദികളോടെ, ഇരുണ്ടു് ഉദ്ധതശീഷ്നായി നിന്നിരുന്നു. അതിനുമപ്പുറത്തു്, ദൃഷ്ടികൾക്കതീതമായി റെസ്റ്റ് ബട്ടസ്സും, സ്വീററു വാട്ടറും, സതേൺ പാസ്സും, ഗ്രീനും സ്ഥിതിചെയ്യുന്നു. സമ്മേഴ്സ് തൻെറ താരുണ്യകാലം അവിടെയാണു ചെലവഴിച്ചിരുന്നതു്.

സമ്മേഴ്സ് തൻെറ ശരീരം ഒന്നു കുടഞ്ഞു. അയാൾ കുതിരയെ തിരിച്ചു് ആൾക്കൂട്ടത്തിലേക്കു് ഓടിച്ചുപോയി.

റിബേക്ക: "എനിക്കു കോട്ടയിലെത്താഞ്ഞു വയ്യാ!"

ലിജി: "അധികം താമസിയാതെ നാം അവിടെ എത്തും."

"അവിടെ എത്ര ദിവസം താമസിക്കും?"

"അധികം താമസിക്കേണ്ട കാര്യമില്ല. ഒന്നുരണ്ടു ദിവസം താമസിച്ചേക്കും. നമുക്കു മുന്നോട്ടു നീങ്ങണമല്ലോ."

"ലാറമിയിലേക്കുള്ള വഴി പകുതി കഴിഞ്ഞോ ലിജി?"

"അറുനൂറു മൈൽ കഴിഞ്ഞെന്നു ഡിക്ക് പറയുന്നു."

"ഇനി ദൂരം എന്തുണ്ടു്?"

"ഒരു പക്ഷേ ആയിരത്തിമുന്നൂറു മൈൽ കാണും."

"അതാണു നാശം."

അതിന്നു് അയാൾ ഉത്തരം പറഞ്ഞില്ല. പുകവലിച്ചുകൊണ്ടു പ്രസന്നവദനനായി മുന്നിലുള്ള വണ്ടികളെ സൂക്ഷിച്ചും, ഇടയ്ക്കിടയ്ക്കു പിന്നിൽ നോക്കിയും കാര്യങ്ങളെല്ലാം മുറപോലെ നടക്കുന്നു എന്നുറപ്പുവരുത്തിയും അയാൾ നടന്നുകൊണ്ടിരുന്നു.

"നമുക്കു കൂടുതൽ സമയം കോട്ടയിൽ ചെലവഴി ക്കേണ്ടിവരും. കാലികളെല്ലാം തളൎന്നു," റിബേക്കാ പറഞ്ഞു.

ലിജി തലകുലുക്കുക മാത്രം ചെയ്തു.

"തകരാറൊന്നും കൂടാതെ നാം നീങ്ങുകയാണല്ലോ," അയാൾ പറഞ്ഞു.

"അതെ-നല്ലതുതന്നെ," അവൾ മറുപടി പറഞ്ഞു.

പുരുഷന്മാർ വിചിത്രജീവികളാണെന്ന് അവൾ കരുതി. ഇവാൻസ് ലിജി ഒരു വിചിത്ര ജീവി ആയി രുന്നു. ആഹാരത്തിൽ കല്ലും മണ്ണും കലൎന്നിരുന്നാലും അയാൾ അതിനെ കാൎയ്യമാക്കിയിരുന്നില്ല. വണ്ടികൾ നീങ്ങിക്കൊണ്ടിരിക്കണം. തൻെറ മാംസപേശികൾക്കെ പ്പോഴും ആയാസം നൽകിക്കൊണ്ടിരിക്കണം. ഇവയിൽ അയാൾ യഥാൎത്ഥത്തിൽ ആനന്ദം കൈക്കൊണ്ടു. അവക്ക് ഓറിഗനിൽ ഭദ്രമായി എത്തിച്ചേരേണ്ടതുണ്ടെന്നും അതിനിനിയും ബഹുദൂരം യാത്ര ചെയ്യേണ്ടതുണ്ടെന്നും അവൾക്കറിയാമായിരുന്നു. എങ്കിലും രാത്രി ആകുമ്പോ ഴേയ്ക്കും അവൾക്കത്ര സന്തുഷ്ടിയൊന്നുമില്ലായിരുന്നു. രാത്രിയിൽ അവൾക്കു ക്ഷീണം തോന്നും. ക്ഷീണ ത്തോടൊപ്പം അല്പം ഖേദവും. അടുത്ത ദിവസത്തെ പ്പററിച്ചിന്തിക്കാൻ അവൾ ഇഷ്ടപ്പെട്ടിരുന്നില്ല. ഓറിഗൺ തങ്ങൾ സങ്കല്പിച്ചിരുന്ന രീതിയിലൊക്കെ ത്തന്നെ ആയിരിക്കുമോ എന്നും അവൾ അത്ഭുതപ്പെട്ടു.

"അതാ—ഡിക്ക്!" അവൾ പറഞ്ഞു.

തോലുടുപ്പ് അണിഞ്ഞു സമ്മേഴ്സ് യാത്രാ സംഘത്തെ കൈമാടി വിളിക്കുന്നതു റിബേക്കാ കണ്ടു.

സമ്മേഴ്സിനെ കാണാൻ അവൾ ഉളിഞ്ഞുനോക്കേണ്ടി വന്നു. എന്തുകൊണ്ടെന്നാൽ തൻെറ ശീർഷവസ്ത്രം കൊണ്ടു മുഖം മൂടിയിരുന്നില്ലെങ്കിൽ, സൂര്യരശ്മികൾ അവളുടെ മുഖത്തു നേരിട്ട് അടിയ്ക്കുമായിരുന്നു. അവളുടെ മുഖം ചൂടേററു ചുവന്നു; കാറേററു വരണ്ടു. അത് ഒരു സ്ത്രീയുടെ മുഖത്തെക്കാൾ ഒരു പുരുഷൻെറ മുഖമായി ച്ചമഞ്ഞു. ഒരു സുന്ദരിയല്ല, സ്ഥൂലഗാത്രയും, ദൃഢശരീരയുമായിട്ടാണ് അവളെ ദൈവം സൃഷ്ടിച്ചത്. ഒരു സ്ത്രീയുടെ മൃദുലവികാരങ്ങൾ അവളുടെ ഹൃദയത്തേയും കോരിത്തരിപ്പിച്ചിരുന്നു. അവൾക്കും നല്ല നല്ല വസ്ത്രങ്ങൾ ധരിക്കണം, അവളുടെ ശരീരം മൃദുലമായി സൂക്ഷിക്കണം. ഇവാൻസിനെ ചിന്തിച്ചല്ല; പ്രത്യുത ഒരു സ്ത്രീ എന്ന നിലയിലുള്ള വികാരങ്ങൾ മാത്രം. താനും ചില അവകാശങ്ങളോടുകൂടിയ ഒരു ജീവിയാണെന്നും, സ്ത്രീയെന്ന നിലയിൽ തനിക്ക് അവകാശപ്പെട്ട ഒരു സ്ഥാനമുണ്ടെന്നും അവൾ കരുതി. കോട്ടയിലെത്തിക്കഴിഞ്ഞാൽ ചൂടു വെള്ളത്തിലൊന്നു കുളിക്കാമെന്നും, നൊമ്പരപ്പെടുന്ന അസ്ഥികൾക്ക് അല്പം വിശ്രമം നൽകാമെന്നും അവൾ കരുതി. കോട്ടയിൽ എത്തിച്ചേരുന്നതിനെ അവൾ ഉററു കാത്തുകൊണ്ടിരുന്നു.

റിബേക്കായ്ക്കു് ആ മാസത്തെ തീണ്ടാരിസമയമായിരുന്നു. ഇത്രകാലവും ശരീരവും മനസ്സും ഉന്മേഷഭരിതമായിരുന്നു. പക്ഷേ ആ രീതിയിൽ ഇനി മുന്നോട്ടു പോകുവാൻസാദ്ധ്യമാകുകയില്ലെന്ന് അവൾക്കുതോന്നി. ജനസമൂഹം മുമ്പോട്ടു നീങ്ങിക്കൊള്ളട്ടെ എന്നും തനിക്ക്

അവിടെത്തന്നെ വിശ്രമംകൊള്ളണമെന്നും അവൾക്കു തോന്നി.

ലിജി തൻെറ മുഖം കാണരുതെന്നു കരുതി, റിബേക്കാ അവിടെ അനങ്ങാതെനിന്നു. ഇവാൻസ മുന്നോട്ടു പോയി. അപ്പോഴേയ്ക്കും അവളുടെ വണ്ടിയും കാളയും സമീപം എത്തിക്കഴിഞ്ഞു. അതിനൊപ്പിച്ച് അവൾ വീണ്ടും നടന്നു. ലിജി ഓറിഗനിൽ നിശ്ശേഷം ലീന ചിത്തനായിത്തീർന്നിരിക്കുകയാണെന്നും തന്നിമിത്തം വണ്ടി നോക്കുന്ന കാര്യമൊഴിച്ചു തൻെറ മനസ്സിൽ മററൊന്നുമില്ലെന്നാണ് അദ്ദേഹം കരുതുന്നതെന്നും റിബേക്കാ വിചാരിച്ചു.

മുന്നിലുള്ള വണ്ടികൾ ഒരു ചെരിവിലൂടെ നീങ്ങി കൺമുന്നിൽനിന്നു മറഞ്ഞുകൊണ്ടിരുന്നു. അതു ലാറമി യിലേക്കുള്ള വഴി ആയിരിക്കുമെന്നു റിബേക്കാ കരുതി. കുന്നിനുകളിൽ എത്തിയപ്പോൾ ലിജി തൻെറ കാള കളുടെ നേക്ക് "ഹോയ്" ശബ്ദം മുഴക്കി. റിബേക്കാ, ഇവാൻസിൻെറ സമീപത്തേക്കു നടന്നെത്തി. വാഹന സമൂഹം ആ ചെരിവിലൂടെ നീങ്ങിക്കൊണ്ടിരുന്നു. അങ്ങ് അടിവാരത്തിൽ ഇളകിയാടിക്കൊണ്ടിരിക്കുന്ന വൃക്ഷ ങ്ങളോടും, ഇരുണ്ട നിഴലുകൾ പരന്ന തൃണതലങ്ങ ളോടും ഇരുപാർശ്വങ്ങളിലും കുററിക്കാടുകൾ നിറഞ്ഞ നദിയോടുംകൂടിയ ലാറമി ദുർഗ്ഗം ദൃശ്യമായി. "ഒരു കെട്ടിടം കാണുന്നതിൽ എനിക്കിത്ര സന്തോഷമുണ്ടാകുമെന്നു ഞാൻ ഒരിക്കലും കരുതിയിട്ടില്ല. അവിടെ കസേരകൾ കാണാമോ ലിജി. നല്ല കസേരകൾ; എനിക്കു കസേരയിൽ ഒന്നിരിക്കണം" റിബേക്കാ പറഞ്ഞു.

തനിക്ക് അത്രത്തോളം ആനന്ദം ഇതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലെന്നു മേഴ്സിക്കു തോന്നി. അന്തരീക്ഷം സംഗീത സാന്ദ്രമായിരുന്നു. നിശ ആശാനിർഭരമായിരുന്നു. അന്തരീക്ഷത്തിൽ നക്ഷത്രസമൂഹം മിന്നിത്തിളങ്ങി. ആശയും ഉന്മേഷവും നൽകിക്കൊണ്ട് അവ താഴെ നോക്കി പുഞ്ചിരി പൊഴിച്ചു. ഓറിഗനിലേക്കു പുറപ്പെടാനുള്ള തൻെറ പിതാവിൻെറ തീരുമാനം ശരിയായിരുന്നുവെന്ന്, ഒരു നിമിഷത്തേയ്ക്കു മേഴ്സീ മാക്ബീയ്ക്കു തോന്നി. ഓറിഗനിൽ സ്ഥിതിഗതികൾ നിശ്ശേഷം ഭിന്നമായിരിക്കും. "മി. മാക്ക് ! നിങ്ങളുടെ നെററിത്തടത്തിൽനിന്നു ക്ലേശങ്ങളുടെ ചുളികൾ എല്ലാം ഒഴിഞ്ഞുവോ ? അറുതെന്നറിഞ്ഞുകൊണ്ടു തന്നെ എത്ര പതിവായി ഞാൻ നിങ്ങളെപ്പററി ചിന്തിച്ചിരുന്നുവെന്നു നിങ്ങൾ അറിഞ്ഞിരുന്നോ? പൊടി നിറഞ്ഞ യാത്രാഗതിയിൽ എത്ര തവണ നിങ്ങളെക്കാണാൻ ഞാൻ ഉററു നോക്കിയെന്നു നിങ്ങൾക്കറിയാമോ ?"

പുറത്തു സംഗീതം, ഉള്ളിലും സംഗീതം. സംഗീത കോലാഹലംതന്നെ. ബ്രൗണി ഇവാൻസ്, നീ ഇതു പഠിക്കേണ്ട കാലമായി! സംഗീതം നിൻെറ ഹൃദയത്തെ കോരിത്തരിപ്പിക്കട്ടെ.

മി. ! ബൈർഡ് : ഓ! നിങ്ങൾ ശരിക്കു നൃത്തം ചെയ്യുന്നല്ലോ? മി. ഗോർഹാം! എങ്ങിനെയിരിക്കുന്നു! കൊള്ളാം മി. മാക്ക്! നിങ്ങൾ തന്നെയോ വീണ്ടും! നിങ്ങളുടെ ഭാര്യ എവിടെ ? അവക്കു നൃത്തം ചെയ്യാൻ ഇഷ്ടമില്ലേ ?

നൃത്തം പൊടിപൊടിച്ചുകൊണ്ടിരുന്നു. ഇരുട്ടു തടിച്ചുകൂടി. നക്ഷത്രങ്ങൾ പുഞ്ചിരി തൂകിക്കൊണ്ടിരുന്നു. ഹൃദയത്തുടിപ്പുകളോടെ ഗാനലഹരി മുഴങ്ങി; പാദങ്ങൾ ഇളകി; ശരീരം ചലിച്ചു. ആനന്ദനൃത്തം. മേഴ്സി മാക്ബി മധുരപ്പതിനാറുകാരി! അവൾ ആനന്ദപൂർവം നൃത്തം ചെയ്തുകൊണ്ടിരുന്നു. എങ്കിലും അവൾ ഒന്നു പുഞ്ചിരിച്ചിരുന്നില്ല. എന്തു പറയണമെന്നവൾക്കറിഞ്ഞുകൂടായിരുന്നു. തൻെറഹസ്തതലങ്ങളേററിരുന്ന അമർത്തലുകൾക്ക് എന്തു മറുപടി പറയണമെന്ന് അവൾ അറിഞ്ഞിരുന്നില്ല. സംഗീതം നിലച്ചു. ഹിഗ് അയാളുടെ ഫിഡിൽ മടിയിൽ വച്ചു. പല്ലില്ലാത്ത ചിരി ഒന്നു പൊഴിച്ചു. മേഴസി മാക്ബിയും ഒന്നു പുഞ്ചിരിച്ചു. അതിൽ കുഴപ്പമില്ലെന്ന് അവൾക്ക് തോന്നി. പല്ലില്ലാത്ത ഒരു കിഴവൻ. മി. മാക്ക് എന്തോ അവളുടെ ചെവിയിൽ മന്ത്രിച്ചു. ആളുകൾ അങ്ങുമിങ്ങും നടന്നുകൊണ്ടിരിക്കവേ അയാൾ നിശ്ശബ്ദമായി മന്ത്രിച്ചു. "ഒന്നു നടക്കാൻ വരുന്നോ?" "ആ ഇരുട്ടത്തേയ്ക്കു ഒന്നു വരാമോ? അല്പമൊന്നു നടക്കാൻ; ഇഷ്ടമില്ലേ.?"

ഉള്ളാലെ അവൾ അനുകൂലിച്ചു. പ്രായംചെന്ന മാക്ക് ക്ഷണിച്ചപ്പോൾ കുഴപ്പമൊന്നുമില്ലെന്ന് അവൾ കരുതി. മി. മാക്ക്! അയാളുടെ ഇരുണ്ട കണ്ണുകളും ശുഷ്കിച്ച മുഖവും ഉലഞ്ഞ സുന്ദര വീക്ഷണവും! അവൾ മാന്യമായി നടക്കും. മാന്യമായി സംസാരിക്കും.

അവൾ അനുകൂലമായി തലകുലുക്കി. തീരുമാനിച്ച നിലയ്ക്കു കാത്തിരിക്കാനും അവൾക്കു വയ്യെന്നായി!

ആംക്കൂട്ടത്തിൻെറ സമീപംവെച്ചു ബ്രൌണി ഇവാൻസ്, മേഴ്സിയെ തടഞ്ഞു. "താവളത്തിലേയ്ക്കു മടങ്ങുകയാണെങ്കിൽ ഞാൻ കൂടെകൊണ്ടാക്കാം." അയാഠം പറഞ്ഞു. അവഠംക്കു സങ്കടം തോന്നി. "വേണമെന്നില്ല," അവഠം ശാന്തമായി മറുപടി നൽകിക്കൊണ്ടു് ആ ഇരുട്ടിൽ മറഞ്ഞു.

"ആ വന്നോ," മാക്ക് പതുക്കെ ചോദിച്ചു. നിരുദ്ധകണ്ഠയായി "അതേ" എന്നവഠം മറുപടി നൽകി.

"നിൻെറ വിചാരം ഞാൻ പടുകിഴവനെന്നായിരിക്കും. ഏതായാലും എനിക്കു ചെറുപ്പമായിട്ടാണു തോന്നുന്നതു്. ഒരു പക്ഷേ നിന്നെപ്പോലെ തന്നെ ചെറുപ്പം."

അവർക്കു സമീപം നദി ഒരു മർമ്മരശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. അകലെ സംഗീതം അലതല്ലി. ശബ്ദങ്ങഠം മുഴങ്ങി.

മാക്ക് അവളെ കൈയ്ക്കു പിടിച്ചു സ്വശരീരത്തിലേക്കു് അണച്ചു. അവഠം നിശ്ശബ്ദയായി കരഞ്ഞു. അവൻ ആർത്തിയോടെ അവളെ ചുംബിച്ചു. "മി. മാക്ക് ഇതു ധർമ്മമാണോ? ഇതു ശരിയാണോ? നിങ്ങഠം വൃദ്ധനല്ലേ? എനിക്കു തോന്നുന്നു അതു ശരിയല്ലെന്നു്!"

അവഠം നിലത്തു ശയിച്ചു. പ്രിയംകരമായ ഹസ്തങ്ങഠം, വൃദ്ധഹസ്തങ്ങഠം, ആർത്തിയേറിയ ഹസ്തങ്ങഠം അവളെ തഴുകിക്കൊണ്ടിരുന്നു.

അവരുടെ സിരകളിലെ രക്തപ്പാച്ചിലിൽ സംഗീതവും നൃത്തകോലാഹലവും നിശ്ശബ്ദതയിലമർന്നു. ഊഷ്മളമായ ശ്വാസോഛ്വാസ ഗതിയിൽ നക്ഷത്രങ്ങഠം മങ്ങി

ക്കാണപ്പെട്ടു. വേദന! വേദന! ആർത്തിയേറിയ വേദന. സംഗീതം നഷ്ടമായി, അന്തരീക്ഷം അദൃഷ്ടമായി. സ്വത്വം നഷ്ടമായി. ഒരു വിസ്മൃതിയിൽ അവർ ലയിച്ചു.

പിന്നിട്ടു കിടന്നു കരയാൻ മാത്രമാണവൾക്കു തോന്നിയതു്.

"ഞാൻ വ്യസനിക്കുന്നു മേഴ്സി. പുരുഷൻ ഒരു മഠയനാണു്."

"നിങ്ങൾ ഖേദിക്കേണ്ടാ" അവൾ മന്ത്രിച്ചു. "അതെന്നെ കൂടുതൽ ക്ലേശിപ്പിക്കുകയേ ഉള്ളൂ."

സുഖവും ആർദ്രതയുംകൊതിച്ചു് അവൾ സ്വശരീരം അയാളുടെ നേർക്കു് ചാരി. അവൾ അയാളുടെ കരവലയത്തിലമർന്നു. "ഇതു പ്രേമമല്ല മേഴ്സി, പ്രേമമായിരിക്കുകയില്ല." അയാൾ പറഞ്ഞു.

"എനിക്കറിയാം."

"മി. മാക്ക്, വല്ലതും സംഭവിക്കുമോ?"

"അങ്ങനെ സംഭവിക്കുമെന്നു് എനിക്കുതോന്നുന്നില്ല. നിനക്കു് ഒരു കുഴപ്പവും ഉണ്ടാകില്ല. തീർച്ചതന്നെ. നമുക്കു് ഇനി മടങ്ങിപ്പോകാം.?"

"എനിക്കു നൃത്തം ചെയ്യാൻ വയ്യ."

"എന്നാൽ നിന്നെ ഞാൻ ഭദ്രമായി നിൻെറ കൂടാരത്തിൽ കൊണ്ടുചെന്നാക്കാം."

അവൾ എഴുന്നേററു, തൻെറ വേഷമെല്ലാം നേരെയാക്കി. മാക്കിൻെറ അടുത്തെത്തി, ആ മാറിൽ തല ചായിച്ചു് അയാളുടെ ഷർട്ടിൽ പിടിച്ചുകൊണ്ടു നിന്നു.

"മേഴ്സി" അയാളുടെ കൈകൾ അവളെ വലയം ചെയ്തു. "പാവം! കൊച്ചു മേഴ്സി! ഞാൻ ഭ്രാന്തനാണു്. മേഴ്സി; ഞാൻ നിനക്കു അനുയോജ്യനല്ല.

അല്ലെന്നു പറയൂ. നിന്റെ നന്മയ്ക്കുവേണ്ടിത്തന്നെ; എങ്കിലും നാളെ രാത്രി നമുക്കു കാണാം."

## അദ്ധ്യായം 14

കാട്ടുപോത്തുകൾ; ഒരു ലക്ഷം വരുമെന്നു ഇവാൻസ് കരുതി. മുന്നിലും, പിന്നിലും, വലത്തും, ഇടത്തുമായി ഒരു ലക്ഷം കാട്ടുപോത്തുകൾ. അവയെ എണ്ണി തിട്ടപ്പെടുത്തുവാൻ ഒരായുഷ്ക്കാലംകൊണ്ടു തന്നെയും ഒരാൾക്കു സാദ്ധ്യമാവുകയില്ല. അവ ഒന്ന് അലറി. കാളകളും പശുക്കളും ഭയന്നു കരഞ്ഞു. കിടാക്കൾ അവയുടെ തള്ളപ്പശുക്കളെ ആരാഞ്ഞ് ഉറക്കെ നിലവിളിച്ചു. എല്ലാം കൂടെ ഭീമമായ ഒരാരവം.

കാട്ടുപോത്തുകൾ ആ ജനസമൂഹത്തെക്കണ്ടു വിരണ്ടോടിയില്ല. നേരേ മറിച്ചു പതുക്കെ നടന്നകന്നു. അവ വണ്ടികളുടെ നേർക്കു തുറിച്ചു നോക്കിക്കൊണ്ടിരുന്നു. പിന്നീടു, മേയാൻ പുൽമേട് ആരാഞ്ഞ് അവ നീങ്ങി.

ഇവാൻസ് പറഞ്ഞു: "കണ്ടതുകൊണ്ടു മാത്രമാണു ഞാൻ ഇതു വിശ്വസിച്ചത്. അല്ലാതെ നിങ്ങൾ പറഞ്ഞിരുന്നെങ്കിൽ മാത്രം ഞാൻ വിശ്വസിക്കയില്ലായിരുന്നു. ഭയങ്കരമായ പ്രദേശം. ചിലപ്പോൾ ഒററ കാട്ടുപോത്തിനെ കാണാൻ സാധിക്കയില്ല. അല്ലെങ്കിൽ കാട്ടുപോത്തല്ലാതെ മറെറാന്നുംതന്നെ ഉണ്ടാവില്ല.

ഇങ്ങനെ ഒരു കാഴ്ച കാണാൻ കഴിയുമെന്ന് ഇവാൻസ് വിചാരിച്ചിരുന്നില്ല. ഒരു പ്രദേശം മുഴുവൻ കാട്ടുപോത്തുകൾ. അന്തരീക്ഷം അവയുടെ അലച്ചകൾകൊണ്ടു മുഖരിതവും.

ലാറമിയിൽ രണ്ടു ദിവസം ചെലവഴിച്ചതു നന്നായെന്ന് ഇവാൻസ് കരുതി. വണ്ടികൾ ഉറപ്പിക്കുവാനും, കാളകളെ കച്ചവടം ചെയ്യാനും ആഹാരപദാർത്ഥങ്ങൾ വാങ്ങാനും സാധിച്ചു. പക്ഷെ കച്ചവടം ഏകപക്ഷീയമായിരുന്നു. ഭക്ഷണസാധനങ്ങളുടെ വിലയാകട്ടെ വളരെ അമിതവുമായിരുന്നു. എങ്കിലും അവക്കു അസൗകര്യമൊന്നുമുണ്ടായില്ല. ഹാൻക് മാക്ബിയെയാണു പഞ്ചസാര, കാപ്പി, മാവു് എന്നിവയുടെ വില്പനയ്ക്കായി മി. മാക്ക് ഏർപ്പെടുത്തിയിരുന്നതു്. മാക്കിൻെറ ഉദാരമനസ്ഥിതിയെ ഇവാൻസ് ഇഷ്ടപ്പെട്ടു; എങ്കിലും പണം നഷ്ടപ്പെട്ടതുതന്നെ എന്നയാൾ അറിഞ്ഞിരുന്നു.

ജനസമൂഹത്തിന്ന് ഇപ്പോൾ കൂടുതൽ അടുക്കും ക്രമവും ഉണ്ടായിരുന്നു. കൂടുതൽ സമയനിഷ്ഠയും കൃത്യനിഷ്ഠയും മനസ്സിലാക്കാൻ കഴിഞ്ഞു. ഇന്ത്യന്മാർപോലും അവരെ അധികമായി അലട്ടിക്കൊണ്ടിരിക്കുകയോ, അസന്നദ്ധരായി അവരെ കാണുകയോ ചെയ്തിരുന്നില്ല.

സ്ഥിതിഗതികൾ ഇങ്ങനെ മെച്ചപ്പെട്ടതു തൻെറ സാമർത്ഥ്യവിശേഷംകൊണ്ടാണെന്നു് അയാൾ അവകാശപ്പെട്ടിരുന്നില്ല. ആരുതന്നെ ക്യാപ്റ്റനായിരുന്നാലും ആളുകൾ തന്നത്താൻ കുറെ പഠിക്കുമെന്നയാൾ മനസ്സിലാക്കി. എങ്കിലും അയാൾക്കു് അതിൽ തൃപ്തിയും സന്തോഷവും ജനിച്ചു. എന്തുകൊണ്ടു പൊതുവേ ജനങ്ങൾ ഉന്മേഷപൂർണ്ണരായി കാണപ്പെട്ടു. റെറഡ് ലോക്കിനുപോലും അയാളുടെ ഉത്സാഹം കുറച്ചൊക്കെ മടക്കിക്കിട്ടിയിരുന്നു.

ഇവാൻസിനെ ചിന്തയിൽനിന്നുണർത്തിക്കൊണ്ടു ഡിക്ക് പറഞ്ഞു: "കൊട്ടങ്കാററിനെപ്പററി ചിന്തിക്കുകയാണോ?" തുടർന്നുള്ള നിശ്ശബ്ദതയിൽ, കാട്ടുപോത്തുകളുടെ നീണ്ട നീണ്ട കരച്ചിലുകൾ ഇവാൻസ് ശ്രവിച്ചു.

"എൻെറ ഓർമ്മ ശരിയാണെങ്കിൽ നാം ഇനിയും ശുദ്ധജലം കണ്ടെത്തിയിട്ടില്ല." ഡിക്ക് പറഞ്ഞു.

"നാം നേരത്തേ താവളമടിക്കണമെന്നാണോ ഉദ്ദേശിക്കുന്നത്?"

"ലിജി! കാട്ടുപോത്തുകളുടെ പരാക്രമം ഇനിയും നിങ്ങൾ കണ്ടിട്ടില്ല."

ഇല്ലെന്ന് ഇവാൻസും കരുതി. എങ്കിലും കൊട്ടങ്കാററിനുള്ള വട്ടംകൂട്ടങ്ങൾ കണ്ടുതുടങ്ങുകയും ആ ചെരിവുകളും പരപ്പുകളും കാട്ടുപോത്തുകളെക്കൊണ്ട് ഇരുണ്ടുകൂടുകയും ചെയ്യുമ്പോൾ അതിൻെറ സ്വഭാവം എങ്ങിനെയിരിക്കുമെന്ന് ഊഹിക്കുവാൻ ഇവാൻസിനു കഴിഞ്ഞു.

"അതെപ്പററിയുള്ള ചിന്ത ഞാനിഷ്ടപ്പെടുന്നില്ല."

"സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും തന്മൂലം വിഷമതകൾ ഒന്നും ഉണ്ടാകുമെന്നു ഞാൻ കരുതുന്നില്ല" ഡിക്ക് പറഞ്ഞു.

"ഒരു മനുഷ്യസമൂഹത്തെക്കണ്ടാലും ഇവ പരിഭ്രമിച്ചോടുകയില്ലെന്നോ?"

അനുകൂലമായോ പ്രതികൂലമായോ മറുപടിയൊന്നും പറയാതെ ഡിക്ക് തലയൊന്നു കുലുക്കുക മാത്രം ചെയ്തു.

അവർ ആ തടാകത്തിൻെറ സമീപത്തെത്തിയതുവരെ യാതൊന്നും സംസാരിക്കയുണ്ടായില്ല. ഇരുട്ടിൽ

ആ ജലപ്പരപ്പും ചുററുമുള്ള വെള്ള മണൽപ്പരപ്പും, അതിൽ പകുതി മൂടിക്കിടന്നിരുന്ന അസ്ഥികളും മാത്രമേ അവക്കു കാണാൻ കഴിഞ്ഞുള്ളു. ഡിക്ക് കുതിരപ്പുറത്തു നിന്നിറങ്ങി. കൈവിരൽ തടാകത്തിൽ മുക്കി വെള്ളം രുചിച്ചുനോക്കി. തല കുലുക്കിക്കൊണ്ടു ഡിക്ക പറഞ്ഞു: "ഒന്നാംതരം ശുദ്ധജലം."

"ജനസമൂഹം തടാകത്തിനു തൊട്ടടുത്തു വരാതിരിക്കുവാൻ നാം അല്പം അകലെ ഒരു കൊടി നാട്ടണം" ഇവാൻസ് പറഞ്ഞു, "അല്ലെങ്കിൽ ദാഹിച്ചു വലഞ്ഞു കാലികൾ നാലു വശത്തേക്കും പരക്കം പാഞ്ഞേക്കും."

യാത്രാമാർഗ്ഗത്തിൽനിന്നു പോത്തുകളെ ഓടിച്ചുകൊണ്ട് അവർ ഒരു മണിക്കൂർകൂടി സവാരി ചെയ്തു. അവയ്ക്കു് ഒരുറുതിയും കണ്ടില്ല.

ഇരുണ്ടുകൂടുന്ന മേഘങ്ങളെ ഇവാൻസ് സൂക്ഷിച്ചു നോക്കി. അയാൾ അങ്ങിനെ നോക്കിക്കൊണ്ടിരിക്കവേ ഒരിടി മുഴങ്ങി.

ഡിക്ക് കുതിരപ്പുറത്തു നിവന്നു നിന്നുകൊണ്ട് എന്തോ ചൂണ്ടിക്കാണിച്ചു. പൊടിപടലങ്ങൾക്കിടയിലൂടെ എന്തോ ഇരുണ്ടു തടിച്ചുകൂടുന്നതു് ഇവാൻസ് കണ്ടു.

കുതിര ഓടിച്ചവിടെ എത്തിയപ്പോൾ ഇവാൻസിന് അസ്വാസ്ഥ്യം ജനിച്ചു. ഏതാനും പോത്തുകൾ ആ നീർച്ചാലിലും, ചുററും ആയി നിന്നിരുന്നു. കൂട്ടം പിരിഞ്ഞു്, വെള്ളം കുടിച്ചു ക്ഷീണം തീർക്കാൻ എത്തിയിരുന്ന ഒരു സംഘം കാട്ടുപോത്തുകൾ : അവ വീണ്ടും മേയാൻ പുൽമേട്ടിലേക്കു നീങ്ങിത്തുടങ്ങി.

ഡിക്ക് കടിഞ്ഞാൺ വലയത്തിൽനിന്നു കൈവിട്ടു. അയാറം റൈഫിറം ഒന്നു പരിശോധിച്ചു. "അടുത്തു കിട്ടിയാൽ ഒന്നരണ്ടെണ്ണം താഴെ കിടക്കും."

നീർച്ചാലിന്റെ പത്തുവാര ദൂരെവച്ച് ഡിക്ക് ഒന്നിനെ വെടിവെച്ചു വീഴ്ത്തി. ഇവാൻസ് വെടിവയ്ക്കുവാൻ അല്പം വൈകി. എങ്കിലും അയാളുടെ വെടിയും കുറിക്കു കൊണ്ടു. ഡിക്കും ഇവാൻസും നീർച്ചാൽ പരിശോധിക്കാൻ പിന്തിരിഞ്ഞു നടന്നു. പോത്തിൻകൂട്ടം ആ ചാല് വല്ലാതെ കലക്കിയിരുന്നു.

"ഈ വെള്ളം കുടിക്കാൻ കൊള്ളുകയില്ല ഡിക്ക്" ഇവാൻസ് പറഞ്ഞു.

"അതു തെളിയും. വേണ്ടത്ര വെള്ളം ഒഴുകുന്നുണ്ട്. കലങ്ങിക്കുറുകിയ കുറെ വെള്ളം ഞാൻ കുടിച്ചുനോക്കി."

വണ്ടികറം വർത്തുളാകൃതിയിൽ ക്രമപ്പെടുത്തുവാൻ വേണ്ടി ഡിക്ക് അവിടത്തെ ഭൂപ്രകൃതി ഒന്നു പരിശോധിച്ചു. വാഹനസമൂഹം എത്തിയപ്പോറം അയാറം കുതിരപ്പുറത്തു കയറി, വാഹനങ്ങളെ നയിച്ചു. ശരിക്കു വൃത്താകൃതിയിൽ അവയെ ക്രമപ്പെടുത്തി.

"പോത്തുകളെ എനിക്കു കശാപ്പു ചെയ്യാനുണ്ട്," ഡിക്ക് പറഞ്ഞു. ഇവാൻസ് തല കുലുക്കി. അയാറം തന്റെ വണ്ടിയുടെ സമീപത്തേയ്ക്കു കുതിരയെ ഓടിച്ച് അവിടെ അതിനെ ഒരു ചക്രത്തോടു ബന്ധിച്ചു.

ചുററും വന്യമൃഗങ്ങളാലും ആപൽസൂചകമായ ഭൂപ്രകൃതിയാലും താവളം തന്നെപ്പോലെതന്നെ അസാധാരണമായ നിലയിൽ ശാന്തവും നിർവികാരവുമായിരിക്കുന്നതായി ഇവാൻസിനു തോന്നി.

"റോക്ക എവിടെ ?" ഇവാൻസ് ചോദിച്ചു.

"എന്തോ അവൻ അല്പം മുടന്തി. അവനെ ഞാൻ വണ്ടിയിലെടുത്തിട്ടു," ബ്രൌണി മറുപടി പറഞ്ഞു.

റിബേക്കാ രണ്ടാമത്തെ വണ്ടിയിൽനിന്നു വടിപോലെ ഇറങ്ങിവന്നു. "ഓ! എന്തൊരു മൃഗക്കൂട്ടം," അവരം അത്ഭുതപൂർവ്വം പ്രസ്താവിച്ചു.

"എനിക്കു ചിരിവരുന്നു. അമ്മയ്ക്കു നടക്കാൻ പോലും ഭയമായിരുന്നു." ബ്രൌണി പറഞ്ഞു.

"ഭയംകൊണ്ടല്ല" അവരം മറുപടി പറഞ്ഞു.

"ആ പോത്തിൻപററത്തിൻെറ അലർച്ചകളിൽ നിന്നു രക്ഷപെടാമെന്നു ഞാൻ ഒരിക്കലും ആശിച്ചില്ല."

ആസന്നമായ അന്ധകാരവും ഇരുട്ടും ഓർത്ത് ഇവാൻസ് ജോലികരം ധൃതഗതിയിൽ ചെയ്തു. "നീ അവയ്ക്കു വെള്ളംകൊടുത്തു മേയാൻകൊണ്ടുപോ; അതാണു നല്ലത്" ഇവാൻസ് ബ്രൌണിയോടു പറഞ്ഞു.

"ഇരുട്ടാകട്ടെ, കഴിയുന്നത്ര കാളകളെ കുതിരകളോടൊപ്പം നമുക്ക് ഈ വലയത്തിനുള്ളിലാക്കാം."

"ഞാൻ കുതിരയെക്കൂടെക്കൊണ്ടുപോകും" എന്നു പറഞ്ഞുകൊണ്ടു ബ്രൌണി കെട്ടഴിച്ചു കുതിരപ്പുറത്തു കയറി കാളകളെ മേയിക്കുവാൻ കൊണ്ടുപോയി.

റിബേക്കായെ അവിടെ നിറുത്തിയിട്ട് ഇവാൻസ് വണ്ടികളെല്ലാം നിന്നു പരിശോധിച്ചു. ഇടയ്ക്കു കണ്ടവരോടൊക്കെ അയാരം ഓരോന്നു സംസാരിച്ചു. മേയാൻ വിടുംമുമ്പ് ഓരോ കുതിരയേയും ജീനിയും

മററും അഴിച്ചുമാററണം! നല്ല കാളകളെ അടുക്കൽത്തന്നെ സൂക്ഷിച്ചുകൊള്ളണം! അവയെ കുതിരകളോടൊന്നിച്ച് വലയത്തിൽ സൂക്ഷിക്കാം! നല്ല പുല്ല് ആ വഴിക്കുചെന്നാൽ കാണാം! പിന്നെ വന്നു തീ കത്തിക്കാൻ വിറകുവെട്ടണം! പോത്തുകൾ ചാടിവീണേക്കും! ഇങ്ങനെ ഓരോരോ കാര്യങ്ങൾ.

ആളുകൾ അയാളോടൊന്നും ചോദിക്കാതെ തല കുലുക്കുക മാത്രം ചെയ്തുകൊണ്ടിരുന്നു. എങ്കിലും താൻ റെഡ്ലോക്കിനെപ്പോലെ അധികാരഭാവേനയാണ് സംസാരിച്ചതെന്ന ചിന്ത പിന്നീട് അയാൾക്കുണ്ടായി.

നിർദ്ദേശങ്ങൾ എല്ലാം നൽകിയശേഷം ഇവാൻസ് പോയി കുറെ വിറകുകൊണ്ടുവന്നു. റിബേക്കായ്ക്കു വേണ്ടി തീ കത്തിച്ചു. പിന്നീടു കോടാലിയുമെടുത്തു കാട്ടിലേക്കു പോയി. മററുള്ളവരും അയാളോടൊത്തു ചേർന്നു. നീർച്ചോലയ്ക്ക് ഇരുപാർശ്വങ്ങളിലുമുള്ള കുററിക്കാടുകളിൽനിന്നു കിട്ടാവുന്ന ചുള്ളിവിറകുകൾ എല്ലാം വലിച്ചെടുത്ത് അടുക്കിക്കെട്ടിവെച്ചു.

ഹോംസ് റിഡ്ജ് ഇവാൻസിനു തൊട്ടടുത്തു നിന്നു വിറകൊടിച്ചു ശേഖരിച്ചുകൊണ്ടിരുന്നു. അവരിരുവരുംകൂടി വിറക് അടുക്കിക്കെട്ടിക്കൊണ്ടിരിക്കവേ ഡിക്ക് അവിടെ എത്തി.

"ഒരു കാൽ മൈൽ ദൂരെ നാലുപാടും-വടക്കും കിഴക്കും തെക്കും പടിഞ്ഞാറും തീ കത്തിക്കണമെന്നാണു ഞാനുദ്ദേശിക്കുന്നത്," ഇവാൻസ് പറഞ്ഞു. "ആ പോത്തിൻപററം ഏതുവഴിക്കു നീങ്ങാനാണെളുപ്പം, ഡിക്ക്?"

“പറയാൻ വയ്യാ. വടക്കോട്ടായിരിക്കും. അവ വടക്കോട്ടു നീങ്ങിക്കൊണ്ടിരിക്കയാണ്.”

“കാലികളെ എല്ലാം തെക്കു നിറുത്തിയിരിക്കുകയാണ്. അതിനപ്പുറത്ത് തീയിടാമെന്നാണു കരുതിയതു്.”

“അതുകൊണ്ടെന്തെങ്കിലും പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. കാലികളെ എവിടെ നിറുത്തിയാലും കാട്ടുപോത്തുകൾ എത്തിയാൽ അവ വിരണ്ടോടാം.”

“എങ്കിൽ തെക്കു നമുക്കു് ഏററവും വലിയ തീകൂട്ടാം.”

ഇവാൻസ് വീണ്ടും വിറകു വെട്ടാൻ തുടങ്ങി. ഹോളറിഡ്ജ് വണ്ടിയുമായെത്തി. വിറകുകെട്ടു വണ്ടിയിൽ കേററാൻ ഇവാൻസ് സഹായിച്ചു. ഒന്നിനു പിന്നാലെ മറെറാന്നായി വിറകുകെട്ടെല്ലാം വണ്ടിയിൽ കയററി. അനന്തരം തീയിടേണ്ട സ്ഥാനം കാണിച്ചുകൊണ്ടു് ഇവാൻസ് വണ്ടിക്കു് വഴി തെളിച്ചുകൊടുത്തു. തീയിടേണ്ട സ്ഥാനങ്ങളിലെ ചെടിക്കൂട്ടങ്ങളെല്ലാം വെട്ടിത്തെളിച്ചു. ഓരോ സ്ഥലത്തേക്കും ഓരോരുത്തരെ നിയോഗിച്ചു. തെക്കേ അററത്ത് ഇവാൻസ് നില ഉറപ്പിച്ചു.

“ആവശ്യമുള്ള സാധനങ്ങൾ എല്ലാം എടുത്തുകൊള്ളണം. ഒരു റൈഫിളും. അവ പാഞ്ഞടുക്കുമ്പോൾ വെടിവെച്ചാൽ മടങ്ങിപ്പോയേക്കും. ഇപ്പോഴേ തീ കത്തിക്കണമെന്നു തോന്നുന്നില്ല. ആഹാരം കഴിക്കാൻ സമയം ഉണ്ടു്.”

ഇവാൻസ് തൻെറ വീട്ടിലേയ്ക്കുപോയി. “റിബേക്കാ

തയാറാക്കിയ അത്താഴം കഴിച്ചോ ?" ഇവാൻസ് ആരാഞ്ഞു.

"വന്ന് ഒരുരുള വാരിത്തിന്നിട്ട് കാലിപ്പുറത്തിലേക്കു പോയി. ആ കുട്ടി വല്ലാതെ അദ്ധ്വാനിക്കുന്നുണ്ടു ലിജി."

ഞാൻ കുറെ ഉപ്പ് അങ്ങുമിങ്ങും കൂട്ടിവെച്ചിട്ടുണ്ട്." താഴേനിലത്ത് ചമ്രം പടിഞ്ഞിരുന്നുകൊണ്ടു ഡിക്ക് പറഞ്ഞു.

"എന്തെങ്കിലും പ്രയോജനമുണ്ടാകുമോ എന്ന റിഞ്ഞില്ല."

"ആ കാററ്." താൻ തയാറാക്കിയിരുന്ന ബിസ്കറ്റു കൾ നൽകിക്കൊണ്ടു റിബേക്കാ പറഞ്ഞു. കാററിനെ പ്പററിയല്ലാ റിബേക്കാ ചിന്തിക്കുന്നതെന്നു ഇവാൻസി നറിയാമായിരുന്നു. കൊടുങ്കാററിനോടൊന്നിച്ചു ഒരു പക്ഷേ ആ പോത്തിൻ പാരാവാരം ഇരമ്പിവന്നേക്കും. ബ്രൌണി കന്നുകാലികളോടൊപ്പവുമാണ്. അതേ പ്പററിയാണ് അവൾ ചിന്തിച്ചുകൊണ്ടിരുന്നതെന്ന് ഇവാൻസ മനസ്സിലാക്കി.

കൊടുങ്കാററ് അവരുടെ മുഖത്തടിച്ചു. ഡിക്ക് ! "അതാ കൊടുങ്കാററു തുടങ്ങി ലിജി."

പെട്ടെന്ന് അത്യധികമായ ഉൽക്കണ്ഠയോടെ ഇവാൻസ് ചാടി എണീററ്, "ആളുകളെയൊക്കെ ഞാൻ വിളിച്ചുകൂട്ടാം" എന്നു പറഞ്ഞു. പശ്ചിമാകാശ ത്തിൽ ഒരു മിന്നൽപിണർ പാഞ്ഞു, ഇടി മുഴങ്ങി.

"പാച്ച്, ബ്റൂവർ, റെറഡ്ലോക്ക്, ഇൻകോ എല്ലാവരും പോയി തീ കത്തിക്കൂ."

നിമിഷത്തിനുള്ളിൽ സർവത്ര കൊടുങ്കാററിന്റെ ഘോരാട്ടഹാസം. വാക്കുകൾ പുറത്തേക്കു പോകാത്ത രീതിയിൽ കാററൂതി ഇവാൻസിന്റെ കണ്ഠത്തിൽ പൊടി നിറച്ചു.

"മാക്ക്, ഗോർഹാം, ഫെയർമാൻ, പാച്ച്, എല്ലാവരും വാ!"

ഇവാൻസ് തെക്കോട്ടോടി. ഒരു ചാററു മഴ അയാളുടെ മുഖത്തു പതിച്ചു. വിറകുകെട്ടിൽനിന്നു കുറെ ചുള്ളിക്കമ്പും, ചെടിത്തലപ്പുകളും പറിച്ച് ഒന്നിച്ചുചേർത്ത് അതുകൊണ്ടു പൊടി തട്ടി നീക്കി, തീ കത്തിക്കുന്നതിനുള്ള കല്ലും ഇരുമ്പു കഷണവും വച്ചിരിക്കുന്നിടത്ത് അയാൾ എത്തി. ആരോ ഒരാൾ സമീപത്തു നിൽക്കുന്നതായി അയാൾക്കു തോന്നി. ഒരു മിന്നൽപിണരിന്റെ വെളിച്ചത്തിൽ പാച്ച് തീക്കല്ലുമായി കുതിക്കുന്നതു് അയാൾ കണ്ടു. തീ സാവകാശത്തിൽ കത്തിത്തുടങ്ങി. കാററ് അതു് ഊതിക്കെടുത്തുവാൻ ശ്രമിച്ചു. എങ്കിലും ഒടുവിൽ തീ ആളിക്കത്തി.

"വിറകിട്ടു തീ കത്തിച്ചുകൊണ്ടിരിക്കൂ. ഞാൻ കാലിമേയ്ക്കുന്നവരെ പോയി നോക്കട്ടെ.?"

"ബ്രൗണി എവിടെ?" എന്നു വിളിച്ചുകൊണ്ട് അയാൾ വീണ്ടും ഓടി. ആ ശബ്ദമുണ്ടോ ബ്രൗണിയുടെ ചെവികളിൽ എത്തിച്ചേരുന്നു!

രാത്രി പൊട്ടിത്തെറിച്ച കണക്കേ, മിന്നൽപ്പിണരുകൾ ആകാശത്തെപ്പിളർന്നു; ഇടിമുഴക്കം ഭൂമിയെ വിറകൊള്ളിച്ചു. ആ പൊട്ടിത്തെറിക്കലുകൾക്കുശേഷം വിദൂരതയിൽ ഒരു പെരുമ്പറ ശബ്ദം മുഴങ്ങുന്നതുപോലെ

ഇവാൻസിനു തോന്നി. ലക്ഷ്യക്കണക്കിനുള്ള ആ പോത്തിൻ പററം വിരണ്ടിളകിപ്പായുകയായിരുന്നു.

"ബ്രൌണീ" എന്നു വിളിച്ചുകൊണ്ടു് ഇവാൻസ് വീണ്ടും കാററിനെതിരെ പാഞ്ഞു.

"കാവൽക്കാർ—കാവൽക്കാർ," എന്നു മുറവിളി കൂട്ടിക്കൊണ്ടു് അയാം ആ കുളമ്പടിപ്പെരുമ്പറ മുഴങ്ങുന്നിടത്തേയ്ക്കു് ഓടി.

എന്തോ കാലിൽ തട്ടി അയാം വീണ്ടും എഴുന്നേററു. റൈഫിളിലെ നിറ ഒഴിച്ചു. അരയിൽനിന്നു പിസ്റ്റം വലിച്ചൂരി വെടിവെച്ചുകൊണ്ടു് അയാം വീണ്ടും ഓടി. പിന്നെ ഓടിയിട്ടു കാര്യമില്ലായിരുന്നു. അയാം നിന്നു. നിൽക്കുകയല്ലാതെ ഗത്യന്തരമില്ലായിരുന്നു. തീയ്യു വേണ്ടി ഓടിയിട്ടാവശ്യമില്ല. വരുന്നതു വരട്ടെ; എന്നു കരുതി നിവർന്നു നിൽക്കുകമാത്രം ചെയ്തു.

ആദ്യസംഘം കാട്ടുപോത്തുകം തൻെറ സമീപംകൂടി പായുന്നതുപോലെ അയാംക്കു തോന്നി. മിന്നൽ പിണർ വീണ്ടും വീശി. കന്നുകാലികം തൻെറ വലത്തു വശത്തു തടിച്ചുകൂടിക്കൊണ്ടിരിക്കുന്നതും, കാട്ടുപോത്തുകം കുതിച്ചു കുതിച്ചു മുന്നോട്ടു പാഞ്ഞു മറയുന്നതും അയാം കണ്ടു. പോത്തിൻപററം കാലിക്കൂട്ടത്തിൽ ചെന്നു കയറി ബഹളം ഉണ്ടാക്കിയില്ലെന്നയാം വിചാരിച്ചു.

അയാം നിശ്ചലനായിനിന്നു. ബ്രൌണിയുടെ മുഖം അയാളുടെ മനസ്സിൽ രൂപമെടുത്തുകൊണ്ടിരുന്നു.

അല്പസമയത്തിനുശേഷം കുഴപ്പങ്ങം എല്ലാം തീർന്നെന്നു് അയാം മനസ്സിലാക്കി. പിന്നിൽ പാച്ച്

കത്തിച്ചിരുന്ന തീക്കുണ്ഡവും അതിന് പിന്നിൽ താവള ത്തിലെ തീ ജ്വാലകളും അയാൾ കണ്ടു.

അയാളുടെ ഹൃദയം വികാരഭരിതമായി. ആശ്വാസവും അസ്വാസ്ഥ്യവും അയാളുടെ മനസ്സിൽവന്നു നിറഞ്ഞു.

"ബ്രൗണീ! ബ്രൗണീ! നീ എവിടെ?" എന്നു വിളിച്ചു പറഞ്ഞുകൊണ്ട് അയാൾ ഓടി.

ആരിൽനിന്നും ഒരു മറുപടിയും കിട്ടിയില്ല. പാച്ച് തന്നെ വിളിക്കുന്നത് അയാൾ കേട്ടു.

"ബ്രൗണീ" എന്നു വിളിച്ചുകൊണ്ട് അയാൾ മുന്നോട്ട് ഓട്ടകമാത്രം ചെയ്തു.

പാച്ച് ഇവാൻസിനെ പിടിച്ചു നിറുത്തി. "വരൂ, ഇവാൻസ്, ബ്രൗണീ താവളത്തിൽ കാണും. ഇല്ലെങ്കിൽ നമുക്ക് ആളുകളെ എല്ലാം വിളിച്ചുകൂട്ടി അന്വേഷിക്കാം. അവൻ താവളത്തിൽത്തന്നെ കാണും."

മുമ്പിൽ ചെളിനിറഞ്ഞ പ്രദേശത്തിലൂടെ ഒരു കുളമ്പടി സ്വരംകേട്ടു. "ആരാണതു, പാച്ചാണോ?" അതു ഡിക്കിന്റെ ശബ്ദമായിരുന്നു. "ഇവാൻസിനെ കണ്ടോ?"

"ഇവിടെ ഉണ്ട്."

"പപ്പാ, വിഷമമൊന്നുമുണ്ടായില്ലല്ലോ?"

അതു ബ്രൗണിയുടെ സ്വരമായിരുന്നു. ബാലസഹജമായ പ്രസന്നഭാവത്തോടെ ബ്രൗണിയുടെ വദനം ദൃശ്യമായി. അവന്റെ സ്വരം ഇവാൻസിന്റെ ഹൃദയത്തെ തണുപ്പിച്ചു. "ഭാഗ്യമായി; മോനേ! നിന്നെ ഓർത്തായിരുന്നു ഞാൻ ക്ലേശിച്ചതു്."

## അദ്ധ്യായം 15

ജൂഡിത്ത് ഫെയർമാൻ സാവകാശത്തിൽ ശരീരം ഒന്നു നിവർത്തി. മുതുകിലെ നൊമ്പരം അല്പം ലഘൂ പ്പെടുത്തുന്നതിനായി കൈകൾ ഇരുവശങ്ങളിലും അമർത്തിക്കൊണ്ട് ഒന്നു ഞെളിഞ്ഞു. അവൾക്കു മാത്ര മായിരുന്നില്ല ഈ മുതുകുവേദന. തന്നിമിത്തം അവൾ ധൈര്യപ്പെട്ടു. തൻെറ കാര്യം തുറന്നു സമ്മതിച്ച മിസിസ് ബ്റ്റ്ഗവറും, ഒന്നും പറയാനില്ലാതിരുന്ന മിസിസ് പാച്ചും,സമയം സമാഗതമാകുമ്പോൾ,തനിക്ക് ഒരു ഭവനവും ശയിക്കാൻ അന്തസ്സായൊരു സ്ഥലവും ലഭിക്കുമെന്ന് ആശിച്ചു കഴിഞ്ഞ മിസ് ബൈർഡും കൂടെ ഉണ്ടായിരുന്നു.

സ്ത്രീകൾ ഒഴിച്ചു മററു് ഏവക്കും ഇന്നു് ഒരു വിശ്രമ ത്തിൻേറയും വിനോദത്തിൻേറയും ദിവസമാണ്. ചാറൽസ്, ഡിക്ക് സമ്മേഴ്സും, ലിജി ഇവാൻസും ഒരുമിച്ചു വേട്ടയാടി മാംസം കൊണ്ടുവരുവാൻ പോയി രുന്നു. ജൂലൈ 4th പ്രമാണിച്ചു റെറഡ്ലോക്ക് ചെയ്യുന്ന പ്രസംഗം കേൾക്കാൻ അവർക്കു നേരത്തേ തന്നെ മടങ്ങി എത്തണം. അന്നു ജൂലൈ ഒന്നാം തീയതിയേ ആയിരുന്നുള്ളു. എങ്കിലും ജൂലൈ 4th പ്രമാണിച്ചുള്ള പ്രസംഗം നേരത്തേ നടത്തുകയായിരുന്നു. ജോലി ഉണ്ടായാലും ഇല്ലെങ്കിലും താവളത്തിലെ ആ ഒരു ദിവസത്തെ ജൂഡിത്ത് സ്വാഗതം ചെയ്തു. അന്നു് ഒരു സംഘം കടന്നുപോയതുപോലെ മററു സംഘങ്ങളും മുന്നോട്ടു പോയാലെന്തു് ? ആദ്യമായാണ് ഒരു സംഘം

അവരെ കടന്നു മുന്നോട്ടുപോയതു്. കുറച്ചു കന്നുകാലികൾ മാത്രമുള്ള ഒരു ചെറു സംഘമായിരുന്നു അതു്. സന്ദർശനങ്ങളുമായി സമയം പാഴാക്കാതെ നേതൃത്വത്തിൻ കീഴിൽ അമിതമായി അമന്നു കൈകൾ കാണിച്ചും കൂകി വിളിച്ചും അവർ കടന്നുപോയി. അവരുടെ സംഘത്തിൽപെട്ട നാലുപേർ മരിച്ചുപോയിരുന്നുവെന്നു് അവരുടെ ക്യാപ്റ്ററൻ ഇവാൻസിനോടു പറഞ്ഞു.

ശരി! അവർ പോകട്ടെ! പിന്നിലുള്ള ശവക്കുഴികളിൽനിന്നു് അവർ അതിദ്രുതം മുന്നോട്ടുപോകട്ടെ.

സമതലം കടന്നശേഷം വേണ്ടത്ര മുന്നോട്ടുപോയിരുന്നില്ല. എങ്കിലും, എല്ലാവർക്കും ഒരു വിശ്രമം ആവശ്യമാണെന്നു ജ്രൂഡിത്തു് കരുതി. കാട്ടുപോത്തുകളുടെ ഇരമ്പിക്കയററം മൂലം ചിതറിപ്പോയിരുന്ന കാലികളെ കണ്ടുപിടിക്കാനായി ഒരു ദിവസം മുഴുവനും അടുത്ത ദിവസത്തിൻെറ ഏതാനും ഭാഗവും ചെലവഴിക്കേണ്ടി വന്നിരുന്നു. അവിടെയുമിവിടെയുമായി കന്നുകാലികളെ കാലി സൂക്ഷിപ്പുകാർ കണ്ടെത്തി. ചില കാലികൾ അഴുക്കു ചാലിൽ പൂണ്ടുനിന്നിരുന്നു. ചിലവ എല്ലൊടിഞ്ഞു തകൻന്നുപോയിരുന്നു. ചിലവയെ കാണാനെ കഴിഞ്ഞില്ല. ആകെ നഷ്ടമായ ഇരുപതെണ്ണത്തിൽ മൂന്നെണ്ണം ചാറൽസിൻേറതായിരുന്നു.

“അതെ” അവൾ സ്വയം ചിന്തിച്ചു. “വിശ്രമം കൊള്ളുന്നതു കാണാൻ തന്നെ സുഖമാണു്” എങ്കിലും ആ വിശ്രമത്തിൽ അവൾക്കു പങ്കുകൊള്ളാൻ കഴിഞ്ഞില്ല.

ശീതളജലം, നല്ലതണൽ, വിശ്രമം; അവൾക്കു ചുററും, സ്ത്രീകൾ ജോലി ചെയ്തുകൊണ്ടിരുന്നിടത്തു

മാത്രമേ സോദ്ദേശകമായ ജീവിതക്ലേശങ്ങൾ ഉണ്ടായിരുന്നുള്ളു. എന്നുമെന്നും ഒരേതരം ജോലികൾ ചെയ്തുകൊണ്ടിരിക്കുക; അടുത്ത ദിവസം വീണ്ടും അതാവർത്തിക്കുക; മററു സ്ത്രീകൾക്കും ഈ കാര്യങ്ങൾ ഒരു ഭാരമായി തോന്നുന്നുണ്ടാകുമോ?

താൻ സ്വയമേ ഖിന്നയാണെന്നു് അവൾക്കു് അറിയാമായിരുന്നു. എങ്കിലും തല്ക്കാലത്തേക്കു് അവൾ അതു വകവച്ചില്ല. അവൾ കുനിഞ്ഞു് ഒരു ഷർട്ടിനു സോപ്പിട്ടു് ഉരുമ്മുവാൻ തുടങ്ങി. ടോഡിനോടു് അടുത്തു തന്നെ നിൽക്കാൻ അവൾ വീണ്ടും പറഞ്ഞു.

"ടോഡ്! ദയവായി നീ അലഞ്ഞുതിരിയരുതു്. മടങ്ങിവരൂ. അമ്മയ്ക്കു ജോലിത്തിരക്കുണ്ടു്."

"എനിക്കു നടക്കാൻ പൊയ്ക്കൂടേ അമ്മേ?"

"കുറച്ചു കഴിഞ്ഞു പോകാം. ഇപ്പോൾ എന്റെ അടുത്തു നിൽക്കു്."

റിബേക്കാ ഇവാൻസ് അവൾ കെട്ടിയ അയയ്ക്കടുത്തുനിന്നു ജൂഡിത്തിന്റെ സമീപത്തേയ്ക്കു വന്നു. "ഞാൻ എന്റെ ജോലി എല്ലാം ചെയ്തുതീർത്തു." അവൾ പറഞ്ഞു. "ഞാൻ നിങ്ങളെ സഹായിക്കാം. നിങ്ങൾ ക്ഷീണിച്ചു കാണുന്നല്ലോ." ദൂരത്തെപ്പററിയുള്ള ചിന്ത എപ്പോഴെങ്കിലും റിബേക്കായെ ക്ലേശിപ്പിച്ചിട്ടുണ്ടെങ്കിൽ അതവൾ വിളിച്ചു പറഞ്ഞിരുന്നു.

മൈലുകൾ!.. ദൂരം! ഇന്ത്യന്മാരോ, കാലാവസ്ഥയോ, ദാഹമോ, സമതലങ്ങളോ, പർവതങ്ങളോ, ഒന്നുമല്ല ശത്രുക്കൾ. ദൂരമാണു ശത്രു.

ഓറിഗനിലേക്കു പുറപ്പെടണമെന്ന് അന്നൊരു ദിവസം തീരുമാനിച്ച പുരുഷന്മാരുടെ ശഠവും ഭ്രാന്തവുമായ ധീരതയിൽ ചിലപ്പോഠം അവഠം അത്ഭുതപ്പെട്ടു.

"ഇനിയും വളരെ ദൂരമുണ്ടെന്നു തോന്നുന്നു." അവഠം റിബേക്കായോടു പറഞ്ഞു.

"അങ്ങനെ ചിന്തിക്കരുത്." റിബേക്കാ വസ്ത്രങ്ങഠം തൊട്ടിയിലിട്ട് ഒന്നു കശക്കി.

"നല്ല കാര്യം ഞാൻ പറയാം. എത്ര ദൂരമുണ്ടെന്നു ചിന്തിക്കരുത്. വല്ലപ്പോഴും ഒരിക്കലെ അതു ചിന്തിക്കാവൂ."

കരയാൻ പോകുമാറു ജൂഡിത്ത് അവളുടെ മുഖം തിരിച്ചു. "ഞാൻ നിന്നെപ്പോലെ ആയിരുന്നെങ്കിൽ! റിബേക്കാ! നീ ഒന്നുകൊണ്ടും കുലുങ്ങുകയില്ലെന്നു തോന്നുന്നു."

"നിരാശയും സങ്കടവും ഒന്നും എന്നെത്തീണ്ടുകയില്ല."

"എന്തു സംഭവിക്കുമെന്ന് ആക്കറിയാം?" റിബേക്കാ: "നിനക്കു തോന്നുന്ന ഈ വികാരങ്ങളെല്ലാം ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ എല്ലാവക്കും തോന്നിയിട്ടുള്ളതായിരിക്കും. അല്ലെന്ന് വിചാരിക്കരുത്. ഞാൻ എന്നെപ്പററി തന്നത്താൻ ചിന്തിക്കുമ്പോഠം എനിക്കു നല്ലൊരു മകനും നല്ലൊരു ഭത്താവും ഉള്ളതിനു ഞാൻ ദൈവത്തെ സ്തുതിക്കുന്നു. നിനക്കും നല്ലൊരാളുണ്ടല്ലൊ ജൂഡി?"

ജൂഡിത്ത് സമ്മതസൂചകമായി തലകുലുക്കി. ചാറത്സ്! ആത്മാർത്ഥതയും, സദുദ്ദേശവും നിറഞ്ഞ ദയാർദ്രനും ചിന്താശീലനുമായ ഒരു മനുഷ്യനായിരുന്നു അദ്ദേഹം.

ഇവാൻസിൻെറ കാര്യത്തിൽ പറയാവുന്നമാതിരി അണുമാത്രമായ നിർബന്ധബുദ്ധിപോലും അയാൾക്കില്ലായിരുന്നു.

"ഒരു സ്ത്രീയുടെ പ്രകൃതി പുരുഷൻേറതുപോലല്ല. അത്രത്തോളം സാഹസികമല്ല, വൈവിധ്യമുള്ളതല്ല; എങ്കിലും നാം അവരെ പിന്തുടരുന്നു. നമുക്കതിൽ സന്തോഷവുമാണുതാനും."

തൊണ്ട കുലുക്കി റിബേക്കാ ഒന്നു ചിരിച്ചു. അവൾ തുടർന്നു: "നിങ്ങളുടെ മകൻ അതാ ഒരണ്ണാനെപ്പോലെ കുത്തിയിരിക്കുന്നു."

"അവനു പനി വിട്ടെന്നു ഞങ്ങൾക്കു തോന്നുന്നു."

"അതേ, അവനിപ്പോൾ നല്ല ആരോഗ്യത്തോടെ ഇരിക്കുന്നു."

ടോഡ് തല ഉയർത്തിനോക്കി. "മററു കുട്ടികളോടൊന്നിച്ച് എനിക്കിപ്പോൾ കളിക്കാൻ പോകരുതോ, അതാ അവരെല്ലാം കളിക്കുന്നു."

എന്തുകൊണ്ടവനെ ഓടിക്കളിക്കാൻ വിടുന്നില്ല എന്നൊരു ചോദ്യം റിബേക്കായുടെ മുഖത്തു തെളിഞ്ഞു.

"എനിക്കു സുക്ഷ്മം കുറെ കൂടുതലാണെന്നു തോന്നുന്നു." അവൾ മറുപടി നൽകി. "പക്ഷേ അത്ര സുഖക്കേടായിരുന്നു. ഇത്രയും കാലം വലിയ പനിയായിരുന്നു."

ടോഡിനോടായിട്ട്: "നിൻെറ ദേഹമൊക്കെ അഴുക്കുപുരണ്ടിരിക്കുന്നു." തൻെറ സമീപത്തുനിന്ന് അവൻ പോകുന്നതിൽ അവൾ അകാരണമായി ഭയപ്പെട്ടു.

"ഞാൻ പോയി വെള്ളംകൊണ്ടുവരാം ടോഡി." അവൾ പോയി വെള്ളം കൊണ്ടുവന്നു.

അവർ വസ്ത്രം നനയ്ക്കൽ മുഴമിപ്പിച്ചു. ജ്രൂഡി റിബേക്കായോട്ടു പറഞ്ഞു: "അതൊരു വലിയ സഹായമായി. നിനക്കിനി പോകാം."

"കാര്യമെല്ലാം നേരെ ആകും ജ്രൂഡി. നിൻെറ സമയത്തിന്നു മുമ്പു നാം വില്ലാമെററിയിൽ എത്തും. പതിവായുള്ളതല്ലേ? അതിൽ ഭയപ്പെട്ടുംപോലെ വിഷമമൊന്നുമില്ല."

റിബേക്കാ പുഞ്ചിരിച്ചുകൊണ്ടു നിവൎന്നു; ഉന്മേഷത്തോടെ നടന്നുപോയി.

ജ്രൂഡിത്ത് കുട്ടയെടുത്തുയൎത്തുവാൻ തുടങ്ങവേ, ഹിഗ് എത്തി. "ഗുഡ്മോർണിംഗ്" പറഞ്ഞുകൊണ്ട് അയാൾ തൻെറ നേരിയ ശരീരം ടോഡിയുടെ നേൎക്കു കുനിച്ചു ചോദിച്ചു.

"എങ്ങിനെ ഇരിക്കുന്നു കുഞ്ഞേ?"

"അമ്മ എന്നെ കളിക്കാൻ വിടുന്നില്ല."

"ഇല്ലയോ! എന്നാൽ ഇപ്പോൾ അനുവദിക്കും. നമുക്കു രണ്ടുപേൎക്കുംകൂടി ഒരു വീടുണ്ടാക്കി കളിക്കാം. അവിടെപ്പോയി ആ ഉണക്കക്കമ്പ് ഇങ്ങ് എടുത്തുകൊണ്ടുവാ."

ഹിഗ് കുറേനേരം ടോഡിയെ സഹായിച്ചു. അനന്തരം അയാൾ പറഞ്ഞു: "ഇതാ നിനക്കൊരു വീട്. ചിതലൊന്നും കയറാതെ നീ അതു സൂക്ഷിക്കു! കേട്ടോ? എനിക്കുപോയി ഒരു വണ്ടിപ്പട്ട ഉറപ്പിക്കാനുണ്ടു."

അയാൾ എണീററ് ഒരു കുതിരയെപ്പോലെ തുള്ളിത്തുള്ളി മുന്നോട്ടു നീങ്ങി. "ഹൃദയമുള്ള ഒരു വികൃതരൂപം." ജ്രൂഡിത്ത് വിചാരിച്ചു.

അവരം കുട്ട കയ്യിലെടുത്തു. "നീ വീടുണ്ടാക്കി ക്കളിക്കു്. അപ്പോഴത്തേയ്ക്കു ഞാൻ ജോലി തീക്കട്ടെ. പിന്നെ നമുക്കു നടക്കാൻ പോകാം." അവരം രണ്ടു മരങ്ങരംക്കിടയിൽ കെട്ടിയുണ്ടാക്കിയിരുന്ന അയയുടെ അടുത്തേക്കു പോയി. നനച്ച വസ്ത്രങ്ങരം ഓരോന്നായി എടുത്തു കുടഞ്ഞു വിരിച്ചിട്ടു.

ഹൃദയമുള്ള ഒരു വികൃതരൂപം! വിസ്മൃതമായ ഒരു ആപ്പിരംപ്പഴംപോലെ വിരൂപമായ ഒരു വദനത്തിനു പിന്നിൽ ഒരു വ്യക്തിത്വം. അതുമല്ല; അതിലുമേറെ എന്തോ ഒന്നുണ്ടു്. സൗശീല്യവും സൗഹാർദ്ദവും പുലർത്തിയിരുന്ന ഒരു ചൈതന്യം. ക്ലേശങ്ങരം കൊണ്ടോ, യാത്രകൊണ്ടോ, ദൂരംകൊണ്ടോ, ഉലയാത്തതും ഒരു ഫിഡിലിൽ ആനന്ദംകൊണ്ടിരുന്നതുമായ ഒരു ഹൃദയം.

അവരം ഒടുവിലത്തെ തുണിയും വിരിച്ചിട്ടു തിരിഞ്ഞു നോക്കിയപ്പോഴേക്കു് ടോഡ് പൊയ്ക്കഴിഞ്ഞിരുന്ന തായിക്കണ്ടു.

അവൻ ഓടിപ്പോകണമെന്നു കരുതിയിരുന്നില്ല. ക്രൂഡിത്ത് നനച്ചുകൊണ്ടിരുന്ന സ്ഥലത്തുനിന്നു് അവൻ ഉണങ്ങിയ പുല്ലിൻെറ മീതെ പതുക്കെ നടന്നു. ചിറകിട്ടടിച്ചുകൊണ്ടു് ഒരു വലിയ വെട്ടുകിളി ചാടി. അതിൻെറ പിന്നാലെ അവൻ ഓടി. അതു ചെന്നിരിക്കുന്നിടം കണ്ടു. അതിനെ അടിച്ചമർത്തുവാൻ അല്പം ഭയം തോന്നുകയാൽ കൈകൊണ്ടു പൊത്തിപ്പിടിക്കുവാൻ മുന്നോട്ടടുത്തു. വെട്ടുകിളി വീണ്ടും പറന്നു. അവനും പിന്നാലെ ഓടി. കുറെക്കഴിഞ്ഞു വെട്ടുകിളി എങ്ങോ

പറന്നു മറഞ്ഞു. തന്നിമിത്തം അവന്ന് അതിനെ കണ്ടു പിടിക്കാൻ കഴിഞ്ഞില്ല.

ആ ശ്രമം ഉപേക്ഷിച്ച് അവൻ തിരിഞ്ഞു നോക്കിയപ്പോഠം അടുത്തെങ്ങും അമ്മയെ കാണാനുണ്ടായിരുന്നില്ല. ഒററ മനുഷ്യനെ എങ്കിലും, ഒററ കുട്ടിയെപ്പോലും, അവനു കാണ്മാൻ കഴിഞ്ഞില്ല. എങ്കിലും അവരുടെ മുറവിളിയൊച്ചകഠം കേഠംക്കാമായിരുന്നു. മാതാവിൻെറ ഭദ്രമായ ഹസ്തങ്ങളിലണയാൻ ആശിച്ച് അവൻ പിന്തിരിഞ്ഞു നടന്നു തുടങ്ങി.

തകൎന്നുകൂടിക്കിടന്ന പാറക്കൂട്ടത്തിനിടയിൽ എവിടെയോനിന്നു വെട്ടുകിളിയുടെ വിരണ്ട ചിറകടിയൊച്ച അവൻ വീണ്ടും കേട്ടു. ആ പാറക്കൂട്ടത്തിലേക്ക് അവൻ തിരിഞ്ഞോടി.

താഴേ നിലത്തു, ചുക്കിച്ചുളിഞ്ഞ മുഖവും രൂക്ഷമായ കണ്ണുകളും മൂക്കിനു പകരം രണ്ടു ദ്വാരങ്ങളുമായി ഒരു കൊച്ചുമനുഷ്യൻെറ മുഖം അവൻെറനേൎക്ക് ഉററു നോക്കി. ഇറുക്കിപ്പിടിച്ചിരുന്ന വായിൽനിന്നു ദ്രുതഗതിയിൽ അതു നാവിട്ടു ചലിപ്പിച്ചുകൊണ്ടിരുന്നു.

കൊച്ചുമനുഷ്യൻെറ മുഖം! പാമ്പിൻെറ മുഖം.

പാമ്പാണെന്നറിഞ്ഞ നിമിഷത്തിൽ പരിഭ്രമം കൊണ്ട് അവന്ന് ഓടാൻ കഴിഞ്ഞില്ല. ഭയവിഹ്വലനായി അവൻ അവിടെത്തന്നെ നിന്നു.

“ടോഡി! ഓ ടോഡി!”

അവൻ വട്ടത്തിൽ കറങ്ങി. അവിടെനിന്നു നീങ്ങി. കാലിൽ സൂചികൊണ്ടു കുത്തിയതുപോലെ തോന്നി.

താവളം ദൃഷ്ടിഗോചരമായതോടുകൂടി ലിജി ഇവാൻസ് കടിഞ്ഞാൺ ഒന്നു മുറുക്കിപ്പിടിച്ചു. "അതാ! താവളം. ഒരു കല്പവൃക്ഷംപോലെ". ഡിക്ക് സമ്മേഴ്സും ചാറൽസ് ഫെയർമാനും കടിഞ്ഞാണുകൾ മുറുക്കി കുതിരകളെ മന്ദഗതിയിലാക്കി.

"ഭാഗ്യവശാൽ നാം ഇതുവരെ ഒന്നും കാണേണ്ടിവന്നില്ല." ഡിക്ക് പറഞ്ഞു.

"ഡിക്ക് എന്താണ് ഉദ്ദേശിക്കുന്നത്?" ഫെയർമാൻ ആരാഞ്ഞു.

"ഇന്ത്യന്മാർ! നാം ഇതുവരെ ഒററ ഇന്ത്യനേയും കണ്ടില്ല."

"ഇനിയും സമയമുണ്ടല്ലോ?" ഇവാൻസ് പറഞ്ഞു.

"പർവ്വത നിര കടന്നാൽ പിന്നെ കുഴപ്പം ഒന്നുമില്ല."

".കാട്ടുപോത്തുകളുമില്ലേ?"

"തുച്ഛം; നാളെയും മററന്നാളുമായി ഈ മാംസം ഉണക്കണം. പോത്തുകൾ ഇന്നും വന്നു ചാട്ടമോ? എന്തോ?"

ഇവാൻസ് ആകാശത്തേക്കു് ഒന്നു നോക്കി.

"സ്വാതന്ത്ര്യദിനത്തെപ്പററിയുള്ള റെറഡ് ലോക്കിന്റെ പ്രസംഗം കേൾക്കാൻ പറഞ്ഞതുപോലെ സമയത്തെത്തി."

ഡിക്കിന്റെ നേർക്കു് ഇവാൻസ് വീണ്ടും നോക്കിയപ്പോൾ റെറഡ്ലോക്കിന്റെ ചിന്ത അയാളുടെ ഹൃദയത്തിൽ നിന്നുനീങ്ങി.

"എന്താണു തകരാറു്?"

താവളത്തിൻെറ നേക്കുള്ള ഡിക്കിൻെറ നോട്ടത്തെ ഇവാൻസിൻെറ കണ്ണുകളും പിന്തുടർന്നു.

താവളവലയത്തിനു സമീപം അവർ കുതിരകളെ നിർത്തിയപ്പോൾ, ഡിക്കിൻെറ ആശങ്ക ശരിയായിരുന്നു വെന്നു് ഇവാൻസിനു തോന്നി. ഫെയർമാൻെറ കുതിര അവിടെ കെട്ടഴിഞ്ഞു് ഇരു കാലിൽ കുതിച്ചു നിന്നിരുന്നു. അവിടെ ഒററ മനുഷ്യനെ കാണാൻ കഴിഞ്ഞില്ല. എല്ലാവരും അപ്പുറത്തായിരുന്നു.

ആദ്യം കണ്ടുമുട്ടിയ ഹിഗിനോടു് ഇവാൻസു് ആരാഞ്ഞു: "അവിടെ എന്താണു് ?"

"കുട്ടിയെ പാമ്പു കടിച്ചു."

"ടോഡ്!"

"പാമ്പു കടിച്ചു. ഉച്ചയ്ക്കുമുമ്പ്. രക്ഷയില്ലെന്നു തോന്നുന്നു."

അവർ കൂടാരത്തിലേയ്ക്കു പാഞ്ഞു. റിബേക്കാ കയ്യിൽ ഒരു പാത്രവുമായി കിടക്കയ്ക്കു സമീപം നില്ക്കുന്ന താണു് ഇവാൻസ് ആദ്യം കണ്ടതു്.

"ഞങ്ങൾ ഇപ്പോൾ അറിഞ്ഞതേ ഉള്ളൂ. എങ്ങനെ ഉണ്ടു് ?" ഫെയർമാൻ തല തിരിച്ചുകളഞ്ഞു. കുട്ടി അവശനിലയിൽ ഞരങ്ങി. അവൻെറ അമ്മ അവൻെറ നേക്കു് കുനിഞ്ഞു.

"കുറച്ചു വെള്ളം കൂടിവേണോ, ടോഡി! ഒന്നുകൂടി കുടിക്കണോ ?"

ഇവാൻസ് ഡിക്കിനെ വിളിച്ചു. ഡിക്ക് കൂടാരത്തി ലേയ്ക്കു തള്ളിക്കയറി. കണ്ണുകൾ കിടക്കയിൽ ഉറപ്പിച്ചു കൊണ്ടു് അയാൾ നിലയായി.

"അവനു പനിയായിരുന്നു. പനിയാണെന്ന് അവൻ അവൻെറ അമ്മയോടു പറഞ്ഞിരുന്നു." ഫെയർമാൻ പറഞ്ഞു. അയാഠം പുതപ്പെടുത്തു മാററി.

ആ കാലു കണ്ടപ്പോഠം ഇവാൻസ് ഞെട്ടിപ്പോയി. കാല് അരയോളം നീരുവന്നു വീർത്തിരുന്നു. തൊലി, വിഷമേററ രക്തംകൊണ്ടു് നീലിച്ചിരുന്നു.

റിബേക്കാ പറഞ്ഞു: "മി. ബൈർഡ് മുറിവു തുറന്നു രക്തമെടുത്തു്, ഉപ്പും വെടിമരുന്നും ഇട്ടു തിരുമ്മി ക്കയററി. അതിൽക്കവിഞ്ഞു് എന്തെങ്കിലും ചെയ്യാൻ ഞങ്ങഠംക്കറിഞ്ഞുകൂടായിരുന്നു."

"നിങ്ങഠംക്കു് എന്തെങ്കിലും അറിയാമോ?" ജൂഡിത്ത് ഫെയർമാൻെറ സ്വരം ലോലമായിരുന്നു.

ഒരു കൗശലം ആരാഞ്ഞുകൊണ്ടു ഡിക്ക് ചോദിച്ചു: "നിങ്ങഠം രക്തം വലിച്ചൂറി എടുത്തോ?"

രക്തം വലിച്ചൂറി എടുക്കുന്ന കാര്യത്തെപ്പററി ചിന്തി ക്കാഞ്ഞതിൽ ദുർവ്വഹമായ അപരാധബോധത്തോടെ അവഠം അവളുടെ തല സാവകാശത്തിൽ കുലുക്കി. കുട്ടി ഞരങ്ങി, ദീനമായി നിലവിളിച്ചു, "അമ്മേ! വേദനി ക്കുന്നു."

"എനിക്കറിയാം മോനെ!—എനിക്കറിയാം. കുടിക്കാൻ വെള്ളം വേണോ?"

ജൂഡിത്തിൻെറ വിവർണ്ണമായ നീലക്കണ്ണുകളിൽ നിന്നു് അശ്രുക്കഠം ധാരയായി കവിഠംത്തടത്തിലൂടെ ഒഴുകി; കുട്ടി മറുപടി പറഞ്ഞില്ല. അവൻ മയക്കത്തി ലാണു. അവൻെറ മിഴികഠംക്കടിയിലും കപോലങ്ങളിലും

മരണത്തിൻെറ നീലിമ പരക്കുന്നതായി ഇവാൻസ് ഭയന്നു. ടോഡിൻെറ ശ്വാസോച്ഛ്വാസം ഇവാൻസ് ശ്രദ്ധിച്ചു.

ഫെയർമാൻ വാവിട്ടു നിലവിളിച്ചു: "നാം ഇങ്ങനെ കാത്തു നിന്നാൽ മതിയോ?" "സാരമില്ല, ചാർലി" ഇവാൻസ് പറഞ്ഞു. അയാഠം കൂടാരത്തിൻെറ വാതിലി ലൂടെ കുനിഞ്ഞു പുറത്തിറങ്ങി.

"നിങ്ങഠം പെണ്ണുങ്ങളിൽ ആരെങ്കിലും കുറെ പാല് തിളപ്പിക്കു്."

ബ്രദർ വെതർബൈ അപ്പോഴും വാതുക്കൽ നിന്നിരുന്നു.

"വേണമെങ്കിൽ ഞാനും വരാം."

"ഉപകാരം ഡിക്ക്: വരൂ."

ആളുകളിൽ നിന്നകന്നു് ഒരു വശത്തേക്കു് ഇവാൻസ് ഡിക്കിനെ കൂട്ടിക്കൊണ്ടുപോയി.

ഡിക്ക് പറഞ്ഞു: "ഒന്നും തന്നെ ചെയ്യാനില്ല ലിജി."

ഇവാൻസ്: "എങ്കിലും നാം ചെയ്യാനുള്ളതെല്ലാം ചെയ്യൂ, ഒടുവിൽ ദൈവഹിതം നിറവേറി എന്നു ജൂഡി ത്തിനെ ആശ്വസിപ്പിക്കണ്ടേ?"

ഡിക്ക് ഒരു നിമിഷത്തേക്കു ചിന്തിച്ചു. എന്നിട്ടു ശാന്തമായി പറഞ്ഞു: "നിങ്ങളൊരു നല്ല ആളുതന്നെ ലിജി. സീഓക്സുകാർ മന്ത്രത്തിന് ഉപയോഗിക്കുന്ന ഒരു തരം കിഴങ്ങുണ്ടു്. അതുകൊണ്ടു വലിയ പ്രയോജനമൊന്നുമില്ലെങ്കിലും ഞാനതു കുഴിച്ചെടുത്തു കൊണ്ടുവരാം."

ഡിക്ക് ഏതോ കാട്ടുമരുന്നു കൊണ്ടുവരുവാൻ പോയിട്ടുണ്ടെന്നു പറഞ്ഞുകൊണ്ടു് ഇവാൻസ് വീണ്ടും കൂടാരത്തിൽ കയറി.

"കൊള്ളാം," എന്നു പറഞ്ഞുകൊണ്ടു പുതപ്പെടുത്തു ഫെയർമാൻ കുട്ടിയെ വീണ്ടും മൂടി.

കാലെല്ലാം മാററി വച്ചിട്ടും കുട്ടി അനങ്ങിയില്ല. അവൻ ശാന്തനായി അവിടെക്കിടന്നു. ടോഡിൻെറ ഒരു കയ്യ് സ്വഹസ്തങ്ങളിലമർത്തിക്കൊണ്ടു ജ്രൂഡിത്ത് മന്ദമന്ദം തലോടിക്കൊണ്ടിരുന്നു.

"അവനു യാതൊരുല്ലാസവുമില്ലായിരുന്നു." അവൾ പറഞ്ഞു; "അത്രയ്ക്കു സുഖമില്ലായിരുന്നു."

ഫെയർമാൻ കുട്ടിയുടെ ശിരസ്സ് ഉയർത്തി തുപ്പിച്ചതിനു ശേഷം വീണ്ടും കിടത്തി.

ജ്രൂഡിത്ത് തുടർന്നു: "ഇന്നു രാവിലെ ഞാനവൻെറ കൂടെ കളിക്കാൻ പോകേണ്ടതായിരുന്നു!"

"തന്നത്താൻ കുററപ്പെടുത്തേണ്ട." റിബേക്കാ പറഞ്ഞു. "നീ കുററക്കാരിയല്ല."

ജ്രൂഡിത്തിൻെറ ഹൃദയം പൊട്ടിത്തകരുമെന്നു് ഇവാൻസ് ശങ്കിച്ചു.

ഡിക്ക് ഒരു പാത്രത്തിൽ കുറെ ചൂടു പാലും മറെറക്കയ്യിൽ എന്തോ കിഴങ്ങുമായി എത്തി. ഒരു കിഴങ്ങെടുത്തു് അയാൾ ചവച്ചരച്ചു് കൈയ്യുള്ളിലേക്കു തുപ്പി.

"എങ്ങനെയിരിക്കുന്നു ചാർലി?"

ജ്രൂഡിത്ത് ഒരു ടവ്വൽ എടുത്തു ചൂടു പാലിൽ മുക്കി, മടക്കി, തിരികെവന്നു കുട്ടിയുടെ മീതെ വിരിച്ചു. ഫെയർമാൻ വീണ്ടും പുതപ്പെടുത്തു മൂടി.

ഡിക്ക് വീണ്ടും ഒരു കിഴങ്ങെടുത്തു ചവച്ചു. ഇവാൻസ് പഴന്തുണി ചൂടുപാലിൽ മുക്കി.

"ഇവനെ ഓർത്താണു ഞങ്ങൾ ഒാറിഗനിലേക്കു പോകാൻ തുനിഞ്ഞതു." ജൂഡിത്തിൻെറ നേരിയ ശബ്ദം വിദൂരതയിൽ നിന്നെന്നവണ്ണം കേൾക്കായി.

ഇവാൻസ് ടോഡിൻെറ കൈകളിലേയ്ക്കു് ഉററു നോക്കി, ജൂഡിത്ത് പൊട്ടിക്കരഞ്ഞു. ഹൃദയം തകൎന്ന കരച്ചിൽ!

കുട്ടിയുടെ കണ്ണുകൾ അടഞ്ഞുകൊണ്ടിരുന്നു; ഒരു പാടലവൎണ്ണം വ്യാപിച്ചുകൊണ്ടിരുന്നു. ടോഡ് ആസന്ന മൃത്യുവായെന്നു് ഇവാൻസ് മനസ്സിലാക്കി.

തൻെറ നേക്കു് എറിയപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും "ആശ ഇല്ല" എന്നു മറുപടി നൽകിക്കൊണ്ടു് ഇവാൻസ് എഴുന്നേററു കൂടാരത്തിനു വെളിയിലേക്കിറങ്ങി. ഇവാൻസ് അവിടെ നിന്നിരുന്ന വെതർബൈയെ കൂടെ വിളിച്ചു. ഉപദേശിമാരുടെ സാന്നിദ്ധ്യത്തിൽ, ചിലപ്പോഴൊക്കെ ദൈവത്തിനു നന്ദി പറയണമെന്നു് ഇവാൻസിനു തോന്നി.

## അദ്ധ്യായം 16

അന്നൊരു വരണ്ട ദിവസമായിരുന്നു. ശുഷ്ക്കിച്ച ദിവസം. ചൂടുകാററ്! സൂര്യൻ ഒരടി ഉയൎന്നിരുന്നില്ല, അതിനുമുമ്പേ ഇവാൻസിനു് തൻെറ മുതുകിൽ ചൂട്ടു് അനുഭവപ്പെട്ടു. അല്പംകൂടെ കഴിഞ്ഞാൽ ചൂടേററു പൊള്ളിത്തുടങ്ങും. പടിഞ്ഞാറ്റു് നിന്നൂതിക്കൊണ്ടിരുന്ന ചൂടു കാററ് മുഖത്തെ തൊലി വരട്ടി.

ബ്രൂദർ വെതർബൈ തുടങ്ങുന്നതും കാത്തു് അയാരം മററുള്ളവരോടൊപ്പം നിലയായി. കറുത്ത കോട്ടു ധരിച്ചു, തൊപ്പി മാററി, ബൈബിളുമേന്തി വെതർബൈ അവിടെ നിന്നിരുന്നു.

ഒടുവിൽ ആ പതറിയ സ്വരം പുറത്തുവന്നു. ദൈവത്തിൻെറ മാർഗ്ഗങ്ങരം നിഗൂഢമാണെന്നു വെതർബൈ പറയുകയായിരുന്നു. വെതർബൈ പറയുന്ന കാര്യങ്ങരം ശ്രദ്ധിക്കുവാൻ ഇവാൻസ് ശ്രമിച്ചു. എങ്കിലും അയാളുടെ മനസ്സ് നിരവധി ചോദ്യങ്ങരം സ്വയമേവ ചോദിച്ചുകൊണ്ടു് അലഞ്ഞു തിരിയുകയായിരുന്നു. റിബേക്കായും മിസിസ് ബ്രൂവറും കൂടിയാണു തലേന്നു രാത്രി ആ ജഡം കുളിപ്പിച്ചു മൂടിക്കിടത്തിയതു്. ഫെയർമാൻകുടുംബാംഗങ്ങളെ ഓരോന്നു പറഞ്ഞാശ്വസിപ്പിച്ചു കൊണ്ടു രാത്രി മിക്കവാറും അവർ അവിടെത്തന്നെ ഇരുന്നു. ദുഃഖാർത്തരായി മിക്കവാറും മൂകരായി ഫെയർമാൻ കുടുംബാംഗങ്ങളും അവിടെ ഇരുന്നിരുന്നു.

"നിങ്ങളുടെ ഹൃദയം കലങ്ങരുതു്. ദൈവത്തിൽ വിശ്വസിപ്പിൻ ; എന്നിലും വിശ്വസിപ്പിൻ. എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം പ്രാസാദങ്ങളുണ്ടു്."

പ്രാസാദങ്ങരം ! ഒരു കൊച്ചുകുട്ടി ! ഈ പ്രാസാദങ്ങളുടെ കാര്യത്തിൽ എന്തു് താല്പര്യം ? അവൻെറ ഏററവും നല്ല പ്രാസാദം അവൻെറ അമ്മ ആയിരുന്നു. എങ്കിലും ദൈവം പ്രവർത്തിക്കുന്നതു നിഗൂഢമാർഗ്ഗങ്ങളിലൂടെയാണു്. അതു ദൈവത്തിനു വിട്ടുകൊടുക്കുക.

റിബേക്കായുടെ തളൎന്ന ഖേദഭാരവും ശക്തിയും ഇവാൻസ് മനസ്സിലാക്കി. അവൾ തന്റെ സമീപം നിൽക്കുകയായിരുന്നു. ക്ലേശംകൊണ്ടും നിദ്രാരാഹിത്യം കൊണ്ടും അവളുടെ കണ്ണുകൾ ചുവന്നിരുന്നു.

ഒരു കൊല്ലത്തിനു മുമ്പ് എന്നന്നേക്കുമായി ലോകത്തോടു യാത്ര പറഞ്ഞ തങ്ങളുടെ ദ്വിതീയസന്താനത്തെപ്പററിയാണ് അവൾ ചിന്തിച്ചുകൊണ്ടിരുന്നതെന്ന് ഇവാൻസ് മനസ്സിലാക്കി. അവരുടെ സമസ്താശകളും ബ്രൗണിയിൽ വിശ്രമം കൊണ്ടു.

ബ്രൗണി തന്റെ മറുവശത്തു നിന്നിരുന്നു. ജീവിതത്തിന്റെ ക്ലേശഭൂയിഷ്ഠമായ ഗതിവിഗതികളുടെ നേക്കുള്ള അമ്പരപ്പ് ആ മുഖത്തു പ്രകടമായിരുന്നു. ജീവിതത്തിലുടനീളം എന്നെന്നും ആനന്ദാഹ്ലാദാനുഭൂതികൾ മാത്രം പ്രതീക്ഷിക്കുന്ന ഒരു ബാലനോട് ഇതെങ്ങനെ ഒരാൾക്കു വിശദീകരിക്കാൻ കഴിയും? ഇതു ദൈവേഷ്ടമാണെന്ന് എങ്ങനെ പറയും? ഒരു പക്ഷെ ദൈവേഷ്ടമായിരിക്കാം. പക്ഷേ തനിക്കു മനസ്സിലായില്ലെന്നു പറയുന്നതിനു തുല്യമാണതു്! പരമാൎത്ഥത്തിൽ മനുഷ്യൻ മനസ്സിലാക്കുന്നുമില്ല. ഏവംവിധങ്ങളായ ചിന്തകളാൽ തന്റെ അജ്ഞതയുംപിതാവെന്ന നിലയിലുള്ള ദൗൎബ്ബല്യവും ഇവാൻസ് മനസ്സിലാക്കി. കുട്ടികളുടെ മനസ്സിൽ മരണത്തെപ്പററിയുള്ള ചിന്ത യാദൃശ്ചികമായി മാത്രമേ ഉദിക്കൂ എന്ന് അയാൾ അറിഞ്ഞു. ആ അറിവിൽനിന്നു കിട്ടാവുന്നത്ര ആശ്വാസം ഇവാൻസ് കൈവരിച്ചു.

ഇവാൻസിനു മുമ്പിൽ, ശവമഞ്ചത്തോടു് അടുത്തു്, മററുള്ളവരിൽനിന്ന് അല്പം മാറി ഫെയർമാൻ നമ്ര

ശീർഷനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ജൂഡിത്ത് വിങ്ങി വിങ്ങി ഏങ്ങി ഏങ്ങിക്കരഞ്ഞുകൊണ്ടിരുന്നു.

"പ്രാർത്ഥനയോടെ കർമ്മങ്ങൾ കലാശിക്കും. പിന്നെ ഒരു ഗാനവും. ജഡം പൊടിയോടു പൊടിയായി ചേരുകയായി." ഇവാൻസ് ചിന്തിച്ചു.

അവർ പാടി-സമ്മേഴ്സ്, പാച്ച്, മാക്ക് എന്നിവരോടൊപ്പം ഇവാൻസ് മുന്നോട്ടു നീങ്ങി, കയറിട്ടു പെട്ടി കുഴിയിൽ താഴ്ത്തി. വെതർബൈ ഒരു നുള്ളു മണ്ണ് കയ്യിലെടുത്ത് "മനുഷ്യാ . . . നീ പൊടിയാകുന്നു, പൊടിയിലേക്കു പിന്തിരിയും" എന്നു പറഞ്ഞുകൊണ്ടു ജഡത്തിന്മേലിട്ടു. ജൂഡിത്ത് ബോധരഹിതയായി നിലം പതിച്ചു.

ആൾക്കൂട്ടം പിരിഞ്ഞു, യാത്രയ്ക്കു തയ്യാറായി വണ്ടികളിലേക്കു മടങ്ങി. ഇവാൻസും ഡിക്ക്സമ്മേഴ്സും കൂടി മണ്ണിട്ടു കുഴി മൂടി. കൈയിൽ പററിയ അഴുക്കുകൾ ആററിൽ ചെന്നു കഴുകി.

ഡിക്ക്: "നിങ്ങൾ പൊയ്ക്കൊൾക. എനിക്കു കുറെ സമയം വേണം. ഇന്ത്യന്മാരുടെ കണ്ണുകൾ ശവക്കുഴി കണ്ടുപിടിക്കാത്ത രീതിയിൽ അവിടം ശരിപ്പെടുത്തണം."

"ശരി" എന്നു പറഞ്ഞുകൊണ്ട് ഇവാൻസ് താവളത്തിലേയ്ക്കു നടന്നു.

പകുതി വഴിക്ക് ബ്രൗണി തന്റെ നേർക്കു നടന്നു വരുന്നതു് ഇവാൻസ് കണ്ടു.

"പപ്പാ!" ഏതാണ്ടു പന്ത്രണ്ടടി ദൂരത്തിൽനിന്നേ അവൻ വിളിച്ചു പറഞ്ഞു.

"എന്താ മോനെ?"

"ഞാൻ കൂടാരമൊക്കെ അഴിച്ചു സാധനങ്ങളെല്ലാം വണ്ടിയിൽ കേററി, കാളകളെ നുകത്തിൽ കെട്ടി."

"അതുകൊണ്ടു്!"

"കന്നുകാലികളെ നോക്കേണ്ടതു് ഇന്നു് എൻെറ മുറയല്ല."

"നി എന്താണുദ്ദേശിക്കുന്നതു് ?"

"ഞാൻ അല്പം ഇവിടെ നിന്നു മററുള്ളവർ ഇന്നലെ ചെയ്തതുപോലെ ആ വലിയ പാറമേൽ എൻെറ പേരൊന്നു കൊത്തട്ടെ!"

"നിനക്കു് ഇന്നലെ മുഴുവൻ സമയമില്ലായിരുന്നോ ബ്രൗണി?"

"ഇന്നലെ മുഴുവൻ കിട്ടിയില്ല. കാവൽനിന്നു. പാമ്പിനെക്കൊന്നു. അങ്ങിനെ പലതും ചെയ്യാനുണ്ടായിരുന്നു."

"അതു ഭദ്രമല്ല."

"ദയവായി പപ്പാ! അതിൽ കുഴപ്പമൊന്നുമില്ല. നിങ്ങളൊക്കെ ബഹുദൂരം കൺവെട്ടത്തു തന്നെ കാണുമല്ലോ?"

"എന്തു്? പെട്ടെന്നു നിൻെറ പേരു കൊത്തണമെന്നു തോന്നാൻ?"

"എനിക്കങ്ങനെ തോന്നി."

ബ്രൗണി തൻെറ ഉപദേശത്തോടു യോജിക്കുകയില്ലെന്നു് ഇവാൻസിനു തോന്നി. അവൻ എന്തോ ഉള്ളിൽ ഒളിച്ചുവച്ചിരുന്നു. എന്തോ മൂഢമായ ചിന്ത! ഒരു പക്ഷേ അതു് അവൻെറ സ്വന്തം ധാരണയായിരിക്കാം. രഹസ്യവുമായിരിക്കാം. ബുദ്ധിമാന്മാരെന്നു സ്വയം കരുതുന്ന മുതിർന്നവർ അതിൽ ചുഴിഞ്ഞു

നോക്കിയിട്ടു കാര്യവുമില്ലായിരിക്കാം. ബ്രൗണിയുടെ ആകാംക്ഷ നിറഞ്ഞ മുഖത്തേയ്ക്കു നോക്കി ഇവാൻസ് പുഞ്ചിരിച്ചു.

"നീ ഒരു വലിയ ആളിന്റെ ജോലിയൊക്കെയാണു ചെയ്യുന്നതു കുട്ടി! നീ ഇഷ്ടംപോലെ തീരുമാനിച്ചുകൊള്ളൂ. പക്ഷേ വേഗം വരണം. നിന്നെ തനിച്ചു വിട്ടേക്കാൻ എനിക്കു വലിയ ഇഷ്ടമില്ല."

സരസവും കൃതജ്ഞതാഭരിതവുമായ സന്തോഷത്തോടെ അവൻ പറഞ്ഞു:

"നിങ്ങൾ നീങ്ങിത്തുടങ്ങുന്നതുവരെ ഞാൻ കാത്തിരിക്കാം."

"ഇന്ത്യന്മാരെ സൂക്ഷിച്ചുകൊള്ളണം."

"തീർച്ചയായും."

ഇവാൻസ് ഫെയർമാന്റെ കൂടാരത്തിലേക്കു നടന്നു. ആ കൂടാരം മാത്രമേ അഴിക്കാതെ കിടന്നിരുന്നുള്ളൂ. ഫെയർമാന്റെ കാളകളെ മാത്രമേ നുകത്തിൽ കെട്ടാതെയിരുന്നുള്ളൂ. അയാൾ കുനിഞ്ഞ് അകത്തേയ്ക്കു കയറി. കൈകൾകൊണ്ടു മുഖം പൊത്തി ജൂഡിത്ത് കിടക്കയിൽ ഇരിക്കുന്നത് അയാൾ കണ്ടു. ഫെയർമാൻ സമീപത്തു നിശ്ചലനായി നിന്നിരുന്നു.

"ഞാൻ സഹായിക്കാം ചാർലി; ഞാൻ നിങ്ങളുടെ കാളകളെ നുകത്തിൽ കെട്ടാം. ഞങ്ങൾ തയ്യാറായി. നമുക്കു മുന്നോട്ടു നീങ്ങണം."

"അയ്യോ! ഇപ്പോൾ അരുത്." ആ തകന്ന ഹൃദയത്തിൽനിന്ന് ഒരു ദാരുണാക്രാന്ദനം ഇവാൻസിന്റെ കണ്ണുകളിൽ പതിച്ചു.

"ഞങ്ങൾക്ക് അവനെ വിട്ടിട്ടു പോകാൻ വയ്യാ. നിങ്ങൾക്കറിഞ്ഞുകൂടേ ഞങ്ങൾക്കവനെ വിട്ടിട്ടു പോകാൻ വയ്യാ."

"അവനിപ്പോൾ എവിടെ കിടക്കുകയാണെന്നറിയാമോ?" ഫെയർമാൻ പൊട്ടിക്കരഞ്ഞു. "അവൻ എവിടെ കിടക്കുകയാണെന്നു പിന്നീട്ടു നാം അറിയുകയില്ല."

ഡിക്ക് സമ്മേഴ്സ് നിശ്ശബ്ദനായി അവിടെ എത്തി. അയാളുടെ മുഖം ഗൗരവസമന്വിതമായിരുന്നു. കണ്ണുകളിലെ തിളക്കം അസ്തമിച്ചിരുന്നു. "ഏതു സമയത്തും ഞാൻ നിങ്ങൾക്ക് ഈ കുടീരം കാണിച്ചുതരാം."

## അദ്ധ്യായം 17

ബ്രൗണി കുതിരപ്പുറത്തിരുന്നുകൊണ്ടു ജനസമൂഹം നീങ്ങി അകലുന്നതു നോക്കിനിന്നു. വണ്ടിക്കാരുടെ നേർക്ക് അവൻ കൈമാടിക്കാണിച്ചു. കടിഞ്ഞാൺ പിടിച്ചുകൊണ്ട് ആ കിഴക്കാംതൂക്കായ പരന്ന പാറയ്ക്കു സമീപമെത്തി.

അവൻ കുതിരപ്പുറത്തു നിന്നിറങ്ങി. മുററിത്തഴച്ചു നിന്നിരുന്ന ഒരു കുററിച്ചെടിയിൽ അതിനെ കെട്ടി. റൈഫിൾ പാറപ്പുറത്തു വച്ച് ഉളിയും ചുററികയും കയ്യിലെടുത്തു. റൈഫിൾ ആവശ്യമുണ്ടാകുകയില്ലെന്ന് അവൻ കരുതി.

പാറപ്പുറത്തേയ്ക്കുള്ള കയററം കുറെ ക്ലേശകരമായിരുന്നു. എങ്കിലും കാണുന്നപോലെ അത്രയ്ക്ക് അപകടകരമായിരുന്നില്ല. കുറച്ചു ദൂരം കയറി, അവൻ അല്പനേരം

ഇരുന്നു. കാഹളം മുഴക്കി. അന്നത്തെ പരിപാടി അനുസരിച്ചു ആ വാഹനസമൂഹം മുന്നോട്ടു നീങ്ങി ക്കൊണ്ടിരുന്നു. ഡിക്ക് സമേമഴ്സ് പതിവു പോലെ ഒന്നാമത്തെ വണ്ടിയിൽനിന്നു വേണ്ടത്ര മുന്നിലായി, കുതിരയെച്ചോടിപ്പിച്ചുകൊണ്ടു സവാരി ചെയ്യുിരുന്നു. അങ്ങകലെ പ്രഭാത സൂര്യന്റെ പ്രകാശ ധാരിയിൽ നീന്തിക്കളിച്ചുകൊണ്ടു് ഒരു ചെറിയ പോത്തിൻ പററം നിൽക്കുന്നതു ബ്രൌണി കണ്ടു.

വീണ്ടും എഴുന്നേററു കയറാൻ ഭാവിച്ചപ്പോൾ വാഹന സമൂഹത്തിൽനിന്നു് ഒരു നായ് ഓടിക്കിതച്ചെത്തുന്നതു് അവൻ കണ്ടു. കുററിക്കാട്ടുകൾക്കിടയിലൂടെ തല ഉയർത്തി പ്പിടിച്ചുകൊണ്ടു, ബ്രൌണിയുടെ സുഖമാരായാൻ റോക്കു് ചാടിച്ചാടി വരികയായിരുന്നു.

"റോക്കു് ! ഇവിടെ" ബ്രൌണി വിളിച്ചു പറഞ്ഞു.

പാറച്ചെരിവിലൂടെ അവൻ ഇഴഞ്ഞിറങ്ങി. "ഇതാ! ഞാൻ. നീ എന്നെക്കാണാൻ വരുന്നു." റോക്ക് തുള്ളിത്തുള്ളി ബ്രൌണിയുടെ സമീപമെത്തി. നദീ ജലത്തിൽ മുങ്ങി റോക്കിന്റെ ദേഹത്തു് ഈറൻ പററി യിരുന്നു. റോക്ക് വാലാട്ടിക്കൊണ്ടു, തല ബ്രൌണിയുടെ നേക്കു നീട്ടിക്കൊടുത്തു, ബ്രൌണിയുടെ കൈകളാലുള്ള തഴുകൽ ഏല്ക്കാൻ. നായ് അതിന്റെ ശീതളമായ നാസികാഗ്രംകൊണ്ടു ബ്രൌണിയുടെ കൈകളെ സ്പർശിച്ചു.

ബ്രൌണി വീണ്ടും ഒരു പന്ത്രണ്ടടിയോളം കയറി, വീണ്ടും റോക്കിനെ വിളിച്ചു. അള്ളിപ്പിടിച്ചും നിന്നും റോക്ക് കുറച്ചു കയറി. അല്പസമയത്തിനുള്ളിൽ റോക്ക് മുന്നിൽ എത്തി.

പാറയുടെ മുകളിൽ എത്തിയപ്പോൾ ബ്രൗണി തൻെറ ഹിതത്തിനൊത്ത ഒരു സ്ഥലം കണ്ടെത്തി. ഉളിയുടെ വായ്ത്തലയിലൂടെ കൈയോടിച്ച് അവൻ അതിൻെറ മൂർച്ച പരിശോധിച്ചു. ആദ്യം മേഴ്സിയുടെ പേര്. പിന്നെ തൻെറ പേരു്. പിന്നീട് വഷം, മാസം, തീയതി. അങ്ങനെ എന്നന്നേക്കുമായി അവരിരു വരുടേയും ഐക്യം അവിടെ രേഖപ്പെടുത്തണം.

വിദൂരമായ ഒരു ഭാവിയിൽ അവൾ ബ്രൗണിയെ ഒരു പക്ഷേ അലട്ടിക്കൊണ്ടിരിക്കാം. ഇത്രകാലം മുമ്പേ അങ്ങെന്നെ സ്നേഹിച്ചിരുന്നോ? ഹാ! അതൊരു സ്വപ്നമായിരുന്നു. ബ്രൗണി! നിങ്ങളെന്നെ പരിഹസി ക്കേണ്ട. അങ്ങനെ, അവർ ഭായ്യാഭത്താക്കന്മാരെപ്പോലെ കാട്ടും മലയും തരണംചെയ്യു് ആ പാറപ്പുറത്തെത്തും. അവൻ ചൂണ്ടിക്കാണിച്ചു പറയും: "അതാ! മേഴ്സി യുടെ പേരു്! ഞാൻ 45-ൽ കൊത്തിയപോലെതന്നെ കിടക്കുന്നു." സ്നേഹാർദ്രമായ മിഴികളോടെ അവൾ തന്നെ ചുംബിക്കും; ചിരിക്കും. അവൾ പറയും: "അങ്ങെന്നെ സ്നേഹിച്ചിരുന്നുവെന്നു് എനിക്കറിയാ മായിരുന്നു. അങ്ങെന്നെ സ്നേഹിക്കുന്നു എന്നു കേൾക്കു വാൻ ഞാൻ എത്ര കൊതിച്ചിരുന്നു എന്നു് അങ്ങേ ക്കറിയാമോ?"

ഒരക്ഷരം കൊത്തുന്നതിന് ഒരാൾ വിചാരിക്കു ന്നതിലേറെ സമയം വേണ്ടിവന്നു. ഉളിമേൽ ചുററിക കൊണ്ടു് അടിക്കുമ്പോൾ പാറപ്പുറത്തു് ഒരു ചെറിയ അടയാളം മാത്രമാണ് വീണിരുന്നതു്. വീണ്ടും വീണ്ടും തട്ടിക്കുഴിക്കേണ്ടിയിരുന്നു. ഒടുവിൽ ആഞ്ഞു്

അടിയ്ക്കുയാണു നന്നെന്ന് അവനു തോന്നി. തെറി ക്കുന്ന പാറക്കഷ്ണങ്ങളിൽനിന്നു മുഖം മാററിക്കൊണ്ട് അവൻ ഉളിമേൽ ചുററികകൊണ്ട് ആഞ്ഞടിച്ചു. കുരുവി തുടങ്ങിയ ചെറുകിളികളുടെ പിന്നാലെ ഓടിക്കൊണ്ടി രുന്ന റോക്ക് മടങ്ങി എത്തി, കാലു നീട്ടി, തല മുൻകാലു കളിൽവച്ചു വായുടെ കോണിലൂടെ വെള്ളം ഊറി ക്കൊണ്ടു കിടപ്പായി.

"കുറച്ചു കാത്തിരിക്കൂ കുഞ്ഞേ! ഞാൻ താമസിക്കുക യില്ല." ബ്രൗണി നായോടു പറഞ്ഞു. "ഞാനും നീയുമല്ലാതെ ആരും ഇതറിയുകയില്ല. ഇതു നല്ല ഒരു കാര്യമല്ലേ? എന്തു തോന്നുന്നു റോക്ക്?" മറുപടിയായി റോക്ക് വാലൊന്ന് ആട്ടി.

ഉളി വച്ചു ചുററികകൊണ്ടാഞ്ഞടിച്ചു. പേരെല്ലാം കൊത്തിക്കഴിഞ്ഞു, കാറേററു വിയർപ്പൊന്നടക്കുവാൻ അവൻ കുറച്ചു നേരം അവിടെത്തന്നെ ഇരുന്നു.

കുത്തിയിരുന്നു മരവിച്ച ശരീരവുമായി അവൻ എഴു ന്നേററു, റോക്കിനെ നോക്കി പറഞ്ഞു: "ശരി, കുഞ്ഞേ! നമുക്കു താഴോട്ടു ഇറങ്ങാം."

പേരു കൊത്താൻ വിചാരിച്ചതിലേറെ സമയം വേണ്ടിവന്നു. പാറയുടെ ചുവട്ടിലെത്തി അവൻ നോക്കിയപ്പോൾ വാഹനസമൂഹം കാഴ്ചയ്ക്കതീതമായി പൊയ്ക്കഴിഞ്ഞിരുന്നു. കുതിരപ്പുറത്തു കയറി അങ്ങോട്ടു കുതിച്ചു പായണമെന്ന് അവനു തോന്നി. തന്റെ ജോലി ചെയ്തു തീർക്കുകയും മറെറാന്നിനെപ്പററിയും ചിന്തിക്കാനില്ലാതാകുകയും ചെയ്കയാൽ, ഒരു ശൂന്യത

അവന്ന് അനുഭവപ്പെട്ടു. കൂട്ടത്തിൽ ചെന്നുപററുവാൻ അവൻെറ ഹൃദയം തുടിച്ചു.

റോക്ക് നിന്നു കുരച്ചുതുടങ്ങി. അവൻ അമറി. അവൻെറ ജടകൾ എഴുന്നുനിന്നു. താൻ മൂക്കുകൊണ്ടു മണത്തറിഞ്ഞതെന്തെന്നു റോക്ക് കണ്ണുകൊണ്ട് ആരായുകയായിരുന്നു.

"നിനക്കെന്താ സുഖക്കേട്, റോക്ക്! നീ എന്നെ പേടിപ്പിക്കുകയാണോ?"

താഴേക്കു് ഇറങ്ങുന്നതിന്നു കൈ സ്വാതന്ത്ര്യമാക്കാൻ ബ്രൌണി ഉളിയും ചുററികയും പോക്കററിലിട്ടു.

റോക്ക് പാറച്ചെരിവിൽ കാലുറപ്പിച്ചു നിന്നുകൊണ്ടു കുരയ്ക്കാൻ തുടങ്ങി.

ബ്രൌണിക്കു കാരണം മനസ്സിലായി. സ്വീററു വാട്ടറിൽനിന്നുള്ള വളവില്പൂടെ അശ്വാരൂഢരായ ഇന്ത്യന്മാർ വരുന്നതു് അവൻ കണ്ടു. അവൻ മരവിച്ചുപോയി. അതേ സമയം റോക്ക് കുരച്ചുകൊണ്ടു മുന്നോട്ടു ചാടി.

ഇന്ത്യന്മാർ അവനെ കൈമാടി താഴോട്ടു വിളിക്കുകയും അവൻെറ നേക്കു് അമ്പു നീട്ടുകയും ചെയ്യുന്നതിനിടയിൽ അവന്നു തിരിഞ്ഞു മേല്പോട്ട് കേറാമായിരുന്നു. ഒരു പക്ഷേ പിന്നിൽനിന്നു് ഒരമ്പു് അവൻെറ മുതുകത്തു തറച്ചെന്നുവരാം. അല്ലെങ്കിൽ അവന്നു ചാടാമായിരുന്നു. പക്ഷേ നെല്ലിയുടെ—അവൻെറ കുതിരയുടെ പേരു്—പുറത്തുനിന്നുള്ള ഒരു ചാട്ടമായിരിക്കുകയില്ല അതു്. ഒരു നീണ്ട ചാട്ടവും ഉരുൾച്ചയും! ഒരു പക്ഷേ അവൻെറ കാലൊന്നൊടിഞ്ഞുപോകാം. അല്ലെങ്കിൽ

Mammali



തൊലി മുഴുവൻ ഉരിഞ്ഞെന്നുവരാം. വീണ്ടും എണീററു വരുന്നതിനുമുമ്പ് ഇന്ത്യന്മാർ അവൻെറ മീതെ ചാടി വീണെന്നുമാകാം. ഒന്നും ചിന്തിക്കുവാൻ കഴിയും മുമ്പേ, അവൻ വിളിച്ചു പറഞ്ഞു: "റോക്ക്! ഇവിടെ വാ."

ഉള്ളിലെ ഭയം അടക്കിപ്പിടിച്ചുകൊണ്ടു കൈകാലുകൾ പതറാതെ അവൻ താഴോട്ടുടിവച്ചു. "ഹല്ലോ" അവൻെറ വായിൽനിന്ന് ഒരു തകന്ന സ്വരം കേൾക്കായി.

ഒരു ഇന്ത്യൻ കുതിരപ്പുറത്തുനിന്നും ഇറങ്ങി, ഓടി പാറച്ചെരിവിൽ ചാരിവച്ചിരുന്ന റൈഫിൾ കയ്യി ലാക്കി. എന്തോ നിധി കിട്ടിയ കണക്കേ അവൻ തുള്ളിച്ചാടി. ബ്രൗണിയെക്കണ്ടതിൽ പെട്ടെന്നുണ്ടായ അമ്പരപ്പിനുശേഷം മററു ഇന്ത്യന്മാരും അവിടെ എത്തി. ഇരുണ്ട മുഖങ്ങൾ ഉയർത്തിപിടിച്ച്, ക്രുദ്ധി ച്ചെഴുന്നുനിൽക്കുന്ന മുടികൾക്കിടയിലൂടെ നേരിയ കണ്ണുകൾ മിഴിച്ചു കാട്ടി അവർ നെല്ലിയുടെ സമീപത്തു കുതിരകളെ നിറുത്തി നിലയുറപ്പിച്ചു.

ഒരുത്തൻ ഒന്നു കൂവി, മററുള്ളവരും കൂവി. എല്ലാ വരും കൂവൽ തുടങ്ങി. ശേഷിച്ചിരുന്ന പത്തു പന്ത്രണ്ടടി കൂടി താഴോട്ടിറങ്ങിവരാൻ അവർ അവനെ ആംഗ്യം കാണിച്ചു.

അമ്പുകൾ നീട്ടിയും, കത്താനെന്ന കണക്കേ കുന്ത ങ്ങൾ ഉയർത്തിപ്പിടിച്ചോങ്ങിയും ഇന്ത്യന്മാർ അവൻെറ ചുററും അവരുടെ വീരപരാക്രമങ്ങൾ കാണിച്ചു

കൊണ്ടിരുന്നു. നെല്ലിയുടെ ജീനിയും മററും എടുത്ത് ഒരിന്ത്യൻ തൻെറ കുതിരപ്പുറത്തിട്ടു.

അമ്പുകളുടേയും കുന്തങ്ങളുടേയും മദ്ധ്യേ ബ്രൗണിക്കു താഴെയിറങ്ങി വരികയല്ലാതെ ഗത്യന്തരമില്ലായിരുന്നു. അവൻ താഴെയിറങ്ങി. ആ കാപ്പിരികൾ അവനെ ഉന്തുകയും തള്ളുകയും വലിക്കുകയും ചെയ്തു. അവർ കൂക്കിവിളിച്ചുകൊണ്ടിരുന്നു. "ഞാൻ ശത്രുവല്ല, മിത്രമാണ്," ബ്രൗണി പറഞ്ഞു. അവൻെറ സ്വരത്തിനു പതർച്ച പററാതിരിക്കുവാൻ ശ്രമിച്ചു.

അവൻെറ തൊപ്പി തലയിൽനിന്നു തെറിച്ചു. ഷർട്ട് വലിച്ചു കീറപ്പെട്ടു. പൊരുതിയിട്ടു പ്രയോജനമൊന്നുമില്ലായിരുന്നു. മനുഷ്യനെപ്പോലെ നിർഭയം പെരുമാറാൻ അവൻ ശ്രമിച്ചു. അവന് അല്പം പിന്നോട്ടു മാറാൻ മാത്രമേ കഴിഞ്ഞുള്ളൂ.

അവരുടെ ഭ്രാന്തു പിടിച്ച അട്ടഹാസങ്ങൾക്കുപരിയായി, ബ്രൗണി റോക്കിൻെറ വലിയ സ്വരം കേട്ടു. അതിൻെറ ക്രൂരമായ കുരച്ചിലുകളും മുറിവേററ കണക്കുള്ള കരച്ചിലും അവൻെറ കാതുകളിൽ പതിച്ചു. അവൻ പെട്ടെന്നു തിരിഞ്ഞുനോക്കി. ഇന്ത്യന്മാരുടെ കാട്ടുനായ്ക്കളുമായി റോക്ക് പൊരുതുകയായിരുന്നു. റോക്ക് വീണു. ഉരുണ്ടെഴുന്നേററു. മുന്നിലും പിന്നിലും, ഇടത്തും, വലത്തുമായി ആറോളം കാട്ടുനായ്ക്കളെയാണ് അവന് ഏററു മുട്ടേണ്ടിയിരുന്നത്. അവൻെറ പല്ല് ചീറി പാഞ്ഞുകൊണ്ടിരുന്നു. അവൻെറ മാംസപേശികൾ നിണം പററിച്ചുവന്നിരുന്നു. കുററിച്ചെടികൾക്കിടയിൽ മറഞ്ഞും വീണ്ടും കാട്ടുനായ്ക്കളുടെ നേർക്കു

ചാടിയും റോക്ക് പൊരുതി. അവൻ ചാകാനും മടിക്കു കയില്ല. അവൻെറ പല്ലുകൾക്കു വേണ്ടത്ര മൂർച്ചയുണ്ടായിരുന്നു. അതിലേറെ ശൗര്യവും! അവൻ മോങ്ങി മോങ്ങിക്കരയാതെ, പിന്തിരിഞ്ഞോടാതെ, കാരുണ്യമിരക്കാതെ—അതിനവന് അർഹതയുണ്ടെങ്കിലും—അന്തസ്സോടെ ചാകും.

ബ്രൗണിക്കു പെട്ടെന്ന് അവൻെറ പോക്കററിൽ കിടന്ന ചുററികയുടെ കാര്യം ഓർമ്മവന്നു. ഒററ നിമിഷത്തിൽ അവൻ പോക്കററിൽനിന്നു ചുററിക വലിച്ചെടുത്ത്, ഇന്ത്യന്മാർക്കിടയിലൂടെ, വാക്കുകളില്ലാതെ വാവിട്ടുനിലവിളിച്ചുകൊണ്ടു മുന്നോട്ടു പാഞ്ഞു. ചുററിക്കറങ്ങി, ചുററികത്തലപ്പുകൊണ്ട് അവൻ നായ്ക്കളുടെ തലയ്ക്ക് ആഞ്ഞടിച്ചു. പോരാട്ടം മൂത്തപ്പോൾ പല പല്ലുകൾ അവൻെറ കാലിലും പതിച്ചു. റോക്കിനും ബ്രൗണിക്കുംകൂടി പോരാട്ടം വിജയത്തിൽ കലാശിപ്പിക്കുവാൻ അധികസമയം വേണ്ടിവന്നില്ല. ചാകാതെ, എല്ലൊടിയാതെ, അവശേഷിച്ച ഇന്ത്യൻ നായ്ക്കൾ മോങ്ങിക്കൊണ്ട് ഓടിപ്പോയി.

അവൻ മുട്ടുകുത്തി, റോക്കിൻെറ ദേഹം തൊട്ടു തടവി പരിശോധിച്ചു. റോക്കിനു സാരമായ മുറിവുകൾ ഒന്നും ഏററിരുന്നില്ല. ഇന്ത്യന്മാർ തൻെറ നേർക്ക് അടുക്കുന്നതു കണ്ട് അവനെഴുന്നേററു.

ഇന്ത്യന്മാർ റോക്കിനെക്കൊല്ലുവാൻ ഒരുങ്ങിയേക്കുമെന്നു കരുതി ബ്രൗണി ചുററിക മുറുകെപ്പിടിച്ചു. അവർ നായുടെ നേർക്കു് കൈ ചൂണ്ടിത്തുറിച്ചു നോക്കി. അവൻ മുറുമുറുത്തുകൊണ്ടവൻെറ ശൗര്യം അവരുടെ നേർക്കു

പ്രകടിപ്പിച്ചു. ധീരതയെ അവരും വിലമതിക്കുന്നു എന്ന മട്ടിൽ അവർ തല കുലുക്കുകയും, കണ്ഠനാളത്തിൽനിന്നു ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. മററുള്ളവർ മുമ്പിലത്തെക്കാൾ ശാന്തമായി അവനോടു സംസാരിക്കുവാൻ തുടങ്ങി. ഒരു കാര്യത്തിനുവേണ്ടി അല്ലെങ്കിൽ മറെറാരു കാര്യത്തിനുവേണ്ടി അവർ വാദിച്ചുകൊണ്ടിരുന്നു. അവർ അവൻെറ മുമ്പിൽ കൂടിച്ചേൎന്നു നിന്നു. സംസാരിക്കുന്നതിന്നിടയിൽ അവർ അവരുടെ ആയുധങ്ങൾ ചുഴററിക്കൊണ്ടിരുന്നു. നാടൻ തോക്കു ധരിച്ചിരുന്ന ഒരു ഇന്ത്യനും ബ്രൌണിയുടെ റൈഫിൾ കൈയ്യിലാക്കിയ മറെറാരു ഇന്ത്യനും തിരിഞ്ഞും മറിഞ്ഞും അന്നിമിഷത്തിൽ ബ്രൌണിയുടെ കഥ കഴിക്കുമെന്ന മട്ടിൽ അവൻെറ നേക്ക് തട്ടിക്കയറി. ബ്രൌണിക്ക് അനങ്ങുവാൻ കഴിഞ്ഞില്ല. അവരുടെ കണ്ണുകളിലെ തീപ്പൊരികൾ അവൻ കണ്ടു. പിന്നിൽ നിന്നു കുന്തത്തിൻേറയും കൂരമ്പുകളുടേയും മുന അവനെ ഏശിക്കൊണ്ടിരുന്നു. ഭയം ഉള്ളിൽ അടക്കിപ്പിടിച്ചുകൊണ്ടു് അവൻ അവിടെത്തന്നെ ശാന്തനായി ഇരുന്നു.

ആദ്യം ചെയ്തതുപോലെ ആ മൂന്നു് ഇന്ത്യന്മാർ മററുള്ളവരെക്കൊണ്ടു കൂവിച്ചു. അവരുടെ കണ്ണുകളിൽ നിന്നു കോപത്തിൻെറ തീപ്പൊരികൾ പാറി. മൂങ്ങയുടെ കണ്ണുകളോടുകൂടിയ പ്രായംചെന്ന ഒരു ഇന്ത്യക്കാരനാണു മിക്കവാറും അവനോടു സംസാരിച്ചിരുന്നതു്. എന്തോ കാണിക്കുവാനെന്നപോലെ അവൻ മററുള്ളവരെ കൈമാടി വിളിക്കുവാൻ ശ്രമിച്ചു.

താൻ അവക്കു യാതൊരുവിധത്തിലും ഉപദ്രവകാരിയല്ലെന്നു് ആ ഇന്ത്യന്മാരെ ബോധ്യപ്പെടുത്തുവാൻ ബ്രൌണിയ്ക്കു യാതൊരു വഴിയുമില്ലായിരുന്നു. ഇനിയും അവരുടെ ഭീഷണികൾ കേട്ടുകൊണ്ടിരിക്കുവാനോ, വിക്രിയകൾ കണ്ടുകൊണ്ടിരിക്കുവാനോ ഉള്ളിലെ ഭയഭാരം അടക്കിവെച്ചുകൊണ്ടിരിക്കുവാനോ, തനിക്കുസാദ്ധ്യമാവുകയില്ലെന്നു ബ്രൌണി കരുതി. ഒരു മനുഷ്യന്നു് അധികമൊന്നും ക്ഷമിച്ചിരിക്കാൻ കഴിഞ്ഞെന്നുവരില്ല. നന്മയ്ക്കായാലും നാശത്തിനായാലും കാര്യങ്ങൾക്കൊരറുതി വരുത്തുവാൻ അവനും ചാടിപ്പുറപ്പെടേണ്ടിയിരുന്നു. ഇന്ത്യന്മാരുടെ ഭീഷണികളും തുള്ളിച്ചാട്ടവും ആയുധം ചുഴററലും തട്ടിക്കയററങ്ങളും അവൻ സഹിക്കാൻ തുടങ്ങിയിട്ടു മണിക്കൂറുകൾ പലതു കഴിഞ്ഞു. പാറപ്പുറത്തുനിന്നു താഴെയിറങ്ങിയിട്ടു് ഒരു കൊല്ലം കഴിഞ്ഞതുപോലെ അവന്നു തോന്നി.

സൂര്യൻ താണുതുടങ്ങി. അങ്ങകലെയെവിടെയോ ആ ജനസമൂഹം നീങ്ങിക്കൊണ്ടിരുന്നു. മാതാപിതാക്കന്മാരുടെ ഹൃദയം ഇപ്പോഴെയ്ക്കും ഉത്കണ്ഠാകുലമായിത്തീർന്നിരിക്കണം. ഇത്രനേരത്തേക്കു ബ്രൌണിയെ കാണാതിരിക്കേണ്ടിവരുമെന്നു് അവർ പ്രതീക്ഷിച്ചിരിക്കുകയില്ല. ബ്രൌണിയുടെ അന്തരംഗം ഭയവിഹ്വലമായി. ഒരു നിശ്ശബ്ദരോദനം അവൻെറ കണ്ഠനാളത്തെ ഗദ്ഗദാകുലമാക്കി.

അവൻ അങ്ങിനെ കുത്തിയിരിക്കവേ, കൂക്കിവിളിയും നിലച്ചു. ഇന്ത്യന്മാർ തലതിരിച്ചുനോക്കി, തൻെറ പ്രാർത്ഥനയുടെ ഫലമെന്നോണം ആ പുൽപ്പരപ്പിലൂടെ

കുതിരയെപ്പായിച്ചുകൊണ്ടു ഡിക്ക് സമ്മേഴ്സ് തന്നെ രക്ഷിക്കുവാൻ പാഞ്ഞടുക്കുകയായിരുന്നു.

ഒരു നിമിഷത്തിൽ ഡിക്ക് കടിഞ്ഞാൺ പിടിച്ചു കുതിരയെ നിറുത്തി താഴത്തിറങ്ങി, കുതിരയോടൊപ്പം നടന്നു. റൈഫിളും ഒരു കക്ഷത്തിലിട്ടുക്കിക്കൊണ്ടു പുകക്കുഴൽ എടുത്തു് അതിൽ പുകയില നിറച്ചു. അതു വലിച്ചുകൊണ്ടു് അയാളും നടന്നു. ഇന്ത്യന്മാരിൽനിന്നു് ഇരുപതു മൈൽ അകലെ അയാളും കുതിരയെ നിറുത്തി. ഡിക്ക് സംസാരിക്കുവാൻ തിടുക്കം കാണിച്ചില്ല. ഇന്ത്യന്മാരുടെ നേർക്കു് അയാളുടെ കണ്ണുകളും പാഞ്ഞു. റോക്ക്, ഡിക്കിന്റെ വലത്തുവശത്തുകൂടി അയാളെ തൊട്ടുരുമ്മി നടന്നിരുന്നു. ഡിക്ക് ഇന്ത്യന്മാരെപ്പോലെ പരുപരുത്ത സ്വരത്തിൽ ഉച്ചത്തിൽ സംസാരിക്കുവാൻ തുടങ്ങി; ഓരോരോ കൈക്രിയകളും ആംഗ്യങ്ങളും ഡിക്ക് കാണിച്ചുകൊണ്ടിരുന്നു. ബ്രൗണിയുടെ നേക്കു് ഡിക്ക് ഒന്നു നോക്കി. ഇന്ത്യൻ രീതിയിലുള്ള സംസാരത്തിന്റെ ഒടുവിൽ "സാരമില്ല കുഞ്ഞേ! ഞാൻ ഒരു പോംവഴി ഉണ്ടാക്കാം" എന്നു ഡിക്ക് ബ്രൗണിയെ നോക്കി പറഞ്ഞു.

മൂങ്ങാക്കണ്ണനായ ആ ഇന്ത്യനാണു ഡിക്കിനോടു മറുപടി പറഞ്ഞിരുന്നതു്. അവനും ഉറക്കെ സംസാരിച്ചിരുന്നു. ഡിക്ക് കാണിച്ച രീതിയിൽ കൈക്രിയകളും ആംഗ്യങ്ങളും കാണിച്ചിരുന്നു. ഇതിനിടയിൽ ബ്രൗണി കാവൽക്കാർ കാണാതെ വഴുതി മാറി.

ഡിക്ക് വീണ്ടും സംസാരം തുടന്നു. സംസാരവും

ആംഗ്യം കാണിക്കലും കൈക്രിയകളും ആയി ആശയ വിനിമയം കുറെ ഏറെ നേരം നീണ്ടുനിന്നു.

"മൂങ്ങാ മുഖനായ" ആ ഇന്ത്യൻ മറുപടി നൽകി. ഇത്തവണ ഡിക്കും ഹ്രസ്വമായി പ്രതിവചിച്ചു. ഒരു നിമിഷനേരത്തേയ്ക്കു് അവിടെ നിശ്ശബ്ദത വ്യാപിച്ചു. ഡിക്കിനെ അപഗണിച്ചു തർക്കിക്കാനെന്നപോലെ ആ നിശ്ശബ്ദതയെ മറെറാരിന്ത്യൻ ഭേദിച്ചു.

ഡിക്ക് ഹ്രസ്വമായി മറുപടി നൽകി. അവരുടെ കണ്ണുകൾ തന്നിൽ തറച്ചിരുന്ന നേരത്തു ഡിക്ക് അനായാസേന റൈഫിൾ ഉയർത്തി പാറയുടെ നേർക്കു് ചൂണ്ടി, ഉന്നം നോക്കി ഒരു വെടി പൊട്ടിച്ചു. നിമിഷത്തിൽ ഒരു ചെറുകിളി വെറും എല്ലും തൂവലുമായി ചിതറിപ്പോയി.

ഇന്ത്യന്മാർ അത്ഭുതവിവശരായി; തുറന്ന വായ് കൈകൊണ്ടുപൊത്തി, തമ്മിൽ തമ്മിലും ഡിക്കിൻെറ നേർക്കും അവർ നോക്കി.

ഡിക്ക് വീണ്ടും ഇന്ത്യന്മാരോടു സംസാരിച്ചു. "വത്സകുട്ടീ! നെല്ലിയേയും കൊണ്ടുവാ," ഡിക്ക് ബ്രൗണിയോടു പറഞ്ഞു.

"എൻെറ തോക്കും ജീനിയും അവരുടെ കയ്യിലാണു്."

"അതേപററി പിന്നെ ആലോചിക്കാം. നിൻെറ ഭയം തീർന്നില്ലല്ലോ."

ബ്രൗണി നെല്ലിയെ അഴിച്ചു് അതിൻെറ പുറത്തു കയറി, അപ്പോൾ ഒററ ഇന്ത്യൻപോലും കൈകൾ ഉയർത്തിയില്ല. ബ്രൗണി റോക്കിനെയും വിളിച്ചു.

ബ്രൌണി ഡിക്കിൻെറ വശംചേൎന്നു സവാരിചെയ്തു. മൂങ്ങാ മുഖനും മററു രണ്ടുപേരും മുന്നിൽ സവാരിചെയ്തിരുന്നു. മററുള്ളവർ തമ്മിൽത്തമ്മിൽ പതുക്കെ എന്തോ പറഞ്ഞുകൊണ്ടു പിന്നാലെ വന്നിരുന്നു.

"ഇവരാണ് സീയോക്സുകാർ," ഡിക്ക് പറഞ്ഞു. "ഒരു തരം ഗിരിവൎഗ്ഗക്കാർ! ഇവിടെ അടുത്ത് ഇവരുടെ ഒരു താവളം ഉണ്ട്. അവർ ചുററും തടിച്ചുകൂടുകയാണ്."

"ഡിക്ക്"

"ഉറക്കെ സംസാരിക്കു. അവൎക്ക് ഒന്നും മനസ്സിലാകയില്ല."

"വളരെ ഉപകാരം. ഞാൻ അത്യധികം കടപ്പെട്ടവനാണ്."

"അതു സാരമില്ല."

"ഞാൻ വല്ലാതെ പരിഭ്രമിച്ചു. ഡിക്ക്, ഡിക്കിനോടു കാൎയ്യം തുറന്നുപറയാമല്ലോ; എനിക്കു ലജ്ജ തോന്നുന്നു."

ഡിക്ക് ഒരു കൈ ബ്രൌണിയുടെ മുട്ടിൽവച്ചുകൊണ്ടു പറഞ്ഞു. "സാരമില്ല. ഏതു വൻപനും ചിലപ്പോൾ അപകടത്തിൽപ്പെട്ടാൽ ഭയപ്പെടും."

"ഡിക്ക്! നിങ്ങൾ എങ്ങിനെ ഇതു സാധിച്ചു?"

"ആദ്യം ഞാൻ ആ വലിയ വെള്ള ഭടസമൂഹത്തെക്കണ്ടോ എന്നവരോടു ചോദിച്ചു. കേർണിയേയും സംഘത്തേയുമാണുദ്ദേശിച്ചത്. അനന്തരം നാമും കേർണിയുടെ സംഘത്തിൽപെട്ടവരാണെന്നും കായലിലേക്കു പോകുകയാണെന്നും, കണ്ടുമുട്ടുന്ന ശത്രുക്കളെ

യെല്ലാം പ്രത്യേകിച്ചു കരിങ്കാലികളെയും കൊല്ലുമെന്നും ഞാൻ അവരോടു പറഞ്ഞു. അവരുടെ മുഖത്തു തേക്കാൻ കൊള്ളാവുന്ന കാവിമണ്ണും അവരുടെ ഉപയോഗത്തിനുള്ള ഇരുമ്പുപാറകളും മററും നമ്മുടെ കൈവശം ഉണ്ടെന്നു ഞാൻ അവരെ പറഞ്ഞു മനസ്സിലാക്കി. പൊള്ളത്തടിക്കുള്ളിലെ ചുവന്ന തീവെള്ളവും കുറേ കണ്ടേക്കുമെന്നു ഞാൻ പറഞ്ഞു—എന്നുവച്ചാൽ പാത്രത്തിലിരിക്കുന്ന വിസ്കി എന്നർത്ഥം. അതുകൊണ്ടാണ് അവർ പിന്നാലെ വരുന്നത്.—സമ്മാനങ്ങൾക്ക്."

## അദ്ധ്യായം 18

പുഷ്പിതമായ തീരപ്രദേശങ്ങളോടുകൂടിയ ഉന്നതമായ സ്വീററുവാട്ടർ നദി, ഓറിഗനിലേക്കുള്ള കുതിത്തട്ടായി കരുതപ്പെടുന്ന സതേൺപാസ്, ബിഗ് സാൻഡി, ലിററിൽ സാൻഡി, കുററിക്കാടുകൾ നിറഞ്ഞ വിശാലമായ പീഠഭൂമിയിലൂടെ തള്ളിപ്രവഹിച്ചുകൊണ്ടിരുന്ന ഗ്രീൻ, കാററിൽ തങ്ങിനിൽക്കുന്ന ഹിമകണികകളാൽ രാത്രിയിൽ തണുത്തു വിറയ്ക്കുന്ന ഉന്നത ഭൂമി.

ഗ്രീനിലേക്കു ക്ലേശകരമായ ഒരു കുറുക്കുവഴി ഉണ്ടായിരുന്നു. ഡിക്ക് സമ്മേഴ്സിന് പണ്ടേ ആ വഴി പരിചയമാണ്. എങ്കിലും ഗ്രീൻ മരുതലത്തിലൂടെയുള്ള യാത്ര ക്ലിഷ്ടമായ ഒന്നായിരുന്നു. വണ്ടികൾക്കും, കാളകൾക്കും, കൃഷകരും, നഗരവാസികളും സ്ത്രീകളും, കുഞ്ഞുങ്ങളുമടങ്ങിയ ആ ജനസമൂഹത്തിനും, ആ മരുതലത്തിലൂടെ കടന്നുപോകുവാൻ കഴിയുമോ,? ഡിക്ക് ആ കുറുക്കു വഴി ഓർത്തു. കൂർത്ത ചരലുകളും വെള്ളം

കാണാതെ ഉഴലുന്ന കുററിക്കാട്ടുകളും നിറഞ്ഞ നീണ്ട നാല്പതു മൈൽ. വെള്ളത്തിൻെറ കാൎയ്യമായിരുന്നു അതിപ്രധാനം. ആ വഴിക്കൊന്നും, മനുഷ്യനായാലും മൃഗത്തിനായാലും കുടിക്കാൻ ഒരു തുള്ളി വെള്ളംപോലും കിട്ടുമായിരുന്നില്ല.

"എനിക്കറിഞ്ഞുകൂടാ," ഇവാൻസ് വിളിച്ചുകൂട്ടിയ കൗൺസിലിൽ അയാൾ പറഞ്ഞു. "നമുക്കതു കടക്കാമെന്നാണ് എനിക്കു തോന്നുന്നതു്. പക്ഷേ ക്ലേശകരമാണ്; ഒരു ഭാഗ്യപരീക്ഷണവുമാണ്."

"നാം കടന്നാൽ" മാക്ക് ആരാഞ്ഞു.

"ചുരുങ്ങിയതു രണ്ടു ദിവസമെങ്കിലും ആദായമായി. അരുതാത്തതായിട്ടൊന്നുമില്ലതിൽ; കടക്കാൻ പാടില്ലായ്കയില്ല."

"ഇതുവരെ പിന്നിട്ട വഴികളെക്കാളെല്ലാം ഇതു ക്ലേശകരമായിരിക്കും. അല്ലേ?" ഇവാൻസ ചോദിച്ചു.

"വളരെ."

"ഇതിലേറെ ക്ലേശകരമായി പിന്നെയും വല്ലതുമുണ്ടാകുമോ?"

"ഫോർട്ട് ഹാം കഴിഞ്ഞാൽ പിന്നെ ഒട്ടേറെ വൈതരണികൾ തരണം ചെയ്യാനുണ്ടാകും ലിജി."

"ചുരുക്കത്തിൽ അങ്ങ് ചെന്നെത്തുംമുമ്പ് നരകം തന്നെ ആയിരിക്കും."

ഒരു ധിരകൃത്യമെന്നുകൂടിക്കരുതിയായിരിക്കാം, അവർ ഒടുവിൽ കുറുക്കു വഴിയിലൂടെ സഞ്ചരിക്കാൻ തന്നെ തീരുമാനിച്ചു.

ലിററിൽ സാൻഡി തരണംചെയ്തു് അവർ ബിഗ് സാൻഡിയെ ലക്ഷ്യമാക്കി നീങ്ങി. അവിടെവച്ചു ബക്കററുകളിലും മററു പാത്രങ്ങളിലും ഉണങ്ങി വരണ്ടിരുന്ന ബാരലുകളിലും വെള്ളം നിറയ്ക്കുകയും, വെയിൽ മങ്ങുന്നതുവരെ അവിടെ കാത്തിരിക്കുകയും ചെയ്തു. വെയിലിൻെറ ചൂടു്, ശരീരം പൊള്ളിക്കുമാറു് അത്ര കഠിനമായിരുന്നു. ഇവാൻസിൻെറ വാച്ചിൽ മണി നാലു് ആയപ്പോൾ, സമേമഴ്സിൻെറ നേതൃത്വത്തിൽ അവർ യാത്ര തുടന്നു.

കുററിക്കാട്ടുകൾക്കു് ഇടയിലൂടെ പൊങ്ങിച്ചാടിയും, വററി വരണ്ടുകിടന്നിരുന്ന പഴയ തടാകതടങ്ങളിലൂടെ തെററിയും തെറിച്ചും, കൂർത്ത ചരൽക്കഷണങ്ങളുടെ രുചി അറിഞ്ഞും, മണൽപ്പരപ്പിലൂടെ പൊടി തെറിപ്പിച്ചും അവർ രാത്രി മുഴുവൻ സഞ്ചരിച്ചു. തൻെറ ദിഗ്ജ്ഞാനം ശരിയായ മാർഗ്ഗത്തിലൂടെ, തന്നെ നയിക്കുമോ എന്നു ഡിക്കു് ആശങ്കിച്ചു.

സൂര്യോദയത്തോടുകൂടി മരുഭൂമിയിൽ പ്രകാശം പരന്നു. കാളകൾക്കു് അവർ വെള്ളം പകന്നു കൊടുക്കുകയും, അങ്ങുമിങ്ങും നിന്നിരുന്ന അല്പമായ പുല്ലു തിന്നാൻ അവയെ അഴിച്ചുവിടുകയും ചെയ്തശേഷം തലേന്നു ചുട്ടുവച്ചിരുന്ന അപ്പവും, ഉണക്കമാംസവുംകൊണ്ടു് പ്രഭാതഭക്ഷണം കഴിച്ചു. വീണ്ടും കാളകളെ വണ്ടികളിൽ കെട്ടി അവർ മുന്നോട്ടു നീങ്ങി.

തീ കോരിച്ചൊരിഞ്ഞുകൊണ്ടു മദ്ധ്യാഹ്നം സമീപിച്ചപ്പോൾ, ഇത്രയ്ക്കു് ചൂടുള്ളതായി, ഇത്രയ്ക്കു് കാററിൻെറ നേരിയ ചലനംപോലുമില്ലാത്തതായി, ഒരു മൈൽ ദൂരം

ഇത്രക്കു ബഹുദൂരമായി തോന്നുമാറ്, ഒരു ദിവസം ഇതിനു മുമ്പൊരിക്കലും താൻ അനുഭവിച്ചിട്ടില്ലെന്നു് സമ്മേഴ്സ് കരുതി.

"ഉം– മുന്നോട്ടു നീങ്ങ്," വണ്ടിക്കകത്തുനിന്നു സമ്മേഴ്സ് കാളകളെ ശാസിച്ചു. "ചാരക്കുട്ടന്മാർ! ഉം– മുന്നോട്ടു നീങ്ങ്. തീ കോരിവിതറുന്ന വെയിലത്തു ഹൃദയം സ്പന്ദിക്കുമ്പോൾ, ഒന്നുകിൽ മുന്നോട്ടു കുതിക്കു് അല്ലെങ്കിൽ ചാക്. ഉം—ഗ്രീനിലേക്കു് നീങ്ങ്."

ദീനയായിക്കാണപ്പെട്ട മേഴ്സി മാക്ബി! അവൾ വിയർത്തു വിളറി വണ്ടിയുടെ പിന്നിൽക്കൂടി നടക്കുന്നു. എന്തു്? ഉഷ്ണപ്രവാഹം ഏററു നിനക്കു് മരിക്കണമോ? വണ്ടിക്കകത്തു് കയറ്, ഹാൻക് മാക്ബിയുടെ മുഖത്തു മണലും ദീക്ഷയുംകൂടി കുഴഞ്ഞുകിടക്കുന്നു. ഒരു കാള നിലം പതിച്ചു. കാട്ടുകാക്കകൾ കൊതിച്ചിരിക്കുകയാണു്. ജീവകാരുണ്യത്തിന്റെ പേരിൽ അതിനെക്കൊല്ലു്: മററൊന്നിനെ കൊണ്ടുവന്നുകെട്ടി വണ്ടി വിട്ടു്. ഉം— ഗ്രീനിലേക്കു നീങ്ങ്.

ഫെയർമാൻ തളന്നു വണ്ടിക്കുള്ളിൽ കിടപ്പായി. ഡാഗർട്ടിയുടേയും ബൈർഡിന്റേയും ലോലമായ മുഖങ്ങൾ ചൂട്ടുവെയിലേററു ചുവന്നു തുടുത്തു. അധരങ്ങൾ വരണ്ടു വിളറി. വെള്ളം ദാഹിച്ചു വായും തുറന്നു തലയും താഴ്ത്തിപോകുന്ന കാളകളെ ചൊടിപ്പിക്കു്! ഉം– വേഗമാകട്ടെ! പോ– മുന്നോട്ടു്. നിങ്ങൾക്കു് ഓറിഗനിലേക്കു പോകണം! അല്ലേ? വെതർബൈ. പ്രാർത്ഥിക്കു. പ്രാർത്ഥിച്ചോളു. പക്ഷേ മുന്നോട്ടു നീങ്ങണം.

ഈ ഗ്രാമീണർ ദുർബല ശരീരരാണെങ്കിലും, ദൃഢനിശ്ചയമുള്ളവരാണെന്നു സമ്മേഴ്സ് കരുതി. റിബേക്കാ ഇവാൻസ്! നല്ലൊരു പെണ്കുതിരയെപ്പോലെ തളർച്ച പററാതെ ദൃഢമായി നിൽക്കുകയാണ്. ലിജി കഴിവുള്ളവരെയൊക്കെ സഹായിക്കുന്നു; പ്രോത്സാഹിപ്പിക്കുന്നു. അയാളുടെ വിശാലമായ കവിൾത്തടം മണൽകൊണ്ടു ചാരം പൂശിയിരിക്കുകയാണ്. പാച്ചും ബ്റ്റൂവറും, ഷീൽഡ്സും, റെറഡ്ലോക്കും, അവരുടെ സ്ത്രീകളും കാളക്കാരുമെല്ലാം പൊടികൊണ്ടു പൊതിഞ്ഞിരിക്കുകയാണ്. വണ്ടി ഓടിക്കുന്നതിനിടയിൽ ക്രൂഡിത്ത് ഫെയർമാൻെറ കണ്ണുകളിൽനിന്ന് ഒരു തുള്ളി കണ്ണുനീർ അടർന്നു വീണു. തുറിച്ച കണ്ണുകളോടെ മിസിസ് മാക്ക് നടക്കുന്നു.

പ്രബലരായ ഗ്രാമീണർ! ഓറിഗനിലേക്കു ധീരമായി മുന്നേറുകയാണ്. മത്സ്യങ്ങൾ, വയലുകൾ, ഗോതമ്പ്, ആട്, ഒരു രാജ്യം, അതേ- ഓറിഗനിലേക്ക് അവർ മുന്നേറുകയാണ്.

ഒരു കയററം കയറുവാൻ ചില കാളകൾക്കു കഴിഞ്ഞില്ല. ഉന്തേണ്ടിവന്നു; തള്ളേണ്ടിവന്നു. ഒന്നുകിൽ ഉന്തുക, തള്ളുക, അല്ലെങ്കിൽ ഇരട്ടക്കാളകളെ കെട്ടി വലിക്കുക. വിയർത്തൊലിച്ചു, ശ്വാസം പിടിച്ചു തലയോട്ടു പൊട്ടുമാറു് ഉന്തുക. ഉം- ലിജി, ഉന്തു്. നിനക്കു് ഒരു കാളയെപ്പോലെ ജോലിചെയ്യാൻ അറിയാം. ഉം- മാക്ക്, റെറഡ്ലോക്ക്, ബ്റ്റൂവർ, പാച്ച്, ഷീൽഡ്സ് ഏവരും ഉന്തു്. ഊക്കോടുകൂടി തള്ള്. കേററട്ടെ കേററം.

പോരാ ലിജി! ആ മുന്നിൽ നില്ക്കുന്ന കാളകൾക്ക് ഒരു താങ്ങു വേണം. ഓ! ദൈവമേ! അതാ ഗ്രീൻ!

അതേ, ഗ്രീൻ കൺമുൻപിൽ എത്തി. ഏവർക്കും വിശ്രമവും തണലും ലഭിക്കും. കാലികൾക്കു മേയാൻ പുല്ലും സുലഭം. ഇനിയുമുണ്ട് ഒരു ആറു മൈൽ കൂടി. ഒരു നീണ്ട ചെരിവ്. വണ്ടി ഓടിക്കാൻ സാധ്യമല്ലാത്ത രീതിയിൽ കിഴക്കാംതൂക്കായ ഒരു ചെരിവ്! അതു കടക്കണം. അതിന്നു താഴെ ഒരു കുന്നും. എങ്കിലും ഗ്രീനിൻെറ ദർശനത്തിൽതന്നെ മദ്യം കുടിച്ചാലെന്ന പോലെ ലഹരി അവർക്ക് അനുഭവപ്പെട്ടു. ചൂടു വെയിലേററ് ചോര തെറിച്ചിരുന്ന അവരുടെ മുഖങ്ങളിൽ മന്ദഹാസം കളിയാടി. സ്ത്രീകളും കുട്ടികളും വാഹന നിരയിൽ നിന്നകന്നു വട്ടംകൂടിനിന്നു വർത്തമാനം പറയാൻ തുടങ്ങി. ക്ലേശവും തളർച്ചയും അവരിൽ നിന്നകന്നു.

കാളകളെ വണ്ടികളിൽനിന്നു മാററി. പിന്നിൽ കയററിട്ടു പിടിച്ചുകൊണ്ടു വണ്ടികൾ ഓരോന്നായി ആ ചെരിവിലൂടെ എരിപൊരി വെയിലത്തിറക്കി. അവർ താഴ്‌വരയിലെത്തുകയും കാളകളെക്കൊണ്ടുവന്നു വീണ്ടും വണ്ടിയിൽ കെട്ടുകയും ചെയ്തു. അപ്പോൾ സമേമഴ്സ് ഇവാൻസിനോട്ട് ഇപ്രകാരം പറഞ്ഞു.

"ലിജി! ഈ കാലികൾ വെള്ളത്തിൻെറ മണം കേട്ടാൽ മതി, പരക്കം പായും. വണ്ടിയുമായി അവ ഓടി വെള്ളത്തിൽ ചാടും. അല്പം മാററി വണ്ടി ഓടിച്ചു ദൂരെ നിറുത്തി, കാലികളെ അഴിച്ചുവിട്ടു അവയെ മാത്രം മുന്നോട്ടു തെളിക്കുകയായിരിക്കും നന്നെന്നു എനിക്കു

തോന്നുന്നു. വണ്ടികളൊക്കെ പിന്നാലെ കൊണ്ടുവരാൻ വേണ്ടത്ര സമയം ഉണ്ട്."

"നല്ലതു ഡിക്ക്, നിങ്ങളില്ലായിരുന്നെങ്കിൽ ഞാനൊരു വങ്കൻ ക്യാപ്ററനായിരുന്നേനെ. ഇല്ലേ? എങ്കിലും ഈ ഉഷ്ണിച്ച വയററിൽ തണുത്ത വെള്ളം അത്ര നല്ലതല്ല."

"പിന്നെന്തു ചെയ്യാൻ കഴിയും?"

"ഞാൻ കാളകളെയും കുതിരകളെയും മററു കന്നുകാലികളെയും ചിതറിച്ചു കൊണ്ടുവരാം. അല്ലെങ്കിൽ അവ ഒന്നിനു മീതെ മറെറാന്നായി തള്ളിക്കേറും."

സമ്മേഴ്സ് ആശങ്കിച്ചതുപോലെ തന്നെ കാര്യങ്ങൾ കലാശിച്ചു. വെള്ളത്തിൻെറ മണം തട്ടിയതോടെ വണ്ടിക്കാളകൾ കൊതിപൂണ്ടു കുതിച്ചുപാഞ്ഞു, വണ്ടിയുമായി വെള്ളത്തിൽ ചാടി. വണ്ടിയിലുണ്ടായിരുന്ന ദ്രഢഗാത്രന്മാർ പിന്നീടു വണ്ടികൾ വലിച്ചു കരയ്ക്കു കയററി.

മരുഭൂമിയിലൂടെയുള്ള യാത്ര ആശങ്കിച്ചപോലെ അത്ര മോശമായിരുന്നില്ല. ഒരു കാള ദാഹിച്ചു പൊരിഞ്ഞു ചത്തു. മറെറാന്നു വെള്ളത്തിൽ വീണു തുലഞ്ഞു. കാളകളുടെ തീററിസാധനങ്ങൾ കുറെ തെറിച്ചുപോയി. ഒററ വണ്ടിപോലും നഷ്ടമായില്ല. ആരും മരിച്ചില്ല. രോഗികൾക്കെല്ലാം പൂർണ്ണസുഖമായി. ചാർലി ഫെയർമാനുപോലും സുഖക്കേടു ഭേദമായി.

അടുത്തതായി ബെയർ നദിയാണ്. കായ്കനികൾ നിറഞ്ഞ കാടുകൾക്കിടയിലൂടെ ബെയർ നദി മന്ദമന്ദം ഒഴുകിക്കൊണ്ടിരുന്നു. നദിയുടെ പേരു് അന്വർത്ഥമായിരുന്നു. എന്തെന്നാൽ വെതർബൈയുടെ ദൈവം

അവിടെ കുറെ കരടികളെ സൃഷ്ടിച്ചിരുന്നു. (ബെയർ എന്ന ഇംഗ്ലീഷ് പദത്തിനർഥം കരടി എന്നാണെന്ന വസ്തുത ശ്രദ്ധേയം.) കറുത്ത കരടികൾ, തവിട്ടുനിറത്തിലുള്ള കരടികൾ, അവയുടെ എല്ലാം രാജാവായി, ചിതലും, മീനും, പഴവും തിന്നു കൊഴുത്തു തടിച്ചു ഭീതിയെന്തെന്നറിഞ്ഞിട്ടില്ലാത്ത ഭീമൻ വെള്ളക്കരടി.

മാക്ബിയെ മുന്നിൽ നിറുത്തിക്കൊണ്ടു വാഹനസമൂഹം മുന്നോട്ടു നീങ്ങി. "ഓ! ദൈവമേ!" വണ്ടികൾക്കൊപ്പം അടിവെച്ചും താഴ്വരയുടെ ചെരിവു നോക്കിയും മാക്ബി പറഞ്ഞു. അയാൾ തന്റെ കൈകൊണ്ടു ദിക്ഷമേൽ തടവിക്കൊണ്ടിരുന്നു.

"സുന്ദരമായ പ്രകൃതി!"

താഴോട്ടിറങ്ങിക്കൊണ്ടിരുന്ന വണ്ടികൾ സമേഴ്സ് പരിശോധിച്ചു. വണ്ടികൾ ഇരുവശത്തേക്കും അയാൾ പിടിച്ചു കുലുക്കിനോക്കി. ചെളിപ്പരപ്പിന് അധികം താഴ്ചയില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. അനന്തരം കാലിസൂക്ഷിപ്പുകാരുടെ അടുക്കലേയ്ക്കു മടങ്ങി, കാലികളെ നയിക്കുന്നതിൽ ഡിക്ക് അവരെ സഹായിച്ചു.

താഴെ പുല്ലുകൾ സമൃദ്ധം. കാൽമുട്ടോളമെത്തും. ഇരുപാർശ്വങ്ങളിലും പൂക്കൾ കാററത്തിളകിയാടി. കായ്കനികൾ പഴുത്തു നിന്നിരുന്നു. വണ്ടികളിൽനിന്നു താഴത്തിറങ്ങാതെയിരുന്ന സ്ത്രീകളും കുട്ടികളും താഴത്തിറങ്ങി. പെട്ടെന്നൊരാഹ്ലാദം അവരിൽ അലതല്ലി. പുരുഷന്മാർ പുല്ലിന്റെ സ്വഭാവം ശരിക്കു പരിശോധിച്ചു. മണ്ണു തെറിപ്പിച്ചു നോക്കി. താഴ്വരയിലെങ്ങും അവർ അവരുടെ കണ്ണുകൾ പായിച്ചു. സ്ഥിതി

ഗതികൾ ഇതുപോലെയൊക്കെത്തന്നെ ആണെങ്കിൽ, അതൊരു നല്ല കൃഷിഭൂമി ആയിരിക്കുമെന്ന് അവർ സമ്മതിച്ചു.

"ഈ നദിയിൽ ശുദ്ധജല മത്സ്യങ്ങൾ ഉണ്ട്," സമേമഴ്സ് ബ്രൗണിയോടു പറഞ്ഞു. "വലിയ മത്സ്യങ്ങൾ."

അയാൾ മുന്നോട്ടു കുതിരയോടിച്ചു പോയി, ഇവാൻസിൻെറ സമീപം എത്തി. ഇവാൻസ് തൻെറ വിശാലമായ മുഖം ഉയർത്തി. എന്തോ നല്ല വാർത്ത ശ്രവിച്ചതുപോലെ ഇവാൻസിൻെറ മുഖം പ്രസന്നമായിരുന്നു.

"ഡിക്ക്! ഇപ്പോഴാണ് എനിക്ക് ഓറിഗനിൽ വിശ്വാസം വരുന്നത്."

"കൊള്ളാം, അങ്ങിനെയോ?"

ഇവാൻസ് തല കുലുക്കിക്കൊണ്ടു തുടർന്നു: "ഡിക്ക്—ഞാൻ സത്യം പറയുകയാണ്. നിലം ഉഴുതുമട്ടത്തെന്നു കരുതിയിരുന്നവനാണു ഞാൻ. എന്നാൽ ഈ പ്രദേശം കണ്ടാൽ ആർക്കും കലപ്പ എടുത്തൊന്നു് ഉഴാൻ തോന്നും."

## അദ്ധ്യായം 19

ആ നദിക്കു സമീപം, പാറക്കെട്ടിനു മീതെ പാഞ്ഞൊഴുകുന്ന ഒരു നീർച്ചാലിൻെറ ഇടതടവില്ലാത്ത സീൽക്കാരം മേഴ്സി മാക്ബി ശ്രവിച്ചു. രാത്രി മുഴുവൻ അത് അവൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ശ്... ശ്... എന്ന് അത് പറഞ്ഞുകൊണ്ടിരുന്നു. അതെന്തോ അറിഞ്ഞതുപോലെ!

നദിക്കും നീർച്ചോലയ്ക്കും അല്പം അകലെ ആയി അവർ താവളമടിച്ചിരുന്നു. മേഴ്സി മാക്ബീ ആ നീർച്ചോലയിൽനിന്നാണു വെള്ളം മുക്കി എടുത്തത്. സ്ത്രീകൾ അതിനു ചുററും ഉന്മേഷഭരിതരായി നീങ്ങികൊണ്ടിരിക്കുന്നതും, തീ ഊതിപ്പിടിപ്പിക്കുന്നതും വെള്ളം ചേർത്തു മാവു കുഴയ്ക്കുന്നതും, അപ്പം ചുടാൻ മററൊരുക്കങ്ങൾ ചെയ്യുന്നതും അവൾക്കു കാണാമായിരുന്നു.

നീർച്ചോലകൾകൊണ്ടു നിറഞ്ഞ ഒരു പ്രദേശമായിരുന്നു അതു്. എല്ലാംകൂടി ഒരു ഈററില്ലത്തിന്റെ മട്ടുണ്ടു കണ്ടാൽ! പത പുരണ്ട ശിലാഖണ്ഡങ്ങൾ തടഞ്ഞുനിറുത്തിയിരുന്ന ജലം തെറിച്ചുതെറിച്ചു മേല്പോട്ടും മുന്നോട്ടും വീണുകൊണ്ടിരുന്നു.

ഭൂമിയ്ക്കു് ഒരു അറുതി വരാൻ പോകുകയാണെന്നു ചിന്തിച്ചുകൊണ്ടു മേഴ്സി അവിടെ ഇരുന്നു. അന്നിമിഷത്തിൽ,അവിടെത്തന്നെവെച്ചു ഭൂമി അവസാനിക്കുമെന്നു്; ആ നദി ശൂന്യതയിലേയ്ക്കു ഒഴുകുകയാണെന്നു്; സൂര്യൻ എന്നന്നേക്കുമായി മറയുകയാണെന്നു്; ഉന്നതഗിരികൾ ഇരുളുകയാണെന്നു്; തെറിക്കുന്ന തണ്ണീർ ശ് ... ശ് ... എന്നു് അവയുടെ അന്ത്യവചനങ്ങൾ ഉച്ചരിക്കുകയാണെന്നു് അവൾ കരുതി. നേരേമറിച്ചു്, ലോകം വീണ്ടും തുടരുകയാണെങ്കിൽ, മററുള്ളവർ തന്റെ നേക്കു നോക്കിപ്പറയും ശ് ...ശ് ... എന്നു്! മേഴ്സി മാക്ബീ സത്യം പറയൂ: അറുതിയാണെങ്കിൽ അവൾ അതിനെ കാര്യമാക്കുകയില്ല. അറുതി വന്നാൽ വിശ്രമവും മനഃസമാധാനവുമായി; അതിൽക്കവിഞ്ഞൊന്നും തന്നെയില്ല.

ആർത്തമായ ചിന്താഭാരത്താൽ അവൾ തല കുനിച്ചു. "ഒരു പക്ഷേ അങ്ങനെ അല്ലായിരിക്കാം." അവൾ സ്വയം പറഞ്ഞു. "അങ്ങനെ ആയേ തീരൂ എന്നില്ല. അങ്ങനെ ആകാതിരിക്കാനും കഴിയും."

ഇത്ര പെട്ടെന്ന് ആർക്കും തിട്ടമായി പറയാൻ സാധിക്കുകയില്ല. പിന്നീട്ട ഓ! തന്റെ ക്ലേശങ്ങൾ, വേദനകൾ എത്ര മൂഢമായിരുന്നുവെന്നു പിന്തിരിഞ്ഞു നോക്കി അവൾ ചിന്തിച്ചെന്നും വരാം. ആ സമയത്ത് അവൾ തന്നെത്തന്നെ മുന്നിൽ നിറുത്തി ഒന്നു നോക്കാൻ ശ്രമിക്കും. അവൾ കാണുന്നതാകട്ടെ രണ്ടു പേരെ ആയിരിക്കും. ഭാവിയിലെ ആഹ്ലാദഭരിതയായ ഒരുവൾ; നീർച്ചോലയ്ക്കു സമീപം ഭയാക്രാന്തയായിരുന്ന മറ്റൊരുവൾ.

കുററിക്കാട്ടുകൾ ഒരിടം നൽകിയപ്പോൾ, അല്ലെങ്കിൽ കൂടാരം ഒഴിഞ്ഞുകിടന്നപ്പോൾ ഒരു ഡസൻ തവണ അവൾ സ്വയം പരിശോധിച്ചിട്ടുണ്ട്. അവൾ ഉററു നോക്കി. തൊട്ടു തടവി നോക്കി. അന്നൊന്നും ഒരു കുഴപ്പവുമില്ലായിരുന്നു. അവൾ എന്നുമെന്നപോലെ വരണ്ടു മെലിഞ്ഞിരുന്നു. തകരാറൊന്നും പററിക്കാണുകയില്ല, കാര്യങ്ങൾ എല്ലാം നേരേയാകും! അപ്പോഴേയ്ക്കും അവളുടെ വയററിൽ ഒരസുഖം.

കൈകാലുകളിൽനിന്നും ശിരസ്സിൽനിന്നും ഭയവിഹ്വലതയെ പിടികൂടി ഹൃദയത്തിന്റെ അഗാധതയിൽ കുഴിച്ചുമൂടുവാൻ അവൾ ശ്രമിച്ചു. അമ്മ കൈ മാറത്തിട്ടടിച്ചു ഭീകരമായി കരയും. "ഞാൻ പറഞ്ഞില്ലേ പുരുഷന്മാരിൽനിന്നു നീ അകന്നു നിൽക്കണമെന്ന്; പറഞ്ഞില്ലേ

ഞാൻ ; എങ്കിലും നീ അതു കൂട്ടാക്കിയില്ല. നിനക്കായിരുന്നു കൂടുതൽ വിവരം. ഇതാണതിന്റെ ഫലം. അതു നീ അർഹിക്കുന്ന ശിക്ഷ.” പപ്പാ എന്തു പറയുമെന്നോ ചെയ്യുമെന്നോ അവൾ അറിഞ്ഞില്ല. എങ്കിലും അയാൾ ഒരു പക്ഷേ മാക്കിനെ സമീപിച്ച്, അവനെ ധൈര്യപ്പെടുത്തി, ഒരു കുതിരയ്ക്കോ, കാളയ്ക്കോവേണ്ടി കാര്യങ്ങളെല്ലാം ഭംഗിയായി കലാശിപ്പിക്കും. അവളുടെ വില അതാണെന്നപോലെ.

മി. മാക്കിനോടൊന്നു സംസാരിക്കാൻ കഴിഞ്ഞെങ്കിൽ! അയാളുടെ മാറത്തു തലചായിച്ചുവച്ചു കരഞ്ഞുകൊണ്ടു കാര്യം ധരിപ്പിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! ലാറമി പിന്നിട്ടശേഷം ഒരിക്കൽ മാത്രമല്ലാതെ അവളെ കാണുവാൻ അവൻ വഴി വച്ചിരുന്നില്ല. ഇടയ്ക്കിടയ്ക്ക് അവരുടെ കണ്ണുകൾ പരസ്പരം ഇടയുമ്പോൾ അവൻ പുഞ്ചിരിച്ചുകൊണ്ടു “ഹല്ലോ” എന്നു മാത്രം പറഞ്ഞിരുന്നു. തികച്ചും ഒരു സാധാരണ രീതിയിലുള്ള മാക്കിന്റെ മട്ടുകണ്ട് അവൾ അമ്പരക്കും. അയാൾ തന്നെ സ്മരിക്കുന്നുണ്ടോ? ആ രഹസ്യം അയാൾ പുലർത്തുന്നുണ്ടോ? അത് അയാൾക്കു പ്രിയംകരമാണോ? അവൾക്കുവേണ്ടി അവൻ ആന്തരാ കരയുന്നുണ്ടോ?

വീണ്ടും വയററിൽ ഒരസുഖം. “ഓ! ദൈവമേ! അതങ്ങനെയാകരുതെ! ഞാനങ്ങയോടു കേണപേക്ഷിക്കുന്നു. എനിക്കു തുണയായിരിക്കേണമേ. എന്റെ കടങ്ങൾ എന്നോടു പൊറുക്കേണമേ. ഓ! ദൈവമേ! അങ്ങനെ വരുത്തല്ലേ: ഞാൻ കേണപേക്ഷിക്കുന്നു.”

അവൾ ഒരു സ്വരം കേട്ടു. അതു ബ്രൗണിയുടേ

തായിരുന്നു. "മേഴ്സി! സുഖം തന്നെയോ? എന്തു്! നീ കരയുകയാണോ?"

അവൾ എഴുന്നേല്ക്കുവാൻ ശ്രമിച്ചു. പെട്ടെന്നു് ഒരു തളർച്ചപോലെ തോന്നി. അവൾ പിന്നോട്ടു ചാഞ്ഞിരുന്നു. "ഈ വൃത്തികെട്ട വെള്ളം കുടിച്ചിട്ടാ."

"എന്തു്?" ബ്രൗണി പറഞ്ഞു. "ഞാനും ഈ വെള്ളമല്ലേ കുടിക്കുന്നതു്? സംസാരിച്ചുകൊണ്ടിരിക്കാൻ എനിക്കൊരാളുവേണം."

"എന്നെക്കൂടാതെ മററു പലരും ഉണ്ടല്ലോ?" അവൾ പറഞ്ഞു. അവൾ ഭയം ഉള്ളിലൊതുക്കി; ഹൃദയത്തിൽ ഒരു ഭാരം മാത്രം അവൾക്കു തോന്നി.

"എന്തുകൊണ്ടു നമുക്കൊന്നു നടക്കാൻ പൊയ്ക്കൂടാ?" അവൻ ചോദിച്ചു.

"അപ്പോൾ ജോലിയൊന്നും ചെയ്യേണ്ടെന്നോ? അതൊരു കൊള്ളരുതാത്ത കാര്യമാണു്."

"നീയാണു കൊള്ളരുതാത്തതു്."

നീർച്ചോലകളിൽ ഒന്നിൽനിന്നുള്ള സീൽക്കാരംപോലെ ബ്രൗണിയുടെ വാക്കുകൾ അവളുടെ മുഖത്തടിച്ചു. ആ സീൽക്കാരം, തടയപ്പെടാനാവാത്തവണ്ണം അങ്ങനെ ഏറിയേറി വരികയാണെന്നു് അവൾക്കു തോന്നി.

"ബ്രൗണി! നിങ്ങൾക്കു്, എന്നെപ്പററി ഒന്നും അറിഞ്ഞുകൂടാ." അവൾ പറഞ്ഞു.

"എനിക്കറിയാമെന്നു് ഓർത്തുകൊള്ളൂ. നിനക്കു നടക്കാൻ വരാൻ സമ്മതമുണ്ടോ?"

അവൻെറ കണ്ണുകൾ, സമീപത്തിരുന്ന ആ വയസ്സൻ നായുടെ—റോക്കിൻെറ—കണ്ണുകൾപോലെ ആണെന്നു്

അവൾക്കു തോന്നി. അർത്ഥനാസൂചകമായ ആ തുറന്ന മിഴികൾക്കു മുമ്പിൽ അവൾ പറഞ്ഞു. "അധിക നേരം താമസിക്കാൻ വയ്യാ."

ഒരു പക്ഷേ മി. മാക്ക് ചെയ്യുമായിരുന്നതുപോലെ, അവളെ താങ്ങി എഴുന്നേല്പിക്കുവാൻ ബ്രൌണി ഒരു അടിയില്ല. അല്പം സങ്കോചത്തോടും സന്ദേഹത്തോടും കൂടി അവൻ അവിടെ നിന്നു. അതിനിടയിൽ അവൾ എഴുന്നേററു്; അവനോടൊട്ടിനിന്നു. തൻെറ ഏകാന്തതയിൽ ബ്രൌണിയുടെ സാന്നിദ്ധ്യത്തെ അവൾ വിലമതിച്ചു.

"എന്തുതന്നെ ആയാലും ബ്രൌണി തന്നെ വില മതിക്കുമോ?" അവൾ സ്വയമേ ചോദിച്ചു. "ബ്രൌണി അറിയുകയാണെങ്കിൽ, പിന്നെ അയാൾ എന്നെ വില മതിക്കുമോ?"

താവളവും കടന്നു നദീതീരത്തിലൂടെ, പ്രവാഹഗതിക്കൊത്തു് അവർ നടന്നു.

"ഓറിഗനിലെത്തിക്കഴിഞ്ഞാൽ പിന്നെ എന്തു ചെയ്യുമെന്നു് നീ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?" അവൻ ആരാഞ്ഞു.

"വളരെയൊന്നും ചിന്തിച്ചിട്ടില്ല."

"ഞാൻ ഒട്ടേറെ കാര്യങ്ങൾ ചിന്തിക്കുന്നുണ്ടു്. കഠിനമായി അദ്ധ്വാനിക്കണം. നല്ലൊരു വയലുണ്ടാകണം. നായാട്ടിനും മീൻ പിടുത്തത്തിനും വേണ്ടത്ര സമയം കിട്ടണം എന്നൊക്കെ."

പിന്നോട്ടു് അല്പം ഞെളിഞ്ഞു കൈകൾ വക്ഷസ്സിൽ വച്ചുകൊണ്ടു് അയാൾ തുടന്നു: "നൂറു നൂറു കാര്യങ്ങൾ;

ഉദാഹരണമായി നിന്നെപ്പററിയും. ഞാൻ പറഞ്ഞു പോയെന്നേ ഉള്ളു."

ബ്രൗണിയൊത്തു മുന്നോട്ടു നീങ്ങുവാൻ അവൾക്കു് ഉത്സാഹം തോന്നിയില്ല. സംഭാഷണത്തിനു രസം പിടിപ്പിച്ചു നീട്ടിക്കൊണ്ടുപോകാനും അവൾ കൊതിച്ചില്ല. അവൾ ബ്രൗണിയെ ആശിച്ചില്ല. ആശിച്ചാൽ തന്നെ അതിന്നവൾക്കു് അർഹതയില്ലായിരുന്നു; അവകാശവുമില്ലായിരുന്നു. വീണ്ടും അവളിൽ ഭീതി ഇരമ്പിക്കയറി. ഒരുന്മാദിനിയെപ്പോലെ നിശ്ശബ്ദമായ വനാന്തരങ്ങളിലേക്കു പായുവാൻ അവൾക്കു തോന്നി.

"എനിക്കു വയസ്സ് പതിനെട്ടായി മേഴ്സി. എന്നെക്കാൾ ചെറുപ്പത്തിലെ പപ്പാ കല്യാണം കഴിച്ചു. ഞാൻ പറയാൻ പോകുന്നതെന്താണെന്നു മനസ്സിലായില്ലേ? എൻെറ ഹൃദയം പോലെ തന്നെ, നിൻെറ ഹൃദയവും തുടിക്കുന്നുണ്ടെങ്കിൽ, ഓറിഗനിലായാലും, മററവിടെ ആയാലും, എന്നെ തടസ്സപ്പെടുത്തുവാൻ യാതൊന്നും തന്നെ ഉണ്ടാകുകയില്ല."

"ബ്രൗണി," അവൾ പറഞ്ഞു. "അങ്ങയുടേതു പോലെ തന്നെ എൻെറ ഹൃദയവും തുടിക്കുന്നുണ്ടെന്നു് എനിക്കറിയാം, ...പക്ഷെ ഞാൻ അങ്ങയോടു നന്ദി പ്രകടിപ്പിക്കുക മാത്രം ചെയ്യാം."

കണ്ണുനീരടക്കുവാൻ അവൾക്കു കഴിഞ്ഞില്ല. അവൾ കൈകൊണ്ടു കണ്ണുകൾ പൊത്തി. ബ്രൗണി തൻെറ തോളിൽ കൈയിടുന്നതായി അവൾക്കു തോന്നി.

"എന്തു്? മേഴ്സി! ഞാൻ നിന്നെ കല്യാണം കഴിക്കാൻ

പോകുന്നതോർത്തു നീ കരയേണ്ട," കൈകൾകൊണ്ടു ശാന്തമായി മുതുകിൽ തടവിക്കൊണ്ടു് അവൻ പറഞ്ഞു.

അവൾ കണ്ണുനീർ തുടച്ചു. "ഞാൻ അങ്ങയെ കബളിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല."

"നിനക്കെന്നെ കബളിപ്പിക്കുവാൻ ഒക്കുകില്ല മേഴ്സി." അവളുടെ ശിരസ്സ് മന്ദം ഉയർത്തി, തന്റെ നേർക്കു തിരിച്ചു് ആ കവിളുകളിൽ അവൻ ചുംബിച്ചു. കാമാർത്തിയുടെ ചുംബനമല്ല; സ്നേഹത്തിന്റെയും ശുഭാശംസകളുടെയും ചുംബനം. "നീ വല്ലാതെ ദുഃഖാർത്തയായി കാണുന്നല്ലോ. ഞാൻമൂലം നീ പരവശയാകേണ്ട. ഞാൻ എന്തിനും സന്നദ്ധനാണു്."

"നിങ്ങൾ ഒരു ഗുണസമ്പന്നനാണു ബ്രൗണി," അവൾ പറഞ്ഞു. "എന്തു തന്നെ ആയാലും നിങ്ങൾ ഒരു ഗുണസമ്പന്നനാണെന്നെനിക്കറിയാം." കൂടുതൽ കണ്ണുനീരൊഴുക്കാതെ, ഒരു വാക്കുച്ചരിക്കുവാൻ അവൾക്കു കഴിയാതായി. അതിനാൽ അവൻ പോകാൻ ഭാവിച്ചു. അവർ അധികമൊന്നും ഉരിയാടാതെ മടങ്ങി.

അവൾ ഇരുട്ടത്തു കാത്തിരുന്നു. അവളും ആ ശബ്ദവുംമാത്രം; നഷ്ടമായസംഗീതത്തിന്റമാറെറാലി, നീർച്ചോലയിൽനിന്നുള്ള സീൽക്കാരം; നക്ഷത്രങ്ങളുടെ തണുത്ത കണ്ണുകൾ; പശുക്കിടാങ്ങളുടെ കരച്ചിലുകളും, ചെന്നായ്ക്കളുടെ മോങ്ങലുകളും; നീർച്ചോലകളിൽനിന്നു യരുന്ന സീൽക്കാരവും. "ഞാൻ എന്തു വേണമെങ്കിലും ചെയ്യും." "അയ്യോ അരുതു മേഴ്സി" ആ പുൽക്കൊടികൾ തലയാട്ടിക്കൊണ്ടു പറഞ്ഞു.

ഇരുട്ടിൽ ഒരു നേരിയ നിഴൽപോലെ മി. മാക്ക് ആണു പുറത്തേക്കിറങ്ങിയതെന്ന് അവഠം മനസ്സിലാക്കി. "മി. മാക്ക്!" അവഠം വിളിച്ചു. അവളുടെ സ്വരം ഒരു മമ്മരാരവം മാത്രമായിരുന്നു. നീർച്ചോലയുടെ സീൽക്കാരത്തിൽ ആ സ്വരം ലയിച്ചു. "മി. മാക്ക്! ഇതു മേഴ്സി മാക്ബീ ആണ്."

മറുപടിയൊന്നും പറയാതെ അവൻ അവളുടെ സമീപത്തേക്കു വന്നു.

"മി. മാക്ക്, നമുക്ക് അല്പം അകലത്തേക്കു പോകാം. കുറച്ചു സംസാരിക്കാനുണ്ട്."

മറുപടിയൊന്നും പറയാതെ അവളുടെ കൈയ്യുപിടിച്ചുകൊണ്ടു മാക്ക് താവളത്തിനു വെളിയിൽ വെള്ളച്ചാലിലേയ്ക്കു നടന്നു. "നിന്നെ കാണാതിരിക്കുകയാണ് ഉത്തമമെന്ന് എനിക്കു തോന്നി മേഴ്സി."

"എനിക്കു ഭയമാകുന്നു, മാക്ക്, വല്ലാതെ ഭയമാകുന്നു."

ആകാംക്ഷയോടെ "ഭയമോ? എന്തിന്?"

"നിങ്ങഠംക്കറിഞ്ഞുകൂടേ?"

"ഓ! വെറുതെയാ," അവൻ മറുപടി പറഞ്ഞു. "ഒരു പക്ഷേ നിൻെറ തോന്നലായിരിക്കും."

"അതെൻെറ തോന്നലായിത്തീരട്ടെയെന്നാണെൻെറ ആശ. പക്ഷേ കഷ്ടകാലത്തിനു വല്ലതുമുണ്ടെങ്കിൽ, എനിക്കെന്തു ചെയ്യാൻ കഴിയും? നിങ്ങഠംക്കെന്തെങ്കിലും അറിഞ്ഞുകൂടേ? നിങ്ങളെ ശല്യപ്പെടുത്താൻ എനിക്കുദ്ദേശമില്ല."

"എന്നെ ശല്യപ്പെടുത്തുകയോ?"

"നിങ്ങളെ കുററപ്പെടുത്തുകയല്ലെന്നേ ഞാൻ അർത്ഥമാക്കിയുള്ളു."

"മേഴ്സി! ഞാൻ വ്യസനിക്കുന്നു. എന്തു ചെയ്യാൻ കഴിയുമെന്ന് എനിക്കുതന്നെ അറിഞ്ഞുകൂടാ."

"ഒന്നും അറിഞ്ഞുകൂടേ?"

"കല്യാണത്തെപ്പററി നീ ആലോചിച്ചിട്ടുണ്ടോ മേഴ്സീ?"

"ആരുമായി?"

"ആരെങ്കിലുമായി."

"ഒരിക്കലുമറികയില്ലേ?"

"എനിക്കറിഞ്ഞുകൂടാ."

അയാൾ ആത്മഗതം ചെയ്തു.

"സംസാരംകൊണ്ടുയാതൊരു പ്രയോജനവുമുണ്ടെന്നു തോന്നുന്നില്ല."

അവൻ ഉറക്കേ പറഞ്ഞു: "മേഴ്സീ! ഞാൻ വ്യസനിക്കുന്നു. അത്രമാത്രമേ എനിക്കു പറയാനുള്ളു."

മാക്കിൽനിന്ന് ആശ്വാസപ്രദമായ ഒരു ചുംബനമെങ്കിലും ലഭിക്കുമെന്ന് അവൾ ആശിച്ചിരുന്നു. പക്ഷേ അവളെ സ്പർശിക്കാതെ അവൻ സ്ഥലം വിട്ടു.

പിന്നെയും ശബ്ദങ്ങൾ കേൾക്കായി. തിരത്തെപ്പററി നദി പരാതിപ്പെട്ടുകൊണ്ടിരുന്നു. ചന്ദ്രൻ ഉദിച്ചുയർന്നപ്പോൾ ചെന്നായ്ക്കൾ ഉച്ചത്തിൽ മോങ്ങി. ബ്രൗണിയെപ്പോലെ ഒരു യുവാവിനെ ചതിക്കാമോ എന്നവൾ സ്വയമേ ചോദിച്ചു.

കർട്ടിസ് മാക്ക് നേരിട്ട കൂടാരത്തിലേക്കല്ല പോയതു്. മേഴ്സിയിൽ നിന്നു് അവൻ കൂടാരത്തിൻെറ നേക്കു നടന്നകന്നു. അമാൻഡാ ഉറങ്ങിയിരിക്കുകയില്ലെന്നു് അയാൾക്കറിയാമായിരുന്നു. അതുകൊണ്ടു പിന്തി രിഞ്ഞു് ആ താഴ്‌വരയിൽ അലഞ്ഞു തിരിഞ്ഞു. അയാ ളുടെ മനസ്സിൽ യാഥാർത്ഥ്യം പതിഞ്ഞു; എങ്കിലും അതിൻെറ മുന്നിൽ അവൻ നിശ്ശബ്ദനായി. ഒന്നും തന്നെ ചെയ്യാനുണ്ടായിരുന്നില്ല. കാത്തിരിക്കുകയല്ലാതെ ഒന്നും തന്നെ ചെയ്യാൻ കഴിവുണ്ടായിരുന്നില്ല.

താനും തൻെറ ഭാര്യയും തമ്മിൽ ഉത്തമബന്ധങ്ങൾ ഉളവായിരിക്കുന്ന ഈ ഘട്ടത്തിൽ, സംശയത്തിൻെറ വിത്തുകൾ വീണ്ടും കിളിർത്തു വരിക സ്വാഭാവികമായി രിക്കുമെന്നു് അയാൾ കരുതി.

അയാൾ ആ നിലാവെളിച്ചത്തിലൂടെ, ഹൃദയഭാര ത്തോടെ നടന്നു. മാക്ക് തന്നെപ്പററിയാണു, മേഴ്സിയെ പ്പററിയല്ല, ക്ലേശിച്ചതു്. അവൾ ഒരു പെൺകുട്ടി; ഗർഭിണിയും ഏകാകിനിയും! തന്നെപ്പററിച്ചിന്തിച്ചാണു മാക്ക് ക്ലേശിച്ചതു്. ഈ പ്രശ്നത്തെ സത്യസന്ധത യോടെ വീക്ഷിക്കുവാൻ അയാൾ ശ്രമിച്ചു. പക്ഷേ അയാൾക്കു് ഒരുത്തരവും കിട്ടിയില്ല.

ഹ്രസ്വശരീരയായി, ധീരയായി, അനുകമ്പാർഹമായ അന്തസ്സോടെ നിൽക്കുന്ന ആ പെൺകുട്ടിയെ അവൻ വീണ്ടും കണ്ടു.

അയാൾ സ്വയം തലകുലുക്കി; അടിവെപ്പു് ത്വരി പ്പിച്ചു. ചിന്തയെപ്പിന്നിടുന്ന വേഗത്തിൽ കൂടാരത്തി ലെത്തി.

ഇരുട്ടിൽനിന്ന് അമാൻഡായുടെ സ്വരം കേട്ടു.
"ഞാൻ ഉറങ്ങുവാൻ പോകുകയായിരുന്നു കർട്ട്."

അന്നു രാത്രി അമാൻഡാ തനിക്കുവേണ്ടി കാത്തിരുന്നതു സ്വാഭാവികമാണെന്നു, കിടക്കയിലേക്കു നീങ്ങിയപ്പോൾ, മാക്ക് കരുതി.

ഒരു കാര്യം അയാൾക്കറിയാമായിരുന്നു—എന്തുതന്നെ സംഭവിച്ചാലും, എന്തെല്ലാം നേരിട്ടാലും താൻ ജീവനോടെ ഇരിക്കുന്നിടത്തോളം കാലം, തന്റെ അപരാധത്തിന്റെ ആഴമേറിയ വ്രണം സഹിക്കേണ്ടിവരുമെന്ന്.

## അദ്ധ്യായം 20

ജനസമൂഹം മുന്നോട്ടു നീങ്ങുവാൻ ഒരുക്കങ്ങൾ ചെയ്യുകയാണ്. വണ്ടികളുടെ അററകുററപ്പണികൾ എല്ലാം നടത്തി; സാധനങ്ങൾ എല്ലാം വണ്ടിയിൽ കയററി. സംസാരിക്കാനുള്ളതെല്ലാം സംസാരിച്ചു തീർത്തു, കല്യാണവും നടന്നു. ഉം-ഇനി പുറപ്പെട്ട്; സമയമായി, ഓറിഗനിൽ മഞ്ഞുമഴ തുടങ്ങിയിരിക്കും. നവമിഥുനങ്ങളെ! നിങ്ങൾ മുന്നോട്ടു നീങ്ങിയാലും.

ലിജി ഇവാൻസ് കുതിരയെ ചൊടിപ്പിച്ചു മുന്നോട്ടു പാഞ്ഞു.

മങ്ങിയ ദിവസം. തണുത്ത കാററുതിക്കൊണ്ടിരുന്നു. രാത്രിക്കു മുമ്പു മഴ പെയ്യേക്കും. വിവാഹകർമ്മം നിർവ്വഹിക്കാൻ നല്ല ദിവസം. ഒരു മാക്ബിയെ കുടുക്കിലാക്കാൻ പററിയ ദിവസം.

അല്ലെങ്കിൽ ഇനി ക്ലേശിച്ചിട്ടെന്തു കാൎയ്യം? കൂടുതൽ ചിന്തിച്ചിട്ടെന്തു ഫലം! കാൎയ്യം നടന്നുകഴിഞ്ഞു. ഇനി യാത്രാസംഘത്തെപ്പററി-ഭാവിജീവിതത്തെപ്പററി-ഭാവിയിൽ നിൎമ്മിക്കാനുള്ള വീടിനെപ്പററി അയാൾ ചിന്തിക്കും.

കല്യാണത്തിന് അല്പം മുമ്പ്, ഇവാൻസ് മാക്ബിയെ തടഞ്ഞു നിൎത്തി ചോദ്യം ചെയ്യുകയുണ്ടായി. അപ്പോൾ റെറഡ്ലോക്ക, ബ്രൂവർ എന്നിവരോടൊന്നിച്ചു കാലിഫോൎണിയായിലേക്കു പോകുന്ന കാൎയ്യം താൻ ഉപേക്ഷിച്ചേക്കുമെന്നു മാക്ബി വെളിപ്പെടുത്തിയിരുന്നു. റെറഡ്ലോക്കും ബ്രൂവറും കാലിഫോൎണിയായിലേക്കു പോകാൻ അന്ത്യമായി തീരുമാനിച്ചിരുന്നു. ഓറിഗൺ എത്താണ്ട് എത്തിയപ്പോൾ "എല്ലാവരേയും പിരിഞ്ഞു പോകുന്നതെങ്ങനെയാ!" മാക്ബി പറഞ്ഞു.

"കാലിഫോൎണിയായിലെത്തിയാൽ ഒരു പക്ഷെ അതു നിങ്ങൾക്ക് ഇഷ്ടമായേക്കും."

"ഓ! തീൎച്ചയായും. തീൎച്ചയായും. നിങ്ങളുടെ കുട്ടിക്കു കിട്ടാൻ പോകുന്നതു നല്ലൊരു പെണ്ണിനെയാണ്."

ഇവാൻസ് മാക്ബിയിൽനിന്ന് അകന്നു മാറി. താൻ ചെയ്തതു ശരിയാണെന്ന് അയാൾ കരുതി. മാക്ബി, മാക്ബിയും, അയാളുടെ ഭാൎയ്യ, അയാളുടെ ഭാൎയ്യയുമായിരുന്നുവെന്നുള്ളതാണു വാസ്തവം. എന്തെന്നാൽ അവരിൽ കൊള്ളാവുന്നതായി യാതൊന്നുമില്ലായിരുന്നു.

ഇവാൻസ് പിന്നിലേക്കു തിരിഞ്ഞു നോക്കി. ജനസമൂഹം നിരനിരയായി നീങ്ങിവരുന്നത് അയാൾ കണ്ടു. മുന്നിൽ നില്ക്കുന്ന വണ്ടിയുടെ സമീപത്തു കൂടി

സമ്മേഴ്സ് സവാരി ചെയ്യിരുന്നു. ചിലപ്പോഴൊക്കെ തനിച്ചിരുന്നു, ഖേദകരമായ വല്ല വസ്തുതയേയുംപററി ചിന്തിക്കുവാൻ മനുഷ്യൻ അഭിലഷിച്ചുപോകുമെന്നു് ഇവാൻസ് കരുതി.

മാക്ബീയ്ക്കും പതിയ്ക്കും എന്തെങ്കിലും വിഷമം ഉണ്ടായിരിക്കുമെന്നു് ഇവാൻസ് കരുതിയില്ല. ബ്രൗണി യുടെയും, മേഴ്സിയുടെയും പെട്ടെന്നുള്ള വിവാഹം അവർ സ്വാഗതം ചെയ്യാതിരിക്കാനിടയില്ല. എന്തെന്നാൽ ഒരാൾക്കു കുറച്ചു, ചെലവു കൊടുത്താൽ മതിയാകുമല്ലോ. എങ്കിലും മേഴ്സി അവളുടെ ആഹാരം തന്നെത്താൻ നേടിക്കൊണ്ടിരുന്നു എന്നു് അവർ സമ്മതിക്കേണ്ടതുണ്ട്. കുട്ടികളെ നോക്കുന്നതും ആഹാരം തയ്യാറാക്കുന്നതും അവളായിരുന്നു. ചിലപ്പോൾ വണ്ടി ഓടിക്കുകയും ചെയ്യിരുന്നു.

തലേന്നു രാത്രി ബ്രൗണി ഇരുട്ടിൽ കാത്തുനിന്നു് ഇവാൻസിനെ വിളിച്ചു കൊണ്ടുപോയി പറഞ്ഞു.

"ഞാൻ അങ്ങിനെ തീരുമാനിച്ചു പപ്പാ!"

"കല്യാണം കഴിക്കാനോ? എപ്പോൾ?"

"രാവിലെ"

"ആരെ?"

"അറിഞ്ഞു കൂടേ? മേഴ്സിയെ."

"കൊള്ളാം കുഞ്ഞേ. ഇതു് ഇത്ര പെട്ടെന്നു തിരുമാനിക്കേണ്ട ഒരു കാര്യമല്ല."

"അതു തിരുമാനിച്ചു കഴിഞ്ഞു."

ഇത്രയ്ക്കു നേരിയ ലോലമായ സ്വരത്തിൽ ഇതിനു

മുമ്പൊരിക്കലും ബ്രൗണി ഇവാൻസിനോടു സംസാരിച്ചിരുന്നില്ല.

യാതൊരു വാക്കുകളും അവൻെറ മനസ്സിനെ ഇളക്കുവാൻ പര്യാപ്തമായിരുന്നില്ല. ഇവാൻസ് ഒരു തന്ത്രം പ്രയോഗിച്ചു നോക്കി.

"ആ മുഴുക്കുടിയൻ മാക്ബിയുടെ മകളെയോ?"

"മാക്ബിയെ അല്ലല്ലോ ഞാൻ വിവാഹം ചെയ്യുന്നതു്."

"നീ അയാളോടു സംസാരിച്ചോ?"

"ഇല്ല."

"പെണ്ണിനോടു സംസാരിച്ചോ?"

"അവൾ കാത്തിരിയ്ക്കുയാണു്."

"നിനക്കു പതിനേഴു വയസ്സല്ലാതായോ?"

"ഈ വയസ്സിനും മുമ്പല്ലേ പപ്പായുടെ വിവാഹം. എന്നിട്ടു് അതു ഭംഗിയായി കലാശിച്ചല്ലോ?"

"വിവാഹപ്രമാണം എങ്ങിനെ രജിസ്റ്റർ ചെയ്യും? അല്ലെങ്കിൽ ശരിയാകില്ല."

"ഒരു കടലാസ്സിൽ ഒപ്പിട്ടാൽപോരേ? ബ്രദർ വെതർബൈയുമുണ്ടല്ലോ!"

"ഓറിഗനിലെത്തും വരെ ക്ഷമിക്കൂ. അവിടെ എത്തുമ്പോഴും ഇതുതന്നെയാണു നിനക്കിഷ്ടമെങ്കിൽ, ഉടൻ തന്നെ വിവാഹം നടത്താം."

"ഞാൻ അവളെ വിവാഹം കഴിക്കുന്നില്ലെങ്കിൽ, അവൾ ഓറിഗനിലേക്കു വരികയില്ല. അവളുടെ കുടുംബം ഓറിഗനിലേക്കു വരുന്നില്ലെന്നറിയാമോ?

ഏതായാലും കാത്തിരിക്കാൻ ഞാൻ തയ്യാറില്ല. ഞങ്ങ രണ്ടു പേരും."

"നിനക്കിണങ്ങിയ ഒരു വധുവാണവളെന്ന് എങ്ങനെ നിനക്കറിയാം?"

"അവളെപ്പററി കുററവും കുറവും പറയേണ്ട പപ്പാ. എനിക്കറിയാം. നാം തമ്മിലുള്ള ബന്ധത്തിനു ഹാനികരമായി തീരുന്നതായി ഒന്നും പറയരുത്?"

ഇവാൻസ്: "അവ എന്നെക്കാളും നിൻെറ അമ്മയെക്കാളും നിനക്കു വലുതായിത്തീൎന്നോ?"

അല്പനേരത്തെ മൗനത്തിനുശേഷം "അങ്ങനെ ഒരു ഘട്ടം വന്നാൽ."

"നിൻെറ അമ്മ മൂലമാണു നിനക്ക് അവളോടു സംസാരിക്കാനൊത്തതെന്നു നിനക്കറിയാമോ?"

"ഞാൻ ഖേദിക്കുന്നു, പപ്പാ, എൻെറ വാക്ക് അങ്ങയെ ക്രുദ്ധനാക്കിയതിൽ ഞാൻ കൂടുതൽ ഖേദിക്കുന്നു."

"ഞാൻ നിന്നെപ്പററിയാണു ചിന്തിക്കുന്നതു്."

"എന്നാൽ നിരാശപ്പെടരുതു്. എൻെറ ഹിതം പോലെ ഞാൻ പ്രവൎത്തിക്കാൻ പോകയാണ്."

"വെതർബൈയെക്കണ്ടു വേണ്ട ഏർപ്പാടുക എല്ലാം ചെയ്യോ?"

"ഇല്ല."

"നിനക്കു താമസിക്കാൻ കൂടാരമൊന്നുമില്ലല്ലോ!"

"ഞങ്ങ പുറത്തു കിടന്നുകൊള്ളാം. അല്ലെങ്കിൽ വണ്ടിക്കടിയിൽ; അതു ശരിയാക്കാനേ ഉള്ളു."

"നിനക്കിപ്പോൾ പുരുഷപ്രായമെത്തി. കുട്ടിക്കാലത്തെപ്പോലെ എപ്പോഴും നിന്നെ നോക്കിക്കൊണ്ടിരിക്കാൻ എനിക്കു സാദ്ധ്യമായെന്നു വരില്ല. രാവിലെയും, നിൻെറ ഹിതം ഇതാണെങ്കിൽ ഞാൻ വെതർബൈയെ കണ്ടു വേണ്ട ഏർപ്പാടു ചെയ്യാം."

താൻ പറഞ്ഞതിലേറെ എന്തെങ്കിലും പറയാനുണ്ടായിരുന്നെന്ന് ഇവാൻസിനു തോന്നിയില്ല. വിവാഹത്തെ തടയുവാൻ യാതൊരു വാക്കിനും കഴിയുമായിരുന്നില്ല. ഒരു വഴിയും ഇല്ലായിരുന്നു. അല്ലെങ്കിൽ 'സാദ്ധ്യമല്ല' എന്നു വെട്ടി മുറിച്ചു പറയണം. അതു പറയാൻ അയാൾക്കു കഴിഞ്ഞിരുന്നില്ല. മേഴ്സിയിൽ ദ്രുഢമൂലമായിരുന്ന ബ്രൗണിയുടെ ചിത്തത്തെ പിന്തിരിപ്പിക്കുവാൻ ആക്കും കഴിയുമായിരുന്നില്ല.

ഇവാൻസ് സ്വസ്ഥാനത്തുനിന്ന് ഒന്നു തിരിഞ്ഞു. കാററിൻെറ നേർക്കു മറുതോൾ ഒന്നു ചരിച്ചു. ആ കാററൂതിക്കൊണ്ടിരുന്നില്ലായിരുന്നെങ്കിൽ, മുന്നിൽ സ്ഥിതിചെയ്തിരുന്ന ക്ലേശകരമായ ബഹുദൂരത്തെപ്പററി അയാൾ ചിന്തിക്കുമായിരുന്നില്ല. ബോയിസിലേക്കു മുന്നൂറോ മറേറാ മൈൽ. "വല്ലാവല്ലാ" വഴി പോകുകയാണെങ്കിൽ അതിലേറെ വരും. ആ വഴി ആയിരിക്കുകയില്ല അവർ പോകുന്നത്. അതിൻെറ ആവശ്യമില്ലെന്നു സമ്മേഴ്സ് പറഞ്ഞിരുന്നു. അവരുടെ പുതിയ മാതൃഭൂമിയിലേയ്ക്കു്—അവർ ഇന്നോളം കണ്ടിട്ടില്ലാത്ത നൂതന ഗേഹത്തിലേക്കു, പിന്നെ 800 മൈൽ–അതിനപ്പുറത്തു് ഒരു നൂതന ജീവിതം.

റിബേക്കാ ബ്രൗണിയുടെ വിവാഹവാർത്ത ലഘുചിത്തത്തോടെയാണു സ്വീകരിച്ചതു്, അങ്ങനെ സംഭവിക്കുമെന്നു് അവൾ നേരത്തെ പ്രതീക്ഷിച്ചിരുന്നതു പോലെ! അവൾ ബ്രൗണിയെ ശകാരിക്കുകയോ, അല്ലെങ്കിൽ ബ്രൗണിയോടു കുറെക്കൂടി ക്ഷമിച്ചിരിക്കാൻ പറയുകയോ ചെയ്തില്ല.

റിബേക്കാ വളരെ നേരം ബ്രൗണിയുമായി വിവാഹകാര്യത്തെപ്പററി സംസാരിക്കുകയുണ്ടായി. ഇവാൻസാകട്ടെ, ഇതേപ്പററി താനധികം സംസാരിക്കുന്നതു പന്തിയല്ലെന്നു കരുതി ഒഴിഞ്ഞു മാറി.

"ഇങ്ങനെ സംഭവിക്കുമെന്നല്ല ഞാൻ പ്രതീക്ഷിച്ചതു്, ലിജി," അവൾ പിന്നീടു് ഇവാൻസിനോടു പറഞ്ഞു.

"ഞാനും ഇങ്ങനെയല്ല ആശിച്ചിരുന്നതു്."

"എങ്കിലും ഇങ്ങനെ കലാശിച്ചു ലിജി."

"നിർബന്ധമാണെങ്കിൽ അങ്ങനെ ആകട്ടെ എന്നു ഞാൻ അവനോടു പറഞ്ഞു."

"നിങ്ങളുടെ ചെറുപ്പകാലം ഞാൻ ഓർക്കുന്നു. അതെപ്പററി ഓർക്കൂ ലിജി."

"എനിക്കൊരു നല്ല സ്ത്രീയെ ലഭിച്ചു."

"ബ്രൗണിക്കും കിട്ടിയതു നല്ലൊരു പെണ്ണായിരിക്കാം. അവൾ ഒരു നല്ല ചെറുപ്പക്കാരിയാണു്. ആലോചിക്കാതെ പെട്ടെന്നു വിധിച്ചുകളയരുതു്. അവളോടു നിങ്ങൾ വാത്സല്യമായി പെരുമാറണം."

രാവിലെ-അതു് ഇന്നു രാവിലെ ആയിരുന്നെന്നു് ഓർക്കണം-വധു ധരിക്കുന്ന വേഷം എന്തായിരിക്കുമെന്നു്

ഓർത്താണു റിബേക്കാ ക്ലേശിച്ചതു്. സ്ത്രീകൾ ചിലപ്പോൾ വിചിത്രമായി ചിന്തിക്കും. റിബേക്കാ പോലും.

ഏതായാലും വധു യഥോചിതംതന്നെ വേഷം ധരിച്ചിരുന്നു. കാലിൽ ഷൂസുമുണ്ടായിരുന്നു. അവൾ കേശഭാരം ചുരുട്ടി ഭംഗിയായി ക്രമപ്പെടുത്തി വച്ചിരുന്നു; മനോജ്ഞമായിത്തന്നെ; എന്നത്തേക്കാളുമുപരി സുന്ദരമായിതന്നെ! അവൾ ഒരു സുന്ദരിയാണെന്ന വസ്തുത നിഷേധിച്ചിട്ടു കാര്യമില്ല. എങ്കിലും ആ കേശഭാരം ചുരുട്ടിക്കെട്ടിവച്ചിരുന്ന രീതി, അവളുടെ മുഖത്തു് ഒരു അന്തഃസാര ശൂന്യത വരുത്തിയിരുന്നു.

വേഗം യാത്ര തുടരാനുണ്ടായിരുന്നതിനാൽ, വെതർബൈ താലികെട്ടുകർമ്മം ക്ഷണത്തിൽ നിർവ്വഹിച്ചു. എങ്കിലും ആ കെട്ടു വേണ്ടത്ര മുറുകിയിരിക്കണം.

ആ വിവാഹത്തിൻെറ ചിത്രം ഇവാൻസിൻെറ മനസ്സിൽ തങ്ങിനിന്നു. ചുററും തിങ്ങിക്കൂടിയ സ്ത്രീപുരുഷന്മാർ; വെള്ളക്കാരൻെറ മരുന്നിൽ അത്ഭുതപ്പെട്ടുകൊണ്ടു നിന്നിരുന്ന സുഹൃത്തുക്കളായ ചില ഇന്ത്യന്മാർ; നേരേ നിവന്നു നിന്നിരുന്ന ബ്രൌണി; സ്വല്പം കുനിഞ്ഞു വിവർണ്ണയായി നിന്നിരുന്ന മേഴ്സി; സുഖദുഃഖങ്ങളിൽ പരസ്പരം ഒന്നിച്ചു പോകുമോ എന്നും മററും വധൂവരന്മാരോടു് ഒരു ഉപദേശിയുടെ സ്വരത്തിൽ ചോദിച്ചുകൊണ്ടിരുന്ന വെതർബൈ; കരഞ്ഞു കണ്ണു ചുവപ്പിച്ചു്, മൂക്കു ക്രൂപ്പിച്ചു നിന്നിരുന്ന മിസിസ് മാക്ബി; തന്നിൽ കവിഞ്ഞു് ആ രംഗത്തിൽ മററാരുമില്ലെന്ന മട്ടിൽ നിന്നിരുന്ന മാക്ബി. ആ വിവാഹരംഗം ഇവാൻസിൻെറ മനസ്സിൽ അപ്പോഴും തങ്ങിനിന്നിരുന്നു.

ഒന്നുരണ്ടു പേരൊഴിച്ചാൽ ആ ജനസമൂഹത്തിൽ ഏവരും സൗഹാർദ്ദപൂർവ്വമാണു കഴിഞ്ഞുകൂടിയിരുന്നതു്. വധൂവരന്മാർക്കു് ഏവരും ഭാവുകം ആശംസിച്ചു. "ഓറിഗനിൽ ചെല്ലട്ടെ, എന്നിട്ടാകാം വിരുന്നുകൾ" എന്നവർ പറഞ്ഞു.

അതു് അങ്ങിനെ സമാപിച്ചു. കാററു ശൈത്യകാലത്തിൻെറ ആഗമനത്തെ അനുസ്മരിപ്പിച്ചു. ദൈവം അനുഗ്രഹിച്ചാൽ മഞ്ഞുകാലം വന്നു മറിയുംമുമ്പെ, തനിക്കു് ഓറിഗനിലെത്താം. അവിടെ ഒരു ചെറു വീട്ടിൽ പാർപ്പുറപ്പിക്കാം. ബ്രൗണിയുടെ ഭാവന ഭാവിയിൽ വിഹരിച്ചു. ബ്രൗണി വീട്ടിൽ ഇരിക്കുകയാണു്. സമീപത്തു തി കത്തുന്നു; വെളിയിൽ മഴ ചാറുന്നു; മഞ്ഞു പെയ്യുന്നു; കാററു വീശുന്നു; കൂടെ അമ്മയുണ്ടു്; പണ്ടു് മേഴ്സി മാക ബി ആയിരുന്ന മിസിസ് ജോർജ്ജ് ബ്രൗൺ ഇവാൻസ് വീട്ടിൽ നെയ്തുണ്ടാക്കിയ കൂടകൾ ഭിത്തികളിൽ തൂങ്ങിക്കിടക്കുന്നു; വസന്തകാലത്തു പാകുവാനുള്ള വിത്തുകൾ ഉൾക്കൊള്ളുന്ന പഴവർഗ്ഗങ്ങൾ, ഷെൽഫിൽ നിറഞ്ഞിരിക്കുന്നു; അടുക്കളയിൽ മാംസം പൊരിക്കുന്ന ഗന്ധം; അപ്പം ചുടുന്ന മണം; പലഹാരങ്ങളുടെയും മററും മധുരപ്രസരങ്ങൾ; നല്ലൊരു വീട്ടുപണിയും; പിന്നെ ഒരുഅരുമക്കുഞ്ഞു്; തണുപ്പും കുളിരും അതോടെ അകലും.

## അദ്ധ്യായം 21

ദിവസങ്ങൾ ഓരോന്നും ഒന്നുപോലെ ക്ലേശകരമായി ഇവാൻസിനു തോന്നിത്തുടങ്ങി. കഠിനാദ്ധ്വാനം,

കഷ്ടപ്പാട്ട്, ക്ലേശം, പൊടി, വിയർപ്പ്, കാററ്. എട്ടു മൈൽ, പതിനഞ്ചു മൈൽ, ഇരുപത്തിമൂന്നു മൈൽ, അങ്ങനെ ഓരോ ദിവസവും നീങ്ങിക്കൊണ്ടിരുന്നു. അതു സാരമില്ലായിരുന്നു. ആ ദുരിത ഭൂമിയ്ക്കു് ഒരറുതി ഇല്ലായിരുന്നു.

പൊടിക്കുമേൽ പൊടി, കുഴി, ഇറക്കം, കയററം, ചുററിക്കറങ്ങൽ; അഹോ! ക്ലേശകരമായ ആ യാത്ര. പുല്ലെവിടെ? വെള്ളം എവിടെ? ഉഗ്രമായ ഭൂമി—ദൈവം ആദ്യം സൃഷ്ടിച്ചമാതിരിയിൽ ഉരുകിത്തിളച്ചു, വിണ്ടു കിടക്കുന്ന തീച്ചൂളപോലത്തെ ഭൂമി. വിഷസർപ്പങ്ങളും, കണ്ടകാകീർണ്ണങ്ങളായ കുററിക്കാട്ടുകളും, ഇതിനപ്പുറത്തോ, യഥാർത്ഥത്തിൽ ഓറിഗൺ സ്ഥിതി ചെയ്യുന്നതു് !

ഈ സമയവും പിന്നിട്ടുപോകുമെന്നു് ഇവാൻസിനു് അറിയാമായിരുന്നു. ഓറിഗനിലേക്കു പുറപ്പെടാനായൊരുങ്ങിയതു ശരിയായതു തന്നെ, അയാൾ കരുതി. അയാളുടെ മനസ്സിനെ ഓറിഗൺ വശീകരിച്ചുകളഞ്ഞു. വിയർപ്പിൽ പൊതിഞ്ഞ പ്രതീക്ഷകൾ!

മാർഗ്ഗം ഇത്ര ക്ലേശകരമായിരിക്കുമെന്നു് ആ കോട്ടയിൽ വച്ചു് അയാൾക്കു ചിന്തിക്കുവാൻപോലും കഴിഞ്ഞില്ല. രണ്ടു ദിവസത്തെ യാത്രയ്ക്കുശേഷം, ആ യാത്രാസംഘം ഫോർട്ട് നേഫ് കടവിൻേറയും അമേരിക്കൻ വെള്ളച്ചാട്ടത്തിൻേറയും നേർക്കു നീങ്ങിക്കൊണ്ടിരുന്ന ആ ഘട്ടത്തിലും, അയാൾക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. വെള്ളച്ചാട്ടത്തിനു മീതെ നീർച്ചോലകളും കാലികൾക്കു മേയാൻ പററിയ ഒരു തുരുത്തും ഉണ്ടായിരുന്നു. കോട്ടയുടെ താഴ് വരകളിലെ പച്ചപ്പുല്പരപ്പുകൾ, കുററിക്കാട്ടുകൾ

നിറഞ്ഞ മണൽപ്പരപ്പായി രൂപാന്തരപ്പെട്ടു കഴിഞ്ഞിരുന്നതായി അയാൾ സ്മരിച്ചു. പാമ്പുകൾ ആഴത്തിലുള്ള മാളത്തിലേക്ക് ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു.

ഏതെങ്കിലും ഒരു ദിവസമോ എന്തെങ്കിലും ഒരു കാര്യമോ ആ യാത്രാസംഘത്തെ ക്ഷീണിപ്പിച്ചില്ല. ഒന്നിനു പിന്നാലെ മറെറാന്നായി, അവർ പാറക്കെട്ടുകളിലൂടെയും കുററിക്കാട്ടുകളിലൂടെയും നീങ്ങിക്കൊണ്ടിരുന്നു. എങ്ങും ചെന്നു പററാത്ത ഒരു പ്രതീതി അത് അവരിൽ ജനിപ്പിച്ചു. വണ്ടിച്ചക്രങ്ങൾ ക്ലേശിച്ചുരുണ്ടിട്ടും യാത്രാ സംഘം നിശ്ചലമായി നിലകൊള്ളുന്നതുപോലെ ഒരു തോന്നൽ ; ഇടയ്ക്കും തലയ്ക്കും കണ്ടുമുട്ടുന്ന തുച്ഛമായ പുല്ലും വെള്ളവും സ്വാഗതാർഹമായിരുന്നെങ്കിലും ആ വരണ്ട മൈലുകളെ ക്ലേശകരമാക്കാനേ അതു പ്രയോജനപ്പെട്ടുള്ളു.

നരകത്തിൽനിന്നുള്ള ഒരു നദീപ്രവാഹം. സ്നേക്ക്! അഥവാ നരകത്തിൽത്തന്നെയുള്ള ഒരു നദി. വെന്തുരുകുന്ന ആത്മാവുകളെ കൊതിപ്പിച്ചുകൊണ്ട്, അവക്ക് അപ്രാപ്യമായി ഒഴുകിപ്പോകുന്ന ഒരു നദി. ഒരു ദിവസം സമേഴ്സ് ഇവാൻസിനേയും വിളിച്ചുകൊണ്ടു പാറക്കെട്ടുകൾക്കിടയിൽ അഗാധതയിലൂടെ പ്രവഹിക്കുന്ന ആ നദിയുടെ തീരത്തിലൂടെ ഒന്നു ചുററിക്കറങ്ങി. അവർ താഴോട്ടു നോക്കി. പത പററിയ ഒരു നാടപോലെ അതു കാണപ്പെട്ടു. കൂലം കുത്തിപ്പാഞ്ഞും, ഇടയ്ക്കു കുതിച്ചും, അലറിയുംകൊണ്ടുള്ള പ്രവാഹം. ഇവാൻസിനു തല കറങ്ങി. അയാൾ പിന്മാറി. "ഇതും ആഴം കുറഞ്ഞ

ഭാഗം കണ്ടുപിടിച്ചു പഴയപോലെ കടക്കാം" സ്മേമഴ്സ് പറഞ്ഞു.

ഇവാൻസ്: "ഹാളിൽ വച്ചാരോ പറഞ്ഞതു പോലെ നമുക്ക് ഈ വളവു ചുററിക്കറെങ്ങിപ്പോകരുതോ? അങ്ങനെ രണ്ടു കടത്തും ഒഴിവാക്കാം."

"കഴിയുമോ?" ഡിക്ക് ചോദിച്ചു. അതേ സമയം അതു് അസാധ്യമാണെന്നു് അയാളുടെ കണ്ണുകൾ വിളിച്ചു പറഞ്ഞിരുന്നു. "മുങ്ങിച്ചാകുന്നതുപോലെ തന്നെ പട്ടിണികിടന്നു ചാകുന്നതും. ശേഷിച്ച കാലികളെക്കൂടി നഷ്ടപ്പെടുത്തണമെന്നുണ്ടോ?" സമേമഴ്സ് പുഞ്ചിരിച്ചു. "ആഴം കുറഞ്ഞ ഭാഗം കാണും. നമുക്കതു കണ്ടുപിടിക്കാം."

നല്ല താവളസ്ഥലങ്ങളിലും, പുൽമേട്ടുകളിലും വെള്ളമുള്ള പ്രദേശങ്ങളിലും എത്തുമ്പോഴൊക്കെ ആ സ്ത്രീപുരുഷന്മാർ കരുതും, ഏററവും ക്ലേശകരമായ മാർഗ്ഗം പിന്നിട്ടു കഴിഞ്ഞെന്നു്! കുറച്ചു നേരത്തേക്കു്—വീണ്ടും ചരൽക്കൂട്ടത്തിലേക്കും മണൽപ്പരപ്പിലേക്കും നീങ്ങുന്നതു വരെ—അവർ ഉന്മേഷഭരിതരായിരിക്കും. അവരുടെ സ്വരം ഉച്ചത്തിൽ മുഴങ്ങും. പിന്നെയും മണൽക്കാട്ടുകൾ, കുററിക്കാട്ടുകൾ, പാറക്കെട്ടുകൾ, പുല്ലില്ലാത്ത പ്രദേശങ്ങൾ, ആ ജനസമൂഹം പിന്നിട്ടു.

അവർ നദിയിലേക്കുള്ള കിഴക്കാംതൂക്കായ ഒരു ചെരിവിൽ എത്താറായി. അതിറങ്ങിവേണം നദിവക്കത്തെത്തി വെള്ളം കുറഞ്ഞ സ്ഥലം കണ്ടുപിടിച്ചു മറുകര കടക്കാൻ. ഏതെങ്കിലും ഒരു യാത്രാസംഘത്തിനു് ഓറിഗനിലെത്തുവാൻ കഴിയുമെങ്കിൽ അതു് ആ സംഘ

ത്തിനായിരിക്കുമെന്ന് ഇവാൻസ് കരുതി. അയാൾക്ക് അറിയാവുന്നതിൽ ഏററവും ഉത്തമനായ മാർഗ്ഗദർശി ആ സംഘത്തിനുണ്ടായിരുന്നു. അവർക്കു കാലിക്കൂട്ടം കുറവായിരുന്നു, എങ്കിലും പിന്നിൽ വരുന്ന സംഘങ്ങൾക്കുണ്ടായിരുന്ന കാലിക്കൂട്ടത്തെക്കാൾ കുറവായിരുന്നില്ല. എന്നാൽ ഇവാൻസ് ഇതിലൊക്കെ കാര്യമായിക്കരുതിയതു തൻെറ യാത്രാസംഘത്തിലെ സ്ത്രീപുരുഷന്മാരെ—അവരുടെ ഉന്മേഷത്തെ-ആയിരുന്നു. സ്നേക്കും അതിൻെറ കൂടപ്പിറപ്പായ മണലും കുററിക്കാട്ടും പോയിത്തുലയട്ടെ! കടത്തും നിസ്സാരം. അവർ—സമ്മേഴ്സും, മാക്കും, പാച്ചും, ഡാഗർട്ടിയും, ഷീൽഡ്സും ഗോർഹാമും മററുള്ളവരും—അതു തരണം ചെയ്യും. ഒന്നുകിൽ അവർ അതു കടക്കും, അല്ലെങ്കിൽ അതു കടക്കാനുള്ള ശ്രമത്തിൽ നശിക്കും.

ആ കിഴക്കാംതൂക്കായ ചെരിവിൻെറ മേൽഭാഗത്തുനിന്നു സമ്മേഴ്സ് വരുന്നതു് ഇവാൻസ് കണ്ടു.

സമ്മേഴ്സ് എത്തി, ഇവാൻസിനോടൊപ്പം സവാരി ചെയ്തു. "ചെരിവു നമുക്കിറങ്ങാമെന്ന് എനിക്കു തോന്നുന്നു. പിന്നിൽനിന്നു കയറിട്ടു പിടിച്ചു കെട്ടാതെ തന്നെ, വണ്ടികളൊക്കെ ഇറക്കണം. കിഴക്കാംതൂക്കു തന്നെ. പക്ഷേ വലിയ കുഴപ്പമുണ്ടാകാതെ കടക്കാം."

അടുത്തുനിന്നിരുന്ന ആൾക്കാരെ കൈകാട്ടി വിളിച്ചുകൊണ്ടു് ഇവാൻസ് ആ ചെരിവിലൂടെ താഴോട്ടടി വച്ചു. "മാക്ക്, ഫെയർമാൻ, കാർപെൻറർ! നമുക്ക് ഇതു് ഇറങ്ങാമെന്നാണു സമ്മേഴ്സ് പറയുന്നതു്.

നമുക്കേവെക്കുംകൂടി ആദ്യത്തെ വണ്ടിയുമായി താഴോട്ടു നടന്നു്, എങ്ങനെ ഇരിക്കുമെന്നു നോക്കാം."

പാച്ച് ചാട്ട ഒന്നു വീശി, കാളകൾ ഇളകി, വണ്ടിച്ചക്രങ്ങൾ തിരിഞ്ഞു. വണ്ടി താഴോട്ടു നീങ്ങി.

വഴി ദീഘവും വല്ലാതെ ചരിഞ്ഞതുമായിരുന്നു. കുഴപ്പമെന്തെങ്കിലും ഉണ്ടായാൽ, അതിനെ നേരിടാൻ വണ്ടിയുടെകൂടെ രണ്ടോ മൂന്നോ പേർ മതിയാകുമായിരുന്നില്ല. പാച്ചിൻെറ വണ്ടി കുഴപ്പമൊന്നും കൂടാതെ അടിവാരത്തിലെത്തി. എങ്കിലും ഓരോ വണ്ടിയോടൊന്നിച്ചും സഹായത്തിനു് ആളുകളെ അയയ്ക്കുകയാണു നല്ലതെന്നു് ഇവാൻസിനു തോന്നി. കുറെ സമയം പിടിച്ചു എങ്കിലും, ശ്രമം ഫലിച്ചു.

കടത്തു വളരെ ആപൽക്കരമായി തോന്നിയില്ല. ഇടയ്ക്കു രണ്ടു കൊച്ചുതുരുത്തുകളുമുണ്ടായിരുന്നു.

"ശക്തിയായ ഒഴുക്കുണ്ടെന്നു തോന്നുന്നു." നദിയുടെ കരയ്ക്കു് അണി നിരന്നിരുന്ന യാത്രാസംഘത്തോടു് ഇവാൻസ് പറഞ്ഞു. "എങ്കിലും വലിയ ആഴമുണ്ടെന്നു തോന്നുന്നില്ല." "നിങ്ങൾ വിചാരിക്കുന്നതിനെക്കാൾ ആഴമുണ്ടു്." സമ്മേഴ്സ് മറുപടി നൽകി.

"എന്താഴം വരും ?"

"അത്യഗാധം ഒന്നുമല്ല. ക്ഷിപ്രസാദ്ധ്യമല്ല; അസാദ്ധ്യവുമല്ല. ആ രീതിയിൽവേണം നാം ഇതു കരുതുവാൻ."

ഇവാൻസ് തലകുലുക്കി. സൂര്യൻ പശ്ചിമാംബരത്തിലേക്കു ചായുന്നതു് അയാൾ കണ്ടു. "ഡിക്ക് !" അയാൾ പറഞ്ഞു, "ആ തുരുത്തുകളിൽ ധാരാളം

പുല്ലുണ്ട്. കാലികളെ എല്ലാം നമുക്കവിടെ കൊണ്ടുവിടാം. അവ പുല്ലുതിന്നു വയറു നിറയ്ക്കട്ടെ, എന്നിട്ട് രാവിലെ വീണ്ടും പുറപ്പെടാം. അവയ്ക്കു വിശ്രമവും, ആഹാരവും കിട്ടും."

സമേമെഴ്സ് : "നല്ല ആശയം." ബാക്കിയുള്ളവരും തല കുലുക്കി.

ഇവാൻസ് അതിരാവിലെ എഴുന്നേററു. തണുപ്പും ഉത്കണ്ഠയുംകൊണ്ട് അയാൾ വിറച്ചുപോയി. കാത്തിരിക്കുന്തോറും പൂർവോപരി ദുർവഹമായിത്തീരുന്ന ഒരു സംരംഭത്തിനു സന്നദ്ധരായി ഏവരും ഉണർന്നിരുന്നെങ്കിൽ എന്ന് അയാൾ അക്ഷമയോടെ അഭിലഷിച്ചു. അവർ മറുകര കടക്കും; സർവ സാധനസാമഗ്രികളും മറുകര എത്തിക്കും.

നിശാകാശത്തിൽ മേഘശകലങ്ങൾപോലെ, നദീപ്രവാഹത്തിൽ ആ തുരുത്തുകൾ പൊങ്ങിക്കിടന്നു. അവർ കാലികളെയെല്ലാം അവിടെ എത്തിച്ചിരുന്നു. "ഓ! ഇതു നിസ്സാരമായിരുന്നു"വെന്നു പറഞ്ഞുകൊണ്ടു കാപ്പിയും പലഹാരവും കഴിച്ചവർ ക്ഷീണം തീർത്തു. ഇടയ്ക്കിടയ്ക്കു കാലികൾക്കു നീന്തേണ്ടിവന്നിരുന്നു. ഒഴുക്കു തീർച്ചയായും ശക്തിയേറിയതായിരുന്നു. എങ്കിലും സാരമില്ലായിരുന്നു. വിശ്രമവും പുല്ലും ലഭിക്കുന്നതോടെ കാലികൾ കൂടുതൽ ഉജ്ജ്വലമായിതീരുകയും ചെയ്യും.

"വണ്ടികൾ ഒഴുക്കാൻ വിചാരിക്കരുതു ലിജി." ഡിക്ക് ഉപദേശിച്ചു. "ഒഴുക്ക് ഉഗ്രമാണ്. വണ്ടികളെ ഒഴുക്കിയാൽ, അതോടൊപ്പമുള്ള കാലികളെയും വലിച്ചുകൊണ്ട്

അവ, ഒഴുക്കിൽ പെട്ടുപോയേക്കും. വണ്ടിച്ചക്രങ്ങൾ താഴത്തുറച്ചിരിക്കുകയാണു് വേണ്ടതു്. വണ്ടിക്കൂടിനു മീതെ തടിവച്ചാൽ, കൂടുതൽ ഭാരം കിട്ടും.''

സമേഴ്സ് അയാളുടെ കുതിരകളെ ഒന്നു ചൊടിപ്പിച്ചു. "ഞാൻ അക്കരെ പററാമെന്നു കരുതുന്നു," അയാൾ പറഞ്ഞു.

കുതിര വെള്ളത്തിലേക്കിറങ്ങുന്നതു് ഇവാൻസ് നോക്കി നിന്നു. ഒരു സ്ഥാനത്തു് അതിനു നീന്തേണ്ടിവന്നു. കഴിയുന്നത്ര നനയാതിരിക്കാൻവേണ്ടി അയാൾ കുതിരപ്പുറത്തുയർന്നു നിന്നു. നദി തരണം ചെയ്തു് അവർ അടുത്ത തുരുത്തിലെത്തി.

ഇവാൻസ് കണ്ണു് ചുററും ഓടിച്ചു താവളമടിക്കാനുള്ള സ്ഥലം ആരാഞ്ഞു.

വണ്ടികളെല്ലാം തയ്യാറായപ്പോഴേയ്ക്കു് സൂര്യൻ ആ മലകൾക്കു മുകളിൽ എത്തിക്കഴിഞ്ഞിരുന്നു. വലിയ വണ്ടിയിൽ ആറു നുകങ്ങളും, ചെറിയ വണ്ടിയിൽ നാലു നുകങ്ങളുമായി ഇവാൻസ് തൻെറ വണ്ടികൾ തന്നെ, മുന്നിൽ നിറുത്തി. അപകടമുണ്ടെങ്കിൽ അതു് ആദ്യമായി നേരിടേണ്ടതു തൻെറ കർത്തവ്യമാണെന്നു് അയാൾ കരുതി. മററു വണ്ടികളും പിന്നിൽ അണി നിരന്നു. ചില വണ്ടികൾക്കു മുന്നോട്ടു നീങ്ങാൻ കാളകളെ മടക്കിക്കൊണ്ടുവരേണ്ടിയിരുന്നു.

മുൻ നുകത്തിനു സമീപം കുതിരപ്പുറത്തിരുന്നുകൊണ്ടു് ഇവാൻസ് ചുററും നോക്കി. വലിയ വണ്ടിക്കുള്ളിൽ അരികെ മേഴ്സിയുമായി ഇരിക്കുന്ന ബ്രൗണിയെ

ഇവാൻസ് കണ്ടു. അയാൾ കുതിരയെ തിരിച്ചോടിച്ച് അവരുടെ സമീപമെത്തി.

"എനിക്കിപ്പോഴും ഇതു് ഇഷ്ടമാകുന്നില്ല. ഏതായാലും ഒന്നു ശ്രമിക്കാം. ഞാൻ തന്നെ മുന്നിൽ നിൽക്കാം."

"ഇതെപ്പററി ഞങ്ങൾ ഒന്നു തർക്കിച്ചതാ." ബ്രൗണി മറുപടി നൽകി.

"ആദ്യത്തെ വണ്ടി ഞാൻ അക്കരെക്കൊണ്ടുപോകാം. എനിക്കും മേഴ്സിക്കും ഭയമില്ല."

"എൻെറ ജീവിതത്തിൽ ഒരിക്കലും ഞാൻ നിന്നോടു തർക്കിച്ചു ജയിച്ചിട്ടില്ല," ഒന്നു ചിരിച്ചുകൊണ്ടു് ഇവാൻസ് ആ ദമ്പതികളോടു പറഞ്ഞു.

"എന്തു് ബെക്കി! അവിടെ എത്തിപ്പററുമോ?"

"ലിജി, സൂക്ഷിക്കണേ. എനിക്കു നിങ്ങളെപ്പററിയാണു് ഭയം."

"നാം തയ്യാറായിക്കഴിഞ്ഞു," അയാൾ ഡിക്കിനോടു പറഞ്ഞു. "പുറപ്പെടാം."

"ഇതാ! ഞാൻ നീങ്ങിക്കഴിഞ്ഞു," സമേമഴ്സ് മറുപടി നൽകി.

കുതിരയെച്ചോടിപ്പിച്ചുകൊണ്ടു സമേമഴ്സ് ഒന്നു ചുററിക്കറങ്ങി നോക്കി.

കാളകൾ സാവകാശത്തിൽ വെള്ളത്തിലിറങ്ങി. ആഴം കൂടിയ ഭാഗമായിരുന്നു അതു്. എങ്കിലും ഒഴുക്കു ശക്തിയായിരുന്നില്ല. അത്രയ്ക്കു് ആപൽക്കരവുമായിരുന്നില്ല. മുന്നിൽ നിന്ന കുതിരകളുടെ അരയോളം—വയറോളം—വെള്ളത്തിനടിയിലായി. അവയുടെ ശരീരത്തെ ചുററിക്കറങ്ങി വെള്ളം മുന്നോട്ടു പാഞ്ഞു.

വെള്ളത്തിനുമീതെ താടി പരത്തിപ്പിടിച്ചുകൊണ്ട് ആദ്യത്തെ വണ്ടിയിലെ കാളകൾ മുന്നോട്ടു നീങ്ങി. അവ ഒരു കുഴിയിലിറങ്ങി. വീണ്ടും കയറി. ഇവാൻസ് കാളകളെ ചൊടിപ്പിച്ചു മുന്നോട്ടു നീങ്ങി. തൻെറ കുതിരയുടെ ഗതിക്ക് ഒരു വ്യതിയാനം വന്നതായി ഇവാൻസിനു തോന്നി. കുതിച്ചുകൊണ്ടുള്ള അതിൻെറ ഗതി നിലച്ചു. കുതിര വെള്ളത്തിലൂടെ നീന്തുകയായിരുന്നു. അയാൾ കടിഞ്ഞാൺ അയച്ചിട്ടു.

മുന്നിൽ നിന്ന കുതിരകൾക്ക് ഒരു നിലകിട്ടി. അവ മുന്നോട്ടാഞ്ഞു വലിച്ചു. പിന്നിലുള്ളവയേയും മുന്നോട്ടു നീക്കി. ഇവാൻസ് പിന്നിലേക്കു നോക്കിയപ്പോൾ, വണ്ടി കിടന്നു കുലുങ്ങുന്നതും ബ്രൗണി ചിരിക്കുന്നതുമാണു കണ്ടത്.

തുരുത്തു സമീപിച്ചു. കാളകൾ അതിൽ വലിഞ്ഞു കയറി. "എങ്ങനെ ഇരിക്കുന്നു ?" ഇവാൻസ് ബ്രൗണിയോടു ചോദിച്ചു. ബ്രൗണി "ബഹുരസം തന്നെ" എന്നു മറുപടി നൽകി.

സമ്മേഴ്സ് അവരെ തുരുത്തിൻെറ മറുകരയിലേക്ക് ആനയിച്ചു. ആ നദീഭാഗവും തരണം ചെയ്ത് അടുത്ത തുരുത്തിലെത്തി.

"അടുത്തതാണ് ഏററവും ക്ലേശകരം" സമ്മേഴ്സ് ഇവാൻസിനോടും ഹിഗ്ഗിനോടും പറഞ്ഞു.

ഒഴുക്കിനെതിരായുള്ള പോരാട്ടത്തിൽ, കുന്നും കുഴിയുമായി ഒരു നിരപ്പില്ലാത്ത അടിത്തട്ടോടുകൂടിയ ആഴമേറിയ ആ ഭാഗം ഒരു വിനാശഗർത്തംപോലെ ഇവാൻസിനു തോന്നി. മൂക്കോളം വെള്ളത്തിൽ മുങ്ങി

ആയാസപ്പെട്ടു കാളകൾ ആ കടത്തും കടന്നു. "നാം ജയിച്ചു" ഇവാൻസ് പറഞ്ഞു. "ഡിക്ക്! നാം ജയിച്ചു." "ബഹുരസമായിരിക്കുന്നു. ബഹുരസം" ബ്രൗണി കൂടെച്ചേർന്നു.

പിന്നീട്ട റിബേക്കായും, മാക്കും, ഷീൽഡ്സും കാർപെൻററും മററും മറുകര കടന്നെത്തിയപ്പോൾ, തലേ ദിവസത്തെ സംഭാഷണം അനൎത്ഥമായിരുന്നുവെന്ന് ഇവാൻസ് കരുതി. കടത്തുകൾ ആപൽക്കരമായിരുന്നു. എന്നാൽ നയിക്കാൻ ഡിക്കും, വണ്ടി തെളിക്കാൻ താനും ഹിഗ്ഗും ഉള്ളപ്പോൾ, യാതൊന്നും ക്ലേശിക്കാനുണ്ടായിരുന്നില്ല. ഉച്ചയോട്ടുകൂടി, അല്ലെങ്കിൽ അതിനു മുമ്പുതന്നെ, മററുള്ളവരും മറുകര കടന്നിരിക്കും. "എന്താ ഒരു യാത്രയ്ക്കുകൂടെ തയ്യാറാണോ?" ഇവാൻസ് ഹിഗ്ഗിന്റെ നേക്കു ഫലിതം പറഞ്ഞു. വളഞ്ഞ ഒരു കമ്പുപോലെ ഹിഗ് കുതിരപ്പുറത്തിരിക്കുകയായിരുന്നു. വെളുത്ത ഉരുളക്കിഴങ്ങുപോലുള്ള മുഖവുമായി അങ്ങുമിങ്ങും മുഴച്ചു നിന്ന ഒരു മനുഷ്യക്കങ്കാളം; അതായിരുന്നു ഹിഗ്! എങ്കിലും കുതിരസവാരിക്കും നീന്തലിനും മററും അയാൾ സമൎത്ഥനായിരുന്നു. എന്തിനേറെ? ആ ചുക്കിച്ചുളിഞ്ഞ തൊലിക്കു പിന്നിൽ കേന്ദ്രീകരിച്ചിരുന്ന കഴിവുകൾ നിസ്സീമങ്ങളായിരുന്നു.

അവർ അടുത്ത വണ്ടിയിൽ ആറു നുകങ്ങൾ വച്ചു കെട്ടി. അദ്യത്തെ കടത്തു ഭംഗിയായി കടന്നു. കഷ്ടിച്ചേ നീന്തേണ്ടിവന്നുള്ളു. എന്തെന്നാൽ നല്ലവഴി ഏതെന്ന് അവർക്കു തിട്ടമായിക്കഴിഞ്ഞിരുന്നു. രണ്ടാമത്തെ കടത്തും ഭംഗിയായി തരണംചെയ്യുകയാണ്.

"സാരമില്ല—ഭയമുണ്ടോ മിസിസ് ബൈർഡ് ?" ഇവാൻസ് വണ്ടിയിൽ ഇരുന്നിരുന്ന സ്ത്രീകളോടു ചോദിച്ചു. തെല്ലുപോലും ഭയമില്ലെന്ന് അവർ മറുപടി പറഞ്ഞു.

ഇവാൻസ് കുതിരയെ പിന്നോട്ടു തിരിച്ചു ഡിക്കിൻെറ നേർക്ക് ആംഗ്യം കാണിച്ചു. ഡിക്ക് മാർഗ്ഗം തെളിച്ചു.

കരയോട്ട് അടുത്തുവച്ചു, തികച്ചും ആകസ്മികമായാണ് അതു സംഭവിച്ചത്. മുന്നറിയിപ്പോ, തക്ക കാരണമോ കൂടാതെതന്നെ അതു സംഭവിച്ചു. കുതിരകൾ ശരിക്കു മുന്നോട്ടു പോകുകയായിരുന്നു. ഓളങ്ങൾക്കു മീതെ വണ്ടിയും ഭദ്രമായി നീങ്ങിക്കൊണ്ടിരുന്നു. അപ്പോൾ മുന്നിൽ നേതൃത്വം വഹിച്ചു നീങ്ങിയിരുന്ന കുതിരയുടെ കാൽ വഴുതി, അടിതെററി ഊക്കേറിയ നദീപ്രവാഹത്തിൽ അകപ്പെട്ടു. വണ്ടിക്കകത്തിരുന്നവർ വെള്ളത്തിൽ തെറിച്ചു വീണു.

കാലുകൾ വെള്ളത്തിലിട്ടടിച്ച്, വെള്ളം തെറിപ്പിച്ചുകൊണ്ട് അവർ ഇവാൻസിനെ അഭയം തേടി. അവരുടെ ഭാരം മൂലം രണ്ടാമതു നുകത്തിൻെറയും ക്രമം തെററിയിരുന്നു. "ഹോ" അയാൾ അറിയാതെ തന്നെ വിളിച്ചു പറഞ്ഞു. കയ്യിലുള്ള വടികൊണ്ട് അയാൾ നിലത്തൂന്നിപ്പിടിച്ചു. ഈ ബഹളത്തിനിടയിൽ, കടിഞ്ഞാൺ കയർ മുറുകെ പിടിച്ചുകൊണ്ടു നിൽക്കുന്ന ഹിഗിനെയും, ആ മുറുക്കത്തിൽ വിരണ്ടു പൊരുതിക്കൊണ്ടിരുന്ന അയാളുടെ കുതിരയേയും ഇവാൻസ് കണ്ടു.

ഇവാൻസിൻെറ കുതിരയ്ക്കും ഉറച്ചു നിൽക്കാൻ കഴിയാതെവന്നു. അവരുടെ 'പിടിയും വലിയും' കൊണ്ടു

നെല്ലിയും പരിഭ്രാന്തമായി. ഇതിനിടയിൽ വണ്ടി ഓളങ്ങളിലേക്കു ചെരിഞ്ഞു; ആഴത്തിലേക്കു മറിഞ്ഞു.

ചരലിനുമേലുരുണ്ടും ഒഴുകിയും വണ്ടി ഒഴുക്കിൽ പെട്ടു തള്ളിത്തള്ളി നീങ്ങി. നുകങ്ങൾ വളഞ്ഞൊടിഞ്ഞു. ഇതിനിടയിൽ, ഒഴുക്കിനെതിരേ നീന്തുവാൻ കഴിയാത്ത ആഴത്തിലേക്കു നെല്ലിയും വലിച്ചിഴക്കപ്പെട്ടു.

വളരെ നേരം കഴിഞ്ഞശേഷമാണു മുന്നിൽനിന്നിരുന്ന കുതിരകൾക്ക് ഒരു 'എത്തും പിടിയും' കിട്ടിയതു്. എല്ലാ നുകങ്ങളും യഥാസ്ഥാനങ്ങളിൽനിന്നു തെറിച്ചു പോയിരുന്നു. കരയ്ക്കുട്ടക്കേണ്ട സ്ഥലം അകന്നകന്നു പോയി.

ഹിഗ് മുറവിളികൂട്ടുന്നതു് ഇവാൻസ് ശ്രവിച്ചു. കരയ്ക്കു നിൽക്കുന്ന ആൾക്കാരെയും കുതിരപ്പുറത്തു നീങ്ങിക്കൊണ്ടിരുന്ന ഡിക്കിനെയും അയാൾ കണ്ടു. ഒഴുക്കിൽ പെട്ടു നീങ്ങിക്കൊണ്ടിരുന്ന വണ്ടി, വെള്ളത്തിനടിയിലുള്ള ഒരു ഉരുളൻ പാറയിൽ തടഞ്ഞുനിന്നു. ഊക്കേറിയ ജലപ്രവാഹം അതിനെ ഉലച്ചു തകർത്തുകൊണ്ടിരുന്നു. പിന്നിലെ ചക്രങ്ങൾ ഒഴുക്കിൻെറ ശക്തിയിൽ പെട്ടുയർന്നു. പാറയ്ക്കും ഒഴുക്കിനും ഇടയിൽപെട്ടു ഞെരുങ്ങി വണ്ടി ഒരു വശത്തേക്കു മറിഞ്ഞു.

ഉത്തരക്ഷണത്തിൽ മുങ്ങിയും പൊങ്ങിയും വെള്ളം കുടിച്ചും, കുളത്തിലേക്കെറിയപ്പെട്ട ഒരു പിടക്കോഴിയെപ്പോലെ നീന്തിപ്പിടയുന്ന മിസിസ് ബൈർഡിനെ ഇവാൻസ് കണ്ടു.

അതൊരു കുളമല്ലായിരുന്നു; മനുഷ്യശക്തിയേയും അവൻെറ മാംസപേശികളേയും ലജ്ജിപ്പിക്കുമാറുള്ള

ഊക്കേറിയ ഒരു നദീപ്രവാഹമായിരുന്നു. വെള്ളം ഇരമ്പിപ്പാഞ്ഞിരുന്നു. കൈകാലുകളിൽ തട്ടി ശരീരം മറിച്ചിടുവാൻ ശ്രമിച്ചുകൊണ്ടിരുന്ന ഊക്കൻ പ്രവാഹം. അതാ! തൻെറ മുമ്പിൽ മിസിസ് ബൈർഡിൻെറ തുറന്ന വായ് മാത്രം കാണുന്നു.

ഓളം വെട്ടുന്ന വെള്ളത്തിനടിയിൽ, അവരുടെ വസ്ത്രത്തിൻെറ നീലിമ ഇവാൻസ് ദർശിച്ചു. ഇവാൻസ് അതെത്തിപ്പിടിച്ചു, വലിച്ചു കരയ്ക്കു കയററാൻ ശ്രമിച്ചു. കരയിൽനിന്ന് ആ രംഗം വളരെ ദൂരത്തൊന്നുമായിരുന്നില്ല. എങ്കിലും അയാൾക്ക് അതിനുവേണ്ട കരുത്തുണ്ടായിരുന്നില്ല. ആ ഒഴുക്കിൽ മിസിസ് ബൈർഡിനേയും വഹിച്ചുകൊണ്ടു കരപററാനുള്ള കൈക്കരുത്തോ, കാലുറപ്പോ അയാൾക്കില്ലായിരുന്നു.

ചുററും വെള്ളം; നനഞ്ഞ കണ്ണുകൾ അഞ്ചുമാറ്, സൂര്യപ്രകാശം നേരിട്ടു മുഖത്തടിച്ചുകൊണ്ടിരുന്നു.

ഇരമ്പിപ്പായുന്ന വെള്ളത്തിൻെറ ആരവത്തിനു മീതെ വേറൊരു സ്വരം ഇവാൻസ് ശ്രവിച്ചു, "ലിജി! ലിജി!"

അതു ഡിക്ക് സമ്മേഴ്സിൻെറ സ്വരമായിരുന്നു. കുരുക്കിട്ട ഒരു കയർ, സമ്മേഴ്സ് ഇവാൻസിൻെറ നേർക്കു വീശി എറിഞ്ഞുകൊടുത്തു. ഇവാൻസ് അതിൽ പിടി ഉറപ്പിച്ചു.

പിടി വിടാതെയും കുതിരപ്പുറത്തുനിന്ന് ഇവാൻസ് വഴുതി വീഴാതെയും സാവകാശം സമ്മേഴ്സ് അയാളെയും മിസിസ് ബൈർഡിനേയും കരയ്ക്കു വലിച്ചു കയററി. ആളുകളെല്ലാം ഓടി ചുററിലുംകൂടി.

"മരിച്ചു കാണുകയില്ല. വളരെ നേരമൊന്നും മുങ്ങിക്കിടന്നില്ല." ഇവാൻസ് പറഞ്ഞു.

ഡിക്ക് മിസിസ് ബൈർഡിനെ കമഴ്ത്തിക്കിടത്തി, ഉദരഭാഗം പിടിച്ചുയർത്തി, വയററിൽനിന്നും വെള്ളം പുറത്തേക്കു പ്രവഹിപ്പിച്ചു.

"എങ്ങിനെയുണ്ടു് ലിജി! . . . നിങ്ങൾക്കു്." അതു റിബേക്കായുടെ സ്വരം ആയിരുന്നു. എന്തിനാണെന്നു് ഇവാൻസിനു മനസ്സിലായില്ല, അവൾ കണ്ണുകൾ കൊണ്ടു് അയാളെ ശകാരിച്ചു.

അവരൊക്കെ മിക്കവാറും നിശ്ശബ്ദരായി, മിസിസ് ബൈർഡിൻെറ ചുററുംനിന്നു. അതേസമയം സമ്മേഴ്സ് പ്രഥമ ശുശ്രൂഷകൾ നിർവഹിച്ചുകൊണ്ടിരുന്നു. "നേരെയായിവരുന്നു," അയാൾ പറഞ്ഞു. "ജീവനുണ്ടു്, ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടു്."

സമ്മേഴ്സ് അവരെ തിരിച്ചു കിടത്തി; അവർ കണ്ണുകൾ തുറന്നു. ആ കണ്ണുകൾ ഉന്തിത്തുറിച്ചു നിന്നിരുന്നു. തന്നെ ഇവിടെ കിടത്തി, എല്ലാവരും വട്ടത്തിൽ കൂടി എന്താണു ചെയ്യുന്നതെന്നു് ചോദിക്കുമാറു്, അവരുടെ കണ്ണുകൾ ഓരോരുത്തരുടേയും നേക്കു മാറിമാറി സഞ്ചരിച്ചു. പെട്ടെന്നു് അവരുടെ കണ്ണുകൾ നിറഞ്ഞു. അവർ മുഖം തിരിച്ചു. ഇവാൻസ് ഉററു നോക്കി.

അവർ കരയുകയാണെന്നേ ഉള്ളു. മററു വിഷമതകൾ ഒന്നുമില്ലായിരുന്നു.

"മിസിസ് ബൈർഡ് കുറച്ചു നേരം സ്വസ്ഥമായിക്കിടക്കട്ടെ," എന്നു പറഞ്ഞുകൊണ്ടു റിബേക്കാ ഒരു ബ്ലാങ്കററ് വിരിക്കുവാനായി പോയി. പെണ്ണുങ്ങൾ

എല്ലാവരും കൂടി മിസിസ ബൈർഡിനെ വഹിച്ചു കൊണ്ടു നീങ്ങി.

"ഓറിഗണിലേക്കു മോശമായ ഒരു വഴിയാണു നിങ്ങാം തെരഞ്ഞെടുത്തതു്," സമേമഴ്സ് ഇവാൻസിനോടു പറഞ്ഞു. അയാളുടെ മന്ദഹാസമാകട്ടെ മറെറന്തോ അർത്ഥത്തെയാണു സൂചിപ്പിച്ചതു്.

"എന്തു നഷ്ടമുണ്ടു് ?"

"നോക്കിത്തിട്ടപ്പെടുത്താൻ സമയമുണ്ടായില്ല."

ഹിഗ് തല കുലുക്കിക്കൊണ്ടു്: "ചിലതെല്ലാം നനഞ്ഞു കാണണം. വണ്ടിയുടെ ബന്ധം ഒന്നു തകൻുപോയി. വേറെ കാര്യമായ നാശമൊന്നും ഉണ്ടെന്നു തോന്നുന്നില്ല." എന്നുപറഞ്ഞു.

"ഒററ കാലിപോലും നഷ്ടമായില്ലല്ലോ ?"

"ഇല്ല."

ഇവാൻസ് കിടക്കയിൽ കിടന്നൊന്നുരുണ്ടു. നദിയുടെ ഇരമ്പലിനോടിടചേൻ് ഒരു ചെറുകാററ് കൂടാരത്തിനു വെളിയിൽ വീശി. കൂടാരത്തിനുള്ളിൽ തറയോടൊപ്പിച്ചു് അതു് ഒരു കുളിരു പരത്തി. ഇളംകാററോടൊത്തു് ഒരു അടിവെപ്പിൻെറ സ്വരം കേട്ടു. "ഇവാൻസ് ! ക്യാപ്ററൻ !"

"ആരാ അതു് ?"

"ബൈർഡ്."

"എന്താ വിശേഷിച്ചു് ?"

"എൻെറ ഭാര്യ......"

റിബേക്കായുടെ ക്ലേശംവെലി പെട്ടെന്നു നിലച്ചു. അവരം സംസാരം ശ്രദ്ധിക്കുകയാണെന്നു് ഇവാൻസിനു തോന്നി.

“എനിക്കു തോന്നുന്നു, പ്രസവവേദനയാണെന്നു്! സമയം കഴിഞ്ഞു.”

“ബെക്കി!” ഇവാൻസ് ഉറക്കെ വിളിച്ചു.

“ഞാൻ കേട്ടു,” അവരം ഉറക്കെ മറുപടി നൽകി. “സാരമില്ല, മി. ബൈർഡ്! നിങ്ങരം ഒരു തീ കത്തിക്കു; ഒരു മെഴുകുതിരി കിട്ടുമോ എന്നു നോക്കൂ ലിജി!”

ഇവാൻസ് മെഴുകുതിരി തപ്പി എടുത്തു റിബേക്കായു മൊരുമിച്ചു ബൈർഡിൻെറ കൂടാരത്തിലേക്കു പോയി.

റിബേക്കാ കിടക്കയ്ക്കു സമീപം മുട്ടു കുത്തി. അവരം ഇവാൻസിൻെറ നേർക്കു് തല തിരിച്ചു നോക്കി. “കുട്ടികളെ ഒക്കെ പുറത്തു കൊണ്ടുപോ. ലിജി! കുറെപ്പേരെ നമ്മുടെ കിടക്കയിലേയ്ക്കു കൊണ്ടുപോകാം. മററുള്ളവരെ മാക്കിൻെറയോ, ഫെയർമാൻെറയോ, പാച്ചിൻെറയോ കൂടാരത്തിലേക്കും.”

ബൈർഡ്: “ഉം. എഴുന്നേല്ക്കു് പിള്ളരെ! എലിസബത്തു്! എഴുന്നേല്ക്കു്, അമ്മയ്ക്കു് സുഖമില്ല.”

അവർ ഉണ്ടക്കണ്ണുകളുമായി കിടക്കകളിൽനിന്നു പിടഞ്ഞെഴുന്നേററു. പോകുംവഴി നിശ്ശബ്ദരായി പിന്നിലേയ്ക്കു നോക്കിക്കൊണ്ടു് അവർ കൂടാരത്തിനു വെളിയിലിറങ്ങി.

കുട്ടികളെ ഓരോരോ സ്ഥാനത്തു കൊണ്ടുകിടത്തിയ ശേഷം ഇവാൻസും ബൈർഡും മടങ്ങി എത്തി. വീണ്ടും തീ കത്തിച്ചു വെള്ളം ചൂടാക്കി.

ബൈർഡ് തീ ഊതിക്കത്തിച്ചുകൊണ്ടിരിക്കവെ, ഇവാൻസ് കൂടാരത്തിലേയ്ക്കു കുനിഞ്ഞു പ്രവേശിച്ചു: "എല്ലാം തയ്യാറായി. രണ്ടു പാത്രം വെള്ളം ചൂടാക്കിക്കഴിഞ്ഞു. ഇനി എന്തെങ്കിലും വേണമോ? ബെക്കി! മിസിസ് മാക്ക് വരുന്നുണ്ട്. വേണമെങ്കിൽ മിസിസ പാച്ചും മിസിസ് ഫെയർമാനും വരും." ഇവാൻസ് സംസാരിച്ചുകൊണ്ടിരിക്കവെ, മിസിസ് ബൈഡിൻെറ മുഖം ചുളിയുന്നതു കണ്ടു. പുതപ്പിനുള്ളിൽ അവരുടെ ശരീരം പുളഞ്ഞു. പ്രസവത്തിൻെറ അസുഖങ്ങൾ ആണെന്ന അർത്ഥത്തിൽ റിബേക്കാ തല കുലുക്കി.

കൂടാരത്തിനു വെളിയിലേക്ക് ഇറങ്ങിയപ്പോൾ മിസിസ് മാക്ക് വരുന്നതു് ഇവാൻസ് കണ്ടു. അടുത്തുള്ള അടുപ്പിലെ പാത്രത്തിൽനിന്ന് അല്പാല്പമായി ആവി ഉയന്നുകൊണ്ടിരുന്നു. ബൈർഡ് കൂടുതൽ വിറകു തള്ളിനീക്കി കത്തിച്ചുകൊണ്ടിരിക്കുകയാണ്. എന്തെങ്കിലും പറയേണ്ടതുണ്ടെന്ന് ഇവാൻസിനു തോന്നിയില്ല. അയാൾക്ക് ഒരു കൂട്ടായി ഇവാൻസ അടുപ്പിനടുത്തു് ഇരുപ്പുറപ്പിച്ചു.

പൂർവ്വദിങ്മുഖം തുടുക്കുന്നതിന് ഒന്നുരണ്ടു മണിക്കൂർ മുമ്പു, മിസിസ് ബൈർഡിനു ഒരു ശിശു ചത്തു ജനിച്ചു. പേരിടാതെ ആ ശിശുവിനെ അവർ കുഴിച്ചുമൂടി. വെതർബൈ ചില പ്രാർത്ഥനകൾ നടത്തി. മിസിസ് ബൈർഡിന് ഒരു കിടക്ക ശരിപ്പെടുത്തിക്കൊണ്ടു്, അവർ ബോയിസിലേക്കു നീങ്ങി.

## അദ്ധ്യായം 22

"നമുക്കു പല കാര്യങ്ങളും തീരുമാനിക്കാനുണ്ട്." കൗൺസിൽയോഗത്തിൻെറ പ്രാരംഭത്തിൽ ഇവാൻസ പറഞ്ഞു.

കൗൺസിലിൽ ചില മാററങ്ങളൊക്കെ സംഭവിച്ചിരുന്നു. ബ്രൂവറും റെറഡ്ലോക്കും പൊയ്ക്കഴിഞ്ഞിരുന്നു. അവരുടെ സ്ഥാനത്തു പാച്ചും ഷീൽഡ്സും തെരഞ്ഞെടുക്കപ്പെട്ടു. മാറിയ കൗൺസിലെങ്കിലും ഭേദപ്പെട്ട ഒരു കൗൺസിലാണെന്നു കർട്ടീസ് മാക്ക് കരുതി.

അയാരം മററുള്ളവരോടൊപ്പം വട്ടത്തിൽ ഇരുപ്പുറപ്പിച്ചു. വർത്തുളാകൃതിയിൽ ക്രമപ്പെടുത്തിയിരുന്ന വാഹനസമൂഹത്തിനു പിന്നിൽ നദീതീരത്തോടു സമീപിച്ചാണ് അവർ ഇരുന്നിരുന്നത്.

ഇവാൻസ്: "ഇവിടെ ബോയിസ് ദുർഗ്ഗത്തിലെ ക്രയവിക്രയങ്ങരം എല്ലാം നടന്നു കഴിഞ്ഞു. നാളെ നമുക്കു മുന്നോട്ടു നീങ്ങാം. കാലികളെ എന്തു ചെയ്യുമെന്നുള്ളതാണ് വലിയ പ്രശ്നം?"

ഇവാൻസിൻെറ വാക്കുകരം, കുളത്തിലേക്കെറിയപ്പെടുന്ന ചെറുകല്ലുകരംപോലെയാണെന്നു—അല്ലെങ്കിൽ ശാന്തമായ കുളത്തിൽ ചെറുകല്ലുകരം ഇട്ടാലുണ്ടാകുന്ന ഓളംവെട്ടൽപോലെയാണെന്നു മാക്കിനു തോന്നി.

പാച്ച്: "നമുക്കു കാലികളെക്കൂടെകൊണ്ടുപോകാമെന്നു എനിക്കു തോന്നുന്നു. ഡല്ലിസ് തുടങ്ങി 'വില്ലമാററാ' വരെയുള്ള മാർഗ്ഗം നാം പിന്നിട്ട മാർഗ്ഗത്തെക്കാരം ക്ലേശകരമാകാനിടയില്ല."

"സമ്മേഴ്സിന്ന നല്ല തിട്ടമുണ്ടെന്നല്ലാതെ, പരമാർത്ഥത്തിൽ അങ്ങോട്ടു വഴിയൊന്നുമില്ല."

"സമ്മേഴ്സിന് എന്തുപററി?" ഷീൽഡ്സ് ഇവാൻസിനോടു ചോദിച്ചു.

"നമ്മെ അങ്ങോട്ടു നയിക്കാമെന്ന് അയാൾ പറയുന്നുണ്ടു."

"പിന്നെന്തു്?"

"പക്ഷേ നമുക്കു അതു് അയാളോടു് ആവശ്യപ്പെടാമെന്നു തോന്നുന്നില്ല. ഡല്ലിസ് വരെ എത്തിക്കാനുള്ള പ്രതിഫലമാണു നാം അയാൾക്കു നൽകിയിരിക്കുന്നതു്. അതാം, കൂടുതലൊന്നും കൊടുത്തിട്ടില്ല. അയാൾ, അയാളുടെ ചുമതലയും അതിലേറെയും നിർവ്വഹിച്ചു കഴിഞ്ഞു."

സംഭാഷണത്തിൽ മാക്കും ഇടപെട്ടു: "ഒരു പുതിയ കരാറ് ഉണ്ടാകുന്നതിനു തടസ്സമായൊന്നും ഇല്ലല്ലോ. അയാൾക്കു കൂടുതൽ പണം നമുക്കു നൽകാം."

"എല്ലാവർക്കും അതു നിങ്ങളെപ്പോലെ സമ്മതമാകുമോ?" ഇവാൻസ് ശാന്തമായി പറഞ്ഞു.

"എങ്കിൽ ഞാൻ കൊടുക്കാം. എല്ലാവർക്കുംവേണ്ടി ഞാൻ തന്നെ കൊടുക്കാം. അതിലെനിക്കു സന്തോഷമേ ഉള്ളു," മാക്ക് ഉടൻ മറുപടി നൽകി.

ഇവാൻസ് വീണ്ടും ശാന്തമായി പറഞ്ഞു:

"അതേവർക്കും സ്വീകാര്യമാകുമോ?"

"നിങ്ങൾ അതു കൊടുക്കുന്നതു് എനിക്കിഷ്ടമാവുകില്ല." ഇവാൻസ് വീണ്ടും ശാന്തമായി പറഞ്ഞു.

"എന്തുകൊണ്ടു്?" മാക്ക് ആരാഞ്ഞു. എങ്കിലും അയാൾക്കതിൻെറ കാരണമറിയാമായിരുന്നു. മാക്കിൻെറ

ദാനം സ്വീകരിക്കുവാൻ ഇവാൻസിൻെറ അഭിമാനം അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. മററുള്ളവരും അതു പോലെ തന്നെ അഭിമാന സമ്പന്നരാണെന്ന് ഇവാൻസ് കരുതി. താനോ, പാച്ചോ, ഫെയർമാനോ കാശില്ലാത്തവരായിരുന്നില്ല; എങ്കിലും ദാനം സ്വീകരിക്കുന്നതുമൂലം ഉളവാകുന്ന അഭിമാനക്ഷതത്തിൽനിന്നു കാശില്ലാത്തവരെ രക്ഷിക്കുവാൻ ഇവാൻസ് അവരുടെ വശം ചേൎന്നതാണ്.

"ഇല്ല," മാക്ക് പെട്ടെന്നു സ്വയം ചിന്തിച്ചു: "ഒരിക്കലും ഇല്ല. എത്ര നല്ല ഉദ്ദേശത്തോടെ ആയാലും എൻെറ ദാനം അവർ സ്വീകരിക്കുകയില്ല." അയാഠം പറഞ്ഞു: "ശരി, ഞാൻ കൊടുക്കുന്നതിഷ്ടമല്ലെങ്കിൽ വേണ്ടാ. പക്ഷേ വായ്പയായി വാങ്ങരുതോ? നിങ്ങളുടെ പങ്കുകഠം പിന്നെ സൗകര്യം ഉണ്ടാകുമ്പോഠം തന്നാൽ മതി."

ഇവാൻസ് തലയൊന്നു കുലുക്കി. "അതു നിങ്ങഠംക്ക് അനുഗ്രഹമാണ്. പക്ഷേ വേറെ വല്ല വഴിയുമുണ്ടോ എന്നു നമുക്കാരായാം."

"സമ്മേഴ്സിനു കന്നുകാലികളെ കൂടെ കൊണ്ടു പോകണമെന്നുണ്ടോ?"

"അദ്ദേഹത്തിനു മാത്രമായി അങ്ങിനെ ഉദ്ദേശമൊന്നുമില്ല. നിങ്ങഠംക്കൊക്കെ അറിയാവുന്നതുപോലെ, ഒരു വളഞ്ഞ വഴിയിലൂടെ 'വല്ലാ വല്ലാ'യിൽ നമുക്കെത്താം."

"എന്നുവെച്ചാൽ, പിന്നെയും കൂടുതൽ ദൂരം!" മാക്ക് പറഞ്ഞു.

ഇവാൻസ് തലയൊന്നു കുലുക്കി. "പക്ഷേ അവിടെയുള്ള ദുർഗ്ഗത്തിൽ നമ്മുടെ കാലികളെ ഏററെടുത്ത്, വാൻകൂവർ ദുർഗ്ഗത്തിൽ എന്തെങ്കിലും തൊഴിലിന് ഉത്തരവു നൽകിയേക്കാം. അങ്ങിനെ അവർ മുമ്പു ചെയ്തിട്ടുണ്ട്."

"പക്ഷേ വീണ്ടും അവർ അപ്രകാരം ചെയ്യുമെന്ന് എന്താണ് ഉറപ്പ് ?" ഫെയർമാൻ ചോദിച്ചു.

"പിന്നെ വല്ലാ വല്ലായിൽനിന്നു നദീമാർഗ്ഗം നാം യാത്ര ചെയ്യണം," പാച്ച് പറഞ്ഞു. "വള്ളങ്ങൾക്കും ഇന്ത്യൻ വള്ളക്കാർക്കും നൽകാൻ പണം വേണ്ടിവരും. പണം അല്ലെങ്കിൽ രത്നക്കല്ലുകൾ. നമ്മുടെ വശം രത്നക്കല്ലുകൾ വല്ലതും അവശേഷിച്ചിട്ടുണ്ടെങ്കിൽ."

ഇവാൻസ്: "പശുക്കളെയൊക്കെ കൂടെ കൊണ്ടു വന്നിട്ടുണ്ടെന്നറിയാമല്ലോ? വഴിയ്ക്ക് എത്ര നഷ്ടപ്പെട്ടെന്നു പറയേണ്ടതില്ല."

"ഇനിയും ക്ലേശകരമായ യാത്രയെപ്പററി ചിന്തിയ്ക്കുമ്പോൾ വെറുപ്പു തോന്നുന്നു." ഷീൽഡ്സ് പറഞ്ഞു.

"വീട്ടുകാരൊന്നുമില്ലാത്ത ഒററയാളുകൾ ഉണ്ടല്ലോ! ഹിഗിൻസ്, ബോട്ടർ, ഇൻസ്റ്റോ, മോസ് തുടങ്ങിയവർ; അവർ ഓറിഗൻ നഗരത്തിലേക്കു തന്നെയല്ലേ പോകുന്നത് ?" പാച്ച് ചോദിച്ചു.

"എൻെറ ആൾക്കാരുമായുള്ള കരാറ് അങ്ങനെയായിരുന്നു." ഫെയർമാൻ മറുപടി പറഞ്ഞു.

"അവർക്കു കാലികളെ തെളിച്ചുകൊണ്ടു വന്നുകൂടേ?" ഇവാൻസ്: "യാത്ര ക്ലേശകരമാകുമ്പോൾ കാലികളെയൊക്കെ പിൻതള്ളിക്കൊണ്ടു പോകാൻ തോന്നും.

N.R. [illegible] N.P.K 20-12-58



ഒരു പക്ഷേ അവർ കൊണ്ടുവന്നേക്കാം. എങ്കിലും അവരോട്ട് ഈ കാലികളെയൊക്കെ തന്നത്താൻ കൊണ്ടുവരാൻ പറയുന്നതു കുറെ കടന്ന കൈയാണ്."

പറയാൻ തുടങ്ങുന്ന ആശയത്തിനുള്ളിൽ വ്യക്തമായ രൂപം വരുന്നതിനു മുമ്പു മാക്ക് പറഞ്ഞു: "ഞാൻ പോകാം."

"അങ്ങനെ നിങ്ങൾക്കു മാത്രം മററുള്ളവരെക്കാൾ കൂടുതൽ ചുമതലയൊന്നുമില്ലല്ലോ."

"എനിക്കു കൂടുതൽ കാലികളുണ്ട്. നോക്കാൻ ഒരാൾ മാത്രവും."

"മിസിസ് മാക്കോ?"

"അക്കാര്യം സൗകര്യം പോലെ ചെയ്യാം. ഈ സംഘത്തിൽനിന്നും മററു സംഘങ്ങളിൽനിന്നുമായി കരവഴി ഒരു കൂട്ടർ പോകുന്നില്ലെന്നു വരുമോ?"

"വണ്ടികളിൽപോകാൻസാദ്ധ്യമാവുകയില്ല. വണ്ടികൾ പററിയ വഴിയാണെന്നു ഡിക്ക് കരുതുന്നില്ല."

"എങ്കിൽ കുതിരപ്പുറത്തു പോകണം. നിങ്ങൾക്കാർക്കെങ്കിലും ഒരാൾക്ക് എൻെറ സാധനങ്ങൾകൂടി കൊണ്ടുവരാമല്ലോ. അല്ലെങ്കിൽ അമാൻഡാ നിങ്ങളുടെകൂടെ വരട്ടെ?"

"തീച്ചയായും അവൾക്കു വരാം," ഇവാൻസ് ശാന്തമായി മറുപടി പറഞ്ഞു.

മാക്ക്: "അപ്പോൾ നിങ്ങളെന്തു പറയുന്നു?"

ഇവാൻസ്: "നിങ്ങളോട്ട് ഈ ചുമതല ഏറെറടുക്കാൻ പറയാൻ തോന്നുന്നില്ല."

ഷീൽഡ്സ്: "നിങ്ങളുടെ ഔദാര്യം സർവ്വഥാ അനുഗ്രഹമായിരിക്കുന്നു."

ഇവാൻസ് എല്ലാവരുടേയും മുഖത്തേയ്ക്കു നോക്കി. "നിങ്ങൾ എന്തു പറയുന്നു ?"

മറുപടി എന്തായിരിക്കുമെന്നു മാക്കിനു മുൻകൂട്ടി അറിയാമായിരുന്നു. തൻെറ പണം വാങ്ങാൻ മടിച്ചവർ, തൻെറ വിയർപ്പും, ക്ലേശവും, സമയവും സ്വീകരിക്കുമെന്നു, മനുഷ്യപ്രകൃതിയെപ്പററി ശരിക്കു മനസ്സിലാക്കിക്കൊണ്ടു തന്നെ, അയാൾ വിചാരിച്ചു. എന്തുകൊണ്ടെന്നാൽ അവക്കു നൽകാൻ കഴിവുണ്ടായിരുന്നതും അതുമാത്രമായിരുന്നല്ലോ! അവരെ സംബന്ധിച്ചും തന്നെ സംബന്ധിച്ചും അതാണു് ധമ്മവും.

"ഉദാരമായൊരു കൃത്യം," ഫെയർമാൻ ഇവാൻസിനോടു പറഞ്ഞു. "വലിയ ഒരു ഔദാര്യം! ...അയാൾ അങ്ങനെ ചെയ്യുമെങ്കിൽ."

മററുള്ളവർ അനുകൂലമായി തല കുലുക്കുന്നതു കണ്ടു മാക്കു് എഴുന്നേററു. "അപ്പോൾ അങ്ങിനെ തിരുമാനിച്ചു കഴിഞ്ഞു. ഞാൻ കാലികളെ എത്തിച്ചുകൊള്ളാം, ഞാനും മററു് 'ഏകാകി' കളും കൂടി."

## അദ്ധ്യായം 23

ബോയിസിൽനിന്നു ഡല്ലിസിലേക്കു് ഈ യാത്രയുടെ സമാപനഘട്ടമാണു്. ഈ അഗ്നിപരീക്ഷയുടെ അന്ത്യം! ഓറിഗനിലേക്കുള്ള നിർണ്ണായക സന്ധി.

ഒട്ടേറെ നാൾക്കു മുമ്പു്, കഴിഞ്ഞ ശരൽക്കാലത്തു് ഉന്നയിക്കപ്പെട്ട ഒരു ചോദ്യത്തിനു്, ആ നീണ്ടുനീണ്ടു

പോകുന്ന വണ്ടിച്ചാലുകളില്ക്കൂടെ അവസാനമായി ഉത്തരം എഴുതപ്പെട്ടുകൊണ്ടിരിക്കുകയാണ്. മൊട്ടക്കുന്നുകൾക്കും, കുററിക്കാട്ടുകൾക്കും, മണൽക്കുമ്പാരങ്ങൾക്കും മദ്ധ്യേക്കൂടെയുള്ള ആ പ്രശ്നത്തിന്റെ തുടക്കം തന്നെ ആളുകൾ തീരെ മറന്നിരുന്നു.

ഭ്രമിച്ചുരുളുകൾ അല്ലാതെ മറെറാന്തെങ്കിലും തന്റെ മുന്നിലോ പിന്നിലോ ഉണ്ടായിരുന്നോ? തരണം ചെയ്യപ്പെടേണ്ട ദൂരമല്ലാതെ തന്റെ ജീവിതത്തിൽ എന്താണുണ്ടായിരുന്നത്? അതുകൊണ്ട് ഇനിയും കൂട്ടതൽ ദൂരം തരണം ചെയ്യാൻ കഴിയും! ഇവാൻസിനു തന്റെ കാളകളുടെ സമീപത്തുകൂടി നടക്കുവാൻ മാത്രമേ കഴിഞ്ഞുള്ളു.

എങ്കിലും ഉൽക്കടമായ ആശങ്കകളുടെ ദിവസങ്ങൾ കഴിഞ്ഞുപോയിരുന്നു; എല്ലാ ആശങ്കകളുടേയും ദിവസങ്ങൾ കഴിഞ്ഞുപോയിരുന്നു. ആ യാഥാർത്ഥ്യം ഇവാൻസിൽ തെളിഞ്ഞു മിന്നി.

അയാൾ അകന്നുനിൽക്കേണ്ടിവന്നു. ആളുകളേയോ, കാളകളേയോ, കഴിവിൽക്കൂടുതൽ ക്ലേശിപ്പിക്കുവാൻ അയാൾ തുനിഞ്ഞില്ല. എത്രയും വേഗം—എങ്കിലും ഇവാൻസിനെ സംബന്ധിച്ചിടത്തോളം അത് അത്ര വേഗം ആയിരുന്നില്ല—അവർ ആ ഉയന്ന മലകളിൽ എത്തും. താഴെ വിശാലമായ കൊളംബിയാ അവർ ദർശിക്കും.

ബ്രൂളിൽവച്ചു തന്റെ ഒരു വണ്ടി തകന്നതും, അടുത്ത ദിവസം ശേഷിച്ച വണ്ടിയുടെ ചക്രം ഒടിഞ്ഞതും അയാൾ അനുസ്മരിച്ചു.

ഇട്ടങ്ങി വളഞ്ഞു്, കല്ലനിറഞ്ഞ വഴിയില്യൂടെയുള്ള ആദ്യദിവസത്തെ യാത്ര, ക്ലേശകരമായിരുന്നു. അന്ന വർ പന്ത്രണ്ടു മൈലോ മറേറാ സഞ്ചരിച്ചശേഷം താവള മടിച്ചു. ഏററവും ക്ലേശകരമായ ഘട്ടം കഴിഞ്ഞുവെന്ന പ്രത്യാശയോടെ ഏവരും ശയനം ആരംഭിച്ചു. എങ്കിലും ഏററവും ക്ലേശകരമായ ഘട്ടം കഴിഞ്ഞിരുന്നില്ല. അതു മുന്നിൽ കിടന്നിരുന്നതേ ഉള്ളു.

"സാധിക്കുമെന്നു തോന്നുന്നില്ലേ?" സമ്മേഴ്സ് കുതിരപ്പുറത്തിരുന്നുകൊണ്ടു ചോദിച്ചു. അതിൻെറ അർത്ഥമാകട്ടെ സാധിക്കുമെന്നായിരുന്നു.

"ഒരു വണ്ടിക്കാരൻ മറുവശത്തു് എത്തണം. അയാൾക്കു വശത്തു് നില്ക്കാൻ സ്ഥലം ഉണ്ടാകുകയില്ല."

"കടന്നു കഴിഞ്ഞാലും, പിന്നെയും നരകം പിടിച്ച മലകൾ തന്നെ."

"എന്താ! മടങ്ങണോ?" സമ്മേഴ്സ് ചിരിച്ചു.

"മടങ്ങണമെന്ന ചിന്ത ഒരു നിമിഷത്തേക്കില്ല." ഇവാൻസ് കുതിരപ്പുറത്തു കയറി അതിനോടെന്തോ പറഞ്ഞു. അതേസമയം സമ്മേഴ്സ് കുതിരയെ ഓടിച്ചു മുന്നോട്ടു നീങ്ങി.

ഒരു ദ്വാരം തുരന്നു മുന്നോട്ടു നീങ്ങുന്നതുപോലുള്ള ഒരു പോക്കായിരുന്നു അതു്. പേച്ചിപ്പേച്ചി കാലടി വയ്ക്കുന്ന കാളകളും നേരിയവഴിയും വൃക്ഷശാഖകളും മാത്രമാണു് ഇവാൻസിനു കാണാൻ കഴിഞ്ഞതു്.

ആ കിഴക്കാംതൂക്കായ നേരിയവഴി ചെന്നവസാനി ക്കുന്നതു് ഒരു ചെറു നദീതടത്തിലാണു്. അവിടെ നിന്നു് ആ വഴിച്ചാലു് വീണ്ടും മലമുകളിലേക്കു വളഞ്ഞു

തിരിഞ്ഞുപോകുന്നു. ഈ കിഴക്കാംതൂക്കായ 'പോറലി'നെയാണ് അവർ ഒരു വഴിയെന്നു വിളിക്കുന്നത്. സമ്മേഴ്സ് കുതിരയെ ചുററും ഒന്നു കറക്കി. "എന്താ ചിന്തിക്കുന്നത് ?"

"മുമ്പിൽ ഉയൻ്റ ചക്രങ്ങളോടുകൂടിയ ഒരു വണ്ടി ഉണ്ടായിരുന്നെങ്കിൽ എന്നാശിച്ചുപോകുന്നു."

"ഇറക്കത്തിൽ കാലുറപ്പിച്ചു നിൽക്കാൻ കഴിയുമാറു സൃഷ്ടിച്ചിട്ടുള്ള കാളകളെക്കൂടി കിട്ടിയാൽ നന്നായിരിക്കും."

"മററു വണ്ടികൾക്കു പിന്നിൽ സ്ഥലം കിട്ടത്തക്ക രീതിയിൽ ഞാൻ ഈ ഇറക്കം തുടങ്ങുന്നിടത്തേക്കു നീങ്ങാം. പിന്നീട് ഒന്നും രണ്ടും വണ്ടികൾ, രണ്ടും മൂന്നും ആളുകളെ വീതം പിന്നിൽ നിറുത്തിക്കൊണ്ടു താഴോട്ടിറക്കാം."

സമ്മേഴ്സ്: "തീർച്ചയായും വേഗം തന്നെ നാമിതു കടക്കണം. അല്ലെങ്കിൽ ഈ വഴി ഇവിടെ കണ്ടെന്നു വരില്ല."

ഏതുരീതിയിൽ ഈ ചെരിവു് ഇറങ്ങണമെന്നു വിശദീകരിച്ചുകൊണ്ടു സമ്മേഴ്സ് അതു വഴി താഴോട്ടു നടന്നു.

"എല്ലാവരും വണ്ടിയിൽനിന്നിറങ്ങുകയാണ് നല്ലതു്. കുഞ്ഞുങ്ങളോ സ്ത്രീകളോ ആരും വണ്ടിയിൽ ഉണ്ടായിരിക്കരുതു്. ആദ്യം എൻെറ വണ്ടിതന്നെ ഇറക്കാം. അതു തകരാറൊന്നുമില്ലാതെ ഇറക്കിക്കഴിഞ്ഞാൽ, പിന്നെ ഒരേസമയം രണ്ടോ മൂന്നോ വണ്ടികൾ വീതം ഒരുമിച്ചു നമുക്കു കൊണ്ടുവരാം."

വണ്ടികളെല്ലാം അവർ ആ ചെരിവിലൂടെ താഴത്തിറക്കി. ഒരിക്കൽ മാത്രം ഒരു വണ്ടിയുടെ പിൻചക്രങ്ങൾ നിലത്തു നിന്നുയരുവാൻ ഭാവിച്ചു. കഷ്ടിച്ചു നിലത്തു നിന്നുയന്നു.

"നന്നായി" ഇവാൻസ് പറഞ്ഞു. "അടുത്ത തവണത്തേക്കുള്ള പരിശീലനമായി."

വളരെ സാവകാശത്തിൽ വിയർത്തൊലിച്ചുകൊണ്ടുള്ള ഒരു അദ്ധ്വാനമായിരുന്നു അതു്. എങ്കിലും ഇവാൻസിനു ആശ്വാസം ഉണ്ടായില്ല. പ്രതീക്ഷിച്ചപോലെ പരന്ന മൈതാനമല്ല അയാൾ മുന്നിൽ കണ്ടതു്; പ്രത്യുത: കുന്നും കുഴിയും നിറഞ്ഞ പ്രദേശം മാത്രം.

"ഈ ദുർഗമ മാർഗ്ഗങ്ങൾക്കു് ഒരറുതിയില്ലേ ഡിക്ക്! എന്തു പറയുന്നു?"

"രാത്രിയോടുകൂടി ഏററവും ക്ലേശകരമായ വഴികളൊക്കെ തീരും; മററു കുഴപ്പമൊന്നുമുണ്ടാകുന്നില്ലെങ്കിൽ!"

ഗ്രാൻഡേ റോൻഡെയിലൂടെ മൂന്നു ദിവസം ആ യാത്രാസംഘത്തെ ഇവാൻസ് മന്ദഗതിയിലാണു നയിച്ചതു്. എങ്കിലും യഥാർത്ഥത്തിൽ കുതിച്ചു നീങ്ങുകയാണെന്നു് അയാൾക്കു തോന്നി. മനുഷ്യർക്കും മൃഗങ്ങൾക്കും ഒന്നു വിശ്രമിക്കുവാൻ കഴിഞ്ഞു. കാലാവസ്ഥ മോശമല്ലായിരുന്നു. മാനത്തു മൂടൽ മഞ്ഞിൻെറ സൂചനകളൊന്നും കാണാനുണ്ടായിരുന്നില്ല. തൻെറ ഹൃദയം ആകാംക്ഷാഭരിതമാണെന്നു് ഇവാൻസ് മനസ്സിലാക്കി. മഞ്ഞുകാലം അപ്പോഴും ആസന്നമായിരുന്നില്ല. എങ്കിലും അവിടെ മഞ്ഞുമഴ ചാറിയിരുന്നു. ജലസമമിശ്രമായ

താഴ്വരയിലെ പുൽത്തളിർത്തുമ്പുകളിലും, ഇലകളിലും, മഞ്ഞുതുള്ളികൾ പററിപ്പിടിച്ചിരിക്കുന്നതയാൾക്കു കാണാൻ കഴിഞ്ഞു. മഞ്ഞു പെയ്യുകൊണ്ടിരിക്കും; താഴ്നദിയിൽ മഴയും പെയ്യുകൊണ്ടിരിക്കും. വിശ്രമാനന്തരം അവർ മുന്നോട്ടു നീങ്ങുകയും ചെയ്യും. ഇപ്പോഴത്തെ പ്രശ്നം അവർ ഓറിഗനിലെത്തിച്ചേരുമോ എന്നതായിരുന്നില്ല. പ്രത്യുത: ഒരു വീടുപണിയാൻ, കടലിൽ നിന്നാഞ്ഞടിക്കുന്ന ശീതവാതത്തിനെതിരായി ഒരു വീട് കെട്ടി ഉയർത്തുവാൻ, എത്രകാലം പിടിക്കുമെന്നതായിരുന്നു ഇവാൻസിനെ അലട്ടിക്കൊണ്ടിരുന്ന പ്രശ്നം.

ആ യാത്രാസംഘം ഒരു നിരയായി നിൽക്കുന്നതു് ഇവാൻസ് സൂക്ഷിച്ചുനോക്കി. പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ, മുലകുടിക്കുന്ന കുഞ്ഞുങ്ങൾ, പെൺകുതിരകൾ, ആൺകുതിരകൾ, കാളകൾ, കലപ്പകൾ, ഗൃഹാങ്കണം അലങ്കരിക്കാനുള്ള വിത്തുകൾ, ഇനിയും നിർമ്മിച്ചിട്ടില്ലാത്ത വിദ്യാലയങ്ങളിലേക്കുള്ള ഗ്രന്ഥങ്ങൾ, ഭാവിയിൽ നിർമ്മിക്കാനുള്ള ഗൃഹങ്ങളുടെ ഉരുപ്പടികൾ.

അടുത്ത ദിവസം അവർ ഒരു മലകയറി, ഗിരിപ്പുരപ്പിലൂടെ സഞ്ചരിച്ചു. പന്ത്രണ്ടോളം കുഴികൾ ഇറങ്ങിക്കയറി; കുത്തു ചെരിഞ്ഞ പാറക്കെട്ടുകൾ കയറിയിറങ്ങി; ചെറുകാടുകളും പുൽമേടുകളും തരണം ചെയ്തു. ചുററുപാടും പ്രകൃതിരമണീയമായ രംഗങ്ങൾ; ചുററും തല ഉയർത്തിപ്പിടിച്ചു നിൽക്കുന്ന ഗിരിനികരങ്ങൾ; ഉന്തി നില്ക്കുന്ന നഗ്നമായ ശിലകൾ; മന്ദമന്ദം കറങ്ങിക്കൊണ്ടിരുന്ന വണ്ടിച്ചക്രങ്ങൾക്കു കീഴിൽ ദൂരം ക്രമേണ മാഞ്ഞു മാഞ്ഞു പൊയ്ക്കൊണ്ടിരുന്നു. പത്തു മൈൽ!

ഒരു പുൽമേട്ടിൽ അവർ താവളമടിച്ചു. ബ്ലൂഗിരിയുടെ പ്രധാന മുകൾപ്പരപ്പിലൂടെ അടുത്ത ദിവസം അവർ ഒമ്പതു മൈൽ സഞ്ചരിച്ചു.

ഇപ്പോൾ ഇവാൻസ് അകന്നു മാറിനിന്നിരുന്നില്ല. യാത്രയുടെ അവസാനഘട്ടത്തോട് അടുത്തപ്പോൾ ആളുകൾക്ക് ഉന്മേഷം വർദ്ധിച്ചുവന്നു. ബ്ലൂമലകളിൽ നിന്നുള്ള നീണ്ട ചെരിവിറങ്ങി, വീണ്ടും ചതുപ്പു നില ങ്ങളിൽ എത്തി കുലുങ്ങിക്കുലുങ്ങി വണ്ടികൾ 'ഉമാട്ടില്ലാ' യിലേക്കു നീങ്ങി അങ്ങനെ ഒടുവിൽ മഞ്ഞുനിറഞ്ഞ ഗിരിശിഖരങ്ങൾക്കുസമീപം വിശാലമായ കൊളംബിയാ താഴ്‌വര ഇവാൻസ് ദർശിച്ചു.

കായ്കനികളും മരങ്ങളും തിങ്ങിനിന്നിരുന്ന വന്യ ഭൂമിയിലൂടെ ബഹുദൂരം സഞ്ചരിച്ചശേഷം, സൂര്യൻ അസ്തമിക്കുകയും, മലകൾക്കിടയിൽ നേരിയ ഇരുൾ വ്യാപിക്കുകയും ചെയ്തപ്പോഴാണ് അയാൾ അവിടെ എത്തിയതു്. ചിന്തപോലും പ്രതിധ്വനിക്കുമാറ് ഏകാ ന്തവും ശൂന്യവുമായ ഒരു ഭൂമി. എങ്കിലും അവിടെയും ഒരു നദി ഒഴുകിക്കൊണ്ടിരിക്കുന്നു.

ഇവാൻസ് നദിയിലേക്ക് അയാളുടെ കണ്ണുകൾ തിരിച്ചു. ചരൽക്കല്ലുകൾ നിറഞ്ഞ നദിയുടെ അടിത്തട്ടും, അതിനു മീതെ പ്രവഹിച്ചിരുന്ന തെളിത്തണ്ണീരും അയാൾ ദർശിച്ചു. അല്പം അകലെ നദി വീതി കുറഞ്ഞു് ഒഴുക്കേറി കുത്തനെ ചാഞ്ഞു് ഒഴുകുന്നതായി അയാൾ മനസ്സിലാക്കി. അതുകൊണ്ടു് അല്പം താഴോട്ടു മാറി എവിടെയെങ്കിലും വേണം അവർക്കു വണ്ടികൾ അക്കരെ എത്തിക്കുവാൻ. പിന്നെ അവശേഷിക്കുന്നതു് ഒരു

നദീപഥമാണ്; ഊക്കൻ പ്രവാഹത്തോടുകൂടിയ വീതി യേറിയ ഒരു നദീപഥം. ഓറിഗനിലേക്കുള്ള അന്തിമ മാർഗ്ഗം!

"ഡല്ലിസിലേക്ക് ഇനി ഉദ്ദേശം നാലുദിവസത്തെ യാത്ര മാത്രം." ഡിക്കിൻെറ ശബ്ദം കേട്ട് ഇവാൻസ് ഞെട്ടി.

## അദ്ധ്യായം 24

ഡല്ലിസിൽനിന്നു 'വാൻകൂവറി'ലേക്ക് 50 മൈൽ വന്നേക്കും. അവിടെ നിന്ന് പിന്നീട് 'വില്ലിമാററാ'യി ലേയ്ക്കു് 6 മൈൽ.

ഇവാൻസ് തൻെറ കൺപോളകളിൽനിന്നു വിയപ്പു തുള്ളികൾ തുടച്ചു മാററി. ചങ്ങാടവള്ളങ്ങൾ എല്ലാം വീണ്ടും അഴിച്ചു കരയ്ക്കു കയററി അടുത്ത നദീതീരത്തി ലേയ്ക്കു കൊണ്ടുപോകുകയല്ലാതെ, മറെറാന്നും തന്നെ ചെയ്യാനില്ലെന്ന് ഇവാൻസ് സ്വയം പറഞ്ഞു. ഒടുവി ലത്തെ തടസ്സമായ 'കാസ്കേഡ്' വെള്ളച്ചാട്ടവും അവർ പിന്നിട്ടു കഴിഞ്ഞിരുന്നു. ആ നദികൾക്കിടയിലുള്ള പ്രദേശത്തു നിന്നു നോക്കിയാൽ, അതൊരു മഞ്ഞിൻ പാടമെന്നേ തോന്നൂ. അവയ്ക്കു മുന്നിലാകട്ടെ പ്രശാന്ത മായി, അലസമായി ആ നദി പ്രവഹിച്ചിരുന്നു. ആ രണ്ടു നദികൾക്കിടയിൽ അവർ പിന്നിടേണ്ടിയിരുന്ന ഇടഭൂമി ദീർഘവും ക്ലേശകരവും ആയിരുന്നു. എങ്കിലും അവർ അതും പിന്നിട്ടു. അഴിച്ചിരുന്ന അവസാനത്തെ വണ്ടിച്ചക്രവും ഉരുട്ടിക്കൊണ്ട് അവർ നദീതീരത്തി ലെത്തി. അവസാനത്തെ പലകക്കഷണവും, കുടങ്ങളും,

പാത്രങ്ങളും, ആഹാരപദാർത്ഥങ്ങളുമെല്ലാം അവർ ചുമന്നെത്തിച്ചു. ഒടുവിലത്തെ ഓടവള്ളവും എത്തിച്ചു കഴിഞ്ഞു. ഏവരും പൂർണ്ണസജ്ജരായിത്തന്നെ നില കൊണ്ടു.

"നമുക്കു് ഇവിടെ താവളമടിക്കാം." പടിഞ്ഞാറു മൂടൽമഞ്ഞുകൾക്കിടയിൽ മങ്ങി മറഞ്ഞുകൊണ്ടിരുന്ന സൂര്യനെ നോക്കി ഇവാൻസ് പറഞ്ഞു: "ഇരുട്ടുന്നതിനു മുമ്പു നമുക്കു വള്ളങ്ങളെല്ലാം ഒരുമിച്ചു ചേർത്തു കെട്ടാം." ഇവാൻസ് അയാളുടെ പൈപ്പു് നീട്ടി ഒന്നു വലിച്ചു.

വന്ദനങ്ങൾ പറയുന്നതിനിടയിൽ ആ വള്ളച്ചങ്ങാടം പലതായി വേർപെടുത്തപ്പെട്ടു. ഒരു വള്ളം ഇവാൻസ് കുടുംബത്തിനു്; ഒന്നു ബൈർഡ് കുടുംബത്തിനു്. പൊങ്ങുതടികൾക്കു മീതേ തകരപ്പാട്ടകളും വണ്ടിക്കൂടും ചേർത്തു് ഉണ്ടാക്കിയിരുന്ന വിചിത്രമായ വഞ്ചികളായിരുന്നു അവ. കാററത്തു് പായ് വച്ചും അല്ലെങ്കിൽ തുഴഞ്ഞും അതു മുന്നോട്ടു നീങ്ങി. വനാന്തരങ്ങളിലൂടെ രാക്ഷസന്മാരെപ്പോലെ, ഒഴുക്കില്ലാതിരുന്ന ആ നദിയിലൂടെ അവ, നീണ്ടുനിന്ന നീർച്ചെടികളെ തള്ളിമാററി മുന്നോട്ടു നീങ്ങി. ഒടുവിൽ അതാ ഓറിഗൺ... അപരിചിതവും ഭയാനകവുമെങ്കിലും ഏവർക്കും പ്രിയംകരമായ ഓറിഗൺ കൺമുമ്പിലെത്തി.

മാക്കിനെപ്പോലെ ഡല്ലിസിൽ കാത്തുനിന്നവരിൽ ചിലർ കരവഴി അവരുടെ വണ്ടികൾ കൊണ്ടുവരാൻ ശ്രമിക്കും. പാച്ചിനെപ്പോലെ ചിലർ കൂലിവള്ളങ്ങൾക്കായി കാത്തിരിക്കും. ഡാഗർട്ടി ഒരു ചങ്ങാടത്തിൽ

പുറപ്പെട്ടു കഴിഞ്ഞിരുന്നു. അവർക്ക് എല്ലാവർക്കും ഇവാൻസ് വന്ദനം പറഞ്ഞു. തദവസരത്തിൽ അയാൾക്കു യാതൊരു വിരഹവേദനയും തോന്നിയില്ല. എന്തുകൊണ്ടെന്നാൽ അവരെയൊക്കെ ഇവാൻസിനു പിന്നീടു കാണുവാൻ കഴിയുമായിരുന്നു. എങ്കിലും ആസന്നമായ ഒരു യാത്ര പറയൽ! ... അവസാന നിമിഷത്തെ ഒരു സംഭാഷണംകൊണ്ട് അത് ഒഴിവാക്കപ്പെട്ടുന്നില്ലെങ്കിൽ, ആ യാത്ര പറയലായിരുന്നു ഇവാൻസിനെ ക്ലേശിപ്പിച്ചതു്.

ഓറിഗനെപ്പററി അയാൾ ഡിക്കുമായി വാദപ്രതിവാദം നടത്തി. മററുള്ളവരോടൊപ്പം ഓറിഗനിൽവന്നു കുടിയേറിപ്പാർക്കണമെന്ന് ഇവാൻസ് ഡിക്കിനെ ഉപദേശിച്ചു. ഡിക്കാകട്ടെ ഒന്ന് പുഞ്ചിരിക്കുക മാത്രമാണു ചെയ്തതു്. ഇപ്പോൾ അവർക്കു് ഡിക്കിൻെറ ആവശ്യമുണ്ടായിരുന്നില്ല. ഡിക്ക് അയാളുടെ കത്തവ്യവും, അതിലേറെയും നിർവഹിച്ചു കഴിഞ്ഞിരുന്നു. അവരെ ഓറിഗനിൽ വിട്ടിട്ടു മടങ്ങിപ്പോകുമെന്നു ഡിക്ക് പറഞ്ഞു കഴിഞ്ഞിരുന്നു. ഇവാൻസ് നിശ്ശബ്ദനായിനിന്നു. അയാളുടെ പാതി മനസ്സു മാത്രമേ അപ്പോൾ അവിടെ ഉണ്ടായിരുന്നുള്ളു. ശേഷിച്ച പാതിമനസ്സ് ഡിക്കിൻെറ മേൽ പ്രയോഗിക്കാനുള്ള യുക്തികൾ ആരാഞ്ഞുകൊണ്ടിരുന്നു. അത്താഴത്തിനുശേഷം ഡിക്ക് എഴുന്നേൽക്കുന്നതുവരെ ഇവാൻസ് കാത്തുനിൽക്കുകയും അനന്തരം അയാളുടെ പിന്നാലെ എത്തുകയും ചെയ്തു.

"ഡിക്ക്!"

"എന്താ?"

"നല്ല രാത്രി ! അല്ലേ ? "

" കടൽനാട്ടു നിങ്ങൾക്കിഷ്ടപ്പെട്ടുമെങ്കിൽ."

" എന്താണു കടലിന്ന് തകരാറ് ? "

" ഒന്നുമില്ല. എൻെറ നാടാണ് എനിക്കു കൂടുതൽ ഇഷ്ടം."

" ഇവിടെ പഴകണം. അപ്പോൾ നിങ്ങൾക്ക് ഇവിടം ഇഷ്ടമാകും."

" എനിക്കിഷ്ടമാകില്ല."

" എങ്കിൽ ഒന്നു പരീക്ഷിച്ചു നോക്കരുതോ ഡിക്ക് ? "

" കഴിയുമെന്നു തോന്നുന്നില്ല."

" എന്തു ചെയ്യാനാണു നിങ്ങൾ ഉദ്ദേശിക്കുന്നത് ? "

" തിരിച്ചുടിക്കാൻ."

" എപ്പോൾ ? "

" നാളെ നല്ലൊരു ദിവസമാണ് ! "

" കുതിരയൊന്നുമില്ലാതെ എങ്ങനെയാണു മടങ്ങിപ്പോകുന്നത് ? "

" എനിക്കെൻെറ തോക്കും തീക്കല്ലും ഇരുമ്പും ഉണ്ടല്ലോ. എവിടെനിന്നെങ്കിലും ഒരു കുതിരയെ തേടിപ്പിടിക്കണം."

" ഈ ചിന്ത കളയൂ ഡിക്ക്. എന്നെന്നും ഒരാൾ ഇങ്ങനെ അലഞ്ഞു തിരിയരുത് ? "

" കുറച്ചു കഴിഞ്ഞാൽ അയാൾ കടലിനെ നേരിടും ലിജി ! "

" എന്തുകൊണ്ടു നിങ്ങൾ ഞങ്ങളോടൊരുമിച്ചു വരുന്നില്ല. നിങ്ങൾ തീർച്ചയാക്കിയോ ? "

"ലിജി ! അതെനിക്കു പററിയ സ്ഥലമല്ല."

"ഏവർക്കുമെന്നപോലെ നിങ്ങൾക്കും അവിടെ സൗജന്യമായി ഭൂമി ലഭിക്കും." ഇവാൻസ് അല്പം കാത്തിരുന്നു. പിന്നെയും തുടന്നു: "ഓറിഗനിൽ നിങ്ങൾക്കൊരു പ്രമുഖ വ്യക്തിയായിത്തീരാം."

"പ്രാമുഖ്യം ഞാൻ ആരായുന്നില്ല. ഒരു നായ്ക്കുട്ടിയെപ്പോലെ എനിക്കെന്റെ വാലിനെ പിന്തുടരണം."

"നിങ്ങൾക്കു ഞങ്ങളോടൊപ്പം താമസിക്കാം. പൂർണ്ണസ്വാഗതം."

"അതെനിക്കറിയാം ലിജി. വെട്ടിത്തുറന്ന രീതിയാണ് നിങ്ങളുടേത്. അതൊരു നല്ല രീതിയാണ്; നിങ്ങൾക്ക് എന്റെ രീതി ഭിന്നമാണ്."

"അപ്പോൾ എങ്ങോട്ടാണു നിങ്ങൾ പോകുന്നത്?"

"ഒരു പക്ഷേ ബ്രിഡ്ജറിലേയ്ക്കു. അല്ലെങ്കിൽ ബേയറിലേയ്ക്ക്, അതുമല്ലെങ്കിൽ 'ബ്ലാക്ക്ഫുട്ട്' ദേശത്തിനും വടക്ക്. ഒന്നും പറയാൻ വയ്യ."

"അക്കരെച്ചെന്നു പററാൻ കഴിയും മുമ്പ്, മലകളിൽ മഞ്ഞുവന്നു നിറയും."

"അങ്ങനെ സംഭവിച്ചേക്കാം."

"ഡിക്ക്! നിങ്ങളെപ്പോലെ സമർത്ഥനായ ഒരാൾക്ക് അണുപോലും ബോധമില്ലല്ലോ?"

"കണികപോലുമില്ല. പക്ഷേ അതുകൊണ്ടല്ല ലിജി! ഞാൻ നിങ്ങളേയും നിങ്ങളുടെ പത്നിയേയും ലിജിയേയും ഇഷ്ടപ്പെടാത്തത്. അതുകൊണ്ടല്ല ലിജി!"

സമേമഴ്സ് തിരിഞ്ഞു നടന്നു. "നിങ്ങൾ ഇപ്പോൾ എന്റെ കാര്യത്തിൽ കൈയ്കടത്തുകയാണ്. ഞാനിവിടെ മൂത്രമൊഴിക്കാൻ വന്നതാണു."

ഡിക്ക് തിരിഞ്ഞപ്പോൾ ഇവാൻസ് പറഞ്ഞു: "ഓറിഗൺ അമേക്കരിക്കയുടേതായിത്തീരുന്നതിൽ നിങ്ങൾക്കു യാതൊരു താല്പര്യവുമില്ലേ ഡിക്ക് ?"

നിങ്ങൾക്കങ്ങിനെ തോന്നിയേക്കാം ലിജി. എനിക്കു 'പോപ്പോഎജി' വീണ്ടും കാണണം."

'പോപ്പോ എജി' എന്താണെന്നോ, എവിടെയാണെന്നോ, എന്തിനാണ് അതു കാണാൻ ഡിക്ക് ആശിക്കുന്നതെന്നോ ഇവാൻസ് ചോദിച്ചില്ല. അതിനപ്പോൾ പ്രസക്തിയില്ലായിരുന്നു. "ഏതായാലും രാവിലേ കാണാം," അവർ താവളത്തിലേക്കു മടങ്ങി നടന്നപ്പോൾ ഇവാൻസ ഡിക്കിനോടു പറഞ്ഞു.

"തീർച്ചയായും."

എങ്കിലും രാവിലെ ഡിക്കിനെ കാണാൻ കഴിഞ്ഞില്ല. ഇവാൻസ് ഉണരുന്നതിനു മുമ്പേ, മററാരും ഉണരുന്നതിനു മുമ്പേ ഡിക്ക് കടന്നിരുന്നു.

ഇരുവശങ്ങളിലും മലകൾ; തലയ്ക്കുമീതെ മലകൾ; വരണ്ട മലകൾ, നീലവാനിൽ മുട്ടുന്ന ശിഖരങ്ങളോടു കൂടിയ മലകൾ, അതിന്നിടയിൽക്കൂടി സമുദ്രസ്പർശത്താൽ ഉപ്പു രസം കലന്നൊഴുകുന്ന നദി. തെക്കൻ ചെരിവുകളിലെ മഞ്ഞു നാട കണക്കുള്ള വെള്ളച്ചാട്ടങ്ങൾ; ഈറ്പ്പം പററിയ വായു; സമുദ്രത്തിൽനിന്ന് ഊതിക്കൊണ്ടിരുന്ന ശീതമാരുതൻ . . . .

മന്ദഗതിയിൽ നീങ്ങിക്കൊണ്ടിരുന്ന വള്ളങ്ങൾക്കൊപ്പം സമയവും മന്ദമന്ദം നീങ്ങിക്കൊണ്ടിരുന്നു. നിഴൽ വീണു മൂടിയ പ്രഭാതം, പ്രകാശനിർഭരമായ മദ്ധ്യാഹ്നം, വീണ്ടും നിഴൽ വീണുമൂടിയ സായാഹ്നം. ഗിരിനിരകളുടെ

സ്വപ്നത്താൽ—ഏതോ നഷ്ടബോധത്താൽ—മൂകമായിരുന്ന രാത്രികൾ; അന്ധകാരത്തിന്റെ ഗംഭീരതയെ്ക്കതിരെ നിസ്സാരമായി തീപ്പൊരി ചിതറിക്കൊണ്ടിരുന്ന താവളത്തിലെ അഗ്നികുണ്ഡങ്ങൾ. ചോറ്, കോതമ്പപ്പം, മത്സ്യം, നിദ്ര, ആ ഇടുങ്ങിയ തീരത്തിലെ ജലരേഖകൾ!

എന്തോ കൈവിട്ടുപോയെന്നൊരു ചിന്ത, വേദനയുടെ സ്പർശം, ശാന്തതരമായ തീരങ്ങൾ കൈവന്നു ചേരുമോ എന്ന ഉൾത്വര, ഡിക്കിനെപ്പററിയുള്ള ചിന്ത, ഇവാൻസിന്റെ ഹൃദയത്തിലെ ചില മന്ത്രണങ്ങൾ അയാളെ പിന്നോട്ടാഞ്ഞു പിടിച്ചു.

എങ്കിലും ഇവയെ്ക്കല്ലാം അടിത്തട്ടിൽ, ആകാംക്ഷാനിർഭരമായ ഒരു ഉത്സാഹപ്രഹർഷം, ഗിരിനിരകൾ മാഞ്ഞു മറയുമ്പോൾ രക്തത്തിനൊരു കോരിത്തരിക്കൽ, അതാ ചിരകാലമായി ക്ലേശിച്ചു വളർത്തിവന്ന ആ പൊൽക്കിനാവു് യഥാർത്ഥമായിത്തീരുകയായി; മിഴിയിണകളിൽ അഴകൊഴുക്കിക്കൊണ്ടു് വന്നണയുകയായി. ഈ കാററിന്റെയും മലയുടെയും ശല്യങ്ങൾ അവസാനത്തേതായിരുന്നു. ആ വളവു കഴിഞ്ഞാൽ! ആ പ്രശാന്തമായ ജലപ്പരപ്പിനപ്പുറത്തു്!

ക്ലേശങ്ങൾ, വേദനകൾ, വിരഹങ്ങൾ-എങ്കിലും ഹൃദയം അപ്പോഴും ഹർഷാതിരേകത്താൽ അതിദ്രുതം സ്പന്ദിച്ചുകൊണ്ടിരുന്നു. ക്ലേശങ്ങൾക്കൂടാതുള്ള ആമോദം, ജീവിതത്തിന്റെ മണ്ണിൽ വേരൂന്നിയിട്ടില്ലാത്ത കഴമ്പററ കാര്യമാണെന്നു് ഇവാൻസ് കരുതി.

ഗിരിനിരകൾ അകന്നു മാറിയപ്പോൾ, ഇവാൻസ് സ്വസ്ഥനായി ഇരുപ്പുറപ്പിച്ചു. മൃദുലമായ പ്രദേശങ്ങൾ കൺ മുമ്പിൽ എത്തിയപ്പോഴെല്ലാം "ഇതല്ലാ, ഇതല്ലാ" എന്നു് അയാൾ പറഞ്ഞിരുന്നു. ഇനിയും ആയില്ല; ഇനിയും ആയില്ല; അതാ മുന്നിൽ സൂര്യപ്രകാശത്തിൻെറ സൗവർണ്ണദ്ധ്യതിയിൽ മുങ്ങിയ ആ മരതകപ്പുൽമേട്ടിനപ്പുറത്തു, വാൻകൂവർ ദുർഗ്ഗം! സമീപത്തു് ഒരു വലിയ കപ്പൽ! അതിനുമപ്പുറം വിലങ്ങനെ മാമരച്ചാർത്തുകൾ മൂലം അദൃശ്യമായ വില്ലിമാററാ ജലാശയങ്ങൾ.

ഇവാൻസ് ചുററുമൊന്നു കണ്ണോടിച്ചു. ബൈർഡിൻേറയും ഫെയർമാൻേറയും വള്ളങ്ങൾ തൊട്ടുപിന്നിലായി അയാൾ കണ്ടു. അലസനായി തുഴഞ്ഞുകൊണ്ടിരുന്ന ബ്രൗണിയേയും, ലക്ഷ്യസാമീപ്യബോധത്താൽ തേജസ്സുററ മിഴികളോട്ടുകൂടിയ റിബേക്കായേയും, അവൾക്കരികേയിരിക്കുന്ന മേഴ്സിയേയും അയാൾ ദർശിച്ചു. മേഴസി ഒരു കുഞ്ഞിൻെറ മാതാവാകാൻ പോകുകയാണെന്നു് റിബേക്കാ പറഞ്ഞു. തൻെറ ഭവനത്തിലേയ്ക്കു് ഒരു അരുമക്കുഞ്ഞിനെ കൊണ്ടുവരുന്ന ഓമനയായ മേഴ്സി! തൻെറ രക്തത്തിൻെറ രക്തം! ഇവാൻസ് ചിന്തിച്ചു. ഒരിക്കൽ നഷ്ടമായ തൻെറ രക്തത്തിൻെറ രക്തം.

റിബേക്കായുടെ നേർക്കു കണ്ണുവെട്ടിക്കൊണ്ടു തൻെറ കണ്ഠനാളത്തിലെ ഇടർച്ചക്കു് അതീതമായി ഉച്ചത്തിൽ അയാൾ സംസാരിച്ചു. "ബെക്കി" അയാൾ പറഞ്ഞു:

"ഓറിഗൺ ജയ !"

Prathapan. V. K
M I H S EKM

എതിർ വശത്തു്:

ഒരു പററം ആട്ടുകൾ ഒരു മോട്ടോർ റോഡ് മുറിച്ചു് കടന്നുപോകുന്നു. ഇതു് ഒരു കാലത്തു് പൊടി നിറഞ്ഞ ഒരു വണ്ടിപ്പാത മാത്രമായിരുന്നു.

പുറവശത്തു്:

ഏററവും ദുർഗ്ഗമങ്ങളെന്നു കരുതപ്പെട്ടിരുന്ന പർവ്വത നിരകൾ, ജലസേചനത്തിന്നും വിദ്യുച്ഛക്ത്യുല്പാദനത്തിന്നും സഹായകമായ വലിയ അണക്കെട്ടുകൾ ഉറപ്പിക്കാൻ പററിയ സ്ഥാനമായിതീരുന്നു.

1951

Pushpan

1074